# ക്രിസ്ത്വധിഷ്ഠിത യുവത്വം



12

മലങ്കര കത്തോലിക്കാ വേദപാഠം

www.malankaralibrary.com

മലങ്കര കത്തോലിക്കാ വേദപാഠം

# ക്രിസ്ത്വധിഷ്ഠിത യുവത്വം

പാഠാവലി – 12

എം.സി.ഇ.എസ്. മതബോധന കമ്മീഷൻ
ശാന്തിനിലയം – തിരുവല്ല – 689 101

www.malankaralibrary.com

| | | |
|---|---|---|
| Imprimatur | : | HIS BEATITUDE<br>MORAN MOR BASELIOS CLEEMIS CATHOLICOS<br>Major Archbishop |

Malayalam
Malankara Katholica Vedapadam - 12
(Catechism of the Malankara Catholic Church)
Kristhuadishtitha Yuvathwam

| | | |
|---|---|---|
| Published by | : | M.C.E.S. Commission for Catechesis<br>Santhinilayam<br>Tiruvalla - 689 101<br>Kerala - India |
| First Published | : | May 1st 2012 |
| | | |
|---|---|---|
| Copyright | : | M.C.E.S. Commission for Catechesis<br>All rights reserved. |
| | | |
|---|---|---|
| Design | : | Prasad<br>Greeshma Designs, Kottayam<br>9447304348 |
| Printing | : | Graphic Systems & Co.<br>Mallappally<br>Tel.: 0469 - 2782260 |
| Distribution | : | Santhinilayam<br>Tiruvalla - 689 101<br>Tel.: 0469 - 2630852<br>E-mail: santhinilayam@yahoo.com |
| Price | : | ₹ 30/- |

www.malankaralibrary.com

✠ **BASELIOS CLEEMIS**
Major Archbishop-Catholicos

Major Archbishop's House
Trivandrum - 695 004
Kerala, India.

# അനുഗ്രഹ സന്ദേശം

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഒന്നുമുതൽ പത്തുവരെയുള്ള തന തായ വേദപാഠാവലി മലയാളം, തമിഴ്, ഇംഗ്ലീഷ് എന്നീ മൂന്നു ഭാഷകളിൽ നാം പ്രസി ദ്ധീകരിക്കുകയും നമ്മുടെ സഭ മുഴുവനിലും ഈ വേദപാഠാവലി ഉപയോഗിക്കുകയും ചെയ്യുന്നതിൽ വളരെ സന്തോഷമുണ്ട്. പതിനൊന്നാം ക്ളാസിലേക്കുള്ള മലയാളം പാഠാവലി കഴിഞ്ഞ വർഷം നമുക്ക് പ്രസിദ്ധികരിക്കുവാൻ സാധിച്ചു. പന്ത്രണ്ടാം ക്ലാസി ലേക്കുള്ള പാഠാവലി ഈ വർഷം പ്രസിദ്ധീകരിക്കുവാൻ സാധിച്ചത് ദൈവകൃപയായി മനസിലാക്കുന്നു. ഈ വലിയ അനുഗ്രഹത്തിന് നമുക്ക് ദൈവത്തെ സ്തുതിക്കാം.

യൗവനത്തിലേക്ക് പ്രവേശിക്കുന്ന കുട്ടികൾക്ക് ഉണ്ടാകാനിടയുള്ള ആകുലതകളും പ്രശ്നങ്ങളും തിരിച്ചറിയുവാനും അവയ്ക്ക് നമ്മുടെ കർത്താവായ യേശുവിൽ ഉത്തരം കണ്ടെത്തുവാനും അങ്ങനെ സഭയുടെ പ്രബോധനങ്ങൾക്കനുസരിച്ച് ജീവിത വളർച്ചയെ രൂപപ്പെടുത്തുവാനും ഈ പാഠാവലി സഹായിക്കും.

കൗമാര പ്രായത്തിലേക്ക് കടന്നുവരുന്ന കുട്ടികൾക്ക് അവരിൽ തന്നെയുള്ള ദൈവ ഛായയെയും ദൈവസാന്നിധ്യത്തെയും തിരിച്ചറിയുവാനും രക്ഷിതാവായ യേശുവി നോട് ചേർന്ന് ജീവിക്കുവാനും അവരുടെ ക്രിസ്തീയ ജീവിതത്തിന് ബോധപൂർവം ഉത്തരം നല്കുവാനും ഈ പാഠാവലി സഹായിക്കും. ക്രിസ്ത്വധിഷ്ഠിതമായി യുവത്വം രൂപവത്ക്കരിക്കേണ്ടതിന്റെ ആവശ്യകതയും പ്രായോഗിക നിർദേശങ്ങളുമാണ് ഈ പാഠാവലി നല്കുന്നത്. സഭാചരിത്രത്തിലേക്ക് ഒരെത്തിനോട്ടവും നവസുവിശേഷവ ത്ക്കരണത്തെക്കുറിച്ചുള്ള പ്രതിപാദനവും ഇതിന്റെ സവിശേഷതകളാണ്. ക്രിസ്തുവി ലധിഷ്ഠിതമായ യുവത്വം പണിതുയർത്തുവാൻ ഈ പഠനഗ്രന്ഥം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

നമ്മുടെ സഭാ സമൂഹത്തിന്റെ വളർച്ചയിൽ ഈ വേദപാഠം ഒരു നവശക്തിയായി തീരട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. സഭാമക്കളെല്ലാവരും ഈ വേദപാഠം പൂർണമായി സ്വീകരിച്ച് സഭയുടെ വളർച്ചയിൽ പങ്കുകാരാകണം എന്ന് ഞാൻ ആഹ്വാനം ചെയ്യു ന്നു. ഇത് പ്രസിദ്ധീകരിക്കുവാൻ സാധിച്ചതിലുള്ള സന്തോഷം ഞാൻ പ്രത്യേകം അറി യിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്ക സഭാ മതബോധന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് തിരുമേനിയെയും വേദപാഠാവലി രൂപീ കരിക്കുന്നതിന് നേതൃത്വം നൽകിയ വന്ദ്യ മോൺ. ആന്റണി കാക്കനാട്ട് അച്ചനെയും കൂടെ പ്രവർത്തിച്ച എല്ലാവരെയും ഞാൻ പ്രത്യേകം അനുമോദിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ!

കർത്താവിൽ സ്നേഹപൂർവ്വം

+Baselios Cleemis

✠ **ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷൻ

www.malankaralibrary.com

# ആമുഖം

മലങ്കര കത്തോലിക്കാ വേദപാഠാവലി ഇതിനോടകം ഒന്നു മുതൽ പത്തുവരെ മലയാളം, തമിഴ്, ഇംഗ്ലീഷ് എന്നീ മൂന്നു ഭാഷകളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. 11-ാം ക്ലാസ്സിലെ മലയാളം പുസ്തകം കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ചതിൽ സന്തോഷമുണ്ട്. 12-ാം ക്ലാസ്സിലെ പുസ്തകം ഈ വർഷം പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു.

ഒന്നുമുതൽ പത്തുവരെയുള്ള പുസ്തകങ്ങളിൽ ദൈവത്തിന്റെ വെളിപാടിന്റെ രഹസ്യങ്ങളെ അവതരിപ്പിക്കാനാണ് പ്രത്യേകം ശ്രമിച്ചത്. ദൈവത്തിന്റെ വെളിപ്പെടുത്തൽ എന്നുപറയുന്നത് ദൈവസ്നേഹത്തിന്റെ പങ്കുവയ്ക്കലാണ്. പ്രപഞ്ചസൃഷ്ടിയിലാരംഭിച്ച് മനുഷ്യസൃഷ്ടിയിലൂടെ തുടർന്ന് അബ്രഹാമിന്റെ വിളിയിലൂടെ ദൈവപുത്രനായ യേശുമിശിഹായിൽ പൂർണമാകുകയും യേശുവിന്റെ ശരീരമായ സഭയിലൂടെ ലോകവസാനം വരെ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. "തന്റെ ഏകജാതനെ നല്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. (യോഹ.3:16). ഈ വെളിപാടിന്റെ ചരിത്രം അഥവാ ദൈവസ്നേഹത്തിന്റെ ചരിത്രം കുട്ടികൾക്ക് പകർന്നു നല്കുവാനാണ് 1 മുതൽ 10 വരെയുള്ള പാഠാവലിയിലൂടെ നാം പരിശ്രമിച്ചത്. 1 മുതൽ 7 വരെ ക്ലാസ്സുകളിലൂടെ വെളിപാടിന്റെ രഹസ്യങ്ങളെ കുട്ടികൾക്ക് ആഴത്തിൽ പകർന്നു നല്കുവാനും, സൃഷ്ടിക്കുകയും രക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ദൈവത്തെ കുട്ടികൾക്ക് പരിജയപ്പെടുത്തുവാനുമാണ് നാം ശ്രമിച്ചത്. 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ ദൈവത്തിന്റെ വെളിപാടിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് ചർച്ചാ വിഷയം. ചുരുക്കത്തിൽ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ ചർച്ചാവിഷയം ദൈവം തന്നെയാണ്. ആരാണ് ദൈവം എന്ന ചോദ്യത്തിന്റെ ഉത്തരമാണ് ഈ പാഠാവലിയിലൂടെ അവതരിപ്പിച്ചിരിക്കുന്നത്.

ഒരു കുട്ടിയ്ക്ക് 16 വയസാകുമ്പോഴാണ് 11-ാം ക്ലാസ്സിൽ പഠനം ആരംഭിക്കുക. 11-ാം ക്ലാസിലെ ചർച്ചാവിഷയത്തിന്റെ അടിസ്ഥാനം മനുഷ്യനാണ്. ആരാണ് മനുഷ്യൻ? അവൻ എങ്ങനെ ഉണ്ടായി? അവന്റെ ജീവിതത്തിന്റെ ലക്ഷ്യം എന്ത്? ഈ ലോകജീവിതത്തിനപ്പുറത്ത് ഒരു ജീവിതമുണ്ടോ? എന്തിനാണ് ദൈവവും, മതവും, സഭയും, പള്ളിയുമൊക്കെ? ഈ ലോകജീവിതവും വരാനിരിക്കുന്ന നിത്യജീവിതവും എങ്ങനെ സന്തോഷകരവും സൗഭാഗ്യകരവുമാക്കി തീർക്കാം? തുടങ്ങിയ വിഷയങ്ങൾ 11-ാം ക്ലാസ്സിലെ ചർച്ചാ വിഷയമാകുന്നുണ്ട്. ചുരുക്കത്തിൽ മനുഷ്യനും മനുഷ്യന്റെ പ്രശ്നങ്ങളുമാണ് 11-ാം ക്ലാസ്സിലെ ചർച്ചാ വിഷയം. മനുഷ്യനിലെ മനുഷ്യത്വം

www.malankaralibrary.com

ദൈവത്വം തന്നെയാണെന്നും, ചുരുക്കത്തിൽ ആരാണ് മനുഷ്യൻ എന്ന ചോദ്യത്തിന് ദൈവവുമായി ബന്ധപ്പെടുത്തി മാത്രമേ ഉത്തരം നല്കുവാൻ സാധിക്കുകയുള്ളു എന്ന ചിന്തയാണ് 11-ാം പാഠം നല്കുന്നത്.

ക്രിസ്തീയ ദർശനമനുസരിച്ച് മനുഷ്യനിലെ ദൈവസാന്നിധ്യത്തിന് മനുഷ്യൻ അടിസ്ഥാനപരമായി ക്രിസ്തുവുമായി ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്തുവാണ് മനുഷ്യത്വത്തിന്റെ പൂർണതയെന്നും മനുഷ്യന്റെ സ്രഷ്ടാവും രക്ഷിതാവുമെന്ന നിലയിൽ ഒരുവൻ യേശുക്രിസ്തുവിനോട് അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു എന്നും 11-ാം പാഠം വിവരിക്കുന്നു. ഓരോ മനുഷ്യവ്യക്തിയും തന്റെ വ്യക്തിത്വത്തിന്റെ പൂർണത യേശുവിലാണ് കണ്ടെത്തേണ്ടത് എന്ന അടിസ്ഥാനത്തിലാണ് 12-ാം ക്ലാസ്സിലെ ഈ പാഠാവലി തയ്യറാക്കിയിരിക്കുന്നത്. അതിനാൽ കൗമാരത്തിലേക്ക്കടന്നു വരുന്ന കുട്ടികൾ അവരിൽ തന്നെയുള്ള ദൈവികഛായായേയും ദൈവസാന്നിധ്യത്തെയും തിരിച്ചറിഞ്ഞ് രക്ഷിതാവായ യേശുവിനോട് ചേർന്ന് ജീവിച്ച് അവരുടെ ക്രസ്തീയ ജീവിതത്തിന് ബോധപുർവ്വം ഉത്തരം നല്കി ക്രിസ്തുവിലഷ്ഠിതമായ ഒരു യുവത്വം രുപവത്ക്കരിക്കുവാൻ കഴിവുള്ളവരായിത്തീരുക എന്നതാണ് ഈ പാഠാവലിയുടെ ലക്ഷ്യം. അതിനാൽ ക്രിസ്തുവിലധിഷ്ഠിതമായ ഒരു യുവത്വം രുപവത്ക്കരിക്കേണ്ടത് എപ്രകാരമാണെന്ന് ഒന്നാം പാഠം വിവരിക്കുന്നു.യൗവനത്തിലേക്ക് കടന്നുവരുന്ന കുട്ടിയുടെ ആകുലതയും പ്രശ്നങ്ങളും അവയ്ക്ക് യേശുവിൽ ഉത്തരം കണ്ടെത്താനുള്ള ശ്രമവുമാണ് രണ്ടാം പാഠത്തിൽ വിവരിക്കുക. ലൈംഗിക വ്യതിയാനങ്ങൾ ഏറ്റവും കുടുതൽ നടക്കുന്ന കാലഘട്ടമാണല്ലോ യൗവനം അതിനാൽ ലൈംഗികത അടിസ്ഥാനപരമായി ദൈവത്തിന്റെ ദാനമാണെന്ന ബോധ്യം മൂന്നാം പാഠം നൽകുന്നു. യുവത്വത്തിലേക്ക് കടന്നുവരുന്ന യുവാക്കൾ ബോധപൂർവം സ്വീകരിക്കേണ്ട ദൈവവിളികളായ വിവാഹം, പൗരോഹിത്യം, സന്ന്യാസം തുടങ്ങിയ വിഷയങ്ങളും ജീവൻ ദൈവത്തിന്റെ വരദാനമാണെന്നും അതിനെതിരെയുള്ള എല്ലാ പ്രവർത്തികളും പാപമാണെന്നും നാല്, അഞ്ച്, ആറ് പാഠത്തിൽ വിവരിക്കുന്നു. ഓരോ യുവാവും പ്രകൃതിയെ സ്നേഹിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പ്രകൃതിക്കെതിരെ നടക്കുന്ന തിമ്മകളെക്കുറിച്ചും ഏഴാം പാഠം ചർച്ചചെയ്യുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ഒരോ യുവാവും ഭാരത്തിലെ മലങ്കര സഭയുടെ ചരിത്രവും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രവും വ്യക്തമായിഅറിഞ്ഞിരിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തിയാണ് എട്ടും ഒൻപതും പാഠങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിളിയും ദൗത്യവും ഐക്യത്തിന്റെ സുവിശേഷം അകത്തോലിക്കരോടും രക്ഷയുടെ സുവിശേഷം അക്രൈസ്തവരോടും പ്രഘോഷിക്കുക എന്നതാണ്. ഈ ബോധ്യം ഓരോ മലങ്കരകത്തോലിക്കാ യുവാവിനും യുവതിക്കും ഉണ്ടായിരിക്കണം. ഈ ബോധ്യത്തിലേക്കു നയിക്കുക എന്നതാണ് പത്താം പാഠത്തിന്റെ ഉദ്ദേശ്യം. ചുരുക്കത്തിൽ ഒരു മലങ്കര കത്തോലിക്കാ യുവാവിനെയും യുവതിയേയും ക്രിസ്തുവിലധിഷ്ഠിതമായും മലങ്കര കത്തോലിക്കാ സഭാജീവിതത്തെ അടിസ്ഥാനപ്പെടുത്തിയും തങ്ങളുടെ യുവത്വം രൂപവത്കരിക്കുവാൻ ഒരുക്കുക എന്നതാണ് ഈ പാഠാവലിയുടെ ലക്ഷ്യം.

www.malankaralibrary.com

ഈ ദൗത്യം പൂർത്തിയാക്കാൻ സഹായിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. ഈ പുസ്തകം തയ്യാറാക്കാൻ സഹായിച്ച റവ. ഡോ. ഏബ്രഹാം വെട്ടുവേലിൽ എം.എസ്.എഫ്.എസ്., റവ. ഡോ. വർഗീസ് മഠത്തിക്കുന്നത്ത്, റവ ഡോ. സ്കറിയ കന്യാകോണിൽ, റവ. ഡോ. വർഗീസ് ഊക്കൻ, റവ.ഡോ. ചെറിയാൻ കോട്ടയിൽ, റവ. ഡോ. മരിയദാസ് ഒ. ഐ.സി., റവ. ഡോ. മത്തായി കടവിൽ, റവ. ഡോ. സിസ്റ്റർ നമിത എസ്.ഐ.സി. എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

ഈ സംരംഭത്തിന് എല്ലാവിധ പിന്തുണയും നിർദ്ദേശങ്ങളും നല്കി അനുഗ്രഹിച്ച മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായോടും മലങ്കര കത്തോലിക്കാസഭയിലെ എല്ലാ പിതാക്കന്മാരോടുമുള്ള നന്ദി നിസ്സീമമാണ്.

ഈ പുസ്തകത്തിന്റെ ഉള്ളടക്കത്തെക്കുറിച്ച് പഠിച്ച് വ്യക്തമായ നിർദേശം നല്കിയ വേദപാഠാവലി രൂപീകരണ കമ്മറ്റി അംഗങ്ങളായ പ്രൊഫ. മേരി മാത്യൂ, ശ്രീ. എം. വി. തോമസ് എന്നിവരെയും നന്ദിയോടെ ഓർക്കുന്നു. ഈ പാഠാവലി തയ്യാറാക്കാൻ സഹായിച്ച ബ്രദർ യോഹന്നാൻ കരപ്പനശേരിമലയിൽ, ബ്രദർ സെബാസ്റ്റ്യൻ കുന്നുംപുറത്ത്, സിസ്റ്റർ ആത്മ എസ്.ഐ.സി. എന്നിവരോടുള്ള നന്ദി പ്രത്യേകം അറിയിക്കുന്നു. ഈ പാഠാവലിയുടെ രൂപീകരണ പ്രക്രിയയ്ക്ക് നേതൃത്വം നല്കിയ മോൺ. ആന്റണി കാക്കനാട്ടിനോടുള്ള നന്ദി നിസ്സീമമാണ്.

ക്രിസ്തുവിലധിഷ്ഠിതമായ ഒരു യുവത്വം വളർത്തിയെടുക്കാൻ കൗമാരപ്രായത്തിലുള്ള ഓരോ വ്യക്തിക്കും ഈ വേദപാഠം ഇടയാക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഈ വേദപാഠാവലി പ്രസിദ്ധീകരിക്കുന്നു.

എന്ന്,

**ഫിലിപ്പോസ് മാർ സ്തേഫാനോസ്**
M. C. E. S. മതബോധന കമ്മീഷൻ ചെയർമാൻ

www.malankaralibrary.com


# ഉള്ളടക്കം




പാഠം – 1
**ക്രിസ്ത്വധിഷ്ഠിത യുവത്വം**
പേജ് – 9



പാഠം – 2
**കൗമാരത്തിലെ അസ്വസ്ഥതളും വെല്ലുവിളികളും**
പേജ് – 18




പാഠം – 3
**ലൈംഗികത: ഒരു ദൈവദാനം**
പേജ് – 27




പാഠം – 4
**വിവാഹം ഒരു ദൈവവിളി**
പേജ് – 35




പാഠം – 5
**ജീവൻ ദൈവത്തിന്റെ വരദാനം**
പേജ് – 49



പാഠം – 6
**യുവത്വം ദൈവത്തിനായി സമർപ്പിച്ചവർ**
പേജ് – 61




പാഠം – 7
**പച്ചയായ പുൽത്തകിടിയിലേക്ക്**
പേജ് – 74



പാഠം – 8
**മലങ്കര സഭ ചരിത്രവും നിയോഗവും**
പേജ് – 87



പാഠം – 9
**ദൈവദാസൻ മാർ ഈവാനിയോസും മലങ്കര സുറിയാനി കത്തോലിക്കാ സഭയും**
പേജ് – 102



പാഠം – 10
**സുവിശേഷം പ്രഘോഷിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം!**
പേജ് – 113


www.malankaralibrary.com

www.malankaralibrary.com

# ക്രിസ്ത്വധിഷ്ഠിത യുവത്വം



യുവജനങ്ങളുടെ ഹൃദയത്തിന് ഇണങ്ങിയ വ്യക്തിത്വത്തിന്റെ ഉടമയാണ് യേശുക്രിസ്തു. ജീവിതത്തിൽ പുതുമ തേടി പോകുന്ന യുവജനങ്ങൾക്ക് അനുകരിക്കുവാനും അനുരൂപരാകുവാനും ലോകത്തിൽ വെളിപ്പെടുത്തപ്പെട്ട ദൈവ–മനുഷ്യ വ്യക്തിത്വമാണ് യേശുവിന്റേത്. ജന്മം കൊണ്ടും കർമം കൊണ്ടും ദൈവസാന്നിധ്യം യേശുവിലൂടെ ലോകത്തിന് ലഭ്യമായി. ദൈവത്വത്തിന് ഭംഗം വരാതെ മനുഷ്യത്വത്തിന്റെ പൂർണത യേശുവിൽ സംഗമിച്ചപ്പോൾ അത് ദൈവ–മനുഷ്യ ബന്ധത്തിന് പുതിയ അർത്ഥം നൽകി. യേശുവിലൂടെ ലോകത്തിന് ലഭിച്ച മനുഷ്യദർശനവും സ്നേഹത്തിന്റെ വെളിപാടും വിശാല മനുഷ്യ സമൂഹത്തിന്  സ്വന്തമാണ്. ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും അന്വേഷിക്കുന്ന യുവജനങ്ങൾ സ്വായത്തമാക്കേണ്ട ജീവിതശൈലി യേശുവിന്റേതാണ്. ലോകത്തിന് അനുരൂപരാകാതെ നന്മയും കരുണയും സ്നേഹവും ജീവിതത്തിന്റെ മുഖമുദ്രയാക്കി യുവജനങ്ങൾ യേശുവിന് സാക്ഷികളാകണം. ക്രിസ്ത്വധിഷ്ഠിത യുവത്വമാണ് ക്രിയാത്മകമാനങ്ങളുള്ള (Creative Dimensions) യുവത്വം.

## 1. യുവത്വം : സാധ്യതകളും വെല്ലുവിളികളും

യുവത്വം എന്നത് ഒരു വ്യക്തി, ബാല്യ – കൗമാരങ്ങൾ പിന്നിട്ടു വരുന്ന ജീവിതാവസ്ഥയാണ്. ജീവിതത്തിലെ സുന്ദരമായ ഈ ഘട്ടത്തിലാണ് മാനസികവും ശാരീരികവുമായ മാറ്റങ്ങൾ വ്യക്തിയിൽ ഉണ്ടാകുന്നത്. ജീവിതാഭിമുഖ്യങ്ങളിൽ സാരമായ സ്വാധീനം



www.malankaralibrary.com

ചെലുത്തുന്ന ആദർശങ്ങളും ആശയങ്ങളും നേടിയെടുക്കുന്നതും ഈ കാലഘട്ടത്തിലാണ്. ആശ്രയബോധം (Dependence) കൈവെടിഞ്ഞ് സ്വാതന്ത്ര്യേച്ഛ ഒരു വ്യക്തിയിൽ രൂപപ്പെടുന്നതും യുവത്വത്തിലാണ്. പുതിയ ആദർശങ്ങളെയും തത്ത്വചിന്തകളെയും ആവേശത്തോടെ ഉൾക്കൊള്ളുന്ന യുവജനങ്ങളാണ് എപ്പോഴും സമൂഹത്തിൽ മാറ്റങ്ങളുടെ ചാലകശക്തികളാകുന്നത്.

ജീവിതത്തെക്കുറിച്ച് അവബോധമുണ്ടാകുന്നതും ജീവിതത്തിന്റെ അർത്ഥം ഒരു വ്യക്തി അന്വേഷിക്കുന്നതും യുവത്വത്തിലാണ്. സ്വയം തീരുമാനമെടുക്കുവാനും സമൂഹത്തിൽ സ്വന്തമായ സ്ഥാനം നേടിയെടുക്കുവാനും ഒരു വ്യക്തി ശ്രമിക്കുന്നത് യുവത്വത്തിലാണ്. സ്വയംനിർണയാവകാശം (Self - Determination ) യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ പടിവാതിലാണെന്ന് യുവജനങ്ങൾ വിശ്വസിക്കുന്നു. ചുരുക്കത്തിൽ കാലഘട്ടത്തിന്റെ ചുവരെഴുത്തുകളെ ശരിയായ അർത്ഥത്തിൽ പ്രതിഫലിപ്പിക്കുന്ന യുവത്വം അനന്തമായ സാധ്യതകളുടെ കാലമാണ്.

യുവജനങ്ങളിലെ അനന്തമായ സാധ്യതകളെ വാഴ്ത്തി പുകഴ്ത്തുമ്പോഴും അവർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ ലഘൂകരിക്കാനാവില്ല. ജീവിതത്തിൽ സ്വന്തമായ വഴികൾ തിരഞ്ഞെടുക്കുവാനും ജീവിതവിജയം നേടുവാനും ശ്രമിക്കുന്ന യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഏറെയാണ്. സ്വാതന്ത്ര്യം ജീവിതത്തിന്റെ മുഖമുദ്രയായി കരുതുമ്പോഴും സ്വാതന്ത്ര്യത്തെ ദുരുപയോഗിക്കുന്ന ഒരു തലമുറ വളർന്നു വരികയാണ്. എന്തും ചെയ്യാനുള്ള അനുവാദമായി സ്വാതന്ത്ര്യത്തെ തെറ്റിദ്ധരിക്കുമ്പോൾ അതിലൂടെ യുവജനങ്ങൾക്കും സമൂഹത്തിനും വന്നു ഭവിക്കുന്ന ദുരന്തങ്ങൾ ഏറെയാണ്. സ്വാതന്ത്ര്യത്തിന്റെ പേരിൽ ജീവിതത്തെ നിയന്ത്രണമില്ലാതെ അഴിച്ചു വിടുമ്പോൾ ജീവിതം തന്നെ തകർച്ചയിലേക്ക് പോകുന്നു. ആരെയും കൂസാതെ, ഒന്നിനെയും അംഗീകരിക്കാതെ സ്വന്തം താത്പര്യങ്ങൾക്കും ഇഷ്ടങ്ങൾക്കും പിന്നാലെ പോകുന്ന യുവാക്കൾ സ്വാതന്ത്ര്യം അനുഭവിക്കുന്നവരല്ല, സ്വാർത്ഥതയുടെ വഴികളിലൂടെ സഞ്ചരിക്കുന്നവരാണ്. ഇവിടെ സ്വാർത്ഥത മനുഷ്യജീവിതത്തിന്റെ മുഖമുദ്രയായിത്തീരുന്നു.

ആദർശസുന്ദരമായ ജീവിതം സ്വപ്നം കണ്ട് ജീവിത വഴികളിലേക്കിറങ്ങുന്ന യുവാക്കൾ, പ്രായോഗിക ജീവിതത്തിൽ സ്വപ്നങ്ങൾ വെറും മിഥ്യകളാണെന്ന തിരിച്ചറിവിനു മുന്നിൽ പകച്ചു നിൽക്കുന്നു. എല്ലാം വെട്ടിപ്പിടിക്കാനായി ജീവിതം വ്യയം ചെയ്യുമ്പോൾ അടിസ്ഥാന സത്യങ്ങളും മൂല്യങ്ങളും കൈമോശം വരുന്നത് ഇവർ അറിയുന്നില്ല. തത്ഫലമായി എല്ലാം നേടിയെന്ന് ചിന്തിക്കുമ്പോഴും എല്ലാം നഷ്ടപ്പെട്ടു എന്ന നിരാശാബോധം യുവജനങ്ങളെ സാരമായി ബാധിക്കുന്നു. ആദർശങ്ങളും ആശയങ്ങളും വെറും സ്വപ്നങ്ങളാണെന്നു കരുതുന്ന യുവാക്കളുടെ എണ്ണം വർധിച്ചുവരികയും ചെയ്യുന്നു.

മൂല്യച്യുതി ജീവിതമേഖലകളെ സാരമായി ബാധിച്ചിരിക്കുന്നു. സാമൂഹിക രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലെല്ലാം ധാർമിക മൂല്യങ്ങൾക്കോ സനാതന സത്യങ്ങൾക്കോ വിലകല്പിക്കാത്ത ഒരവസ്ഥ സംജാതമായിരിക്കുന്നു. സാമൂഹിക തിന്മകൾ വർധിച്ചു വരികയാണ്. മദ്യപാനം, മയക്കുമരുന്ന്, ലൈംഗിക അരാജകത്വം തുടങ്ങിയ അധാർമിക



www.malankaralibrary.com



ശീലങ്ങൾ വ്യക്തി ജീവിതങ്ങളെ തകർക്കുന്നു. അഴിമതിയും കുറ്റകൃത്യങ്ങളും അടിക്കടി വർധിച്ചു വരുന്നു. ഭ്രൂണഹത്യ, സ്വവർഗഭോഗം, ദയാവധം തുടങ്ങി മനുഷ്യജീവന്റെ മാന്യതയ്ക്കും കുലീനതയ്ക്കും ചേരാത്ത പ്രവർത്തനങ്ങളിൽ യുവജനങ്ങളും വ്യാപൃതരാകുന്നു. ഉപഭോഗസംസ്കാരം ജീവിതത്തെത്തന്നെ വ്യവസായവത്കരിക്കുന്നു. പണത്തിനും പ്രതാപത്തിനും വേണ്ടി ആദർശങ്ങളെ കുഴിച്ചുമൂടുകയും സാമൂഹികതാത്പര്യങ്ങളെ ബലി കഴിക്കുകയും ചെയ്യുന്നു. ഈ സാമൂഹിക പശ്ചാത്തലം യുവജനങ്ങളുടെ മുമ്പിലുയർത്തുന്നത് വലിയ ഒരു വെല്ലുവിളിയാണ്.

## 2. യേശു : വ്യക്തിയും ശക്തിയും

യുവജനങ്ങൾക്ക് എന്നും ആകർഷകവും പ്രചോദനാത്മകവുമായ ഒരു വ്യക്തിത്വമാണ് യേശുവിന്റേത്. യേശുവിനെ അറിയുവാനും അവനെ അനുഗമിക്കുവാനും യുവജനങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ആരാണ് യേശുവെന്നും അവന്റെ വ്യക്തിത്വത്തിന്റെ ശ്രേഷ്ഠത എന്താണെന്നും ശരിയായ വിധത്തിൽ മനസിലാക്കേണ്ടതുണ്ട്. യേശുവുമായി ഒരു വ്യക്തിപരമായ കണ്ടുമുട്ടൽ (Encounter) യേശുവിനെ അടുത്തറിയാൻ ആവശ്യമാണ്.

### 2.1 യേശു: അതുല്യനായ വ്യക്തി

യേശുവിന്റെ വ്യത്യസ്ത ഛായാചിത്രങ്ങളും (Images) പ്രതീകങ്ങളും (Symbols) കാലാകാലങ്ങളിൽ ലോകത്തിന് ലഭ്യമായിട്ടുണ്ട്. ആധ്യാത്മികതയുടെ ആഴങ്ങളിൽ വ്യാപരിക്കുന്ന ഒരു മിസ്റ്റിക്കിനോ സന്ന്യാസിക്കോ യേശു ഭക്തിയുടെ കേന്ദ്രബിന്ദുവാണ്. ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിലൂടെ വെളിപ്പെടുന്നത് പ്രമാണങ്ങളുടെ (Dogmas) യേശു രൂപമാണ്. ഒരു സാഹിത്യകാരനോ തത്ത്വചിന്തകനോ സാമൂഹിക പരിഷ്കർത്താവോ ചിത്രീകരിക്കുന്ന യേശു തത്ത്വചിന്തകനോ വിപ്ലവകാരിയോ പ്രകൃതി സ്നേഹിയോ ആകാം. എന്നാൽ ഈ പ്രതിഛായകളെല്ലാം പരിമിതികളോടെയാണ് യേശുവിന്റെ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്നത്. ബൈബിളിൽ യേശു



www.malankaralibrary.com

ആരാണെന്നുള്ള അടിസ്ഥാന ചോദ്യവും അതിന് പത്രോസ് ശ്ലീഹാ നല്കുന്ന ഉത്തരവും ഏറെ പ്രസക്തമാണ്. താൻ ആരാണെന്നാണ് ജനങ്ങൾ പറയുന്നത് എന്ന ചോദ്യത്തിന് പല ഉത്തരങ്ങളുണ്ട്; സ്നാപകയോഹന്നാനെന്നും ഏലിയാപ്രവാചകനെന്നും പ്രവാചകന്മാരിൽ ഒരുവനെന്നും. അതേ ചോദ്യം ശിഷ്യരോടു ചോദിക്കുമ്പോൾ അതിനു ഒരു ഉത്തരമേയുള്ളൂ; "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്" (മർക്കോ. 8:27 -33, മത്താ. 16:13- 16, ലൂക്കാ 9:18-22). യേശുവിന്റെ വ്യക്തിത്വത്തെക്കുറിച്ച് ആധികാരികമായി നമുക്കു ലഭിക്കുന്ന ആദ്യത്തെ ക്രിസ്തു വിജ്ഞാനീയ പ്രസ്താവനയാണ് കേസറിയ ഫിലിപ്പിയിൽ വച്ച് പത്രോസ് നടത്തിയത്. "നിങ്ങൾ കുരിശിൽ തറച്ച യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമാക്കി ഉയർത്തിയെന്ന് ഇസ്രായേൽജനം മുഴുവനും വ്യക്തമായി അറിയട്ടെ" (അപ്പ. 2:36) എന്ന വചനം പത്രോസിന്റെ ഈ പ്രഖ്യാപനത്തോടൊപ്പം ചേർന്നു പോകുന്നതാണ്. യേശുവിന്റെ അതുല്യമായ വ്യക്തിത്വത്തിലേക്കു വെളിച്ചം വീശുന്ന വചനങ്ങളാണ് ഇവ രണ്ടും.

യേശുവിന്റെ മനുഷ്യാവതാരം ലോകചരിത്രത്തെ രക്ഷാകരചരിത്രമാക്കി പരിവർത്തനം ചെയ്ത സംഭവമായിരുന്നു. മനുഷ്യാവതാരത്തിലൂടെ മനുഷ്യത്വത്തിന്റെ പൂർണത യേശുവിൽ ലോകത്തിന് നല്കപ്പെട്ടു. ദൈവമായിരുന്നിട്ടും മനുഷ്യത്വം എന്ന അങ്കി (Robe) ധരിച്ച് യേശു ദൈവ-മനുഷ്യ ബന്ധത്തിന് പുതിയ ഒരു മാനം (Dimension) നല്കി. മനുഷ്യജീവിതത്തിന് തനിമയാർന്ന അസ്തിത്വ ബോധവും ജീവിതസാധ്യതകളും കണ്ടെത്താൻ കഴിയുന്നത് യേശുവിലാണ്. ദൈവ-മനുഷ്യ സ്വഭാവങ്ങൾ യേശുവിൽ ഒന്നുചേർന്നപ്പോൾ അത് ദൈവ-മനുഷ്യ ബന്ധത്തിന്റെ വിശ്വാസസത്യവും വെളിപാടുമായി. ക്രൈസ്തവ പ്രമാണങ്ങളിൽ അതിപ്രാധാന്യത്തോടെ കണക്കാക്കപ്പെടുന്ന ആ സത്യത്തെ അടിസ്ഥാനമാക്കിയാണ് ക്രിസ്തുവിജ്ഞാനീയം (Christology) എന്ന പഠന ശാഖ മതബോധന പാഠ്യപദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. യേശുവെന്ന വ്യക്തിയെക്കുറിച്ചുള്ള അറിവാണ് ക്രിസ്തുവിജ്ഞാനീയത്തിന്റെ പ്രതിപാദ്യ വിഷയം.

### 2.2 യേശുവിൽ നിറവേറിയ രക്ഷ

ദൈവ - മനുഷ്യസംഗമം എന്ന രക്ഷാകരസംഭവം ലോകചരിത്രത്തെ തന്നെ മാറ്റിയെഴുതി. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു(യോഹ. 1:14) എന്നതാണ് ക്രിസ്തീയതയുടെ അടിസ്ഥാന ദർശനം. ചരിത്രാതീതനായ ഒരു ദൈവമല്ല യേശു, മറിച്ച് ലോകചരിത്രത്തെ തന്നെ രക്ഷാകരചരിത്രമാക്കി പരിവർത്തനം ചെയ്ത വ്യക്തിയാണ്. യേശുവിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവികശക്തിയാണ് രക്ഷാകരസംഭവമായി കണക്കാക്കുന്നത്. രക്ഷാകരശാസ്ത്രം (Soteriology) എന്ന സംജ്ഞ സൂചിപ്പിക്കുന്നത് യേശുവെന്ന വ്യക്തിയിലൂടെ ലോകത്തിന് നല്കപ്പെട്ട രക്ഷണീയ ശക്തിയെയും പരിവർത്തനങ്ങളെയും ആണ്. യേശുവിലൂടെ ലോകത്തിന് ലഭിച്ച വിമോചനത്തെ പെസഹാ രഹസ്യമെന്ന ക്രിസ്തുസംഭവവുമായി ബന്ധപ്പെടുത്തിവേണം നാം മനസിലാക്കേണ്ടത്.

യേശുവിന്റെ പീഡാനുഭവം, മരണം, ഉത്ഥാനം എന്നീ സംഭവങ്ങളിലൂടെയാണ് രക്ഷാകര ചരിത്രം പൂർണമാകുന്നത്. യേശു സ്വന്തം ജീവൻ നഷ്ടപ്പെടുത്തി രക്ഷ നേടിത്ത



www.malankaralibrary.com

ന്നതുകൊണ്ടാണ് അതു രക്ഷാകരമാകുന്നത് (യോഹ. 12:25, മർക്കോ.8:35). സഹനത്തിന്റെ ബലിവേദിയിൽ മരണത്തോളം സ്വയം സമർപ്പിച്ച് ഉത്ഥാനത്തിലൂടെ പുതുജീവൻ നേടിത്തന്നു എന്നതാണ് യേശുവിന്റെ രക്ഷാകര പദ്ധതിയുടെ അനന്യത.

എന്തിനാണ് ദൈവം മനുഷ്യനായത് എന്ന ചോദ്യം ദൈവശാസ്ത്രപരമായി പ്രാധാന്യമുള്ളതാണ്. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണ് യേശു (യോഹ.1:29). പാപത്തിന്റെ അടിമത്തത്തിൽ നിന്ന് മനുഷ്യനെ വിമോചിപ്പിച്ച് മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം പുനഃസ്ഥാപിച്ചത് യേശുവാണ്. യേശുവിലൂടെ ദൈവം മനുഷ്യനെ വീണ്ടെടുത്തു. മനുഷ്യനെ ദൈവത്തിലേക്ക് അടുപ്പിക്കുവാൻ ദൈവം മനുഷ്യനായി. ഈ ദൈവികസത്യത്തെ സഭാപിതാക്കന്മാർ പ്രാമാണിക സത്യം എന്ന നിലയിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. സുറിയാനി സഭാപിതാവായ വി. അപ്രേം ഇപ്രകാരം പറഞ്ഞിരിക്കുന്നു: "യേശു നമുക്ക് ദൈവത്വം തന്നു; നമ്മൾ യേശുവിന് മനുഷ്യത്വം നൽകി" (He gave us divinity; we gave Him humanity). വി. അഗസ്തീനോസ് തന്റെ "മനുഷ്യാവതാരം" (De Incarnatione) എന്ന കൃതിയിൽ ഇങ്ങനെ എഴുതി: "ദൈവം മനുഷ്യനായി; ആയതിനാൽ മനുഷ്യൻ ദൈവമായി തീരണം". ചുരുക്കത്തിൽ ദൈവം മനുഷ്യനായത് മനുഷ്യനെ ദൈവികനാക്കുന്നതിനാണ്. ക്രിസ്തുവിൽ ചരിക്കുന്ന മനുഷ്യൻ ദൈവത്തിന്റെ രക്ഷ ജീവിതത്തിൽ അനുഭവിക്കുന്നു. ഈ രക്ഷാകര ശക്തി ജീവിതത്തിൽ അനുഭവമായി തീർന്നെങ്കിൽ മാത്രമേ നിത്യജീവനിലേക്ക് മനുഷ്യൻ നയിക്കപ്പെടുകയുള്ളൂ. യേശുവിന്റെ അതുല്യ വ്യക്തിത്വവും രക്ഷാകരശക്തിയും യുവജനങ്ങൾ ഉൾക്കൊള്ളുമ്പോഴാണ് അവർ ക്രിസ്തുവിൽ അധിഷ്ഠിതമായ യുവത്വം കൈവരിക്കുന്നത്.

## 3. യേശുവും യുവജനങ്ങളും

യേശുവിൽ വെളിപ്പെടുത്തപ്പെട്ട ദൈവിക വ്യക്തിത്വവും രക്ഷാകരശക്തിയും യുവജനങ്ങളെ എന്നും ആവേശഭരിതരാക്കിയിട്ടുണ്ട്. യേശുവിന്റെ പ്രവർത്തനങ്ങളും ദർശനങ്ങളും യുവജനങ്ങളുടെ ജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്തുന്നു. യേശുവിൽ പുതിയൊരു മനുഷ്യദർശനം ലോകത്തിനു ലഭിച്ചു. സ്നേഹത്തിന്റെ സുവിശേഷവും ധാർമികതയുടെ നൂതനത്വവും യേശു ലോകത്തെ പഠിപ്പിച്ചു. സർവോപരി യുവത്വത്തിന്റെ പൂർണത ദൈവത്തെ അന്വേഷിച്ച് കണ്ടെത്തുന്നതിലാണെന്ന് യേശു ഉദ്ബോധിപ്പിച്ചു.

### 3.1 യേശുവിന്റെ നവ മാനവ ദർശനം

യേശുവിന്റെ മനുഷ്യദർശനം എക്കാലത്തും സകല മനുഷ്യരും ആദരിച്ചിട്ടുള്ളതാണ്. എന്നും എവിടെയും മനുഷ്യനായിരുന്നു യേശുവിന്റെ ശ്രദ്ധാകേന്ദ്രം. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും(Image and Likeness) സൃഷ്ടിക്കപ്പെട്ട കുലീനത്വമുള്ള സൃഷ്ടിയായി മനുഷ്യനെ യേശു അംഗീകരിച്ചു. എല്ലാ മനുഷ്യരും ദൈവസൃഷ്ടി എന്ന നിലയിൽ ദൈവപുത്രരാണെന്നും വേർതിരിവുകളും വലിപ്പ - ചെറുപ്പ, ലിംഗ - വർണ വ്യത്യാസങ്ങളും മനുഷ്യനെ മനുഷ്യനായി കാണുന്നതിന് തടസമല്ലെന്നും യേശു പഠിപ്പിച്ചു. ജാതി - വർഗ വ്യത്യാസങ്ങൾക്കും സാമൂഹിക - സാമ്പത്തിക ഘടനാ വൈജാ



www.malankaralibrary.com

ത്യങ്ങൾക്കും ഉപരി മനുഷ്യന്റെ മൂല്യം യേശു ഉയർത്തിക്കാട്ടി. വലിയവനെന്നോ ചെറിയവനെന്നോ വ്യത്യാസമില്ലാതെ മനുഷ്യവ്യക്തിയുടെ അതുല്യത യേശു അംഗീകരിച്ചു. താൻ ജീവിച്ചിരുന്ന സമൂഹത്തിലെ അതിർവരമ്പുകളെയും മനുഷ്യനെ അടിമത്ത്വത്തിൽ തളച്ചിട്ട വ്യവസ്ഥാപിത നിയമ സംഹിതകളെയും യേശു നിരാകരിച്ചു. നിയമാനുഷ്ഠാനത്തിന്റെയും പാരമ്പര്യത്തിന്റെയും പേരിൽ അനുഷ്ഠാനവിധികളിൽ അള്ളിപ്പിടിച്ചവരെ 'സാബത്ത് മനുഷ്യർക്കു വേണ്ടിയാണ്' എന്നു പറഞ്ഞ് യേശു വിമർശിച്ചു (മർക്കോ. 1:21, ലൂക്കാ 6:6, യോഹ. 5:10, 9:14). സമൂഹം തള്ളിക്കളഞ്ഞ ചുങ്കക്കാരോടും പാപികളോടും കൂടെ യേശു സഹവസിച്ചു (ലൂക്കാ 19:8, 15:1 -3, മത്താ. 9:10 - 13, മർക്കോ. 2:15-17). അവരോടൊപ്പം യേശു ഭക്ഷണത്തിനിരുന്നു (മത്താ. 9:11, ലൂക്കാ 15:2). ആധിപത്യമനോഭാവത്തിനും അധികാര പ്രമത്തതയ്ക്കും പകരം സാഹോദര്യം, ശുശ്രൂഷ എന്നീ മാനുഷിക മൂല്യങ്ങൾ പ്രതിഷ്ഠിച്ചു (മർക്കോ. 10:41-45, യോഹ. 13:12-15). സകല മനുഷ്യരെയും സമഭാവനയോടെ കാണാൻ കഴിയുന്ന സാമൂഹിക സംവിധാനത്തിന്റെ പ്രതീകമായി ഒരു മേശയ്ക്കു ചുറ്റും ഭക്ഷണം പങ്കിടുന്ന "ഊട്ടുമേശ" കൂട്ടായ്മയ്ക്കു (Table Fellowship) തുടക്കം കുറിച്ചു. അത് യേശുവിന്റെ മനുഷ്യദർശനത്തെ കൂടുതൽ പ്രോജ്ജ്വലമാക്കി.

തന്റെ ജീവിതത്തിലൂടെ നിറവേറുന്ന ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രഖ്യാപനം യേശുവിന്റെ മനുഷ്യദർശനം വെളിപ്പെടുത്തുന്നു. ലൂക്കായുടെ സുവിശേഷത്തിൽ യേശു ഇപ്രകാരം പ്രസ്താവിക്കുന്നു: "ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18). ഈ ദൈവരാജ്യ പ്രഖ്യാപനത്തിന്റെ അന്തസത്ത മനുഷ്യദർശനം തന്നെയാണ്. യേശുവിലൂടെ ദൈവരാജ്യത്തിന്റെ സുവിശേഷം ലോകത്തിന് നല്കപ്പെട്ടു. മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം അരക്കിട്ടുറപ്പിക്കുന്ന അവസ്ഥയാണ് ദൈവരാജ്യം. യേശുവിലൂടെ മനുഷ്യകുലം ദൈവവുമായി സ്ഥായിയായ ബന്ധത്തിൽ പ്രവേശിച്ചു. അതുകൊണ്ടാണ് യേശുവിൽ ദൈവരാജ്യത്തിന്റെ സ്ഥാപനം ആരംഭിച്ചുവെന്ന് വിവക്ഷിക്കപ്പെടുന്നത്. യേശുവിൽ ആരംഭിച്ച ഈ ദൈവരാജ്യസ്ഥാപനം അവന്റെ പീഡാനുഭവ - മരണ- ഉത്ഥാനങ്ങളിലൂടെയാണ് പൂർണമായ അർത്ഥത്തിൽ വെളിപ്പെടുന്നത്. ചുരുക്കത്തിൽ മനുഷ്യനെക്കുറിച്ചുള്ള ദൈവിക പദ്ധതി പൂർത്തീകരിക്കപ്പെടുന്നത് പെസഹാ രഹസ്യങ്ങളിലൂടെയാണ്.

യേശുവിൽ വിശ്വസിച്ച് അവനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾ യേശുവിന്റെ മനുഷ്യദർശനം സ്വായത്തമാക്കണം. ഈ നവ മാനവദർശനത്തിന്റെ പ്രണേതാക്കളും പ്രചാരകരുമാകുവാൻ യുവാക്കൾ പരിശ്രമിക്കണം. സർവോപരി യേശുവിന്റെ ഈ ജീവിതദർശനം ജീവിതത്തിൽ പ്രാവർത്തികമാക്കണം.

### 3.2 യേശുവിൽ വെളിപ്പെട്ട സ്നേഹസുവിശേഷം

യുവജനങ്ങളെ യേശുവിലേക്ക് ആകർഷിക്കുന്ന മറ്റൊരു ഘടകം യേശുവിന്റെ ജീവിതത്തിലും വാക്കുകളിലും പ്രകടമായ സ്നേഹസന്ദേശമാണ്. ദൈവസ്നേഹത്തെയും



www.malankaralibrary.com

മനുഷ്യസ്നേഹത്തെയും യേശു ഒരു നാണയത്തിന്റെ ഇരുവശങ്ങളായി കണ്ടു. സ്നേഹ ത്തെക്കുറിച്ച് ഉദാത്തമായ ദർശനമാണ് യേശുവിലൂടെ മനുഷ്യന് ലഭിച്ചത്. നിന്നെപ്പോലെ നിന്റെ അയല്ക്കാരനെ സ്നേഹിക്കുവാനും (മത്താ. 5:43), ശത്രുക്കളെപ്പോലും ക്ഷമ കൊണ്ട് മിത്രങ്ങളാക്കി മാറ്റുവാനും (മത്താ.5:44-45) ആഹ്വാനം ചെയ്യുന്ന യേശു നിഃസ്വാർത്ഥ സ്നേഹത്തിന് പുതിയ അർത്ഥം നൽകി. പൂർണതയിൽ ദൈവത്തെ സ്നേഹിക്കുവാൻ ആഹ്വാനം ചെയ്യുന്ന യേശു അതിനോടൊപ്പം തന്നെ പരസ്പര സ്നേഹത്തിനും പ്രാധാന്യം നൽകുന്നു.

യേശുവിന്റെ പ്രവർത്തനങ്ങളിൽ മുഴുവൻ നിഴലിച്ചിരിക്കുന്നത് സ്നേഹദർശനമാണ്. യേശുവിലൂടെ ദൈവസ്നേഹം മനുഷ്യരിലേക്ക് ഒഴുകിയിറങ്ങി. ദൈവസ്നേഹം വചനമായി അവതരിച്ച അസ്തിത്വത്തിന്റെ പൂർണതയാണ് യേശു. പിതാവായ ദൈവ ത്തിന് മനുഷ്യകുലത്തോടുള്ള സ്നേഹം വെളിപ്പെട്ടത് യേശുവിന്റെ മനുഷ്യാവതാര ത്തിലൂടെയാണ്. " തന്റെ ഏകജാതനെ നല്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു"(യോഹ. 3:16). യേശുവിൽ ഉൾച്ചേർന്നിരിക്കുന്ന ഭാവം സ്നേഹ മാണ്. കാരണം ദൈവം സ്നേഹം തന്നെയാണ്.

ക്ഷമിക്കാനുള്ള മനസ് സ്നേഹത്തിന്റെ വിളനിലമാണെന്ന് യേശു പഠിപ്പിക്കുന്നു. ക്ഷമ രമ്യതനല്കി സ്നേഹത്തിൽ മനുഷ്യരെ വീണ്ടെടുക്കുന്നു. ബലിയർപ്പണത്തിന്റെ ഫലദായകത്വം പോലും ക്ഷമിക്കുന്ന സ്നേഹത്തിൽ അധിഷ്ഠിതമാണ് എന്നതാണ് ക്രൈസ്തവ ദർശനം. യേശു പഠിപ്പിക്കുന്നു:"നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ, കാഴ്ചവസ്തു അവിടെ ബലിപീഠത്തിന് മുമ്പിൽ വച്ചിട്ട് പോയി സഹോദരനോട് രമ്യത പ്പെടുക; പിന്നെ വന്ന് കാഴ്ചയർപ്പിക്കുക" (മത്താ. 5:23-24). സ്നേഹമില്ലാത്തിടത്ത് ബലി യർപ്പണം നിരർത്ഥകമാണ്. സ്നേഹത്തിന്റെ പങ്കുവയ്ക്കലാണ് ബലിയിൽ പ്രകടമാകു ന്നത്. സ്നേഹമാണ് എല്ലാ ബലികളെയും ത്യാഗങ്ങളെയുംകാൾ മഹനീയം (മർക്കോ. 12:33).

ദൈവത്തിന്റെ മനുഷ്യരോടുള്ള സ്നേഹം പൂർണമായ അർത്ഥത്തിൽ വെളിവായത് യേശുവിന്റെ കുരിശുമരണത്തിലാണ്. മനുഷ്യസ്നേഹത്തെ പ്രതിയുള്ള സമ്പൂർണ സമർപ്പണമാണ് ക്രൂശിൽ ദർശിക്കുന്നത്. മനുഷ്യന്റെ മുറിവുകൾ സ്നേഹത്തെ പ്രതി യാണ് യേശു സ്വയം ഏറ്റെടുത്തത്. അതുകൊണ്ടാണ് കുരിശ് സ്നേഹത്തിന്റെ പ്രതീക മാകുന്നത്. ക്രൂശിലെ സഹനബലിയുടെ ഓർമയാചരണം വി. കുർബാനയിലൂടെ സഭ യിൽ പരികർമം ചെയ്യപ്പെടുന്നു. യേശു തന്റെ ശരീരവും രക്തവും അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ നമുക്ക് നല്കുമ്പോൾ ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹമാണ് വെളിപ്പെടുന്നത്. സ്നേഹം ബലിയിൽ ഉൾച്ചേർന്നപ്പോൾ ബലിയർപ്പണം സ്നേഹത്തിന്റെ അർപ്പണമായി മാറി.

### 3.4 യേശുവിൽ പൂർണമാകുന്ന യുവത്വം

യേശുവിന്റെ മനുഷ്യദർശനവും സ്നേഹത്തിന്റെ സുവിശേഷവും യുവജനങ്ങളിൽ വലിയ സ്വാധീനം ചെലുത്തുന്നു. യേശുവിന്റെ അതുല്യമായ വ്യക്തിത്വത്തിൽ ആകൃ



www.malankaralibrary.com

ഷ്ടരാകുന്ന യുവാക്കൾ തങ്ങളുടെ ജീവിതപൂർണത നേടുന്നതിന് ഉത്തമ മാതൃകയായി യേശുവിനെ കാണുന്നു. യേശുവിൽ ദൈവത്തിന്റെ യഥാർത്ഥ ഛായ (Image) ദർശിക്കുന്ന യുവാക്കൾ അവനിൽ തങ്ങളുടെ ജീവിതഛായ കണ്ടെത്തുന്നു. ദൈവത്തിന്റെ ഛായയിൽ പങ്കുകാരാണ് തങ്ങളെന്നും ജീവിതം അർത്ഥപൂർണമാണെന്നും യുവാക്കൾ മനസിലാക്കുന്നത് യേശുവിലൂടെയാണ്. ചുരുക്കത്തിൽ പൂർണതയുള്ള മനുഷ്യ അസ്തിത്വം ദർശിക്കുവാൻ കഴിയുന്നത് യേശുവിലാണ്.

ക്രൈസ്തവജീവിതം ഒരു തീർത്ഥാടനമായി സങ്കല്പിക്കാറുണ്ട്. യേശുവിനോടുകൂടെ അവന്റെ കുരിശിന്റെ വഴിയിൽ നടക്കുവാൻ യേശു യുവാക്കളെ വിളിക്കുന്നു. യേശു പിതാവായ ദൈവത്തിലേക്കുള്ള വഴിയാണ്. അവനോടുകൂടെ യാത്ര ചെയ്ത് പിതാവിനെ അടുത്തറിഞ്ഞ് അനുഭവിക്കുവാനും പരിശുദ്ധാത്മാവിന്റെ കൃപാദാനത്തിൽ ജീവിത പൂർണത കണ്ടെത്തുവാനും യുവജനങ്ങളെ യേശു ക്ഷണിക്കുന്നു. “ഞാൻ വഴിയും സത്യവും ജീവനുമാണ്” (യോഹ. 14:6) എന്ന് യേശു പ്രഖ്യാപിക്കുമ്പോൾ യേശുവിൽ മനുഷ്യർ കണ്ടെത്തേണ്ട സത്യവും ജീവിതപൂർണതയുമാണ് വിവക്ഷിക്കുന്നത്. ജീവിതവഴിയിൽ ഒപ്പം സഞ്ചരിക്കുന്ന യേശുവിനെ സുഹൃത്തും വഴികാട്ടിയുമായി യുവാക്കൾ സ്വീകരിക്കണം. യുവാക്കളുടെ ജീവിതവീക്ഷണം കരുപ്പിടിപ്പിക്കാൻ യേശുവിന്റെ ദർശനങ്ങളും ജീവിതവും മാതൃകയാകണം.

സുവിശേഷത്തിൽ യേശുവിനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്ന ഒരു യുവാവിനെ കണ്ടുമുട്ടുന്നുണ്ട്. വി. മർക്കോസിന്റെ സുവിശേഷം 10-ാം അദ്ധ്യായം 17 മുതൽ 22 വരെയുള്ള ഭാഗത്തു കാണുന്ന യുവാവിന്റെ ചിത്രം ധനികനായ ഒരു ചെറുപ്പക്കാരന്റേതാണ്. സമ്പത്തും മറ്റ് ലൗകിക നേട്ടങ്ങളും ഉണ്ടായിരുന്നിട്ടും ജീവിതത്തിന്റെ ആത്യന്തികലക്ഷ്യങ്ങളെയും അർത്ഥത്തെയും കുറിച്ച് ആകുലനും അന്വേഷകനും ആയിരുന്നു ആ യുവാവ്. ഈ അന്വേഷണയാത്രയിൽ യേശുവിനെ കണ്ടുമുട്ടുന്ന അവൻ തന്റെ സംശയങ്ങൾക്ക് ഉത്തരം നൽകാൻ കഴിവുള്ള ഗുരുവിനെ യേശുവിൽ കാണുന്നു. “നല്ലവനായ ഗുരോ ” എന്ന് യേശുവിനെ അഭിസംബോധന ചെയ്തുകൊണ്ട് നിത്യജീവൻ പ്രാപിക്കാൻ താൻ എന്തുചെയ്യണമെന്ന് അവൻ യേശുവിനോട് ചോദിക്കുന്നു. ജീവിതത്തിന്റെ പൂർണത തേടുന്ന ഈ യുവാവ് എല്ലാ യുവജനങ്ങളുടെയും പ്രതിനിധിയാണ്. നിത്യജീവനുവേണ്ടിയുള്ള അന്വേഷണവഴികളിൽ നിഷേധാത്മക മനോഭാവത്തോടെ പരാജയപ്പെട്ടു പോകുന്ന യുവാവിനെയാണ് നാം സുവിശേഷത്തിൽ കാണുന്നത്. അവനുള്ളതെല്ലാം വിറ്റ് തന്നെ അനുഗമിക്കുവാൻ യേശു അവനോട് ആവശ്യപ്പെടുമ്പോൾ ദുഃഖിതനായി അവൻ തിരിഞ്ഞു നടക്കുന്നു. യേശുവിനെപ്രതി എല്ലാം പരിത്യജിക്കുവാനാണ് യേശു ആവശ്യപ്പെട്ടത്. ഇതു കഠിനമെന്നു ചിന്തിച്ച യുവാവ് ജീവിതത്തിലെ വെല്ലുവിളികളെ ഏറ്റെടുക്കുവാൻ വിമുഖരാകുന്ന യുവാക്കളുടെ പ്രതിനിധിയാണ്. യുവാവിന്റെ വിഷമാവസ്ഥ മനസിലാക്കിയ യേശു അവനെ കടാക്ഷിക്കുകയും സ്നേഹിക്കുകയും ചെയ്തതായി സുവിശേഷം രേഖപ്പെടുത്തുന്നു. യേശുവിന്റെ കടാക്ഷവും സ്നേഹവും അവന്റെ ജീവിതാവസ്ഥയിലേക്കുള്ള എത്തിനോട്ടമാണ്. ദൈവത്തിന്റെ കണ്ണിൽ ഓരോ മനുഷ്യനും സ്നേഹവും ശ്രദ്ധയും കരുണയും അർഹിക്കുന്ന



www.malankaralibrary.com

വ്യക്തിയാണ്. സ്നേഹത്തിന്റെ കടാക്ഷം കൊണ്ട് യേശു യുവാവിനെ ജീവിതപൂർണത കണ്ടെത്തുവാൻ ക്ഷണിക്കുന്നു.

ജീവിതത്തിന്റെ അർത്ഥം തേടുന്ന യുവജനങ്ങൾ യേശുവിലാണ് അതു കണ്ടെത്തേണ്ടത്. യേശുവിൽ മനുഷ്യത്വത്തിന്റെ പൂർണത ദർശിക്കുവാൻ യുവജനങ്ങൾക്ക് സാധിക്കണം. യുവജനങ്ങൾക്ക് ജീവിതത്തിൽ പുതിയ ദിശാബോധവും ലക്ഷ്യപ്രാപ്തിയും കൈവരിക്കാൻ യേശുവിന്റെ പൂർണതയിൽ അവർ അഭയം തേടണം. യേശുവിന്റെ ഹൃദയത്തോട് യുവജനങ്ങൾ ചേർന്നു നിൽക്കണം. പരിശുദ്ധപിതാവ് ബനഡിക്ട് 16-ാമൻ മാർപാപ്പ പറയുന്നു: "പ്രിയ യുവജന സുഹൃത്തുക്കളേ, യേശുവിനു മാത്രമേ നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്താണെന്നറിയുകയുള്ളൂ. നിങ്ങളുടെ ഹൃദയങ്ങളുടെ ഉള്ളറകളിലേയ്ക്ക് അവൻ സംസാരിക്കുന്ന വാക്കുകൾ കേൾക്കാൻ തുറവിയുള്ളവരാകുവിൻ. ഇപ്പോഴും എപ്പോഴും അവന്റെ ഹൃദയം നിങ്ങളുടെ ഹൃദയങ്ങളോട് മന്ത്രിക്കുന്നു" (H. H.Pope Benedict XVI's message for the Hyde Park Address, London, 2010). ചുരുക്കത്തിൽ യേശുവിൽ ജീവിതത്തിന്റെ അർത്ഥവും നിത്യജീവിതത്തിനുള്ള വഴിയും കണ്ടെത്തുന്ന യുവജനങ്ങളാണ് 'ക്രിസ്ത്വധിഷ്ഠിത യുവത്വം ' എന്ന ആപ്തവാക്യം ജീവിതത്തിൽ പ്രാവർത്തികമാക്കുന്നത്.

എല്ലാകാലത്തിനും അനുയോജ്യനായ വ്യക്തിയാണ് യേശുക്രിസ്തു. യേശുവിനോളം മനുഷ്യസമൂഹത്തെയും വ്യക്തിജീവിതങ്ങളെയും സ്വാധീനിച്ചിട്ടുള്ളവർ ലോകചരിത്രത്തിൽ ഉണ്ടായിട്ടില്ല. ആദർശ ശുദ്ധികൊണ്ടും ധാർമികശക്തി കൊണ്ടും ചരിത്രത്തിലെ ഏറ്റവും ആരാധ്യനായ വ്യക്തിയും യേശു തന്നെയാണ്. നീതി, സമാധാനം, സ്നേഹം, കാരുണ്യം തുടങ്ങിയ മനുഷ്യഹൃദയങ്ങളെ തൊട്ടുണർത്തുന്ന മൂല്യങ്ങളുടെ ഉറവിടമാണ് യേശുക്രിസ്തു. യേശുവിന്റെ മനുഷ്യദർശനവും മനുഷ്യനോടുള്ള ദൈവത്തിന്റെ കരുണയും സ്നേഹവും ദൈവരാജ്യസംസ്ഥാപനവും ചരിത്രത്തിൽ ഒരു യുഗപ്പിറവിക്ക് കാരണമായി.

യുഗപുരുഷനായ യേശുവിൽ ജീവിതത്തെ നവമായി കണ്ടെത്താൻ യുവജനങ്ങൾക്കു കഴിയും. ദൈവത്തെ പിതാവായി കണ്ട്, യേശുവിൽ ജീവിതം സമർപ്പിച്ച് യേശുവിന് സാക്ഷികളാകുന്നവരാകണം യുവജനങ്ങൾ. ക്രിസ്ത്വധിഷ്ഠിത യുവത്വം എന്നത് നിർജീവമായ ഒരാദർശമല്ല. ജീവിതത്തിലെ പ്രവർത്തന മണ്ഡലങ്ങളിൽ ക്രിസ്തുവിനെ ജീവിതത്തിന്റെ ഭാഗമാക്കിമാറ്റി, സുവിശേഷം പ്രാവർത്തികമാക്കുന്ന ജീവിതാവസ്ഥയാകണം യുവത്വം. യേശു തന്നെയാണ് ദൈവം ലോകത്തിനു നല്കിയ സുവിശേഷം. യേശുവിന്റെ ജീവിതശൈലിയും ആദർശങ്ങളും യുവജനങ്ങളുടെ ജീവിതത്തിൽ സാക്ഷ്യമായി മാറുമ്പോഴാണ് യുവത്വം ക്രിസ്ത്വധിഷ്ഠിതമായി മാറുന്നത്.

***യുവത്വത്തിന്റെ അർത്ഥം യേശുവിൽ കണ്ടെത്തുവാൻ നിങ്ങൾക്കു കഴിയുമോ? എങ്കിൽ എന്തൊക്കെ തീരുമാനങ്ങളും പ്രവർത്തനങ്ങളുമാണ് നിങ്ങൾ സ്വീകരിക്കുക എന്ന് ചർച്ച ചെയ്യുക.***





www.malankaralibrary.com

പാഠം 2

# കൗമാരത്തിലെ അസ്വസ്ഥതകളും വെല്ലുവിളികളും



## 1. ധൂർത്തപുത്രന്റെ ഉപമ

അവൻ പറഞ്ഞു: ഒരു മനുഷ്യനു രണ്ടു പുത്രന്മാരുണ്ടായിരുന്നു. ഇളയ വൻ പിതാവിനോട് പറഞ്ഞു: പിതാവേ, സ്വത്തിൽ എന്റെ ഓഹരി എനിക്കു തരിക. അവൻ സ്വത്ത് അവർക്കായി ഭാഗിച്ചു. ഏറെ താമസിയാതെ, ഇളയമ കൻ എല്ലാം ശേഖരിച്ചുകൊണ്ട് ദൂരദേ ശത്തേക്കു പോയി, അവിടെ ധൂർത്ത നായി ജീവിച്ച്, സ്വത്ത് നശിപ്പിച്ചു കള ഞ്ഞു. അവൻ എല്ലാം ചെലവഴിച്ചു കഴി ഞ്ഞപ്പോൾ ആ ദേശത്ത് ഒരു കഠിനക്ഷാമം ഉണ്ടാകുകയും അവൻ ഞെരുക്കത്തിൽ ആവുകയും ചെയ്തു. അവൻ, ആ ദേശത്തെ ഒരു പൗരന്റെ അടുത്ത് അഭയം തേടി. അയാൾ അവനെ പന്നികളെ മേയിക്കാൻ വയലിലേക്ക് അയച്ചു. പന്നി തിന്നിരുന്ന തവിടെങ്കിലും കൊണ്ടു വയറു നിറയ്ക്കാൻ അവൻ ആശിച്ചു. പക്ഷേ ആരും അവനു കൊടുത്തില്ല. അപ്പോൾ അവന് സുബോധം ഉണ്ടായി. അവൻ പറഞ്ഞു: എന്റെ പിതാവിന്റെ എത്രയോ ദാസന്മാർ സുഭിക്ഷമായി ഭക്ഷണം കഴിക്കുന്നു! ഞാനോ ഇവിടെ വിശന്നു മരിക്കുന്നു! ഞാൻ എഴു ന്നേറ്റ് എന്റെ പിതാവിന്റെ അടുത്തേക്ക് പോകും. ഞാൻ അവനോട് പറയും: പിതാവേ, സ്വർഗത്തിനെതിരായും നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു. നിന്റെ പുത്രൻ എന്ന് വിളി ക്കപ്പെടാൻ ഞാൻ ഇനി യോഗ്യനല്ല. നിന്റെ ദാസരിൽ ഒരുവനായി എന്നെ സ്വീകരിക്കണമെ. അവൻ എഴുന്നേറ്റ്, പിതാവിന്റെ അടുത്തേക്ക് ചെന്നു. ദൂരെവച്ച് പിതാവ് അവനെകണ്ടു. അവൻ മനസലിഞ്ഞ് ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ച് ചുംബിച്ചു. മകൻ പറഞ്ഞു: പിതാവേ , സ്വർഗത്തിനെതിരായും നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു. നിന്റെ പുത്രൻ എന്നു വിളിക്കപ്പെടാൻ ഞാനിനി യോഗ്യനല്ല. പിതാവാകട്ടെ, തന്റെ ദാസരോട് പറഞ്ഞു: ഉടനെ മേൽത്തരം വസ്ത്രം കൊണ്ടുവന്ന് ഇവനെ ധരിപ്പിക്കുവിൻ. ഇവന്റെ കൈയിൽ മോതിരവും കാലിൽ ചെരിപ്പും അണിയിക്കുവിൻ. കൊഴുത്ത കാളക്കുട്ടിയെ കൊണ്ടുവന്ന് കൊല്ലുവിൻ. നമുക്ക് ഭക്ഷിച്ച് ആഹ്ലാദിക്കാം. എന്റെ ഈ മകൻ മൃതനായിരുന്നു; അവൻ ഇതാ, വീണ്ടും



www.malankaralibrary.com

ജീവിക്കുന്നു. അവൻ നഷ്ടപ്പെട്ടിരുന്നു; ഇപ്പോൾ വീണ്ടുകിട്ടിയിരിക്കുന്നു. അവർ ആഹ്ലാദിക്കാൻ തുടങ്ങി (ലൂക്കാ 15:11-24).

## 2. ഉപമയുടെ അവതരണം

### തനതായ അഹംബോധത്തിന്റെ ആവശ്യകത (Need for ego identity)

ധൂർത്തനായ പുത്രന്റെ ഉപമയിൽ അവതരിപ്പിച്ചിരിക്കുന്ന ഇളയപുത്രൻ പ്രതിനിധാനം ചെയ്യുന്നത് യുവമനസുകൾ നേരിടുന്ന ആവശ്യങ്ങളും ഞെരുക്കങ്ങളുമാണ്. ആരാണ് ഒരു യുവാവ്? Adolescence (യൗവനാരംഭം) എന്ന വാക്ക് ലത്തീൻ ഭാഷയിലെ "ad", "alescere" എന്നീ വാക്കുകളിൽ നിന്ന് രൂപപ്പെട്ടതാണ്. Adolescence എന്നാൽ "to grow up" എന്നാണ് അർത്ഥമാക്കുന്നത്. യൗവനാരംഭത്തിലെ പ്രധാനപ്പെട്ട നിയോഗം എന്നത് "വളരുക" (to grow up) എന്നതാണ്. യൗവനം ആരംഭിക്കുന്നത് ജൈവപരമായ ശാരീരിക വ്യതിയാനങ്ങളോടുകൂടിയാണ്.

യൗവനത്തിന്റെ പ്രാരംഭഘട്ടമായ പന്ത്രണ്ട് മുതൽ പതിനെട്ട് വയസു വരെയുള്ള പ്രായം വളരെ നിർണായകമാണ്. കാരണം ഒരു വ്യക്തിയുടെ തനതായ അഹംബോധത്തിന്റെ ആവശ്യകതകൾ (Need for ego identity) അഭിമുഖീകരിക്കപ്പെടുന്നതും അഹംബോധത്തിലെ പോരാട്ടങ്ങൾക്ക് ഉത്തരം നല്കപ്പെടുന്നതും ഈ സമയത്താണ്.

യൗവനാരംഭത്തിലെ ഏറ്റവും പ്രധാനപ്പെട്ട നിയോഗം ഒരുവന്റെ തനതായ അഹംബോധം (Ego identity) നേടുക എന്നതാണ്. ഉപമയിലെ ഇളയപുത്രൻ അവന്റെ തനതായ അഹംബോധം സ്ഥാപിക്കാൻ പരിശ്രമിക്കുകയും പോരാടുകയും ചെയ്യുന്നതായി കാണപ്പെടുന്നു. തനതായ അഹംബോധം എന്നത് ഒരു യുവാവിനെ സംബന്ധിച്ച് പ്രധാനപ്പെട്ടതും ഉത്കണ്ഠയ്ക്ക് വിഷയീഭവിക്കുന്നതുമാണ്. "എനിക്കു എന്റെ സ്വത്തിന്റെ വീതം തരിക" എന്ന ആവശ്യം തനിമ (Identity) തേടിയുള്ള അവന്റെ ആന്തരിക നിലവിളിയുടെ ഭാവമായി കാണാൻ കഴിയും. തന്റെ മാതാപിതാക്കന്മാരിൽ നിന്ന് വ്യത്യസ്തമായ ഒരു തനിമ സ്ഥാപിക്കുവാനും തന്റെ പിതാവുമായി തനിക്കുള്ള മാനസികമായ ഏകീഭാവത്തിൽ നിന്ന് ഉയർന്ന് തനതായ ഒരു വ്യക്തിത്വം സ്ഥാപിക്കുവാനും അവൻ ആഗ്രഹിക്കുന്നത് തന്റെ പിതാവിന്റെ നിഴലിൽ ആശ്രയിച്ചു നിൽക്കുന്ന സംരക്ഷണ വലയത്തിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയാണ്.

തങ്ങളുടെ മാതാപിതാക്കന്മാരിൽ നിന്ന് വ്യത്യസ്തരായി തീരുവാൻ നടത്തുന്ന പരിശ്രമങ്ങൾ യുവതീയുവാക്കളിൽ പ്രത്യേകതരത്തിലുള്ള സ്വഭാവസവിശേഷതകൾ രൂപപ്പെടുന്നതിന് കാരണമായി തീരുന്നു. വ്യവസ്ഥാപിതചട്ടങ്ങൾക്ക് വിരുദ്ധമായ കേശാലങ്കാരങ്ങളും ചമയങ്ങളും ആർഭാടങ്ങളും പ്രകടനപരതയും ജീവിതശൈലിയും യുവാക്കളിൽ പൊതുവായി കാണുന്ന ചില രീതികളാണ്. തങ്ങളുടെ മാതാപിതാക്കളിൽ നിന്ന് തങ്ങൾ എത്ര വ്യത്യസ്തരാണ് എന്ന് സ്ഥാപിക്കാൻവേണ്ടിയാണ് അവർ ഇപ്രകാരം പ്രവർത്തിക്കുന്നത്. ഉദാഹരണമായി പറഞ്ഞാൽ ഒരു യുവാവിന്റെ മുറിയിൽ കയറിച്ചെന്നാൽ കാണാൻ കഴിയുന്ന കാഴ്ച എന്താണ്? അവന്റെ മുറിയുടെ ഭിത്തിയിലും



www.malankaralibrary.com

മേശപ്പുറത്തും സിനിമാതാരങ്ങളുടെയും പോപ് ഗായകരുടെയും സുന്ദര പുരുഷന്മാരുടെയും സ്ത്രീകളുടെയും ചിത്രങ്ങളാണ് കാണാൻ കഴിയുന്നത്. ഇതിലൂടെ അവർ പറയാൻ ശ്രമിക്കുന്നത് തങ്ങൾക്കുവേണ്ടിത്തന്നെ ഒരു വ്യത്യസ്ത തനിമ (Identity) ഇതുവരെയും സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ്. അതിനാൽ തന്നെ അവർ സമൂഹത്തിൽ വ്യക്തിമുദ്ര പതിപ്പിച്ചവരായ സ്ത്രീ പുരുഷന്മാരുടെ തനിമ സ്വീകരിക്കുകയും ശിഷ്ടകാലം അവർ സ്വീകരിച്ചതായ തനിമയിലൂടെ ജീവിച്ചു തീർക്കുകയും ചെയ്യുന്നു.

## 3. അഹംബോധത്തിന്റെ ആവശ്യകത (Need of the ego)

സംതൃപ്തിക്കായി അഹംബോധം പ്രധാനമായും മൂന്ന് കാര്യങ്ങൾ അന്വേഷിക്കുന്നു. ആഗ്രഹിക്കുന്നത് ചെയ്യുക, ആഗ്രഹിക്കുന്നത് കിട്ടുക, മറ്റുള്ളവരിൽ നിന്ന് നല്ലത് കേൾക്കുക. ഈ മൂന്ന് കാര്യങ്ങൾ ഒന്നിക്കുന്നതാണ് അഹംബോധം. അതായത് ചെയ്യുക (doing), ഉണ്ടാകുക (having), അംഗീകരിക്കപ്പെടുന്ന വാക്കുകളും പുകഴ്ചകളും കേൾക്കുക (listening). നമ്മൾ ആഗ്രഹിക്കുന്നത് ചെയ്യുവാൻ സാധിക്കുമ്പോഴും നമ്മൾ ആഗ്രഹിക്കുന്നത് ലഭിക്കുമ്പോഴും നമ്മളെക്കുറിച്ച്തന്നെ നല്ലത് പറയപ്പെടുന്നത് കേൾക്കുമ്പോഴുമാണ് നമ്മുടെ അഹംബോധം സന്തോഷിക്കുന്നത്. മറിച്ച്, ആഗ്രഹിക്കുന്നത് ചെയ്യാൻ കഴിയാത്തപ്പോഴും ആഗ്രഹിക്കുന്നത് കിട്ടാതെ പോകുമ്പോഴും നമ്മളെക്കുറിച്ച് തെറ്റായതും അരോചകമായതുമായവ കേൾക്കുമ്പോഴുമാണ് നമ്മുടെ അഹംബോധം സങ്കടപ്പെടുന്നത്. ആഗ്രഹിക്കുന്നത് ലഭിക്കുവാനും ഇഷ്ടപ്പെടുന്ന കൂട്ടുകാരുമൊത്ത് സമയം ചെലവിടാനും സുവിശേഷത്തിലെ ധൂർത്തപുത്രൻ ആഗ്രഹിച്ചു. "എന്റെ സ്വത്തിൽ പകുതി എനിക്കു തരിക" എന്ന ആവശ്യം അവന്റെ അഹം ബോധത്തിന്റെ ആവശ്യമായിരുന്നു. പുറമെ ഉള്ളതിന്റെ മേൽ ആധിപത്യവും അവകാശവും സ്ഥാപിക്കുവാൻ അഹംബോധം ശ്രമിക്കുന്ന കാലഘട്ടമാണ് യൗവനകാലം.

ഒരുവന്റെ തനിമ രൂപീകരിക്കുക എന്നതും അംഗീകരിക്കുകയെന്നതും ശ്രമകരമായ ഒരു പ്രയത്നമാണ്. യുവാക്കൾ പല പരീക്ഷണങ്ങൾ നടത്തുകയും പലതരത്തിലുള്ള വേഷങ്ങളും ആശയങ്ങളും സ്വീകരിക്കുകയും തങ്ങൾക്ക് ചേർന്ന ഏറ്റവും നല്ലതായവ സ്വീകരിക്കുകയും ചെയ്യുന്നു. ഈ പ്രതിസന്ധിഘട്ടത്തിൽ ചിലർ തനിമ കണ്ടെത്തി വളരുകയും തങ്ങളുടെ ജീവിത പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ കഴിവുള്ളവരാകുകയും ചെയ്യുന്നു. എന്നാൽ മറ്റുചിലർ ഈ തനിമ നേടാൻ പരാജയപ്പെടുകയും യുവത്വത്തെ നേരിടാനുള്ള ആത്മവിശ്വാസം നഷ്ടപ്പെട്ടവരായി തീരുകയും അങ്ങനെ സ്വത്വബോധ പ്രതിസന്ധി (Identity crisis) നേരിടുന്നവരായി തീരുകയും ചെയ്യുന്നു.

ആരാണ് തങ്ങൾ, എന്താണ് അവരുടെ പ്രത്യേകത എന്ന് അറിയാത്തവരും, എവിടെയാണ് അവരുടെ ഇടമെന്നും, എവിടെയാണ് അവർ പോകുന്നത് എന്നും, എന്താണ് അവർ ചെയ്യുന്നതെന്നും അറിയാത്ത അവസ്ഥയെയാണ് സ്വത്വബോധ പ്രതിസന്ധി (Identity crisis) എന്ന് നാം വിളിക്കുന്നത്. അതിന്റെ പരിണിതഫലമായി അവർ സാധാരണ ജീവിത അവസ്ഥയിൽ നിന്ന് വഴുതി പോവുകയും വിദ്യാഭ്യാസം, ജോലി, ബന്ധങ്ങൾ എന്നിവയിൽ പരാജയപ്പെടുകയും ചെയ്യുന്നു. അവർ തങ്ങൾക്ക് വേണ്ടിത്തന്നെ



www.malankaralibrary.com



തെറ്റായ ഒരു അഹം ബോധം വളർത്തുന്നു. സമൂഹവും കുടുംബവും വിഭാവന ചെയ്യുന്നതിൽ നിന്ന് വ്യത്യസ്തവും തെറ്റായതുമായ ഒരു തനിമ അവർ രൂപപ്പെടുത്തുന്നു.

സ്വത്വബോധം നഷ്ടപ്പെടുന്ന ഒരു യുവാവ് കൃത്യവിലോപിയായി ഏകനായി, മയക്കു മരുന്നിനും മദ്യത്തിനും സെക്സിനും അശ്ലീലചിത്രങ്ങൾക്കും മാനസികമായ മറ്റ് പല വികലതകൾക്കും അടിമയായി തീരുന്നു.

ഉപമയിലെ ധൂർത്തനായ പുത്രൻ അനുഭവിച്ച സ്വത്വബോധ പ്രതിസന്ധിക്ക് (Identity crisis) കാരണം അവന് തന്റെ തനിമ തിരിച്ചറിയാൻ സാധിച്ചില്ല എന്നതാണ്. അതിന് പ്രധാന കാരണമായിഭവിച്ചത് അവന്റെ തെറ്റായ തീരുമാനങ്ങളും ജീവിതത്തിലെ പ്രത്യയശാസ്ത്രങ്ങളുമാണ്. അവൻ അനുഭവിക്കാൻ ആഗ്രഹിച്ചത് എല്ലാം അനുഭവിച്ചു; ലഭിക്കാൻ ആഗ്രഹിച്ചതെല്ലാം അവന് ലഭിച്ചു. പിന്നെ അവൻ തന്റെ സുഹൃത്തുക്കൾക്കൊപ്പം എല്ലാ സന്തോഷങ്ങളിലും പങ്കുചേർന്ന് ഉണ്ടായിരുന്നതെല്ലാം ചെലവഴിച്ചു. അവൻ ചെയ്യേണ്ടതെല്ലാം ചെയ്തു കഴിഞ്ഞപ്പോൾ അവന് ഒരിടവും സ്വന്തമായി തോന്നിയില്ല. അവന് ജീവിതത്തിന്റെ അർത്ഥം നഷ്ടപ്പെട്ടു. അവൻ അകമെ ശൂന്യനും ഏകനുമായിത്തീർന്നു. അവന് തന്നോട് തന്നെ മടുപ്പ് തോന്നി. അവൻ ശാരീരികവും വൈകാരികവും ആധ്യാത്മികവുമായ വിശപ്പ് അനുഭവിക്കുന്നവനായിത്തീർന്നു. തന്റെ തനിമ പിതാവിൽ കണ്ടെത്തുവാൻ അവന്റെ സ്വത്വബോധപ്രതിസന്ധി (Identity crisis) അവനെ പ്രേരിപ്പിച്ചു. അവൻ പറഞ്ഞു: "ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുത്തേക്ക് പോകും. ഞാൻ അവനോട് പറയും: പിതാവേ സ്വർഗത്തിനെതിരായും നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു. നിന്റെ പുത്രൻ എന്നു വിളിക്കപ്പെടാൻ ഞാൻ ഇനി യോഗ്യനല്ല. നിന്റെ ദാസരിൽ ഒരുവനായി എന്നെ സ്വീകരിക്കണമേ" (ലൂക്കാ 15:18–20). ഇളയ പുത്രന്റെ പിതാവിലേക്കുള്ള മടങ്ങി വരവും പിന്നീടുള്ള ഊഷ്മളമായ വരവേൽപ്പും ആഘോഷവും സൂചിപ്പിക്കുന്നത്, ആ മകൻ നേടിയെടുത്ത പുതിയ സ്വത്വബോധമാണ്. അവൻ തന്റെ സ്വത്വബോധപ്രതിസന്ധി പരിഹരിച്ച്, പുതിയ വ്യക്തിത്വം വീണ്ടെടുത്തത് അവന്റെ പിതാവിനോടും കുടുംബത്തോടുമുള്ള ബന്ധത്തിൽ നിന്നാണ്. പരിശുദ്ധാത്മാവിലൂടെ സ്വർഗീയപിതാവുമായി ആഴമായ ഒരു ബന്ധം യുവാക്കൾക്ക് ആവശ്യമാണെന്ന് ഈ സ്വത്വബോധ അന്വേഷണം ഓർമ്മിപ്പിക്കുന്നു. യൗവന



www.malankaralibrary.com

കാലഘട്ടം വേദനാജനകമായ പോരാട്ടത്തിന്റെ കാലമെന്ന് ചിന്തിച്ചുപോകാൻ ധൂർത്ത പുത്രന്റെ ഉപമ ഇടയാക്കാം. തികച്ചും സന്തോഷകരമായ ഒരു ജീവിതമായും പുതിയ സാധ്യതകൾ തുറക്കപ്പെടുന്ന അവസരമായും ഈ സമയത്തെ മാറ്റാൻ കഴിയും. ആത്മീക മായി പറഞ്ഞാൽ ഒരു യുവാവ് തന്നിൽ ആന്തരികമായി സ്ഥിതി ചെയ്യുന്ന ദൈവവു മായി ബന്ധം സ്ഥാപിക്കുന്ന അവസരമാണ് യുവത്വം. തന്റെ പിതാവിന്റെ പക്കലേ ക്കുള്ള ധൂർത്തനായ പുത്രന്റെ തിരിച്ചുവരവ് നമ്മുടെയെല്ലാം ഉള്ളിൽ ആന്തരികമായി സ്ഥിതി ചെയ്യുന്ന ആധ്യാത്മികമായ അർത്ഥത്തെയും ആവശ്യത്തെയും സൂചിപ്പിക്കു ന്നു. അവന്റെ പിതാവിലേക്കുള്ള ഗമനം എല്ലാ മനുഷ്യരുടെയും വ്യക്തിപരമായ ദൈവാനുഭവത്തിലേക്കുള്ള ആത്മീയ യാത്രയെ സൂചിപ്പിക്കുന്നു. മനുഷ്യർ അവരുടെ ജീവിതവീക്ഷണം വലുതാക്കുവാനും പ്രതിസന്ധിഘട്ടങ്ങളിൽ അർത്ഥവും സുരക്ഷിത ത്വവും നേടുവാനുമാണ് ആത്മീയ അനുഭവത്തിനായി ദാഹിക്കുന്നത്. ആധ്യാത്മിക വീക്ഷണം കൊണ്ട് അർത്ഥമാക്കുന്നത് ദൈവവുമായുള്ള ബന്ധത്തിൽ നമ്മുടെ അഹം ബോധവ്യക്തിത്വം (Ego Personality) എത്ര ചെറുതാണ് എന്നുള്ള തിരിച്ചറിവാണ്. സുവി ശേഷ കഥയിലെ ധൂർത്തപുത്രനിൽ തന്റെ തനതായ അഹംബോധം അന്വേഷിച്ചു നട ന്ന ഒരു യുവാവിനെയാണ് കാണാൻ കഴിയുന്നത്. തനിക്കു ഇഷ്ടമുള്ളതു ചെയ്തും അനുഭവിക്കാൻ ആഗ്രഹിച്ചത് അനുഭവിച്ചും തന്റെ കൂട്ടുകാരുമൊത്ത് രസിച്ചു നടന്നു മാണ് അവൻ തന്റെ യഥാർത്ഥ തനിമ അന്വേഷിച്ചത്. പക്ഷേ അവൻ പിന്നീട് തിരി ച്ചറിയുന്ന സത്യം, അവന്റെ യഥാർത്ഥ തനിമ കണ്ടെത്തേണ്ടത് അവന്റെ പിതാവുമാ യുള്ള ബന്ധത്തിലാണ് എന്ന അവബോധമാണ്. പിതാവായ ദൈവത്തിൽ മാത്രമാണ് നമ്മുടെ യഥാർത്ഥ തനിമ നിലകൊള്ളുന്നത്. മറ്റ് സ്വത്വബോധങ്ങൾ എല്ലാം തെറ്റായ സ്വത്വബോധങ്ങളാണ്.

## 4. യുവാക്കൻമാരിലെ നാല് അവബോധ തലങ്ങൾ

മനഃശാസ്ത്ര പരമായ ഗവേഷണത്തിലൂടെ യുവതലമുറയിൽ വെളിപ്പെട്ട നാല് അവ ബോധ തലങ്ങളാണ് താഴെപറയുന്നത്.

1. **ലക്ഷ്യബോധം നഷ്ടപ്പെട്ട യുവതലമുറ (Dis-oriented youth)** ജീവിതത്തിൽ അവർ എന്താണ്, എന്തായിത്തീരണം എന്ന കാര്യത്തിൽ സംശയിക്കുന്നവർ തങ്ങളുടെ യഥാർത്ഥ തനിമ കണ്ടെത്തുന്ന കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടില്ലാത്തവരാണ്. അവർക്ക് ലക്ഷ്യബോധം നഷ്ടപ്പെടുകയും ഈ ലക്ഷ്യബോധമില്ലായ്മ തങ്ങളുടെ യഥാർത്ഥ തനിമയെ നശിപ്പിക്കുന്ന മദ്യപാനം, മയക്കുമരുന്ന്, മറ്റ് മാനസികവൈകല്യ ങ്ങൾ എന്നിവയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു. ലക്ഷ്യബോധം നഷ്ടപ്പെട്ട യുവതലമുറയെ അധികവും കാണാൻ സാധിക്കുന്നത് വലിയ നഗരങ്ങളിലാണ്. അവർ പഠനത്തോടോ, ഉത്തരവാദിത്വങ്ങളോടോ, ജീവിതത്തോട് തന്നെയോ പ്രതിപത്തികാണി ക്കാതെ ഒഴുക്കിനൊത്ത് പോകുന്നവരാണ്. അവർ മൊബൈൽ ഫോണിനും മാധ്യമ ങ്ങൾക്കും, ഇന്റർനെറ്റിനും ലൈംഗികകാര്യങ്ങൾക്കും അടിമപ്പെടുന്നു.



www.malankaralibrary.com



**2. അനുകരിക്കപ്പെടുന്ന തനിമ (Imitated identity)** ചിലർ തങ്ങളുടെ തനിമ തേടിയുള്ള യാത്ര അവസാനിപ്പിക്കുകയോ ചിലർ ആ അന്വേഷണം തുടങ്ങുകയോ ചെയ്തിട്ടില്ല. അവർ അതിന് പകരമായി തങ്ങളുടെ മാതാപിതാക്കന്മാരുടെയോ, മുതിർന്ന മറ്റ് ആരുടേയോ തനിമയെ തങ്ങളുടെ തനിമയായി സ്വീകരിച്ചിരിക്കുകയാണ്. അവർ മറ്റ് ആരുടേയോ തനിമയെ അനുകരിക്കുന്നു. അവർ മറ്റുള്ളവരെ മാതൃകാപുരുഷന്മാരും സ്ത്രീകളുമായി കണ്ട്, സ്വന്തം തനിമയെ കുറിച്ച് ചിന്തിക്കുന്നില്ല. ചില യുവതീയുവാക്കൾ തങ്ങൾ എന്തായി തീരണമെന്ന് അറിവുള്ളവരായി കാണപ്പെടും. പക്ഷേ ആ അറിവ് അവർ അവരെപ്പറ്റി ചിന്തിക്കുന്നതിനെക്കാൾ ഉപരി മറ്റുള്ളവർ അവർ ആരായിത്തീരണമെന്നുള്ളത് മാത്രമേ ആകുന്നുള്ളു. ഉദാഹരണമായി പറഞ്ഞാൽ ഒരു ചെറുപ്പക്കാരനോ ചെറുപ്പക്കാരിയോ ഡോക്ടർ ആകാൻ ആഗ്രഹിക്കുന്നത് തങ്ങളുടെ മാതാവോ പിതാവോ ഡോക്ടർ ആയത് കൊണ്ടാവാം. അവനോ, അവളോ തങ്ങൾക്കുള്ള കഴിവോ, താത്പര്യമോ ഒരിക്കലും അന്വേഷിച്ചിട്ടില്ലായിരിക്കാം. പക്ഷേ അവർ ചിന്തിച്ചിട്ടില്ലാത്ത മേഖലകളിലേക്ക് അവർ ചേക്കേറുന്നു. ഇങ്ങനെയുള്ള യുവതീയുവാക്കൾക്ക് ഇച്ഛാഭംഗം ഉണ്ടാകുകയും, തങ്ങൾ തിരഞ്ഞെടുത്ത തൊഴിലിനെക്കുറിച്ച് നിരാശപ്പെട്ടുകൊണ്ട് "ഇത് ഞാനല്ല; ഞാൻ അല്ല ഇത് തിരഞ്ഞെടുത്തത്" എന്ന് പറയും. ഞാൻ ആരാണെന്നും എനിക്ക് എന്താണ് ആവശ്യമെന്നും ഞാൻ തന്നെ കണ്ടെത്തേണ്ടിയിരിക്കുന്നു.

**3. പ്രതിരോധത്തിലൂടെ തനിമയിലേക്ക്** (Identity through opposition) പ്രതിരോധത്തിലൂടെ തനിമയിലേക്ക് വരുന്ന യുവാക്കന്മാർ ഒരു ഔദ്യോഗിക ജീവിതത്തിനോ മറ്റ് സാമൂഹികമൂല്യങ്ങൾക്കോ തങ്ങളെ തന്നെ സമർപ്പിക്കുന്നില്ല. അവർ വ്യവസ്ഥാപിതമായ എല്ലാത്തിനെയും ചോദ്യം ചെയ്യുകയും തങ്ങൾക്ക് എന്താണ് യഥാർത്ഥത്തിൽ വേണ്ടത് എന്നും അവർ ആരാണ് എന്നും നിരന്തരം അന്വേഷിക്കുകയും ചെയ്യുന്നു. അവർ അധികാരത്തെ ചോദ്യം ചെയ്യുകയും വ്യവസ്ഥാപിത മാർഗങ്ങളിൽ നിന്ന് അവരെ തന്നെ വേർതിരിച്ചു കാണുവാനും, പൊതുസമൂഹത്തിന് എതിരെ നിലകൊള്ളുവാനും ശ്രമിക്കുന്നു. അവർ തങ്ങളുടെ തന്നെ തനിമ സ്ഥാപിക്കുവാൻ ശ്രമിക്കുന്നത് ഏതെങ്കിലും വ്യവസ്ഥാപിത മാർഗങ്ങൾക്ക് എതിരായി നിന്ന് കൊണ്ടാണ്. അവരുടെ ന്യായമായ അന്വേഷണത്തിൽ മാതാപിതാക്കളെയും ഗുരുക്കന്മാരെയും അധികാരത്തിൽ അവരോധിക്കപ്പെട്ടവരെയും വെല്ലുവിളിച്ച് തങ്ങളുടെ തന്നെ ജീവിതമൂല്യങ്ങളും വിശ്വാസസംഹിതകളും സ്ഥാപിക്കുവാൻ ശ്രമിക്കുന്നു.



www.malankaralibrary.com

**4. ആരോഗ്യപരമായ തനിമ** (Healthy identity) എതിർപ്പിലൂടെയും പ്രതിരോധ ത്തിലൂടെയും തങ്ങളുടെ തനിമ കണ്ടെത്തുവാൻ ശ്രമിക്കുന്ന ചിലർ പിന്നീട് തങ്ങളുടെ യഥാർത്ഥ തനിമ കണ്ടെത്തുന്നു. അവരെയാണ് ആരോഗ്യപരമായ തനിമ കണ്ടെത്തിയ വർ എന്ന് നാം മനസിലാക്കുന്നത്. അവർ തങ്ങളുടെ യഥാർത്ഥ വ്യക്തിത്വത്തെ ശരി യായ വിധത്തിൽ തിരിച്ചറിയുന്നു. ആ തിരിച്ചറിവ് ചില ദൗത്യങ്ങൾക്ക് തങ്ങളെ തന്നെ സമർപ്പിക്കാനും ഉത്തരവാദിത്വങ്ങൾ സ്വീകരിക്കുവാനും അവരെ പ്രാപ്തിയുള്ളവരാക്കി തീർക്കുന്നു. അവർ തനതായ ആശയങ്ങളുള്ളവരും എന്താണ് തങ്ങൾ വിശ്വസിക്കു ന്നതെന്നും എന്തിനാണ് വിശ്വസിക്കുന്നത് എന്നും തിരിച്ചറിവുള്ളവരുമാണ്. ഇപ്പോൾ എന്താണെന്നതിലും ആരാണെന്നതിലും അവർ സംതൃപ്തരുമാണ്.

## 5. കൗമാര കാലഘട്ടത്തിലെ അടിസ്ഥാനപരമായ മാറ്റങ്ങൾ

**1) മനഃശാസ്ത്രപരമായ മാറ്റങ്ങൾ (Psychological change)** യൗവനകാലഘട്ട ത്തിൽ കാണുന്ന പ്രധാനപ്പെട്ട ഒരു മാറ്റമാണ് ബൗദ്ധികമായ വളർച്ച. ഒരു കൊച്ചു കുട്ടിക്ക് ഇന്ദ്രിയഗോചരമായ പ്രശ്നങ്ങൾ മാത്രം പരിഹരിക്കാൻ സാധിക്കുമ്പോൾ, ഒരു യുവാവിന് അമൂർത്തമായി ചിന്തിക്കാനും യുക്തിസഹമായി തർക്കിക്കുവാനും സാധി ക്കും. തനിക്ക് സംജാതമായിരിക്കുന്ന ഈ പുതിയ മാനസികശക്തികൊണ്ടു ചിലപ്പോ ഴെങ്കിലും, തന്റെ മാതാപിതാക്കളെ അലോസരപ്പെടുത്തുവാൻ ഒരു യുവാവ് പരിശ്രമിച്ചേ ക്കാം. ഒരു യുവാവിന്റെ ഈ തർക്കപ്രിയമായ സ്വഭാവത്തെ മാതാപിതാക്കൾ ഒരിക്കലും വ്യക്തിപരമായ ആക്രമണമായോ അനുസരണമില്ലായ്മയായോ കാണാൻ പാടില്ല. ഒരു യുവാവ് സ്വാതന്ത്ര്യത്തിന്റെ വഴിയിലേക്ക് ചരിക്കുന്നതിന് ആവശ്യകരമായ ഒരു പ്രക്രി യയാണിത്. മുതിർന്നവരുടെ അധികാരത്തെ വെല്ലുവിളിച്ചുകൊണ്ട് ഒരുവനോ ഒരുവളോ ആന്തരികമായ ആധിപത്യം സ്ഥാപിക്കാനുള്ള ശ്രമമാണ് ഇവിടെ കാണുന്നത്. യൗവന കാലഘട്ടത്തിൽ, ഒരു വ്യക്തി പല തരത്തിലുള്ള വൈകാരിക തലങ്ങളെ അഭിമുഖീക രിക്കാറുണ്ട്. സന്തോഷം എന്ന വികാരത്തെ അനുഭവിക്കുന്നത് ആനന്ദമായും ബഹു ലമായ ചൈതന്യമായും പിന്നെ വികാര വിക്ഷോഭമായും ആണ്. സങ്കടം എന്ന വികാ രത്തെ നാം അനുഭവിക്കുന്നത് വിഷാദമായും സന്തോഷമില്ലായ്മയായും ഉത്കണ്ഠയായും പിന്നെ ഭയമായുമാണ് . കോപം, നിഷേധാത്മാകത, പ്രതിഷേധാത്മകത എന്നീ വൈകാ രികമായ തലങ്ങളും ഉയർന്നു വരുന്ന കാലഘട്ടമാണിത്. വിശ്വസ്തത, രാജ്യസ്നേഹം, മാതൃരാജ്യത്തിനു വേണ്ടിയുള്ള ബലിദാനം എന്നീ വികാരങ്ങളും ശക്തിപ്പെടുന്ന സമയമാണ് യൗവന കാലം. യുവാക്കൾക്ക് വികാരങ്ങൾ തീവ്രമായി അനുഭവപ്പെടുന്ന സമയമാണിത്. അവർ തങ്ങൾ അനുഭവിക്കുന്ന വികാരങ്ങളെ പ്രകടിപ്പിക്കുന്നത് അതിശയോക്തി നിറഞ്ഞരീതിയിലാണ്.

യൗവന കാലഘട്ടത്തിലെ പ്രധാനപ്പെട്ട വിശേഷലക്ഷണമായ വികാരം വൈകാരിക ചാഞ്ചാട്ടമാണ് (Mood swing). ചില സമയങ്ങളിൽ അവർ സന്തുഷ്ടരും ചിലപ്പോൾ ദു:ഖിതരുമായി കാണപ്പെടും. ചില നേരങ്ങളിൽ അവർ ശക്തിയുള്ളവരായും ചിലപ്പോൾ അലസന്മാരായും കാണപ്പെടും. അവരിലുള്ള ഈ വൈകാരിക ചാഞ്ചാട്ടം (Mood swing)



www.malankaralibrary.com

അവരുടെ സ്വഭാവ സവിശേഷതയെ പ്രവചനാതീതമാക്കിത്തീർക്കുന്നു. ലൈംഗികമായ വികാരങ്ങളുമായി ബന്ധപ്പെട്ട് അവർക്ക് ചിലരോട് ഭ്രമവും, മറ്റ് ചിലരോട് പ്രേമവും ശക്തിപ്പെടുന്ന ഒരു കാലഘട്ടമാണ് ഇത്.

**2. ശാരീരിക പരിവർത്തനങ്ങൾ (Physical change)** യൗവനത്തിലുള്ള ശാരീരിക മാറ്റങ്ങൾ യൗവനാരംഭത്തിൽ ശരീരത്തിലുണ്ടാകുന്ന മാറ്റങ്ങളിലൂടെയാണ് പ്രകടമാകുന്നത്. ശാരീരിക മാറ്റങ്ങൾ ഇവയാണ്: വേഗത്തിൽ വണ്ണവും നീളവും വയ്ക്കുക. ആൺകുട്ടികളിൽ അത് മാംസപേശികളുടെ വികസനത്തിന് കാരണമാകുമ്പോൾ പെൺകുട്ടികളിൽ ശരീര കൊഴുപ്പിന് കാരണമായിത്തീരുന്നു. ലൈംഗികമായ ചില സവിശേഷമായ വളർച്ചകളും നാം ഈ സമയം കാണുന്നു. ഈ ശാരീരികമായ പരിവർത്തനങ്ങൾ യുവജനങ്ങളെ ബാധിക്കുന്നുണ്ട്. അവർ കൂടുതൽ സമയം ഉറങ്ങാനും, പെൺകുട്ടികളാണെങ്കിൽ അവരുടെ ശരീരഭാഗത്തെകുറിച്ച് അമിതമായി ആകുലപ്പെടാനും ഇടയാക്കുന്നു. എതിർ ലിംഗത്തിൽപ്പെട്ട രക്ഷിതാക്കളോട് അവർ കാണിക്കുന്ന മമത വിലക്ഷണമായി വ്യാഖ്യാനിക്കപ്പെട്ടേക്കാം. ലൈംഗിക്മായ കാര്യങ്ങളെക്കുറിച്ച് നേരിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുക എന്നത് അവരുടെ പ്രത്യേകതയാണ്.

**3. ലൈംഗിക പരിവർത്തനങ്ങൾ (Sexual change)** ലൈംഗികമായ വളർച്ച, ലൈംഗികമായ ആവശ്യങ്ങൾ, ലൈംഗികമായ ഊർജം ശരിയായ വിധത്തിൽ നയിക്കപ്പെടുക എന്നിവയെല്ലാം ശാരീരിക വളർച്ചയിൽ ഉൾക്കൊള്ളുന്നുണ്ട്. ഈ പ്രായത്തിൽ ഒട്ടുമിക്ക യുവാക്കളും വേദനാജനകമായ മാനസികപോരാട്ടത്തിൽ ഏർപ്പെടുവാൻ ഇടയാകുന്നു. അവർ ലൈംഗികമായ പല സുഖങ്ങളെയും തേടി പോകുകയും പിന്നീട് അവയെക്കുറിച്ച് ലജ്ജിക്കുകയും കുറ്റബോധത്താൽ നയിക്കപ്പെടുകയും ചെയ്യുന്ന ഒരു അവസ്ഥ സംജാതമാവുകയും ചെയ്യാറുണ്ട്. യൗവനകാലത്തെ ലൈംഗികത ലൈംഗികമായ ആഗ്രഹങ്ങളെക്കുറിച്ച് മാത്രമല്ല, പിന്നെയോ ഒരു വ്യക്തിയുടെ ലൈംഗികപരമായ ആഭിമുഖ്യം (Sexual orientation) എതിർ വർഗത്തോടോ സ്വവർഗത്തോടോയെന്ന് തീരുമാനിക്കപ്പെടുകയും ചെയ്യുന്നു. യൗവന കാലത്ത് ശരീരം പ്രധാനപ്പെട്ട ശ്രദ്ധാകേന്ദ്രമായി ഭവിക്കും. പെൺകുട്ടികൾക്ക് ശരീര ഭാരത്തെക്കുറിച്ചുള്ള ഉത്കണ്ഠയും അവബോധവുമാണെങ്കിൽ ആൺകുട്ടികൾക്ക് മാംസ പേശികളുടെ വളർച്ചയാണ് കൂടുതൽ ആകർഷകമായി തോന്നിക്കുന്നത്. പല പ്രവർത്തനങ്ങൾ ചെയ്യുവാൻ കഴിവുള്ളവരും അതിൽ നിപുണരും ആണ് എന്ന് മറ്റുള്ളവർ അവരെക്കുറിച്ച് പറയുമ്പോഴാണ് ആൺകുട്ടികൾക്ക് പൊതുവെ ആത്മാഭിമാനം (Self esteem) ഉണ്ടാകുന്നത്. നേരെ മറിച്ച് തങ്ങൾ പ്രശസ്തരാണ് എന്നുള്ള കാര്യത്തിലും തങ്ങളെ മറ്റുള്ളവർ ഇഷ്ടപ്പെടുന്നു എന്നതിലുമാണ് പെൺകുട്ടികൾക്ക് ആത്മാഭിമാനം കൈവരുന്നത്. ആൺകുട്ടികൾ പ്രധാനമായും ശാരീരികപ്രവർത്തനങ്ങൾക്ക് അഥവാ അധ്വാനങ്ങൾക്ക് സ്ഥാനം നൽകുന്നു. അവരുടെ കഴിവുകൾ വിധിക്കപ്പെടുന്നത് അവർക്കുള്ള ശാരീരികമായ വൈദഗ്ധ്യം കൊണ്ടാണ്. പെൺകുട്ടികൾ മാധ്യമങ്ങളിലുടെ പ്രചരിപ്പിക്കപ്പെടുന്ന സ്ത്രീ ശരീരത്തെക്കുറിച്ചുള്ള പ്രതിബിംബങ്ങളാൽ സ്വാധീനിക്കപ്പെടുകയും, അവയെ മൂല്യനിർണയം നടത്താനുള്ള മാനദണ്ഡമായി കരുതുകയും ചെയ്യുന്നു.



www.malankaralibrary.com

4. **ആത്മീയ പരിവർത്തനം (Spiritual change)** തന്റെ ഉള്ളിൽ പരിശുദ്ധാരൂപിയിലൂടെ രൂഢമൂലമായിരിക്കുന്ന സ്വർഗീയ പിതാവിന്റെ സാന്നിധ്യം മനസിലാക്കി ഒന്നായിരിക്കുക എന്നതാണ് ഒരുവന്റെ വ്യക്തിത്വത്തിലേക്കുള്ള യാത്രയിൽ അവനിൽ നിന്ന് ആവശ്യപ്പെടുന്നത്. യൗവന കാലം എന്നാൽ വേദനകൾ നിറഞ്ഞ പോരാട്ടത്തിന്റെ കാലമാണ് എന്ന് ധൂർത്തനായ പുത്രന്റെ ഉപമയിൽ നിന്ന് ചിലപ്പോൾ നമുക്ക് തോന്നിയേക്കാം. പക്ഷേ ഇത് സന്തോഷത്തിന്റെയും നമ്മുടെ നിരവധിയായ കഴിവുകൾ പുറത്ത് കൊണ്ടുവരാൻ കഴിയുന്നതുമായ ഒരു കാലമാണ് എന്ന ചിന്ത ശുഭകരമായിരിക്കും. ആധ്യാത്മികമായി പറഞ്ഞാൽ യൗവനകാലം തന്റെ ഉള്ളിൽ വസിക്കുന്ന ദൈവം എന്ന വ്യക്തിയുമായി സ്ഥാപിക്കുന്ന ദൃഢമായ ഒരു ബന്ധത്തിന്റെ കാലമാണ്.

ധൂർത്തനായ പുത്രൻ തന്റെ പിതാവിന്റെ സന്നിധിയിലേക്കു വരുന്നതും അവൻ അതിനായി നടത്തുന്ന ശ്രമങ്ങളും ലോകമതങ്ങളുടെ ഉത്ഭവത്തെയും വ്യക്തിപരമായി ഓരോ മനുഷ്യന്റെയും ഉള്ളിലുള്ള ദൈവാന്വേഷണത്തെയും ആധ്യാത്മിക യാത്രയെയും സൂചിപ്പിക്കുന്നു. മനുഷ്യർ അവരുടെ ജീവിതവീക്ഷണം വലുതാക്കുവാനും പ്രതിസന്ധിഘട്ടങ്ങളിൽ അർത്ഥവും സുരക്ഷിതത്വവും നേടുവാനുമാണ് ആത്മീയ അനുഭവത്തിനായി ദാഹിക്കുന്നത്. ആധ്യാത്മിക വീക്ഷണം കൊണ്ട് അർത്ഥമാക്കുന്നത് ദൈവവുമായുള്ള ബന്ധത്തിൽ നമ്മുടെ അഹംബോധവ്യക്തിത്വം (Ego Personality) എത്ര ചെറുതാണ് എന്നുള്ള തിരിച്ചറിവാണ്. സുവിശേഷ കഥയിലെ ധൂർത്തപുത്രനിൽ തന്റെ തനതായ അഹംബോധം അന്വേഷിച്ചു നടന്ന ഒരു യുവാവിനെയാണ് കാണാൻ കഴിയുന്നത്. തനിക്കു ഇഷ്ടമുള്ളതു ചെയ്തും അനുഭവിക്കാൻ ആഗ്രഹിച്ചത് അനുഭവിച്ചും തന്റെ കൂട്ടുകാരുമൊത്ത് രസിച്ചു നടന്നുമാണ് അവൻ തന്റെ യഥാർത്ഥ തനിമ അന്വേഷിച്ചത്. പക്ഷേ, തന്റെ യഥാർത്ഥ തനിമ കണ്ടെത്തേണ്ടത് പിതാവുമായുള്ള ബന്ധത്തിലാണ് എന്ന് അവൻ പിന്നീട് തിരിച്ചറിയുന്നു. പിതാവായ ദൈവവുമായി നല്ല ബന്ധം സ്ഥാപിക്കുമ്പോഴാണ് നമ്മുടെ യഥാർത്ഥ തനിമ വെളിപ്പെടുന്നത്. മറ്റുള്ളവയൊക്കെ തെറ്റായ സ്വത്വബോധങ്ങളാണ്.


***കൗമാരത്തിലെ അസ്വസ്ഥതകളെയും വെല്ലുവിളികളെയും നിങ്ങൾ എങ്ങനെയാണ് മനസിലാക്കുന്നത്. ഒരു വ്യക്തിയുടെ തനതായ അഹംബോധം ദൈവവുമായി ബന്ധപ്പെട്ട് മാത്രമേ ശരിയായി കണ്ടെത്താൻ സാധിക്കുകയുള്ളു എന്ന് ധൂർത്തപുത്രന്റെ ഉപമയിലൂടെ ചർച്ചചെയ്യുക.***





www.malankaralibrary.com

# ലൈംഗികത: ഒരു ദൈവദാനം



ശൈശവാവസ്ഥയിൽ നിന്ന് യൗവന ത്തിലേക്ക് രൂപാന്തരപ്പെടുന്ന ജീവിതകാ ലഘട്ടമാണ് കൗമാരം. ശാരീരികവും മാനസികവും ബൗദ്ധികവും സാമൂഹി കവുമായ ധാരാളം വ്യതിയാനങ്ങൾക്ക് വ്യക്തികൾ വിധേയരാകുന്ന ഒരു കാല ഘട്ടമാണിത്. ലൈംഗികവ്യതിയാനങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്ന ഒരു കാല ഘട്ടം കൂടിയാണിത്. ശരിയായ ലൈംഗിക വിദ്യാഭ്യാസമില്ലെങ്കിൽ ഇവർ തെറ്റായ തീരുമാനങ്ങൾ എടുക്കും. ഇതിന്റെ ഫലമായി അപകടകരമായ വ്യക്തിത്വം രൂപപ്പെടുകയും ലൈംഗിക അരാജകത്വം സൃഷ്ടിക്കപ്പെടുകയും ചെയ്യും. കൗമാരക്കാർക്ക് ലൈംഗികത യെക്കുറിച്ച് വ്യത്യസ്തമായ കാഴ്ചപ്പാ ടുകളാണുള്ളത്. ലൈംഗികത ദൈവ ത്തിന്റെ ഒരു ദാനമെന്നതാണ് ഈ അധ്യായത്തിലെ പ്രതിപാദ്യം. എന്താണ് ലൈംഗികത, കൗമാരക്കാരുടെ ലൈംഗിക പ്രശ്നങ്ങൾ എന്തൊക്കെ, സമഗ്രലൈംഗിക വളർച്ചയിൽ കൗമാരക്കാർ എങ്ങനെയാണ് ശ്രദ്ധിക്കേണ്ടത് എന്നീ കാര്യങ്ങളാണ് തുടർന്ന് വിവരിക്കുന്നത്.

## 1. എന്താണ് ലൈംഗികത?

ലൈംഗികത ഒരാളുടെ ശാരീരികവും മാനസികവുമായ ഒരു കഴിവാണ്, പ്രവണത യാണ്, ആവശ്യമാണ്. എതിർലിംഗത്തിൽപ്പെട്ട ഒരാളോട് സൗഹൃദം സ്ഥാപിച്ച് സ്വയം തന്നെത്തന്നെ പൂർണമായി നല്കികൊണ്ടു അപരന്റെ തത്തുല്യമായ പ്രതിസമ്മാനത്തെ വിശ്വാസത്തിന്റെയും പുണ്യങ്ങളുടെയും മൂല്യങ്ങളുടെയും വെളിച്ചത്തിൽ സ്വീകരിക്കു ന്നതാണ് ലൈംഗികത.

ശൈശവകാലഘട്ടത്തിലും കൗമാരത്തിലും പ്രായപൂർത്തിയായ അവസ്ഥയിലും ലൈംഗികത ഉണ്ട്. എല്ലാ ജീവിതാന്തസിലുള്ളവർക്കും ലൈംഗികതയുണ്ട്. ലൈംഗിക



www.malankaralibrary.com

തയ്ക്ക് വിവിധ തലങ്ങളുണ്ട്. ഈ വിവിധ തലങ്ങളിൽ വളർച്ച പ്രാപിച്ചെങ്കിൽ മാത്രമേ ഒരാൾ സമഗ്രലൈംഗികതയിൽ വളരുകയുള്ളൂ. എന്താണ് ലൈംഗികതയുടെ വിവിധ തലങ്ങൾ എന്നതാണ് തുടർന്നു പ്രതിപാദിക്കുന്നത്.

**1. 1 ശാരീരിക ലൈംഗികത :** ഒരാളിൽ ജീവശാസ്ത്രപരമായ ലൈംഗിക വളർച്ച നടന്നെങ്കിൽ മാത്രമേ ശാരീരിക ലൈംഗികതയിൽ പക്വത പ്രാപിക്കൂ. ഇത് മൂന്ന് തലങ്ങളിലാണ് സംഭവിക്കുന്നത്.

**(1). ക്രോമോസോമൽ ലൈംഗികത :** ബീജവും അണ്ഡവും ചേർന്നു ആദ്യത്തെ കോശമുണ്ടാകുന്ന സമയത്തു തന്നെ ഒരാളുടെ ലൈംഗികത നിശ്ചയിക്കപ്പെട്ടു കഴിഞ്ഞു. XY ആൺകുഞ്ഞും XX പെൺകുഞ്ഞുമാണ്.

**(2). ഹോർമോണൽ ലൈംഗികത:** ശാരീരികലൈംഗിക വളർച്ചയിലെ പ്രധാനഘടകങ്ങളാണ് ലൈംഗിക ഹോർമോണുകൾ. ലൈംഗിക അവയവങ്ങളുടെ വളർച്ച ഹോർമോണിന്റെ പ്രവർത്തനം കൊണ്ടാണ് നടക്കുന്നത്. കൂടാതെ ഒരു ആൺകുട്ടി ബീജത്തെയും പെൺകുട്ടി അണ്ഡത്തെയും പുറപ്പെടുവിക്കുമ്പോഴാണ് പ്രത്യുത്പാദന ലൈംഗികതയിൽ പക്വത പ്രാപിക്കുന്നത്. ഇതും ഹോർമോണിന്റെ പ്രവർത്തനം കൊണ്ടാണ് സംഭവിക്കുന്നത്.

**(3). ജീവശാസ്ത്രപരമായ ലൈംഗികത :** ശാരീരിക ലൈംഗികതയിലുള്ള പക്വത ആരോഗ്യമുള്ള ലൈംഗികതയ്ക്ക് ആവശ്യമാണ്. ശാരീരികലൈംഗികതയിലെ പ്രധാനപ്പെട്ട രണ്ട് ഘടകങ്ങളാണ് ലൈംഗിക ഉത്തേജനവും അതിനുള്ള പ്രത്യുത്തരവും. ലൈംഗികോത്തേജനം ഉണ്ടാകുമ്പോഴെല്ലാം മനഃപൂർവം ലൈംഗിക പ്രവർത്തനങ്ങളിലൂടെ പ്രത്യുത്തരം നല്കുന്നില്ല. നല്ല വ്യക്തികൾ മൂല്യങ്ങൾക്ക് അനുസൃതമായി മാത്രമേ പ്രത്യുത്തരം നൽകുന്നുള്ളൂ. ലൈംഗികോത്തേജന സമയത്ത് വിശ്വാസവും യുക്തിയും കൊണ്ട് തീരുമാനമെടുക്കണം. എങ്കിൽ മാത്രമേ നല്ല പ്രത്യുത്തരങ്ങൾ നൽകുവാൻ സാധിക്കുകയുള്ളൂ. ഇവിടെയാണ് മനഃസാക്ഷിയുടെ പ്രവർത്തനം നടക്കുന്നത്. ഉള്ളിന്റെ ഉള്ളിലുള്ള ദൈവത്തിന്റെ സ്വരം കേട്ടുകൊണ്ട് തീരുമാനമെടുക്കുവാൻ വ്യക്തികൾ പരിശ്രമിക്കണം. ദാമ്പത്യജീവിതമാണ് ലൈംഗികോത്തേജനത്തിന് പ്രത്യുത്തരം നൽകുവാൻ അനുവദനീയമായ ഇടം. ആത്മസംയമനമെന്ന പുണ്യത്തിലൂടെയാണ് ലൈംഗികോത്തേജനത്തെ നിയന്ത്രിക്കേണ്ടത്.

**1.2 ബൗദ്ധികലൈംഗികത :** ഒരാളുടെ പ്രായത്തിനും അവസ്ഥയ്ക്കും അനുസരിച്ച് ലൈംഗികതയെക്കുറിച്ച് വ്യക്തമായ അറിവും ബോധ്യവും ലഭിക്കുന്നതിലൂടെയാണ് ബൗദ്ധിക ലൈംഗികത പക്വതപ്രാപിക്കുന്നത്. ശാരീരിക മാനസിക പ്രവർത്തനങ്ങളെക്കുറിച്ച് ശരിയായ അറിവ് കിട്ടിയെങ്കിൽ മാത്രമേ നല്ലതീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ.

**1.3. മാനസിക വൈകാരിക ലൈംഗികത :** ഒരാളുടെ മാനസിക ലൈംഗികത അയാളുടെ ആന്തരികവളർച്ചയാണ്. ഒരാൾക്ക് മറ്റൊരാളോട് ആകർഷണമുണ്ടാകാം. പരസ്പരപൂരകത്വവും സമാന സ്വഭാവവുമാണ് ഈ ആകർഷണത്തിനു പിന്നിലുള്ളത്. സമാന



www.malankaralibrary.com

സ്വഭാവം അവരെ ആകർഷിക്കുകയും കുറവുകൾ അവരെ പരസ്പരപൂരകത്വത്തിലേക്ക് അല്ലെങ്കിൽ ഐക്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ഒരാൾക്ക് മറ്റൊരാളോടുള്ള താത്പര്യം ശാരീരികതലത്തിൽ മാത്രമല്ല മാനസികതലത്തിലുള്ളതും കൂടിയാണെന്ന തുകൊണ്ട് മാനസികലൈംഗികത പ്രധാനപ്പെട്ടതാണ്. മറ്റ് വികാരങ്ങൾ പോലെ ലൈംഗി കവികാരങ്ങളും മനസിലുണ്ടാകും. ലൈംഗികവികാരങ്ങൾ ചിലപ്പോൾ ശക്തവും തീവ്ര ത കൂടിയതും കുറഞ്ഞതുമാകാം. ചിലപ്പോൾ ദൈർഘ്യം കൂടിയതും കുറഞ്ഞതുമാകാം. സ്വന്തം ലൈംഗിക വികാരങ്ങളിലും മറ്റുള്ളവരുമായുള്ള ഇടപെടലുകളിലും വൈകാ രിക ലൈംഗിക പക്വത ഉണ്ടായിരിക്കണം.

**1.4 സാമൂഹിക ലൈംഗികത:** ലൈംഗികത ഒരു വ്യക്തിയുടെ മാത്രം പ്രവർത്തനമല്ല. അങ്ങനെയുള്ള പ്രവൃത്തി സ്വാർത്ഥപരമാണ്. അത് എപ്പോഴും മറ്റുള്ളവരുമായി ബന്ധ പ്പെട്ടിരിക്കുന്നു. ഇത് സ്നേഹത്തിലധിഷ്ഠിതമാണ്. പ്രഭാഷകന്റെ പുസ്തകത്തിൽ ഇപ്ര കാരം പറയുന്നു: "വിശ്വസ്തനായ സ്നേഹിതൻ ബലിഷ്ഠമായ സങ്കേതമാണ്. അവനെ കണ്ടെത്തിയവൻ ഒരു നിധി നേടിയിരിക്കുന്നു" (6:14). ഇതിൽ നിന്നും ലൈംഗികതയ്ക്ക് എപ്പോഴും സാമൂഹിക മാനമുണ്ടെന്ന് പറയുവാൻ കഴിയും.

**1.5 ധാർമിക ലൈംഗികത :** പക്വതയാർന്ന ലൈംഗികത കൈവരിക്കാൻ ധാർമിക തലം ആവശ്യമാണ്. എന്താണ് ശരി, എന്താണ് തെറ്റെന്ന് അറിയാത്തതാണ് ലൈംഗിക അരാജകത്വത്തിനുള്ള കാരണം. വിശ്വാസത്തിന്റെയും സ്വാഭാവിക ധാർമിക നിയമ ത്തിന്റെയും പുണ്യങ്ങളുടെയും മൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ വേണം ലൈംഗി കതയിൽ എന്താണു ശരി, എന്താണു തെറ്റെന്ന് തീരുമാനിക്കേണ്ടത്. ധാർമിക കാര്യങ്ങ ളിൽ നമ്മെ വഴി നടത്തുന്നത് സഭയാണ്.

**1.6. ലൈംഗികതയും ആധ്യാത്മികതയും :** ലൈംഗികതയുടെ ആത്മീയമാനം മന സിലാക്കിയെങ്കിൽ മാത്രമേ സമഗ്രലൈംഗികതയിൽ വളരുവാൻ സാധിക്കുകയുള്ളു. ലൈംഗികത ദൈവദാനമാണ്. അത് വിശുദ്ധവും പാവനവുമാണ്. മനുഷ്യന്റെ സത്ത യുടെ ഭാഗമാണ്. ഇസ്രായേൽക്കാർ ലൈംഗികത വിവരിച്ചതും മനസിലാക്കിയതും ഇങ്ങ നെയാണ്. വിവാഹജീവിതത്തിൽ ലൈംഗികത മനോഹരവും സന്തോഷപ്രദവുമാണ്. വംശം നിലനിർത്തുന്നതിന് ദൈവം ദാനമായി നല്കിയ ലൈംഗികതയെകുറിച്ചുള്ള വിജാ തീയരുടെയും ഇസ്രായേൽക്കാരുടെയും കാഴ്ചപ്പാടുകളിൽ വ്യത്യാസമുണ്ടായിരുന്നു. അധാർമികമായ പല പ്രവൃത്തികളും വിജാതീയരുടെ ഇടയിൽ ഉണ്ടായിരുന്നു (ലേവ്യ. 18: 3, ഉത്പ. 34: 7, 2 സാമു. 13:17).

ദൈവത്തിന്റെ ഛായയും സാദൃശ്യവും വ്യക്തമാക്കുന്നതാണ് മനുഷ്യന്റെ ലൈംഗിക ത. സ്ത്രീയും പുരുഷനുമായി മനുഷ്യനെ സൃഷ്ടിച്ചതുതന്നെ ദൈവത്തിന്റെ ഛായയി ലാണ്. മറ്റു ജീവജാലങ്ങളിൽ നിന്നു വ്യത്യസ്തമായി മനുഷ്യന് യുക്തിബോധവും ധാർമികതയും ആധ്യാത്മികതയും ഉണ്ട്. കൂടാതെ സ്നേഹം സ്വീകരിക്കാനും കൊടു ക്കുവാനും സ്ത്രീ പുരുഷന്മാർക്കു തമ്മിലേ സാധിക്കുകയുള്ളു. അതിനാലാണ് ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചത്. ഇത് ലൈംഗികതയുടെ സ്വഭാവത്തെ വ്യക്തമാക്കുന്നു.



www.malankaralibrary.com

ലൈംഗികത ദൈവത്തിന്റെ സ്വഭാവം പ്രതിഫലിപ്പിക്കുന്നു. ഒരമ്മ തന്റെ കുഞ്ഞിനെ സ്നേഹിക്കുന്നതുപോലെയാണ് ദൈവം തന്റെ മക്കളെ സ്നേഹിക്കുന്നത്(ഏശ. 49:15). കൂടാതെ പിതാവിന്റെ സ്നേഹവും ദൈവം തന്റെ മക്കളോട് പ്രകടിപ്പിക്കുന്നു (ജെറ. 31:9). ദൈവസ്വഭാവത്തിലുള്ള ഈ വ്യത്യാസങ്ങൾ ലൈംഗിക വ്യത്യാസങ്ങളുടെ തുല്യതയ്ക്ക് ഉത്തമനിദർശനമാണ്.

ലൈംഗികതയ്ക്ക് 'സ്നേഹദായകം' എന്നർത്ഥമുണ്ട്. ലൈംഗികതയുടെ സ്വഭാവമാണിത്. ഈ സ്നേഹം ബാഹ്യവും ആന്തരികവുമാണ്. സ്ത്രീയും പുരുഷനും പരസ്പരം തങ്ങളുടെ സ്നേഹം പങ്കുവയ്ക്കുന്നു. സ്നേഹം ഇല്ലാത്ത ലൈംഗികത മറ്റുള്ളവരെ സ്വന്തം താത്പര്യത്തിനുവേണ്ടി കേവലം വസ്തുക്കളായി ഉപയോഗിക്കുന്നു. ലൈംഗികത ദൈവസ്നേഹം ഉൾക്കൊള്ളണം. സ്നേഹദായകമെന്ന ഘടകം വിവാഹത്തിന്റെയും ലൈംഗികതയുടെയും അവിഭാജ്യഘടകമാണ്.

ലൈംഗികത ജീവദായകമാണ്. ദാമ്പത്യബന്ധത്തിൽ ബീജത്തിനും അണ്ഡത്തിനും സ്വാഭാവികമായി ഒന്നാകാനുള്ള കഴിവുണ്ട്. അനുകൂലമായ സാഹചര്യമാണെങ്കിൽ ഒരു പുതിയ ജീവനു ജന്മം നൽകുന്നു. ദാമ്പത്യബന്ധത്തിൽ എപ്പോഴും കുഞ്ഞുങ്ങൾക്ക് ജന്മം നൽകുവാനുള്ള കഴിവുണ്ട്. "വർധിച്ചു പെരുകുവിൻ" എന്ന ബൈബിൾ വാക്യം (ഉത്പ. 1:28) ലൈംഗികതയുടെ ജീവദായകമെന്ന അർത്ഥത്തെയാണ് സൂചിപ്പിക്കുന്നത്.

മേൽപ്പറഞ്ഞ ശാരീരിക, ബൗദ്ധിക, മാനസിക, സാമൂഹിക, ധാർമിക, ആത്മീയതലങ്ങളിൽ ഏതെങ്കിലും ഒന്നിനു കുറവ് സംഭവിച്ചാൽ ഒരാളുടെ ലൈംഗിക പക്വതയിൽ പോരായ്മ ഉണ്ടാകും. അത് കൗമാരക്കാരിൽ വൈകല്യമുള്ള ലൈംഗികവ്യക്തിത്വം രൂപപ്പെടുത്തും. അതുകൊണ്ട് ഈ ആറ് തലങ്ങളിൽ പൂർണമായും വളരുവാൻ കൗമാരക്കാർ ശ്രദ്ധിക്കണം.

## 2. കൗമാര കാലഘട്ടവും ലൈംഗികപ്രശ്നങ്ങളും

ലൈംഗികത ക്രിയാത്മകമായി ഉൾക്കൊണ്ട് ജീവിക്കുന്ന അനേകം കൗമാരക്കാരുണ്ട്. എന്നാൽ ചില കൗമാരക്കാർക്കുണ്ടാകുന്ന ലൈംഗികപ്രശ്നങ്ങളാണ് ഇവിടെ പ്രതിപാദിക്കുന്നത് .

കൗമാരക്കാരിൽ മാനസിക വൈകാരിക വ്യതിയാനങ്ങൾ സംഭവിക്കുന്നു. അവ പ്രധാനമായും ശാരീരിക സങ്കല്പം, പൂരകലിംഗത്തിൽപ്പെട്ടവരോടുള്ള ആകർഷണം, ലൈംഗിക കാര്യങ്ങളിലുള്ള അമിതമായ ജിജ്ഞാസ, രക്ഷിതാക്കളോടുള്ള അകൽച്ച, സ്വവർഗാനുരാഗം തുടങ്ങിയ അപകടകരമായ പ്രവൃത്തികളിലേർപ്പെടുക എന്നിവയാണ്.

കൗമാരകാലഘട്ടത്തിൽ തങ്ങളുടെ ശാരീരിക പ്രകൃതിയെപ്പറ്റി ഇവർ വളരെ ഉത്ക്കണ്ഠാകുലരാണ്. മറ്റുള്ളവരുമായി ശരീരഭാഗങ്ങൾ താരതമ്യം ചെയ്യുക, കൂട്ടുകാരുടെ പോലെയുള്ള വേഷം ധരിക്കുക, എപ്പോഴും കണ്ണാടി നോക്കുക, പൂരകലിംഗത്തിൽ പെട്ടവരോട് പ്രത്യേക താത്പര്യവും അഭിലാഷവും തോന്നുക തുടങ്ങിയവ ഈ കാലഘട്ടത്തിലെ ചില പ്രത്യേകതകളാണ്. ജീവശാസ്ത്രപരമായ ജന്മവാസനകൊണ്ടാണ് ഇതൊക്കെ സംഭവിക്കുന്നത്.



www.malankaralibrary.com

ലൈംഗികകാര്യങ്ങളിൽ അമിതമായ ജിജ്ഞാസയുണ്ടാകുന്ന ആൺകുട്ടികളും പെൺകുട്ടികളും തങ്ങൾ ആരാധിക്കുന്ന നായികാനായകന്മാരുടെ ചിത്രങ്ങൾ മുറിയിൽ വയ്ക്കുന്നു. വിവിധതരത്തിലുള്ള മാധ്യമങ്ങളിലൂടെ ലൈംഗികത കണ്ടെത്താൻ പരിശ്രമിക്കുന്നു. അശ്ലീല പുസ്തകങ്ങളെയും നീല ചിത്രങ്ങളെയും ആശ്രയിക്കുന്നു.



ചില കൗമാരക്കാർ ലൈംഗികതയെന്നാൽ ശാരീരിക ലൈംഗിക പ്രവൃത്തി എന്ന കാഴ്ചപ്പാടാണ് പുലർത്തുന്നത്. ലൈംഗിക ആധിപത്യം സ്ഥാപിക്കാനും സാമ്പത്തിക നേട്ടത്തിനുവേണ്ടിയും കൂട്ടുകാരുടെ സമ്മർദ്ദത്തിനു വഴങ്ങിയും ചിലർ ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നു.

കൗമാരകാലഘട്ടത്തിലെ മറ്റൊരു പ്രത്യേകത അവർ തങ്ങളുടേതായ വ്യക്തിത്വത്തെ തിരിച്ചറിയാൻ തുടങ്ങുകയും മാതാപിതാക്കളുടെ നിയന്ത്രണത്തിൽ നിന്ന് സ്വാതന്ത്ര്യം ലഭിക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു എന്നതാണ്. രക്ഷിതാക്കൾ, മുതിർന്നവർ, മതവിശ്വാസികൾ എന്നിവരെയെല്ലാം ചോദ്യം ചെയ്യുവാനുള്ള പ്രവണതയും ഈ പ്രായത്തിന്റെ പ്രത്യേകതയാണ്.

സമൂഹത്തിലുള്ള തങ്ങളുടെ സ്ഥാനം മനസിലാക്കുന്നതിനുവേണ്ടി പലരീതിയിലുള്ള പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. പുകവലി, മദ്യപാനം, മോഷണം, പണത്തിനുവേണ്ടി ലൈംഗികബന്ധത്തിലേർപ്പെടുക എന്നിവ ഇതിനു ചില ഉദാഹരണങ്ങൾ മാത്രമാണ്.

കൗമാരക്കാർ പലപ്പോഴും തങ്ങളുടെ ലൈംഗികതയെ ദിവാസ്വപ്നത്തിന്റെ തലത്തിൽ ചുരുക്കുന്നു. യഥാർത്ഥമല്ലാത്ത കാര്യം യഥാർത്ഥമായി നടക്കുമെന്ന രീതിയിൽ ചിന്തിക്കുന്നതാണ് ഈ അവസ്ഥ. ഇത് ജീവിതത്തിൽ നിന്നുമുള്ള ഒരു ഒളിച്ചോട്ടമാണ്. ദിവാസ്വപ്നത്തിൽ കഴിയുന്ന ഒരു വ്യക്തിക്ക് സമയം നഷ്ടപ്പെടുകയും പഠനകാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ കഴിയാതെ വരുകയും ചെയ്യുന്നു. ഇവ കൂടാതെ അനാരോഗ്യകരമായ ലൈംഗികതയെ ഉണർത്തുകയും തെറ്റായ ആഗ്രഹങ്ങൾ ഉണ്ടാകാൻ ഇടയാകുകയും ചെയ്യുന്നു. ഇത് തിന്മയായി മാറുന്നത് മനഃപൂർവം ഇതിനെ താലോലിക്കുമ്പോഴാണ്. ആത്മനിയന്ത്രണം, നല്ല സുഹൃത്തുക്കൾ, നല്ല വായന, നല്ല പ്രവൃത്തികൾ, വി.ഗ്രന്ഥവായന, കൂദാശാസംസർഗം, നോമ്പ്, ഉപവാസം തുടങ്ങിയ ആത്മീയ കാര്യങ്ങളിലൂടെ മാത്രമേ ഇവയെ മാറ്റുവാൻ സാധിക്കു. സ്വാർത്ഥതയ്ക്കും അതോടൊപ്പം സ്വന്തം



www.malankaralibrary.com

ലൈംഗിക താത്പര്യങ്ങൾക്കുമായിരിക്കും പല കൗമാരക്കാരും കൂടുതൽ പ്രാധാന്യം കൊടുക്കുന്നത്. പങ്കുവയ്ക്കുന്നതിന് അവർ ഒട്ടും പ്രാധാന്യം കൊടുക്കുന്നില്ല. തങ്ങളുടെ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കുമായിരിക്കും കൂടുതൽ താത്പര്യം കാണിക്കുക.

ഈ കാലഘട്ടത്തിലെ മറ്റൊരു പ്രശ്നം മറ്റുള്ളവരെ ലൈംഗികകാര്യങ്ങൾക്കുവേണ്ടി മാത്രം ഉപയോഗിക്കുന്നു എന്നതാണ്. മറ്റുള്ളവരിൽ നിന്നും ലൈംഗികസംതൃപ്തി ലഭിക്കുന്നില്ലെങ്കിൽ അവർ അതിനാൽതന്നെ അവരുമായുള്ള സൗഹൃദം വിച്ഛേദിക്കുന്നു. കൂടാതെ ബന്ധങ്ങൾക്ക് ആഴം കുറവായിരിക്കാനുള്ള സാധ്യത കൗമാരക്കാരിൽ ഉണ്ട്. ഈ സാഹചര്യത്തിൽ തങ്ങൾ മറ്റുള്ളവരാൽ നിരസിക്കപ്പെടുമോ എന്ന ഭയത്താൽ എപ്പോഴും മറ്റുള്ളവരെ സംതൃപ്തിപ്പെടുത്താൻ ഇവർ ശ്രമിക്കുന്നു. അസൂയ, ഭയം, ആകുലത എന്നിവ ഇവരുടെ സൗഹൃദങ്ങളിൽ ഉണ്ടാകാം.

ലൈംഗികപ്രശ്നങ്ങൾ കൂടാതെ സ്വാതന്ത്ര്യത്വര, സ്നേഹിക്കാനും സ്നേഹിക്കപ്പെടുവാനുമുള്ള ആഗ്രഹം, സമപ്രായക്കാരുമായുള്ള ചങ്ങാത്തത്തിന് മുൻഗണന തുടങ്ങിയവ കൗമാരക്കാരിൽ കണ്ടുവരുന്ന ചില പെരുമാറ്റ രീതികളാണ്.

## 3. സമഗ്ര ലൈംഗിക വളർച്ച

കൗമാരകാലഘട്ടത്തിൽ എങ്ങനെ ലൈംഗികത ഉൾക്കൊണ്ട് വളരണമെന്നതാണ് ഇനിയും ചർച്ച ചെയ്യുന്നത്.

സമഗ്ര ലൈംഗിക വളർച്ചയ്ക്ക് ശുദ്ധതയെന്ന പുണ്യം ആവശ്യമാണ്. ശുദ്ധത ലൈംഗികതയില്ലാത്ത അവസ്ഥയല്ല. അത് ഒരു ജീവിതശൈലിയാണ്, ക്രമമാണ്. ശുദ്ധത ഒരു വ്യക്തിയിൽ ശാരീരികവും മാനസികവും ആധ്യാത്മികവുമായ ഐക്യം ലൈംഗികതയിൽ സൃഷ്ടിക്കുന്നു (CCC.2337). സ്നേഹം, വിശ്വസ്തത, ഹൃദയശുദ്ധി തുടങ്ങിയ ഗുണങ്ങൾ ഉള്ളവർക്ക് മാത്രമേ ശുദ്ധതയിൽ വളരുവാൻ സാധിക്കുകയുള്ളു.

ഒരാളുടെ ചിന്ത, ഭാവന, വികാരങ്ങൾ, മനോഭാവം എന്നിവയിലൂടെയാണ് ഒരാൾ ശാരീരിക ലൈംഗികതയിലേക്ക് പോകുന്നത്. സ്വയംഭോഗം, സ്വവർഗഭോഗം, സ്ത്രീപുരുഷബന്ധം എന്നിവയാണ് ശാരീരിക ലൈംഗിക പ്രവൃത്തികൾക്കുള്ള ഉദാഹരണങ്ങൾ. സ്വയംഭോഗവും സ്വവർഗഭോഗവും ക്രൈസ്തവ കാഴ്ചപ്പാടിൽ നിഷിദ്ധവും പാപവുമാണ്. സ്ത്രീപുരുഷബന്ധം വിവാഹജീവിതത്തിൽ മാത്രമാണ് അനുവദനീയം. കൗമാരക്കാർ ശാരീരികലൈംഗിക പ്രവൃത്തിയിലേക്ക് പോകുന്നത് വിശ്വാസത്തിനും മൂല്യങ്ങൾക്കും എതിരാണ്. ഈ സാഹചര്യത്തിൽ കൗമാരക്കാർക്ക് എങ്ങനെയാണ് ശാരീരിക ലൈംഗിക വിശുദ്ധി ഉൾക്കൊള്ളുവാൻ കഴിയുന്നത്?

ലൈംഗികവികാരങ്ങളെ അംഗീകരിക്കുന്നതിലൂടെയാണ് ശാരീരികലൈംഗികത ഉൾക്കൊള്ളുവാൻ ഒരു വ്യക്തിക്ക് കഴിയുന്നത്. ലൈംഗികവികാരങ്ങൾ മനുഷ്യന്റെ സത്തയുടെ ഭാഗമാണ്. ലൈംഗിക തൃഷ്ണകളും ആഗ്രഹങ്ങളും ജീവിതത്തിലുണ്ടാകുമെന്ന യാഥാർത്ഥ്യം അംഗീകരിക്കണം. ഇത് വ്യക്തിത്വത്തെ തന്നെ സമ്പൂർണമാക്കുന്നു.



www.malankaralibrary.com

ശരീരത്തെയും ലൈംഗികതയെയും നാം ബഹുമാനിക്കണം. ഇതിലൂടെ നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ നന്മയെതന്നെയാണ് നാം പുകഴ്ത്തുന്നത്.

ലൈംഗികതയുടെ എല്ലാ തലങ്ങളെയും കുറിച്ച് വ്യക്തമായ അറിവ് നേടിയിരിക്കണം. ലൈംഗികതയെ കുറിച്ചുള്ള ഭയം പല പ്രശ്നങ്ങളും ജീവിതത്തിൽ ഉണ്ടാക്കും. ഇത് ഒരുവനെ ലൈംഗികപ്രവൃത്തികൾക്ക് അടിമയാക്കുകയും അന്തർമുഖതയിലേക്കും ലൈംഗിക അരാജകത്വത്തിലേക്കും നയിക്കുകയും ചെയ്യാം.

ശരീരത്തെയും മനസിനെയും ആത്മാവിനെയും സമന്വയിപ്പിക്കുന്ന പ്രവൃത്തികളിൽ കൗമാരക്കാർ ഏർപ്പെടേണ്ടതുണ്ട്. ബൗദ്ധികമായ അദ്ധ്വാനം പക്വമായ മാനസിക ലൈംഗിക വികാസത്തിനു സഹായിക്കും. കഠിനാധ്വാനം, ആവശ്യമായ വിശ്രമം, ഉല്ലാസം എന്നിവയിലൂടെ ശരീരത്തെയും ലൈംഗികതയെയും സമന്വയിപ്പിക്കാൻ കഴിയും. അലസത, മടി, ഉത്തരവാദിത്വബോധം ഇല്ലായ്മ എന്നിവ ജഡികമോഹങ്ങളിലേക്ക് നയിക്കും.

ലൈംഗികസംയമനമാണ് കൗമാരക്കാർക്ക് ആവശ്യം. ലൈംഗികസംയമനം നടത്തിയ വ്യക്തിക്കും ലൈംഗികവികാരങ്ങൾ ഉണ്ടാകാം. എന്നാൽ അയാൾ ശാരീരികലൈംഗിക പ്രവൃത്തിക്കുള്ള സമ്മതം കൊടുക്കുന്നില്ല. സംയമനം സ്വതന്ത്രവും ബോധപൂർവവുമായ ഒരു തീരുമാനമാണ്. സ്നേഹവും ബഹുമാനവുമാണ് ലൈംഗികസംയമനത്തിന്റെ അടിസ്ഥാനഘടകം. ലൈംഗികസംയമനം നടത്തിയ വ്യക്തിക്ക് തന്നെയും മറ്റുള്ളവരെയും ബഹുമാനിക്കുവാൻ കഴിയും.

ലൈംഗികവികാരങ്ങളെ അടിച്ചമർത്തരുത്. അടിച്ചമർത്തപ്പെട്ട ലൈംഗികത നമ്മിൽ നിന്നും ഒരിക്കലും മാറുന്നില്ല. അബോധമനസിൽ നിന്നും അത് പുറത്തു വരികയും കാലക്രമത്തിൽ ഗുരുതരമായ ലൈംഗികപ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ലൈംഗികത അടിച്ചമർത്തുന്ന വ്യക്തി ഇച്ഛാഭംഗമുള്ളവനും അസ്വസ്ഥനും സദാകോപിക്കുന്നവനും സൗഹൃദങ്ങളിൽ പേടിയുള്ളവനും അന്തർമുഖനും മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നവനുമായിരിക്കും. അതുകൊണ്ട് ആത്മസംയമനത്തിലൂടെ സ്വാഭാവികമായി നൻമയുടെ വികാരങ്ങളെ അംഗീകരിക്കുകയും സ്വതന്ത്രവും ബോധപൂർവവുമായ പ്രശ്നപരിഹാരത്തിനു വിധേയരാകുകയും ചെയ്യണം.

കൗമാരകാലഘട്ടത്തിൽ ലൈംഗികവികാരങ്ങൾ ഉണ്ടാകുമ്പോൾ സാന്മാർഗിക മാർഗത്തിലൂടെ മറ്റുപ്രവൃത്തികളിലേക്ക് അവയെ തിരിച്ചു വിടണം. ഇതിന് ഉദാത്തീകരണമെന്നാണ് പറയുന്നത്. ഒരാളുടെ ലൈംഗികശക്തിയെയും കഴിവുകളെയും ഉത്കൃഷ്ടമായ മാർഗത്തിലൂടെ പുറത്തുകൊണ്ടുവരികയും അവ സൃഷ്ടിപരവും മനുഷ്യനന്മയ്ക്കുതകുന്നതുമായ പ്രവൃത്തികളാക്കി മാറ്റുകയും ചെയ്യുന്ന മാനസിക പ്രക്രിയ ആണിത്. ഉദാത്തീകരണത്തിലൂടെ ഒരാൾ തന്റെ ലൈംഗിക വികാരങ്ങളെ നന്മപ്രവൃത്തിയിലേക്ക് തിരിച്ചു വിടുന്നു.

ലൈംഗികത എപ്പോഴും ശരീരത്തിന്റെ പ്രവൃത്തിയല്ല. ശരീരത്തിനതീതമായി മാനസികവും സ്നേഹപൂർവവും സാമൂഹികവും ആധ്യാത്മികവുമായ മാനം ലൈംഗികതയ്ക്ക് ഉണ്ടെന്ന് നാം മനസിലാക്കണം.



www.malankaralibrary.com

ഒരാൾ തന്റെ ലൈംഗികത സമഗ്രമായി ഉൾക്കൊള്ളുന്നത് സൗഹൃദത്തിലൂടെയാണ്. ലൈംഗികത സൗഹൃദത്തിലധിഷ്ഠിതമാണ്. വിവിധതരം സൗഹൃദം ഉണ്ടെങ്കിലേ ലൈംഗികതയിൽ വളരുവാൻ സാധിക്കുകയുള്ളു. ഒന്നാമതായി ദൈവത്തോട് സൗഹൃദം വേണം. പ്രാർത്ഥന, ആരാധന, സമർപ്പണം, ത്യാഗം എന്നിവ വഴിയാണ് ദൈവത്തോട് സൗഹൃദം നിലനിർത്താൻ കഴിയുന്നത്. രണ്ടാമതായി മാതാപിതാക്കളോടും സഹോദരീ സഹോദരന്മാരോടും സൗഹൃദം വേണം. മൂന്നാമതായി സ്വന്തം വർഗത്തിൽപ്പെട്ടവരോട് സൗഹൃദം വേണം. നാലഞ്ചു നല്ല സുഹൃത്തുക്കൾ ഉള്ളത് നല്ലതാണ്. നാലാമതായി എതിർ വർഗത്തിൽപ്പെട്ടവരോടു സൗഹൃദം വേണം. എന്നാൽ കൗമാരക്കാർ ഇത്തരത്തിലുള്ള സൗഹൃദം വിവേകപൂർണമായിരിക്കാൻ ശ്രദ്ധിക്കണം. അടിയുറച്ച ആധ്യാത്മികതയും വൈകാരികപക്വതയും ഉണ്ടെങ്കിൽ മാത്രമേ ഇത്തരം നല്ല സൗഹൃദങ്ങൾ ഉണ്ടാവുകയുള്ളു. അല്ലെങ്കിൽ വലിയ അപകടം സംഭവിക്കും.

കൗമാരകാലഘട്ടത്തിൽ മാനസികലൈംഗിക മുറിവുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെ സുഖപ്പെടുത്തണം. നമ്മുടെ ലൈംഗികതയുടെ ചരിത്രം അറിയുമ്പോൾ നമുക്ക് നമ്മുടെ ഭൂതകാലത്തെ സുഖപ്പെടുത്തുവാനും വർത്തമാനകാലത്തെ പുണരാനും നമ്മുടെ ഭാവിയെ മെച്ചപ്പെടുത്താനും സാധിക്കും. പ്രധാനമായും നാലു രീതിയിലാണ് നമ്മുടെ ലൈംഗികപ്രശ്നങ്ങളെ സുഖപ്പെടുത്തുവാൻ കഴിയുന്നത്. (1) നമ്മുടെ പ്രശ്നങ്ങളെ ബഹുമാനത്തോടെ സമീപിക്കുക. ദൈവത്തോട് കൂടി യാത്രചെയ്ത് നമ്മുടെ പ്രശ്നങ്ങളെ മനസിലാക്കുക (2) എന്താണ് നമ്മുടെ ലൈംഗിക പ്രശ്നമെന്നത് വിശ്വസ്തതയോടെ ശ്രദ്ധിക്കുക (3) നമ്മുടെ പ്രശ്നങ്ങളെ വ്യക്തമായി തിരിച്ചറിയുക (4) പ്രതീക്ഷയോടെ നമ്മുടെ പ്രശ്നങ്ങളെ പുനർവ്യാഖ്യാനം ചെയ്യുക.

ലൈംഗികത ദൈവദാനമാണെന്നുള്ള ബോധ്യം ഉണ്ടെങ്കിൽ മാത്രമേ സമഗ്രലൈംഗികതയിൽ വളരുവാൻ സാധിക്കുകയുള്ളു . അതുകൊണ്ട് ക്രിയാത്മകമായ ഒരു മനോഭാവമാണ് ലൈംഗികതയെകുറിച്ച് വേണ്ടത്. അത് പരിശുദ്ധവും പരിപാവനവും വിശുദ്ധവുമാണ്. വിശ്വാസത്തിലും മൂല്യബോധത്തിലും വളരുന്ന കൗമാരക്കാർക്ക് ലൈംഗികത ദൈവദാനമായി അനുഭവപ്പെടും. കൗമാരഘട്ടത്തിലും പക്വമായ ലൈംഗികത ഉൾക്കൊണ്ട് നമുക്ക് വളരാം.

***സമഗ്രമായ ലൈംഗികവളർച്ച കൗമാരത്തിൽ എങ്ങനെ നേടിയെടുക്കുവാൻ സാധിക്കും? സമഗ്ര ലൈംഗികവളർച്ചയ്ക്ക് വിവിധ തരത്തിലുള്ള സൗഹൃദം എപ്രകാരം ഉപകാരപ്പെടുമെന്ന് ചർച്ച ചെയ്യുക.***






www.malankaralibrary.com

പാഠം 4

# വിവാഹം ഒരു ദൈവവിളി



സ്രഷ്ടാവായ ദൈവം പ്രപഞ്ചത്തിലെ സൃഷ്ടവസ്തുക്കളിലൂടെ നമുക്ക് സ്വയം വെളിപ്പെടുത്തി തരുന്നു. സ്രഷ്ടാവായ ദൈവത്തിന്റെ ഉദാത്തമായ സ്നേഹത്തിന്റെ വെളിപ്പെടുത്തലാണിത്. ലോകരക്ഷകനായ യേശുക്രിസ്തുവിലൂടെ ദൈവത്തിന്റെ സ്നേഹം പൂർണമായും വെളിപ്പെടുത്തപ്പെടുകയും നമുക്ക് അനുഭവവേദ്യമാവുകയും ചെയ്തിരിക്കുന്നു. സ്വന്തം ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചതിലൂടെ ദൈവം തന്റെ സ്നേഹവും ജീവനും പൂർണമായി മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്നു. സ്നേഹം വിഭാഗീയമല്ല; അഭേദ്യമായ ഐക്യമാണ്. അതേ സമയം പാപം പൂർണമായും വിഭാഗീയതയാണ്. മനുഷ്യന്റെ പൂർണത അടങ്ങിയിരിക്കുന്നത് സ്ത്രീപുരുഷ ഐക്യത്തിലാണ്. ഈ ഐക്യം സ്നേഹത്തിന്റെ വിശുദ്ധിയാകുന്നു. വിഭാഗീയതയും വിയോജിപ്പും ഇല്ലാത്ത യഥാർത്ഥ സ്നേഹം മാത്രമാണ് ദൈവത്തെ രുചിച്ചറിയുന്നതിലൂടെ യാഥാർത്ഥ്യമാകുന്നത്. സ്നേഹത്തിന്റെ ഈ ഐക്യം ജീവനെ ജനിപ്പിക്കാൻ ശക്തവുമാണ്. ഈ അർത്ഥത്തിൽ ദൈവികജീവന്റെ ജനനവും സംരക്ഷണവും തുടർച്ചയും ലോകത്തിൽ സംഭവിക്കാൻ ദൈവത്താൽ സ്ഥാപിക്കപ്പെട്ട ഒരു കൂദാശയാണ് വിവാഹം. കത്തോലിക്കാ സഭയുടെ വീക്ഷണത്തിൽ വിവാഹം എന്ന കൂദാശയുടെ വിവിധ മാന



www.malankaralibrary.com

ങ്ങൾ ഈ പാഠഭാഗത്തിലൂടെ നമ്മൾ ചർച്ച ചെയ്യുന്നു. വിവാഹം എന്ന കൂദാശയുടെ വേദപുസ്തകാടിസ്ഥാനവും കൗദാശികാടിസ്ഥാനവും മനുഷ്യജീവന്റെ മൂല്യവും ഇവിടെ പ്രധാന ചർച്ചാ വിഷയങ്ങളാണ്.

## 1. വിവാഹം പഴയനിയമത്തിൽ

ക്രിസ്തീയ വിവാഹത്തിന്റെ ചരിത്രപരമായ തലങ്ങൾ മനസിലാക്കാൻ ഹെബ്രായ പാരമ്പര്യങ്ങളിലേക്കു തിരിഞ്ഞു നോക്കേണ്ടതുണ്ട്. ആദിമ ക്രൈസ്തവസമൂഹം പ്രധാനമായും യഹൂദക്രൈസ്തവരായിരുന്നതിനാൽ യഹൂദ പാരമ്പര്യങ്ങൾ അവർ അനുഷ്ഠിച്ചിരുന്നു.

### 1.1. മനുഷ്യ സൃഷ്ടിയും ഏദനും

യഹൂദ പാരമ്പര്യങ്ങളിൽ വിവാഹ ബന്ധത്തിന്റെ അടിസ്ഥാനവും വിശുദ്ധിയും മനസിലാക്കാൻ ഉത്പത്തി പുസ്തകം ഒന്നും രണ്ടും അധ്യായങ്ങൾ പഠനവിഷയമാക്കണം. പഴയനിയമ പാരമ്പര്യത്തിൽ ലൈംഗികതയും വിവാഹവും ദൈവസ്ഥാപിത സത്യങ്ങളാണ്. ഹെബ്രായ പാരമ്പര്യത്തിലെ സ്ത്രീ-പുരുഷ ബന്ധത്തെപ്പറ്റിയുള്ള പ്രബോധനങ്ങൾ ഈ ഭാഗത്ത് കാണാം. ഏദനിലെ ആദ്യപുരുഷന്റെയും ആദ്യസ്ത്രീയുടെയും കഥ ചരിത്രപരമല്ല; എങ്കിലും കുടുംബജീവിതത്തെക്കുറിച്ചുള്ള നിർണായക പഠിപ്പിക്കലാണ്.

സ്ത്രീയും പുരുഷനും ചേരുന്ന മനുഷ്യൻ (Adam) മണ്ണിൽ നിന്നും (Adamah) മെനയപ്പെട്ടവനാണ്. ഇതു പുരുഷന്റെ സൃഷ്ടിയെ മാത്രമല്ല സൂചിപ്പിക്കുന്നത്; മറിച്ച് സ്ത്രീ-പുരുഷ സൃഷ്ടിയെ വ്യക്തമാക്കുന്നു. മറ്റ് സൃഷ്ടികളിൽ നിന്നും വ്യത്യസ്തമായി മനുഷ്യന് ദൈവികഛായയും സാദൃശ്യവും ലഭിച്ചതോടൊപ്പം ജീവശ്വാസവും (Breath of life)ലഭ്യമായി. സ്ത്രീപുരുഷന്മാർ പരസ്പരപൂരകങ്ങളാണ്. ആരും ആർക്കും വലുതോ ചെറുതോ അല്ല, മറിച്ച് ഒന്ന് മറ്റൊന്നിനെ പൂർത്തീകരിക്കുന്ന സത്യമാണ്. സ്ത്രീ-പുരുഷ സംഗമത്തെ സൃഷ്ടിയുടെ പൂർണതയിലേക്കുള്ള പരസ്പരപൂരകത്വമായി കാണാം.

### 1.2 അസ്ഥിയുടെ അസ്ഥിയും മാംസത്തിന്റെ മാംസവും (ഉത്പ. 2:23)

പുരുഷൻ സ്ത്രീയെ ആദ്യമായി വിളിക്കുന്ന പേര് 'എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും' എന്നാണ്. ഈ പ്രഖ്യാപനത്തിലൂടെ പുരുഷൻ സ്ത്രീയെ സമാനതയിൽ കാണുന്നു എന്നതിലുപരിയായി തനിക്കു രൂപവും ഭാവവും നൽകുന്നത് സ്ത്രീയാണെന്ന് സൂചിപ്പിക്കുന്നു. സ്ത്രീ, പുരുഷനിൽ നിന്നും വ്യത്യസ്തതലങ്ങളിൽ മാറ്റപ്പെട്ടവളല്ല പ്രത്യുത അർത്ഥവും പൂർണതയും നൽകുന്നവളാണ്.

പരസ്പരപൂരകങ്ങളായ സ്ത്രീപുരുഷന്മാർ രണ്ടല്ല ഒറ്റ ശരീരമായിത്തീരുന്നു (ഉത്പ. 2:24). രണ്ടിനെ ഒന്നാക്കുന്നതും ഒന്നിനെ പൂർണമാക്കുന്നതുമായ സ്നേഹത്തിന്റെ വിശുദ്ധമായ യോജിപ്പാണ് സ്ത്രീപുരുഷബന്ധം. രണ്ടു വ്യത്യസ്തലിംഗങ്ങളും ദൈവത്തിന്റെ സൃഷ്ടിയാണെന്നും അവർ തമ്മിൽ ഒറ്റ ശരീരമായിത്തീരുന്ന യോജിപ്പിന്റെ ലൈംഗികത



www.malankaralibrary.com

പൂർണമായും നന്മയും വിശുദ്ധവുമാണെന്ന സന്ദേശം ഉത്പത്തിപുസ്തകം നൽകുന്നു. ലൈംഗികത ദൈവത്തിന്റെ ദാനവും (blessing/ gift) കടമയും (Command/ task) ആണെന്ന് വ്യക്തമാക്കുന്നു. സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയെയും അതിലുള്ളവയെയും കീഴടക്കാനുള്ള ദൈവികാനുഗ്രഹം (ഉത്പ.1:28) ദമ്പതികൾ സ്വീകരിച്ചിരിക്കുന്നതോടൊപ്പം അവരുടെ ദൗത്യവും വ്യക്തമാക്കുന്നു. വിവാഹം ദൈവിക സൃഷ്ടികർമ്മത്തിന്റെ ഭാഗമാണെന്നും



ദൈവികപദ്ധതിയായ സൃഷ്ടികർമ്മം അഭംഗുരം തുടരേണ്ടത് വിവാഹത്തിലൂടെയാണെന്നും പഴയനിയമത്തിൽ ഹെബ്രായ പാരമ്പര്യം ഊന്നൽ നൽകുന്നു. ഈ അർത്ഥത്തിൽ വിവാഹത്തിലൂടെ സ്ത്രീപുരുഷന്മാർ ഏറ്റെടുക്കുന്ന ഉത്തരവാദിത്വം ദൈവികവും ശാശ്വതവുമാണ്. അബ്രാഹം, ഇസഹാക്ക്, യാക്കോബ്, മോശ തുടങ്ങിയ എല്ലാ പഴയനിയമ പിതാക്കന്മാരും കുടുംബജീവിതത്തിലൂടെ ദൈവിക പദ്ധതി അഭംഗുരം തുടർന്നവരാണ്.

### 1.3. വിവാഹം : സ്നേഹത്തിന്റെ ഉടമ്പടി

ഹെബ്രായ പാരമ്പര്യത്തിൽ ദൈവിക പദ്ധതിയായ വിവാഹം ഒരു ഉടമ്പടിയാണ്. ഹെബ്രായ ഭാഷയിൽ 'ബെറിത്ത്' എന്ന പദമാണ് ഉടമ്പടിയെ സൂചിപ്പിക്കുന്നത്. ഈ പദം രണ്ടുപേർ തമ്മിൽ ഏർപ്പെടുന്ന ഒരു പ്രത്യേകതരം ബന്ധത്തെ (Covenant) സൂചിപ്പിക്കുന്നു. എല്ലാ ഉടമ്പടികളും 'ബെറിത്ത്' അല്ല ; മറിച്ച് ഇത് രക്തബന്ധത്തോട് തുലനം ചെയ്യാവുന്ന സ്ഥിരതയുള്ള ബന്ധമാണ്. വിവാഹം ഒരു ഉടമ്പടിയാണ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് വ്യക്തികൾ തമ്മിലുള്ള വേർപ്പെടുത്താനാവാത്ത സ്ഥായിഭാവമുള്ള ആഴമേറിയ സ്നേഹബന്ധമാണ് എന്നുള്ളതാണ്. ഈ ഉടമ്പടിയുടെ സാക്ഷി മാറ്റമില്ലാത്ത ദൈവമായിരിക്കുന്നുവെന്നത് വിവാഹത്തിന്റെ സ്ഥിരത വ്യക്തമാക്കുന്നു. അതുകൊണ്ട് തന്നെ വിവാഹമോചനം ദൈവികപദ്ധതിയല്ല (മലാ.2:16). മോശയുടെ നിയമപ്ര



www.malankaralibrary.com

കാരമുള്ള വിവാഹമോചനം ദൈവേഷ്ടമല്ലെന്നും അതു മനുഷ്യന്റെ ഹൃദയകാഠിന്യത്തിന്റെ പ്രതിഫലനമാണെന്നും യേശു പഠിപ്പിക്കുന്നു (മത്താ.19:8).

ഉടമ്പടിയുടെ മർമപ്രധാനഭാഗം വധൂവരന്മാർ നൽകുന്ന പരസ്പരസമ്മതമാണ്. തന്റെ മകൻ ഇസഹാക്കിന് വധുവിനെ കണ്ടെത്താൻ ആവശ്യപ്പെടുന്ന അബ്രാഹം അവളുടെ സമ്മതം ഏറെ പ്രധാനപ്പെട്ട കാര്യമായി കാണുന്നു(ഉത്പ. 24:8, 58). വിവാഹ ഉടമ്പടിയിൽ നൈയാമികവശംകൂടി ഉണ്ടായിരുന്നുവെന്നത് തോബിയാസും സാറായും തമ്മിലുള്ള വിവാഹ വാഗ്ദാനം എഴുതി മുദ്രവയ്ക്കുന്നതിലൂടെ (തോബി. 7:14) വ്യക്തമാകുന്നു. വിവാഹം ഉറപ്പിക്കപ്പെട്ടിരിക്കുന്നത് ജഡികമായ ഇഷ്ടാനിഷ്ടങ്ങളിലല്ല; മറിച്ച് വിശുദ്ധമായ സ്നേഹത്തിലാണ്. തോബിയാസ് തന്റെ വിവാഹ രാത്രിയിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു: "കർത്താവേ, ഞാൻ ഇവളെ സ്വീകരിക്കുന്നത് ജഡികമായ അഭിലാഷത്താലല്ല, നിഷ്കളങ്കമായ പ്രേമത്താലാണ്. അങ്ങയുടെ കാരുണ്യം എനിക്കുണ്ടാകണമേ! ഇവളോടൊത്ത് വാർദ്ധക്യത്തിലെത്തുന്നതിന് അവിടുന്ന് അനുഗ്രഹിച്ചാലും" (തോബി. 8:7). ദൈവം സ്നേഹത്തിന്റെ കൂട്ടായ്മയാണ്. ദൈവം സൃഷ്ടിച്ച കുടുംബബന്ധം ദൈവിക സ്നേഹത്തിന്റെ സൃഷ്ടിപരമായ ആസ്വാദനമാണ്. ദാമ്പത്യസ്നേഹത്തിന്റെ വിശുദ്ധിയും അവിഭാജ്യതയും രക്തബന്ധത്തെക്കാൾ ശക്തമാണെന്ന സൂചനയും പഴയനിയമ ഗ്രന്ഥങ്ങൾ നൽകുന്നു (ഉത്തമ. 8:6).

സന്താനരഹിതമായ ദാമ്പത്യബന്ധം ശാപത്തിന്റെ അടയാളമെന്നുകരുതുന്ന പഴയനിയമ പിതാക്കന്മാർ മക്കളില്ലാത്തതിന്റെ പേരിൽ വിവാഹബന്ധം വേർപെടുത്തുന്നതായി കാണുന്നില്ല. മാത്രമല്ല ദൈവകാരുണ്യത്തിനുവേണ്ടി നിരന്തരം പ്രാർത്ഥിച്ചുകൊണ്ട് വാർദ്ധക്യം വരെയും കാത്തിരിക്കുന്ന വൃദ്ധ ദമ്പതികൾ പഴയനിയമത്തിൽ വിവാഹബന്ധത്തിന്റെ അഭേദ്യതയ്ക്ക് ഉത്തമ ഉദാഹരണങ്ങളാണ്(ഉത്പ. 11:30, 17:6, 33:4-5). വാർദ്ധക്യത്തിൽ മക്കളെ നൽകുന്ന ദൈവത്തിന്റെ പ്രവൃത്തി മക്കൾ ദൈവികദാനമാണെന്ന തിരിച്ചറിവ് നൽകുന്നു. വിവാഹ ഉടമ്പടി സ്ഥിരതയുടെ ബന്ധമാണെന്നും പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോട് ചേരുകയും അവർ ഇരുവരും ഒരു ശരീരമായിത്തീരുകയും ചെയ്യും (ഉത്പ. 2:24) എന്ന പഠിപ്പിക്കൽ ഈ സ്ഥിരതയുടെ അടയാളമാണെന്നും പഴയനിയമഭാഗങ്ങളിൽ വ്യക്തമായി കാണാം.

## 2. വിവാഹം : പുതിയ നിയമത്തിൽ

**2.1 വിവാഹം : ദൈവസൃഷ്ടി** : പുതിയനിയമത്തിലെ വിവാഹസങ്കല്പം പഴയനിയമ പാരമ്പര്യങ്ങളോട് തികച്ചും ബന്ധപ്പെട്ടിരിക്കുന്നു. ഹെബ്രായ പാരമ്പര്യത്തിൽ അടിസ്ഥാനമിടപ്പെട്ട ദൈവിക ഉടമ്പടിയായ വിവാഹത്തെ പുതിയനിയമത്തിൽ യേശു ഒരു കൂദാശയായി ഉയർത്തി. ദമ്പതികളെ യോജിപ്പിക്കുന്നത് ദൈവമായതുകൊണ്ട് മനുഷ്യന് വേർപെടുത്താൻ അവകാശമില്ല എന്നു യേശു പഠിപ്പിക്കുന്നു(മത്താ.19:3-9). ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുവളെ വിവാഹം ചെയ്യുന്നവൻ വ്യഭിചാരം ചെയ്യുന്നു (ലൂക്കാ 16:18) എന്ന് സുവിശേഷം വ്യക്തമാക്കുന്നു. വിവാഹത്തിന്റെ അവിഭാജ്യത പുതിയനിയമം ശക്തമായി പഠിപ്പിക്കുന്നു. വിവാഹമോചനം നിയമവിരുദ്ധമായും ദൈവികപദ്ധതിയുടെ തകിടം മറിക്കലായും കാണുന്നു.



www.malankaralibrary.com

വി. മത്തായിയുടെ സുവിശേഷത്തിൽ പരസംഗം (മത്താ.19:9) വിവാഹമോചനത്തെ സാധൂകരിക്കുന്ന വ്യവസ്ഥയായി കാണുന്നു. ഇവിടെ പുരുഷൻ ചെയ്യുന്ന വ്യഭിചാരത്തെപ്പറ്റി പ്രതിപാദിക്കുന്നുവെങ്കിൽ മത്തായി 6:32 ൽ വിവാഹമോചനം വഴി സ്ത്രീ വ്യഭിചാരിണിയായി തീരുന്നു എന്ന് പഠിപ്പിക്കുന്നു. വിവാഹമോചനം എന്ന ആശയം പഴയനിയമ പ്രബോധനത്തിന്റെ (നിയമ. 24:1) വെളിച്ചത്തിലാണ് പുതിയനിയമം അവതരിപ്പിക്കുന്നത്. ഭാര്യയിൽ കാണുന്ന ഏതു നിസ്സാര തെറ്റും വിവാഹമോചനത്തിലേക്ക് വഴിതെളിക്കാമെന്ന് ഹില്ലേൽ (Hillel) എന്ന ദൈവശാസ്ത്രസ്കൂൾ വ്യാപകമായ അർത്ഥത്തിൽ മനസിലാക്കുമ്പോൾ, ഷമ്മായ് (Shammai) സ്കൂൾ ഭാര്യയുടെ വ്യഭിചാരമല്ലാത്ത മറ്റൊരു കാരണവും വിവാഹമോചനത്തെ സാധൂകരിക്കുന്നില്ല എന്ന് പഠിപ്പിച്ചു. ഈ രണ്ടു കാഴ്ചപ്പാടുകളിൽ ഏതിനെ യേശു പിന്താങ്ങും എന്നു വെളിപ്പെടുത്താൻ ഫരിസേയർ വിവാഹമോചനത്തെക്കുറിച്ചുള്ള ചോദ്യം യേശുവിന്റെ മുമ്പിൽ വയ്ക്കുന്നു. രണ്ടു കാഴ്ചപ്പാടുകളും വിവാഹമോചനത്തെ പിന്താങ്ങുന്നവയാണല്ലോ. എന്നാൽ യേശു രണ്ടു കാഴ്ചപ്പാടുകളെയും പരാമർശിക്കാതെ സൃഷ്ടിയുടെ ആരംഭത്തിലേക്കു തിരിച്ചു പോയി ഇപ്രകാരം പഠിപ്പിച്ചു: “സൃഷ്ടിയുടെ ആരംഭം മുതലേ ദൈവം അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. അവർ ഒരു ശരീരമായിത്തീരും. അവർ പിന്നീട് ഒരിക്കലും രണ്ടല്ല, ഒരു ശരീരമായിരിക്കും. ആകയാൽ ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ” (മത്താ. 19:4–6). മോശയുടെ നിയമത്തെക്കാൾ ദൈവികനിയമത്തിൽ ശ്രദ്ധപതിക്കാനും വിവാഹം ദൈവസൃഷ്ടിയാണെന്നും യേശു പഠിപ്പിക്കുന്നു.

**2.2. വി. പൗലോസിന്റെ വീക്ഷണം (എഫേ. 5:22–33)**: പുതിയനിയമത്തിന്റെ വിവാഹത്തെപ്പറ്റിയുള്ള മർമപ്രധാന പഠിപ്പിക്കൽ വി. പൗലോസ് നൽകുന്നു. ദാമ്പത്യബന്ധം മണവാളനായ ക്രിസ്തുവും മണവാട്ടിയായ സഭയും തമ്മിലുള്ള ബന്ധമായിട്ടാണ് കാണുന്നത്. മണവാളനായ ക്രിസ്തുവും മണവാട്ടിയായ സഭയും എപ്രകാരം പരസ്പരം സംയോജിതമായിരിക്കുന്നുവോ അതുപോലെ വേർപെടുത്താനാവാത്ത ബന്ധമാണ് ദാമ്പത്യബന്ധം. യേശുക്രിസ്തു സഭയ്ക്കു നൽകിയ സ്നേഹമാണ് ദാമ്പത്യസ്നേഹത്തിന്റെ അടിസ്ഥാനം. ദമ്പതികൾ മാതൃകയാക്കേണ്ട സ്നേഹവും ഇതുതന്നെ.

യേശുക്രിസ്തു സഭയെ സ്നേഹിച്ചത് സ്വന്തം ജീവൻ സമർപ്പിച്ചുകൊണ്ടാണ്. സഭയുടെ നിത്യജീവനും പാപപരിഹാരത്തിനും വേണ്ടി മറ്റൊരു ബലിവസ്തു അർപ്പിക്കുകയായിരുന്നില്ല, മറിച്ച് സ്വന്തം മാംസവും രക്തവും യേശു ബലിയായി നൽകി. ഈ സ്നേഹമാകട്ടെ പൂർണമായും വ്യവസ്ഥകൾക്ക് അതീതമായിരുന്നു. ഈ പരിശുദ്ധ സ്നേഹത്തിന്റെ വെളിച്ചത്തിൽ മാത്രമേ ദാമ്പത്യസ്നേഹത്തിന് അർത്ഥം കാണാൻ കഴിയു.

ക്രിസ്തു സഭയുടെ ശിരസായിരിക്കുന്നതുപോലെ ഭർത്താവ് ഭാര്യയുടെ ശിരസാണ്. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ഭാര്യാഭർത്താക്കന്മാർ പരസ്പരം സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു. ക്രിസ്തുവും സഭയും ഒന്നായിരിക്കുന്നതുപോലെ ഭാര്യാഭർത്താക്കന്മാർ ഒന്നായിത്തീരുന്നു. ഇവിടെ സ്വശരീരത്തിലുള്ള തങ്ങളുടെ അവകാശം ദമ്പതികൾ



www.malankaralibrary.com

പരസ്പരം കൈമാറുന്നു. ആരും സ്വന്തം ശരീരത്തെ ഏതവസ്ഥയിലും വെറുക്കാതെ സ്നേഹിക്കുമല്ലോ. അതുപോലെ ഭാര്യാഭർത്താക്കന്മാർ പരസ്പരം സ്നേഹിക്കുകയും ആദരിക്കുകയും വേണം. പരസ്പരമുള്ള സ്നേഹവും ആദരവും കുടുംബജീവിതം ആസ്വാദ്യകരവും അർത്ഥവത്തും ആക്കിതീർക്കുന്നു. ക്രിസ്തീയ വിവാഹത്തിന്റെ ഏറ്റവും ഉത്കൃഷ്ടമായ വസ്തുത ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹത്തിന്റെ സജീവ (അടയാളം) സാന്നിധ്യമാണ് തങ്ങൾ എന്ന ദമ്പതികളുടെ തിരിച്ചറിവാണ്. ഈ തിരിച്ചറിവിൽ ദാമ്പത്യബന്ധത്തിൽ ഇരുവരും ഒരു ശരീരമായി തീരുന്ന ഐക്യം ദൈവികസൃഷ്ടിയാണെന്നതിനാൽ സ്നേഹത്തിന്റെ സമ്പൂർണ സമർപ്പണം പൂർണമായും നിലനിൽക്കുന്നു.

**2.3. വിവാഹം ഒരു കൂദാശ**: പഴയ നിയമത്തിൽ ദാമ്പത്യബന്ധം ദൈവികസൃഷ്ടിയായ ഉടമ്പടിയായിരുന്നെങ്കിൽ പുതിയനിയമത്തിൽ യേശുക്രിസ്തു വിവാഹത്തെ ദൈവികകൃപ കവിഞ്ഞൊഴുകുന്ന ഒരു കൂദാശയായി ഉയർത്തി. പുരോഹിതന്റെയും മറ്റു രണ്ടു സാക്ഷികളുടെയും സാന്നിധ്യത്തിൽ വിവാഹം ദേവാലയത്തിൽ വച്ച് നടത്തപ്പെടണമെന്ന് നിശ്ചയിക്കപ്പെട്ടു. ദാമ്പത്യബന്ധം വൈകാരികസ്നേഹത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല പ്രത്യുത രണ്ടു ശരീരങ്ങളും മനസുകളും ഒന്നായി തീരുന്ന കൂദാശയാണ്. ഈ കൂദാശയിലൂടെ ദമ്പതികൾ പരസ്പരം സ്നേഹവും ജീവനും പങ്കുവയ്ക്കുന്നവരും അതിലൂടെ ദൈവികമായ പുതുജീവന് ജന്മം നൽകുന്നവരുമായിത്തീരുന്നു.

വിവാഹ കൂദാശ പൂർണമാകുന്നത് മൂന്ന് കാര്യങ്ങളിലൂടെ ആണ്. ഇവ വിവാഹത്തെ സാധുവാക്കുന്നു.

1. ഭയമോ നിർബന്ധമോ കൂടാതെ സ്ത്രീപുരുഷന്മാർ ദൈവത്തിന്റെയും സഭയുടെയും മുമ്പിൽ സ്വതന്ത്രമായി നൽകുന്ന പരസ്യ സമ്മതവും വിവാഹ തടസങ്ങളുടെ അഭാവവും.
2. വിവാഹകൂദാശ ആശീർവദിക്കുന്ന കാർമികന്റെ സാന്നിധ്യവും ആശീർവാദവും.
3. ദമ്പതികളുടെ ശാരീരിക സംയോഗംവഴി പൂർത്തീകരിക്കപ്പെടുന്ന ദാമ്പത്യബന്ധം. വിവാഹം താഴെപറയുന്ന മൂന്നു കാര്യങ്ങളാൽ വേർതിരിക്കുവാൻ പാടില്ലാത്തതാകുന്നു.

1. കലവറയില്ലാതെ പരസ്പരം ആത്മസമർപ്പണം ചെയ്യുന്ന സ്നേഹം.
2. ദൈവത്തിനു തന്റെ സൃഷ്ടിയോടുള്ള വ്യവസ്ഥാതീതമായ വിശ്വസ്തതയുടെ പ്രതിബിംബം.
3. ക്രിസ്തുവിനു കുരിശുമരണം വരെ പോലും തന്റെ സഭയോടുണ്ടായിരുന്ന സമർപ്പണത്തിന്റെ അടയാളം.

മിശിഹായും സഭയും തമ്മിലുള്ള ബന്ധം തന്നെയാണ് ക്രിസ്തീയ വിവാഹത്തിൽ വധൂവരന്മാർ തമ്മിലും. ഈ കാഴ്ചപ്പാട് വിവാഹകൂദാശയുടെ രക്ഷാകരമായ ഐക്യവും



www.malankaralibrary.com

അവിഭാജ്യതയും പൂർണമായും വ്യക്തമാക്കുന്നു. ഈ ബന്ധം വിശുദ്ധവും പവിത്രവും ദൈവത്തിന്റെ സൃഷ്ടികർമത്തിലുള്ള വ്യക്തമായ പങ്കുചേരലുമാകുന്നു.

വിവാഹം ഒരു കൂദാശയായി ഔദ്യോഗികമായി പ്രഖ്യാപിച്ച കൗൺസിൽ രണ്ടാം ലാറ്ററൻ (1139) കൗൺസിലാണ്. തുടർന്ന് ത്രെന്തോസ് സുനഹദോസും (1545 – 1563) വിവാഹത്തെ കൂദാശയായി ഉയർത്തിക്കാട്ടി.

## 3. വിവാഹം : രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വീക്ഷണം

മാറിവരുന്ന കാലഘട്ടത്തിൽ ദാമ്പത്യബന്ധത്തിന്റെ വിശുദ്ധി അർത്ഥപൂർണമായി കാത്തുസൂക്ഷിക്കേണ്ടതിന്റെ പ്രസക്തി കൗൺസിൽ വ്യക്തമാക്കുന്നു. കുടുംബബന്ധ ങ്ങളിൽ വർധിച്ചു വരുന്ന സ്വാർത്ഥതയും ഭോഗാസക്തിയും പ്രത്യുത്പാദന വിരുദ്ധ മായ തഴക്കങ്ങളും ദാമ്പത്യസ്നേഹം വിരൂപമാക്കുന്നുവെന്ന ബോധ്യം കൗൺസിൽ വ്യക്തമാക്കുന്നു.

" വൈവാഹിക ജീവിതവും ദാമ്പത്യസ്നേഹവും അവയുടെ സ്വഭാവത്താൽ തന്നെ സന്താനങ്ങളുടെ ഉത്പാദനം, വിദ്യാഭ്യാസം എന്നിവയ്ക്കായി നിയോഗിക്കപ്പെട്ടിരിക്കുന്ന വയാണ്. അവ സാക്ഷാത്ക്കാരം സംഭവിച്ച് മകുടമണിയുന്നതും ഈ ലക്ഷ്യങ്ങളിലൂടെ യത്രേ. അങ്ങനെ വിവാഹ ഉടമ്പടി വഴിയായി പുരുഷനും സ്ത്രീയും മേലാൽ "രണ്ടല്ല ഒരൊറ്റ ശരീരമാണ്" (മത്താ. 19:6). അവർ തങ്ങളുടെ വ്യക്തിപരവും പ്രവർത്തനപര വുമായ ഗാഢബന്ധംവഴി അന്യോന്യം സഹായവും സേവനവും പ്രദാനം ചെയ്യുന്നു. അങ്ങനെ പരസ്പരൈക്യത്തിന്റെ അർത്ഥം അനുഭവിച്ചറിയുകയും അനുദിനം അതിനെ കൂടുതൽ ആഴമുള്ളതാക്കി തീർക്കുകയും ചെയ്യുന്നു. രണ്ടു വ്യക്തികളുടെ പരസ്പരദാ നമെന്ന നിലയിൽ ഈ ഗാഢമായ ഐക്യവും സന്താനങ്ങളുടെ നന്മയും ഭാര്യാഭർത്താ ക്കന്മാരിൽ നിന്നും പൂർണമായ വിശ്വസ്തത ആവശ്യപ്പെടുകയും അവർ തമ്മിലുള്ള ഐക്യം അവിഭാജ്യമായിരിക്കണമെന്ന് നിർബന്ധിക്കുകയും ചെയ്യുന്നു" (സഭ ആധു നിക ലോകത്തിൽ 48).

ദാമ്പത്യസ്നേഹം ദൈവസ്നേഹത്തിലേക്ക് നയിക്കപ്പെടുന്നു. ക്രിസ്തുവിന്റെ രക്ഷാ കര ശക്തി ആത്മവിശുദ്ധിക്കുതകുന്ന പ്രവർത്തനങ്ങളാൽ സമ്പന്നമാക്കപ്പെടുകയും ചെയ്യുന്നു. ദാമ്പത്യസ്നേഹം പരസ്പരവിശ്വസ്തതയാൽ മുദ്രിതവും ക്രിസതുവിന്റെ കൗദാശിക സ്നേഹത്താൽ പവിത്രീകൃതവുമാണ്. ഈ സ്നേഹം സുഖത്തിലും ദു:ഖത്തിലും ആത്മശരീരങ്ങളുടെ പരസ്പരവിശ്വസ്തതയാൽ അചഞ്ചലമായി നിലകൊ ള്ളുന്നു (സഭ ആധുനിക ലോകത്തിൽ 49).

**3.1. വിവാഹവും മക്കളും**: വിവാഹം ആത്യന്തികമായി ദൈവികജീവൻ തന്നെയായ മക്കളെ ജനിപ്പിക്കാനും വളർത്താനുമുള്ള കടമ ദമ്പതികളെ ഭരമേല്പിക്കുന്നു. ഈ കടമ ദമ്പതികൾ ഏറ്റെടുക്കുന്നതുവഴി അവർ സ്രഷ്ടാവായ ദൈവത്തിന്റെ സ്നേഹ ത്തിൽ പങ്കുചേരുന്നവരും രാഷ്ട്രത്തിന്റെയും സഭയുടെയും താത്പര്യങ്ങൾ സംരക്ഷി ക്കുന്നവരുമായിത്തീരുന്നു (സഭ ആധുനിക ലോകത്തിൽ 50). സന്താനോത്പാദനം



www.malankaralibrary.com

ദമ്പതികളെ ക്രിസ്തീയ പരിപൂർണതയിലേക്കു നയിക്കുന്നുവെന്ന് കൗൺസിൽ വ്യക്തമാക്കുന്നു. "ദൈവപരിപാലനയിൽ സമാശ്രയിച്ചുകൊണ്ടും പരിത്യാഗചൈതന്യം പുലർത്തിക്കൊണ്ടും ഉദാരവും മാനുഷികവും ക്രിസ്തീയവുമായ കർത്തവ്യബോധത്തോടു കൂടി ക്രിസ്തീയ ദമ്പതികൾ സന്താനോത്പാദനകൃത്യം നിർവഹിക്കുമ്പോൾ സ്രഷ്ടാവിനെ മഹത്ത്വപ്പെടുത്തുകയും ക്രിസ്തുവിൽ പരിപൂർണരായിത്തീരാൻ പരിശ്രമിക്കുകയുമാണു ചെയ്യുന്നത്" (50).

ദമ്പതികൾ ജീവന്റെ പ്രവാചകരും പ്രചാരകരുമാണ്. ജീവന്റെ കർത്താവും നാഥനും ദൈവമാണ്. ജീവന്റെ സംരക്ഷണമെന്ന ശ്രേഷ്ഠമായ ജോലി ദൈവം മനുഷ്യനെ ഭരമേല്പിച്ചിരിക്കുന്നു. അതുകൊണ്ട് കുടുംബജീവിതത്തിൽ ജീവന്റെ ഉത്പാദനവും സംരക്ഷണവും ദൈവികമായ കർത്തവ്യമാകുന്നു. മനുഷ്യജീവന്റെ ഉദ്ഭവത്തിന്റെ ആരംഭം മുതൽ അതീവശ്രദ്ധയോടു കൂടി അതിനെ സംരക്ഷിക്കാൻ ദമ്പതികൾ കടപ്പെട്ടിരിക്കുന്നു.

ദമ്പതികൾ ദൈവസൃഷ്ടിയായ ജീവനെ ജനിപ്പിക്കുന്നവരും സംരക്ഷിക്കുന്നവരും മാത്രമാകുന്നു; ജീവൻ നൽകുന്നവരല്ല. അതുകൊണ്ടുതന്നെ നൽകപ്പെട്ട ജീവന്റെമേൽ കൈവയ്ക്കാൻ ദമ്പതികൾക്ക് അവകാശമില്ല. 'മക്കൾ എന്റേതാണെന്നും എനിക്കിഷ്ടമുള്ളത് ഞാൻ അവരോട് ചെയ്യുമെന്നും' പറയാൻ ആർക്കും അവകാശമില്ല. മക്കൾ ദൈവത്തിന്റെ ദാനം മാത്രമാണ്. മക്കളെ ആഗ്രഹിക്കുന്നതുകൊണ്ട് എല്ലാവർക്കും കിട്ടുന്നില്ലല്ലോ. ഗർഭച്ഛിദ്രം, ശിശുവധം, പ്രത്യേകിച്ച് പെൺഭ്രൂണഹത്യ, ആത്മഹത്യ, ദയാവധം തുടങ്ങി പ്രത്യക്ഷമോ പരോക്ഷമോ ആയി ജീവനെ എടുക്കുന്നതോ ഹനിക്കുന്നതോ ആയ ഏതു പ്രവർത്തനവും ദൈവനിഷേധവും മാരകപാപവുമാണ് (സഭ ആധുനിക ലോകത്തിൽ 51). ഈ അർത്ഥത്തിൽ സ്വന്തം ജീവനെ നശിപ്പിക്കുന്ന മദ്യപാനം, മയക്കുമരുന്നുപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ മറ്റുള്ളവന്റെയും തന്റെയും ആരോഗ്യവും ജീവനും നശിപ്പിക്കുന്നു. ഭക്ഷണപദാർത്ഥത്തിൽ വിഷാംശമുള്ള മായം ചേർക്കൽ, കൃഷികാര്യങ്ങളിൽ ഗുരുതരവിഷമുള്ള കീടനാശിനികളുടെ ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങളും ജീവനെ ഹനിക്കുന്നതാണ്.

ദാമ്പത്യബന്ധം ഉത്തരവാദിത്വപൂർണമായ ജീവോത്പാദനവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. ജനനനിയന്ത്രണം ഉത്തരവാദിത്വപൂർണമായ ജീവോത്പാദനത്തിന്റെ ഭാഗമാണ്. ജനനനിയന്ത്രണത്തിൽ ദമ്പതികൾ ദൈവികനിയമങ്ങൾക്കും സഭാപ്രബോധനങ്ങൾക്കും പൂർണമായ സ്ഥാനം നല്കണം. കൃത്രിമമാർഗങ്ങളിലൂടെയുള്ള ജനനനിയന്ത്രണം സഭ പൂർണമായും തള്ളിപ്പറയുന്നു. കുട്ടികളുടെ എണ്ണത്തിന്റെ കാര്യത്തിൽ തീരുമാനമെടുക്കാനുള്ള ദമ്പതികളുടെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കാനുള്ള പ്രവർത്തനങ്ങൾ അതിക്രമമായി സഭ കാണുന്നു. "കുട്ടികളുടെ കാര്യത്തിൽ തീരുമാനമെടുക്കാനുള്ള ദമ്പതികളുടെ സ്വാതന്ത്ര്യത്തെ ഏതെങ്കിലും വിധത്തിൽ നിയന്ത്രിക്കാൻ ശ്രമിക്കുന്ന എല്ലാ പ്രവർത്തനങ്ങളും മനുഷ്യന്റെ അന്തസിനും നീതിക്കുമെതിരായ ഗൗരവമായ അതിക്രമമായി സഭ കാണുന്നു (കുടുംബം ഒരു കൂട്ടായ്മ - 30). ഈ ചിന്തകളുടെ വെളിച്ചത്തിൽ വിവാഹത്തെ വിശുദ്ധിയിലേക്കുള്ള ദൈവത്തിന്റെ വിളിയായി നമുക്ക് കാണാൻ കഴിയും.



www.malankaralibrary.com



## 4. വിവാഹം : വിശുദ്ധിയിലേക്കുള്ള വഴി

ക്രിസ്തീയ വിവാഹം രണ്ടുപേർ മാത്രം ചേർന്നു നടത്തുന്ന ഒരു തിരഞ്ഞെടുപ്പും ഉട മ്പടിയുമല്ല; മറിച്ച് ദൈവികമായ വിളിയും ദൗത്യവുമാണ്. അദൃശ്യമായ ദൈവസ്നേഹ ത്തിന്റെ ദൃശ്യാവിഷ്കാരമാണ് ദാമ്പത്യസ്നേഹത്തിലൂടെ പൂർത്തീകരിക്കപ്പെടുന്നത്. അതി നാൽ ദമ്പതികളുടെ ഇഷ്ടാനിഷ്ടങ്ങളിൽ ഉറപ്പിക്കപ്പെടുന്ന ബന്ധമല്ല പിന്നെയോ നിഃസ്വാർത്ഥവും പരിശുദ്ധവുമായ സ്നേഹത്തിൽ രൂപീകരിക്കപ്പെടുന്ന ബന്ധമാണ് കുടുംബം. ദൈവം മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചുവെങ്കിൽ അവ രുടെ അവിഭാജ്യമായ ഒന്നിച്ചുചേരലാണ് മനുഷ്യന്റെ പൂർണത. ഈ സ്നേഹത്തിന്റെ പൂർണതയാണ് വിശുദ്ധി.

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ദാമ്പത്യ പൂർണത ത്രിത്വൈക ദൈവത്തിന്റെ കൂട്ടായ്മയിലുള്ള പങ്കുചേരലിലൂടെയാണ് പൂർത്തീ കരിക്കപ്പെടുന്നത്. സ്ത്രീപുരുഷന്മാരുടെ അടിസ്ഥാനപരവും നൈസർഗികവുമായ വിളി സ്നേഹത്തിലേക്കും കൂട്ടായ്മയിലേക്കുമാണ് (കുടുംബം ഒരു കൂട്ടായ്മ 11). ഈ വിളി ആത്യന്തികമായും ദൈവികവിശുദ്ധിയിലുള്ള പങ്കുചേരലാണ്.

മനുഷ്യന്റെ വൈകാരികതകളിൽ ജനിക്കുന്ന വെറുപ്പും സ്വാർത്ഥതയും മാരകമായ അസൂയയും ഈ സ്നേഹബന്ധത്തെ മുറിപ്പെടുത്തി ദാമ്പത്യബന്ധത്തിൽ ഏകാന്ത തയും ഒറ്റപ്പെടുത്തലും സൃഷ്ടിക്കുന്നു. ഇത് ദാമ്പത്യവിശുദ്ധി പൂർണമായും തകർക്കുന്നു.



www.malankaralibrary.com

ഇവ മറികടന്ന് വിശുദ്ധിയുടെയും പരസ്പരസ്നേഹത്തിന്റെയും നിസ്വാർത്ഥമായ പങ്കുവയ്ക്കലിന്റെയും പ്രചാരകർ ആയിത്തീരാൻ വിവാഹമെന്ന കൂദാശയിലൂടെ ദൈവം ദമ്പതികളെ തിരഞ്ഞെടുക്കുകയും ഒരുക്കുകയും ചെയ്യുന്നു. സ്വാർത്ഥതയുടെയും ജഡീകതയുടെയും കണ്ണുകളിലൂടെ നോക്കുമ്പോഴല്ല മറിച്ച് ദൈവികമായ വീക്ഷണത്തിലൂടെ നോക്കുമ്പോഴാണ് വിവാഹത്തിന് ക്രിസ്തീയമായ അർത്ഥം ലഭിക്കുന്നത്. ദമ്പതികളുടെ ലൈംഗികബന്ധം പരിശുദ്ധസ്നേഹത്തിന്റെ ആത്മസമർപ്പണവും പരിശുദ്ധത്രിത്വത്തിന്റെ മാതൃകയിലുള്ള അവിഭാജ്യമായ കൂട്ടായ്മയുടെ മാനുഷികാവിഷ്കാരവുമാണ്. അതിനാൽത്തന്നെ ഈ ബന്ധം വിശുദ്ധവും പരസ്പരം വിശുദ്ധീകരിക്കുന്നതുമായ ക്രമമാണ്.

വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പഠിപ്പിക്കുന്നു: "ദമ്പതികൾക്കു ചേർന്നതും അവർക്ക് മാത്രമായുള്ള പ്രവൃത്തികൾ വഴി പുരുഷനും സ്ത്രീയും തങ്ങളെത്തന്നെ പരസ്പരം സമർപ്പിക്കുന്നതിലൂടെയുള്ള ലൈംഗികത യാതൊരു കാരണവശാലും കേവലം ജീവശാസ്ത്രപരം മാത്രമല്ല പ്രത്യുത, മനുഷ്യവ്യക്തിയുടെ ആന്തരിക സത്തയെ തന്നെ ബാധിക്കുന്നതാണ്." ഒരു പുരുഷനും സ്ത്രീയും മരണം വരെ തങ്ങളെത്തന്നെ പരിപൂർണമായി പരസ്പരം ഏല്പിച്ചുകൊടുക്കുന്ന സ്നേഹത്തിന്റെ അനുപേക്ഷണീയമായ ഒരു ഭാഗമായിരിക്കുമ്പോഴേ അത് യഥാർത്ഥത്തിൽ മാനുഷികമായ രീതിയിൽ സാക്ഷാത്കരിക്കപ്പെടുന്നുള്ളൂ. തന്റെ ലൗകികമാനങ്ങൾ ഉൾപ്പെടെ ഒരു വ്യക്തിയുടെ വ്യക്തിപരവും സമഗ്രവുമായ ആത്മദാനമില്ലെങ്കിൽ ശാരീരികമായ ആത്മദാനം ഒരു കാപട്യമായിരിക്കും. സ്രഷ്ടാവായ ദൈവത്തിന്റെ പദ്ധതിയോട് പരിപൂർണ വിശ്വസ്തതയിൽ ജീവിക്കാൻ വേണ്ടിയാണ് ദമ്പതികൾ ഈ ആത്മദാനം നിർവഹിക്കുന്നത് (കുടുംബം ഒരു കൂട്ടായ്മ 11). ദമ്പതികൾ നടത്തുന്ന ഈ പരസ്പരദാനം പരി. ത്രിത്വത്തിന്റെ കൂട്ടായ്മയിലുള്ള വിശുദ്ധമായ പങ്കുചേരലാണ്.

## 5. ആരാധനക്രമം

മലങ്കരകത്തോലിക്കാ സഭയുടെ ആരാധനക്രമം അനുസരിച്ച് വിവാഹം എന്ന കൂദാശയുടെ ആഘോഷ - അർത്ഥതലങ്ങൾ വളരെ ചുരുക്കമായി വിവരിക്കാം. വിവാഹം എന്ന കൂദാശയ്ക്ക് രണ്ടു പ്രധാനപ്പെട്ട ഭാഗങ്ങളാണ് നമ്മുടെ ആരാധനക്രമത്തിൽ ഉള്ളത്. മോതിരം വാഴ്വിന്റെ ശുശ്രൂഷയും കിരീടം വാഴ്വിന്റെ ശുശ്രൂഷയും.

**5.1 മോതിരം വാഴ്വ്** : വിവാഹകൂദാശയുടെ സാധുതയ്ക്ക് സുപ്രധാനകാര്യം വധൂവരന്മാർ പരസ്പരം സ്വതന്ത്രമായി നൽകുന്ന വിവാഹസമ്മതം ആണ്. ഈ സമ്മതമാകട്ടെ രണ്ടു സാക്ഷികളുടെയും കാർമികന്റെയും മുമ്പിൽ പരസ്യമായി പ്രഖ്യാപിക്കുന്നതുമാണ്. വധൂവരന്മാരുടെ പരസ്പരസമ്മതത്തെ ഉടമ്പടിയായി മുദ്രവയ്ക്കുന്ന ചടങ്ങാണ് മോതിരം അണിയിക്കൽ. വാഴ്ത്തിയ മോതിരം സ്വീകരിക്കുന്നതിലൂടെ വധൂവരന്മാർ നൽകിയ സമ്മതം മരണം വരെ അഭംഗുരം കാത്തുസൂക്ഷിക്കുന്നതാണെന്ന് അവർ സഭയുടെയും സമൂഹത്തിന്റെയും മുമ്പിൽ വ്യക്തമാക്കുന്നു.



www.malankaralibrary.com

മറ്റ് ആരാധനക്രമങ്ങളിൽ നിന്നും വ്യത്യസ്തമായി നമ്മുടെ ആരാധനക്രമം അനുസരിച്ച് വധൂവരന്മാർ വിവാഹമോതിരം സ്വീകരിക്കുന്നത് ആചാര്യനിൽ നിന്നും ആണ്. വിവാഹ ഉടമ്പടി വധൂവരന്മാർ വ്യക്തിപരമായി ചെയ്യുന്ന ഒരു ഉടമ്പടി മാത്രമല്ല, മറിച്ച് മിശിഹായുടെ സഭയുമായി ചേർന്നുള്ള ഉടമ്പടിയാണ്. അതുകൊണ്ട്, സഭയുടെ പ്രതിനിധിയായ കാർമികൻ "വിശുദ്ധ ശ്ലീഹന്മാരിൽ നിന്നെന്ന പ്രകാരം, വിശുദ്ധ ആചാര്യന്മാരുടെ കൈകളിൽ നിന്ന് നിന്റെ വിവാഹ ഉടമ്പടിയുടെ മോതിരം നീ സ്വീകരിക്കുക" എന്നു പ്രാർത്ഥിച്ചുകൊണ്ട് വധൂവരന്മാരെ മോതിരം അണിയിക്കുന്നു. യേശുക്രിസ്തു തിരുസഭയുമായി ചെയ്ത വിവാഹ ഉടമ്പടി സ്വന്തം രക്തത്തിലൂടെ മുദ്രിതമാക്കിയതുപോലെ സഭയിൽ നിന്നും വാഴ്ത്തിയ മോതിരം വധൂവരന്മാർ സ്വീകരിച്ച് തങ്ങളുടെ ഉടമ്പടിക്ക് സഭയുമായി ചേർന്ന് മുദ്രവയ്ക്കുന്നു. ഈ ഉടമ്പടിയിലൂടെ സകല കപടസ്നേഹവും നീക്കപ്പെട്ട് യേശുക്രിസ്തു സഭയ്ക്കു നൽകിയ പരിശുദ്ധ സ്നേഹത്താൽ നിറയപ്പെടാൻ കാർമികൻ ദമ്പതികളെ അനുഗ്രഹിക്കുന്നു. മോതിരം വാഴ്വിന്റെ ശുശ്രൂഷയിലൂടെ വിവാഹബന്ധം ദൈവവുമായിട്ടുള്ള വിശുദ്ധിയുടെ ഉടമ്പടിയാണെന്ന് തിരിച്ചറിയാനും വിവാഹത്തിന്റെ അവിഭാജ്യത ഉറപ്പിക്കാനും കഴിയുന്നു.

**5.2 കിരീടം വാഴ്വ്** : സ്നേഹത്തിലും ഐക്യത്തിലും മരണം വരെ വിശ്വസ്തദമ്പതികളായി ജീവിക്കാമെന്ന് സഭയുടെയും സമൂഹത്തിന്റെയും മുമ്പാകെ തീരുമാനമറിയിച്ച ദമ്പതികളെ ദൈവസൃഷ്ടിയായ കുടുംബത്തിന്റെ രാജാവും രാജ്ഞിയുമായി കിരീടം ധരിപ്പിക്കുന്ന പ്രത്യേക ശുശ്രൂഷയാണിത്. സർവലോകത്തിന്റെയും സ്രഷ്ടാവായ ദൈവം തന്റെ സൃഷ്ടികർമം അഭംഗുരം തുടർന്നു കൊണ്ടുപോകാൻ വിവാഹബന്ധത്തിലൂടെ വധൂവരന്മാരെ നിയോഗിക്കുന്നു. ദൈവം നൽകുന്ന ജീവന് ജന്മം നൽകാനും പരിപാലിച്ചു വളർത്താനുമുള്ള ഉത്തരവാദിത്വവും സകലസൃഷ്ടികളുടെയും മേലുള്ള അധികാരവും നല്കുന്നതിന്റെ ശ്രേഷ്ഠസൂചനയാണ് കിരീടം വാഴ്വ്. സൃഷ്ടവസ്തുക്കൾ ദുരുപയോഗിക്കാനോ നശിപ്പിക്കാനോ അല്ല, അടുത്ത തലമുറയ്ക്കുവേണ്ടിയും സംരക്ഷിച്ചു പരിപാലിക്കാൻ ദമ്പതികളെ അധികാരപ്പെടുത്തുന്നു.

ഈ ശുശ്രൂഷയുടെ പ്രാരംഭത്തിൽ തന്നെ കാർമികൻ ആദിമാതാപിതാക്കളെ ദാമ്പത്യബന്ധത്തിൽ വിളിച്ച് അനുഗ്രഹിച്ച അതേ അനുഗ്രഹങ്ങൾ നൽകി ആശീർവദിക്കുന്നു. ആദം - ഹവ്വാ, അബ്രാഹം - സാറാ, ഇസഹാക്ക് - റബേക്ക, യാക്കോബ് - റാഹേൽ തുടങ്ങിയവരെ ദാമ്പത്യബന്ധത്തിൽ വിളിച്ച് അനുഗ്രഹിച്ച ദൈവത്തിന്റെ അനുഗ്രഹങ്ങൾ നല്കി ഈ മാതാപിതാക്കളുടെ തുടർച്ചയായി പുതിയ ദാമ്പത്യബന്ധത്തെ സഭ ആശീർവദിച്ച് അനുഗ്രഹിക്കുന്നു. അതിലുപരിയായി ദമ്പതികൾ തമ്മിലുള്ള ബന്ധം യേശുക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധമായി കാണുന്നു. ക്രിസ്തു സഭയ്ക്ക് തന്നെത്തന്നെ നൽകി സ്നേഹിച്ചതുപോലെ പരസ്പരം പങ്കുവയ്ക്കാനും ദാനം ചെയ്യാനും വധൂവരന്മാരെ വചനത്തിലൂടെ ഒരുക്കുന്നു (എഫേ. 5:20-33). വി. സുവിശേഷത്തിലൂടെ (മത്താ. 19:1-12) വിവാഹം ദൈവസൃഷ്ടിയാണെന്നും ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപ്പെടുത്തരുതെന്നുമുള്ള വചനം നൽകി സഭ വിവാഹത്തിലേക്കു പ്രവേശിച്ചിരിക്കുന്ന ദമ്പതികളെ കൗദാശികമായി ഒന്നിച്ചു ചേർക്കുന്നു. വചന



www.malankaralibrary.com

ശുശ്രൂഷയ്ക്കുശേഷം കാർമികൻ വധൂവരന്മാരെ വി. സ്ലീബായുടെ അടയാളത്താൽ കിരീടം ധരിപ്പിക്കുന്നു. ഈ കിരീടമാകട്ടെ നീതിയുടെ അലങ്കാരവും ശത്രുവിന്റെ സകല ആധിപത്യങ്ങൾക്കുമെതിരെ തോല്ക്കാത്ത ആയുധവുമാണ്. അവസാനമായി, വി. കുരിശിന്റെ അടയാളമുള്ള മിന്ന് മണവാളൻ മണവാട്ടിയുടെ കഴുത്തിൽ ധരിപ്പിക്കുകയും മന്ത്രകോടി അണിയിച്ചു മണവാട്ടിയെ സ്വന്തമാക്കി തീർക്കുകയും ചെയ്യുന്നു. ഇത് ഭാരതപാരമ്പര്യത്തിൽ നിന്നും സ്വീകരിക്കപ്പെട്ടിട്ടുള്ളതാണ്.

പരസ്പരം വിവാഹിതരായിരിക്കുന്ന ദമ്പതികളെ കാർമികൻ വി. സ്ലീബായാൽ ആശീർവദിച്ച് അനുഗ്രഹിക്കുകയും ദാമ്പത്യബന്ധത്തിൽ പരസ്പരം സ്നേഹിച്ച് ശുശ്രൂഷിച്ച് വിശ്വസ്തതയോടെ മരണം വരെ ജീവിക്കാൻ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. തങ്ങൾ ഏറ്റെടുത്തിരിക്കുന്ന കുടുംബ ബന്ധത്തിന്റെ ഉത്തരവാദിത്വം മരണം വരെ പരസ്പരം ഏറ്റെടുക്കുന്നതിന്റെ അടയാളമായി വിവാഹ രജിസ്റ്റർ ഒപ്പുവച്ച് ശുശ്രൂഷ അവസാനിക്കുന്നു.

## 6. കാനോനിക നിയമങ്ങൾ

വിവാഹത്തെപ്പറ്റിയുള്ള സഭാനിയമങ്ങളിൽ ചിലതു മാത്രം ഇവിടെ ചർച്ചചെയ്യുന്നു. വിവാഹം സൃഷ്ടികർത്താവിനാൽ സ്ഥാപിതവും സ്ത്രീപുരുഷന്മാർ തമ്മിൽ പിൻവലിക്കാൻ പാടില്ലാത്ത വ്യക്തിഗതമായ പരസ്പര സമ്മതത്താൽ ദമ്പതികളുടെ നന്മയ്ക്കും സന്താനോത്പാദനത്തിനും മക്കളുടെ ശിക്ഷണത്തിനുമായി വിഭാവനം ചെയ്യപ്പെട്ടതുമാകുന്നു (പൗരസ്ത്യ സഭകളുടെ കാനോൻ നിയമങ്ങൾ (CCEO 776 /1). ജ്ഞാനസ്നാനം സ്വീകരിച്ചവർ തമ്മിലുള്ള വിവാഹം കൂദാശയാണ്. ഏകത്വവും അവിഭാജ്യതയും വിവാഹത്തിന്റെ സത്താപരമായ സവിശേഷതകളാണ് (CCEO 776 / 3). നമ്മുടെ ആരാധനാപാരമ്പര്യം അനുസരിച്ച് ദാമ്പത്യബന്ധം യേശുക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധം തന്നെ ആയതുകൊണ്ട് ആചാര്യന്റെ കരങ്ങളിൽ നിന്നും വിവാഹ ഉടമ്പടിയുടെ മോതിരം സ്വീകരിച്ച് ദമ്പതികൾ ഈ കാഴ്ചപ്പാട് ഉറപ്പിക്കുന്നു (മലങ്കര കത്തോലിക്കാ സഭയുടെ പ്രത്യേക നിയമങ്ങൾ (CPCSMCC 519).

സാധുവായ വിവാഹത്തിന് പുരുഷന് 21 വയസും സ്ത്രീക്ക് 18 വയസും പൂർത്തിയായിരിക്കണം. വിവാഹ ആഘോഷങ്ങൾക്ക് സഭയിൽ വിലക്കപ്പെട്ട കാലങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 25 നോമ്പ്, 3 നോമ്പ്, 50 നോമ്പ്, നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണപ്പെരുന്നാൾ മുതൽ പെന്തക്കുസ്താപ്പെരുന്നാൾ വരെയുള്ള കാത്തിരിപ്പിന്റെ പത്തു ദിവസങ്ങൾ തുടങ്ങിയ അവസരങ്ങളിൽ വിവാഹ ആഘോഷങ്ങൾ സഭ വിലക്കിയിരിക്കുന്നു (CPCSMCC 542). അസാധുവോ നിയമാനുസൃതം അല്ലാത്തതോ ആയ വിവാഹങ്ങൾ അനുയോജ്യ മാർഗങ്ങളിലൂടെ തടയുന്നതിനുള്ള കടമ ആത്മപാലകർക്കുണ്ട് (CPCSMC 785).വിവാഹത്തിനു എന്തെങ്കിലും തടസങ്ങൾ ഉണ്ടെന്നറിയുന്ന വിശ്വാസികൾ അവ വിവാഹത്തിനു മുമ്പ് ഇടവക വികാരിയെയോ രൂപതാധ്യക്ഷനെയോ അറിയിക്കാൻ കടപ്പെട്ടവരാണ്.



www.malankaralibrary.com

**6.1 വിവാഹ ഒരുക്കം** : വിവാഹം ദൈവികപദ്ധതിയിൽ മനുഷ്യൻ ഏറ്റെടുക്കുന്ന വലിയ ഉത്തരവാദിത്വമാകയാൽ വിവാഹാന്തസിലേക്കു പ്രവേശിക്കുന്ന വധൂവരന്മാർക്ക് അനുയോജ്യമായ ഒരുക്കങ്ങൾ ചെയ്യേണ്ടതിന്റെ പ്രസക്തി സഭാനിയമങ്ങൾ വ്യക്തമാക്കുന്നു. (CCEO 783) ലൂടെ ക്രൈസ്തവ വിവാഹത്തിന്റെ അർത്ഥവും ദമ്പതികൾ തമ്മിലുള്ള കടമകളും മക്കളെ ശിക്ഷണത്തിൽ വളർത്താനുള്ള ഭാരിച്ച ഉത്തരവാദിത്വങ്ങളും വിവാഹത്തിന് ഒരുങ്ങുന്ന വധൂവരന്മാരെ വ്യക്തിപരമായ ഉപദേശത്തിലൂടെയും അല്ലാതെയും ആത്മപാലകർ പരിശീലിപ്പിച്ച് ഒരുക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നു. യുവജന മതബോധനത്തിലൂടെയും മൂന്നുദിവസങ്ങളെങ്കിലും ഉൾക്കൊള്ളുന്ന വിവാഹ ഒരുക്ക സെമിനാറുകളിലൂടെയും വധൂവരന്മാരെ വിവാഹത്തിനൊരുക്കാൻ മലങ്കര കത്തോലിക്കാ സഭയുടെ പ്രത്യേകനിയമം (CPCSMCC 520) അനുശാസിക്കുന്നു. മാത്രമല്ല വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്നത് നിയമപരമായ കടമയായി (CPCSMCC 521) പറയുന്നു. മൂന്നു പ്രാവശ്യം പള്ളിയിൽ പരസ്യമായി വിവാഹം വിളിച്ചു ചൊല്ലേണ്ടതും വധൂവരന്മാർ വി. കുമ്പസാരവും വി. കുർബാനയും സ്വീകരിച്ച് വിവാഹ കൂദാശയ്ക്കായി തങ്ങളെത്തന്നെ ഒരുക്കേണ്ടതുമാണ് (CPCSMCC 522). വിളിച്ചുചൊല്ലിനു ശേഷം ഇടവക വികാരി തയാറാക്കുന്ന ദേശക്കുറി (വിവാഹാശീർവാദത്തിന് അനുവദിക്കുന്ന കത്ത്) നിയമപരമായി വിവാഹത്തിന് ആവശ്യമാണ് (CPCSMCC 537/ 538).

**6.2. വിവാഹതടസങ്ങൾ** : സാധുവായ വിവാഹത്തിന് ഒരുവനെ / ഒരുവളെ അയോഗ്യനോ അയോഗ്യയോ ആക്കുന്ന ഘടകങ്ങളാണ് കാനോനിക തടസങ്ങൾ. ബാഹ്യതലത്തിൽ തെളിയിക്കാൻ സാധിക്കുന്ന വിവാഹ തടസങ്ങൾ പരസ്യ (Public) വിവാഹ തടസമെന്നും അങ്ങനെയല്ലാത്ത തടസങ്ങൾ രഹസ്യ (Occult) വിവാഹതടസമെന്നും രണ്ടുതരത്തിലുള്ള വിവാഹതടസങ്ങളുണ്ട് . ദൈവികനിയമങ്ങളുടെയും മാനുഷിക നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിവാഹത്തിന്റെ പാവനതയും അവിഭാജ്യതയും ഉറപ്പിച്ചുകൊണ്ടാണ് സഭാനിയമങ്ങളിൽ വിവാഹ തടസങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത് (CCEO 800). നിയമപരമായി വിവാഹത്തിനുള്ള തടസങ്ങൾ :

1. നിയമപരമായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന പ്രായപരിധിയിലുള്ള കുറവ്.
2. കേവലമോ ആപേക്ഷികമോ ആയ ലൈംഗിക സംയോഗത്തിനുള്ള ശേഷിക്കുറവ് (വന്ധ്യത തടസമാകുന്നില്ല).
3. നിലനിൽക്കുന്ന മറ്റ് വിവാഹബന്ധം.
4. മാമോദീസ സ്വീകരിക്കാത്ത വ്യക്തിയുമായുള്ള വിവാഹബന്ധം.
5. തിരുപ്പട്ടം സ്വീകരിച്ചവർ.
6. സന്ന്യാസസമൂഹത്തിൽ പരസ്യ നിത്യബ്രഹ്മചര്യവ്രതം സ്വീകരിച്ചവർ.
7. വിവാഹോദ്ദേശ്യത്തോടുകൂടി തട്ടികൊണ്ടുപോയവർ.
8. മറ്റൊരാളെ വിവാഹം ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി വിവാഹപങ്കാളിയുടെ മരണ (ദമ്പതിവധം/ Conjugicide) ത്തിനിടവരുത്തിയവർ.



www.malankaralibrary.com

9. തായ് പരമ്പരയിലുള്ള രക്തബന്ധം.

10. ചാർച്ചാബന്ധം തായ്പരമ്പരയിൽ ഏതു കരിന്തല (തലമുറ) യിലുമുള്ള വിവാഹത്തെയും ശാഖാപരമ്പരയിൽ രണ്ടാം കരിന്തലയിലുള്ള വിവാഹത്തെയും അസാധുവാക്കുന്നു.

11. മാമോദീസാ വഴി തലതൊട്ടപ്പനും തലതൊട്ടമ്മയ്ക്കും കുട്ടിയോടും അവന്റെ/ അവളുടെ മാതാപിതാക്കളോടുമുള്ള ആത്മീയബന്ധം വിവാഹത്തിനു തടസമാകുന്നു.

12. ദത്തെടുക്കലിൽ നിന്നുളവാകുന്ന നിയമാനുസൃതബന്ധം.

ഇവയാകുന്നു വിവാഹകൂദാശയ്ക്ക് തടസമായി നിൽക്കുന്ന ഘടകങ്ങൾ.

***ക്രിസ്തീയവിവാഹം സ്ത്രീപുരുഷന്മാർ തമ്മിലുള്ള പരസ്പരസമ്മതമെന്നതിലുപരി ഒരു കൂദാശയും ദൈവവിളിയുമാണെന്ന സഭയുടെ പഠിപ്പിക്കൽ ചർച്ച ചെയ്യുക.***





www.malankaralibrary.com

# ജീവൻ ദൈവത്തിന്റെ വരദാനം



"നന്മയും തിന്മയും തമ്മിലും മരണവും ജീവനും തമ്മിലും മരണത്തിന്റെ സംസ്കാരവും ജീവന്റെ സംസ്കാരവും തമ്മിലുമുള്ള ശക്തവും നാടകീയവുമായ ഒരു സംഘർഷം നാം നേരിടുന്നുവെന്ന് ഇന്നത്തെ സാഹചര്യങ്ങൾ നമ്മെ ഓർമപ്പെടുത്തുന്നു. നാം ഈ സംഘർഷത്തിന്റെ മധ്യത്തിൽ അകപ്പെട്ടിരിക്കുകയാണ്. അതേസമയം നാമെല്ലാവരും അതിൽ പങ്കുചേരുകയും ചെയ്യുന്നു. അതുകൊണ്ട് വ്യവസ്ഥകൾക്കതീതമായ ജീവനുവേണ്ടി നിലകൊള്ളാനുള്ള അനിവാര്യമായ ഉത്തരവാദിത്വം നമുക്കുണ്ട്" (ജീവന്റെ സുവിശേഷം 28).

ഈ പശ്ചാത്തലത്തിൽ മനുഷ്യജീവന്റെ മഹത്ത്വവും ശ്രേഷ്ഠതയും എന്താണെന്നും കത്തോലിക്കാസഭയുടെ വീക്ഷണത്തിൽ മനുഷ്യജീവനെ ആദരിക്കുകയും പോഷിപ്പിക്കുകയും ചെയ്യേണ്ടതെങ്ങനെയാണെന്നും ജീവനെതിരെയുള്ള പ്രബലമായ വെല്ലുവിളികളും ആക്രമണങ്ങളും ഏതെല്ലാമാണെന്നും പഠിക്കുന്നത് ഉചിതമാണ്.



www.malankaralibrary.com

## 1. ജീവൻ ദൈവത്തിന്റെ ദാനം – മനുഷ്യൻ ജീവന്റെ സൂക്ഷിപ്പുകാരൻ

പ്രപഞ്ചത്തിൽ ജീവനുണ്ടായത് ജലത്തിൽനിന്നാണെന്നും, ആയിരക്കണക്കിന് വർഷങ്ങളുടെ പരിണാമപ്രക്രിയയിലൂടെയാണ് മനുഷ്യജീവൻ ഉണ്ടായതെന്നും ചില ശാസ്ത്രജ്ഞർ പ്രതിപാദിക്കുന്നുണ്ട്. ജീവോത്പത്തിയെക്കുറിച്ച് ശാസ്ത്രീയ പഠനങ്ങളേറെ ഉണ്ടെങ്കിലും ദൈവമാണ് ഈ പ്രപഞ്ചത്തിന്റെ മുഴുവൻ ജീവദാതാവ് എന്ന് ബൈബിൾ അസന്നിഗ്ധമായി പഠിപ്പിക്കുന്നു (ഉത്പ. 2:1). 1987–ൽ വിശ്വാസതിരുസംഘം പുറത്തിറക്കിയ "ജീവന്റെ ദാനം"എന്ന രേഖയുടെ ആമുഖത്തിൽ പറയുന്നത് ജീവൻ ദൈവത്തിന്റെ ദാനമാണെന്നും സ്രഷ്ടാവായ ദൈവം മനുഷ്യന്റെ കരങ്ങളിൽ ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യാൻ ഏല്പിച്ചിരിക്കുകയാണെന്നുമാണ്. 1995–ൽ പുറത്തിറക്കിയ "ജീവന്റെ സുവിശേഷം" എന്ന ചാക്രികലേഖനത്തിൽ വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ മാർപാപ്പ സൂചിപ്പിച്ചിരിക്കുന്നത് ഇപ്രകാരമാണ്: "തന്നെത്തന്നെ പങ്കുവയ്ക്കുന്നതിന്റെ ഭാഗമായി സ്രഷ്ടാവായ ദൈവം സൃഷ്ടിയായ മനുഷ്യന് ജീവൻ നല്കുന്നത് ഒരു ദാനമായിട്ടാണ്" (ജീവന്റെ സുവിശേഷം 34). വീണ്ടും നാം വായിക്കുന്നു: "മനുഷ്യന്റെ ജീവൻ ദൈവത്തിൽനിന്ന് വരുന്നു. അത് അവിടുത്തെ ദാനമാണ്, ഛായയാണ്, പ്രതിരൂപമാണ്, ജീവശ്വാസത്തിലുള്ള പങ്കുപറ്റലാണ്"(ജീവന്റെ സുവിശേഷം 39).

മനുഷ്യന് സ്വന്തമെന്ന് അവകാശപ്പെടാനുള്ളതല്ല ജീവൻ. ദൈവം ജീവന്റെ നാഥനും ദാതാവുമാണ്. മനുഷ്യൻ ജീവന്റെ സ്വീകർത്താവാണ്. ജീവന്റെ പരമമായ ഉടമസ്ഥൻ ദൈവം തന്നെ. ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യാനായി ദൈവം ജീവനെ ഭരമേല്പിച്ചിരിക്കുന്നതിൽനിന്ന് ജീവന്റെ സൂക്ഷിപ്പുകാരൻ (കാര്യസ്ഥൻ) മനുഷ്യനാണെന്നും ഉടമസ്ഥനല്ലായെന്നും വ്യക്തമാണ്.

## 2. ജീവൻ പാവനമാണ്

ജീവന്റെ പാവനതയ്ക്ക് നിദാനം അതിന്റെ ഉറവിടം ദൈവമാണെന്നതാണ്. ആരംഭം മുതൽതന്നെ ജീവൻ ദൈവസൃഷ്ടിയുമായി ഉൾചേർന്നാണ് നിലകൊള്ളുന്നത്. അതിനാൽ സ്രഷ്ടാവായ ദൈവവുമായി പ്രത്യേകബന്ധം ജീവൻ സംസ്ഥാപിച്ചിരിക്കുന്നു. മനുഷ്യജീവന്റെ ആത്യന്തിക ലക്ഷ്യവും അന്ത്യവുമായ ദൈവവുമായി അറിവോടും സ്നേഹത്തോടുംകൂടെ സൗഹാർദ്ദത്തിലാവുകയെന്നതും ജീവന്റെ വിശുദ്ധിക്ക് കാരണമാണ് (ജീവന്റെ സുവിശേഷം 38). സ്രഷ്ടാവായ ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ മാത്രമാണ് തന്റെ ഛായയും സാദൃശ്യവും പകർന്നു നല്കിയത്. ദൈവികഛായയും സാദൃശ്യവും മനുഷ്യനെ മറ്റ് ജീവജാലങ്ങളിൽനിന്ന് വേർതിരിച്ച് കാണിക്കുന്ന സവിശേഷതയാണ്. ഭൂമിയിൽ മനുഷ്യശിശുക്കൾക്ക് ജന്മം നല്കുന്നത് ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ തുടർച്ചയും പങ്കുചേരലുമാണ്. വിവാഹിതർ ശാരീരികമായി ഒന്നായിചേരുമ്പോൾ ഈ സൃഷ്ടികർമത്തിൽ പങ്കുചേർന്ന് ദാനമായ ജീവൻ സ്വീകരിച്ച് അതിനു ഭാവി തുറന്നുകൊടുക്കുന്നു. ജീവൻ വിശുദ്ധവും പാവനവുമായതിനാലാണ് അതിനെ ഹനിക്കുന്ന യാതൊന്നും ചെയ്യരുതെന്ന് മന:സാക്ഷി മന്ത്രിക്കുന്നത്.



www.malankaralibrary.com

## 3. ജീവൻ ആദരിക്കപ്പെടണം

ജീവന്റെ സൂക്ഷിപ്പുകാരനാണ് മനുഷ്യൻ. അതിനാൽ ജീവന്റെ ആരംഭനിമിഷം മുതൽ അതിനെ ആദരിക്കാൻ എല്ലാവർക്കും കടമയുണ്ട്. ലോകസൃഷ്ടികളിൽ മനുഷ്യനെ മാത്ര മാണ് ദൈവം തനിക്കായിത്തന്നെ സൃഷ്ടിച്ചത് (സഭ ആധുനികയുഗത്തിൽ). ദൈവം ജീവന്റെ നാഥനും ഉടമസ്ഥനുമാകയാൽ, മനുഷ്യന്റെ അധീനതയിലിരിക്കുന്ന ജീവനെ ഇഷ്ടമുള്ള രീതിയിൽ കൈകാര്യം ചെയ്യുവാൻ മനുഷ്യന് അധികാരമില്ല (ജീവന്റെ സുവി ശേഷം 39). മനുഷ്യജീവന് എതിരായ എല്ലാ തിന്മകളും നിശിതമായി വിമർശിക്കപ്പെടേ ണ്ടതും നിരുത്സാഹപ്പെടുത്തേണ്ടതും ശക്തിയുക്തം തടയേണ്ടതും നിരാകരിക്കേണ്ടതു മാണ്. എല്ലാ വ്യക്തികളോടും അവരുടെ ജീവിതത്തോടും സ്നേഹവും ആദരവും പ്രക ടിപ്പിക്കണമെന്ന സഭയുടെ നിർദ്ദേശം മനുഷ്യജീവൻ സംരക്ഷിക്കപ്പെടണമെന്ന ദൈവ കല്പനയുടെ സമഗ്രവും ആഴത്തിലുള്ള ഉൾക്കൊള്ളലിന്റെ പ്രതിഫലനവുമാണ്. ലോക വസ്തുക്കളിന്മേലുള്ള ദൈവത്തിന്റെ കർതൃത്വത്തിൽ പങ്കുകാരനാകാൻ, തന്റെ തന്നെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ച ദൈവം ജീവൻ സംരക്ഷിക്കാനും പോഷിപ്പിക്കാ നും സ്നേഹിക്കാനും ആദരവ് പ്രകടിപ്പിക്കാനും മനുഷ്യനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉത്തരവാദിത്വത്തോടും ശ്രേഷ്ഠതയോടുംകൂടെ കൈകാര്യം ചെയ്യാനാണ് ജീവനാകുന്ന താലന്ത് ഒരു നിധി കണക്കെ ദൈവം മനുഷ്യനെ ഏല്പിച്ചിരിക്കുന്നത്. ജീവന്റെ നാഥനായ ദൈവത്തോട് കണക്ക് ബോധിപ്പിക്കാൻ മനുഷ്യന് കടമയുണ്ട് (ജീ വന്റെ സുവിശേഷം 52).

പ്രപഞ്ചവസ്തുക്കളുടെമേൽ മനുഷ്യന് അധികാരമുണ്ടെങ്കിലും (ഉത്പ. 1:28) പ്രപ ഞ്ചവസ്തുക്കൾ (ജീവൻ ഉൾപ്പെടെ) ദുരുപയോഗിക്കാനും തന്റെ ഇഷ്ടമനുസരിച്ച് നശി പ്പിക്കാനുമുള്ള പരമമായ അധികാരവും സ്വാതന്ത്ര്യവും മനുഷ്യന് ഇല്ല. മനുഷ്യൻ എപ്പോഴും ദൈവിക നിയമങ്ങൾ, പ്രകൃതിനിയമങ്ങൾ, സാന്മാർഗിക നിയമങ്ങൾ എന്നി വയ്ക്ക് അധീനനാണ്. കാരണം, മനുഷ്യൻ പ്രപഞ്ചത്തിന്റെ കാവല്ക്കാരനും സൂക്ഷി പ്പുകാരനുമാണ്. ഉടമസ്ഥൻ ദൈവമാണ് (ജീവന്റെ സുവിശേഷം 42).

## 4. ജീവൻ അടിസ്ഥാന നന്മ-നിത്യജീവൻ പരമനന്മ

ശാരീരികജീവൻ മനുഷ്യനെ സംബന്ധിച്ചിടത്തോളം അടിസ്ഥാന നന്മയാണ്. കാരണം മനുഷ്യവ്യക്തിയുടെ ഭൗതികജീവിതത്തിൽ മറ്റ് നന്മകൾ ആർജ്ജിക്കുവാനും പോഷി പ്പിക്കുവാനും സാധിക്കണമെങ്കിൽ ജീവനാകുന്ന അടിസ്ഥാന നന്മയുണ്ടായിരിക്കണം. ഈ നന്മയുള്ളിടത്ത് മാത്രമെ മറ്റ് നന്മകൾക്ക് പ്രസക്തിയുള്ളു.

ജീവൻ അമൂല്യമാണെങ്കിലും ക്രൈസ്തവ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ശാരീ രികജീവൻ ഏറ്റവും പരമമായ നന്മയോ (Absolute good) മൂല്യമോ അല്ല. നിത്യജീവൻ നേടലാണ് ക്രൈസ്തവന് പരമമായ നന്മ. ഇതാണ് മനുഷ്യജീവിതത്തിന് പ്രസക്തി നല്കുന്നതും ഭൗതികജീവിതത്തിന്റെ ആത്യന്തികലക്ഷ്യവും. അതിനാൽ നിത്യജീവ നെന്ന പരമനന്മയുമായി തുലനം ചെയ്യുമ്പോൾ ഭൗതികജീവൻ കേവലം അടിസ്ഥാന



www.malankaralibrary.com

നന്മ മാത്രമാണ്. നിത്യജീവനാകുന്ന പരമനന്മയെ നേടാൻ അത്യാവശ്യമെങ്കിൽ അടിസ്ഥാന നന്മയായ (Basic good) ഭൗതികജീവൻ വെടിയാൻ വിരോധമില്ലെന്ന് സാരം. സ്നേഹിതനുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്നും "ആരെങ്കിലും എനിക്കുവേണ്ടിയോ സുവിശേഷത്തിനുവേണ്ടിയോ സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നു എങ്കിൽ അവൻ അതിനെ രക്ഷിക്കും" (മർക്കോസ് 8:35) എന്നും പഠിപ്പിച്ച യേശു, ആത്മബലിയർപ്പിച്ചുകൊണ്ട് മനുഷ്യന് നിത്യജീവൻ നേടിക്കൊടുത്തതും ഇക്കാരണത്താലാണ്.

## 5. ജീവനെതിരെയുള്ള വെല്ലുവിളികൾ

ദൈവം ദാനമായിതന്ന, പാവനമായ മനുഷ്യജീവൻ ആദരിക്കപ്പെടണം, സംരക്ഷിക്കപ്പെടണം, പോഷിപ്പിക്കപ്പെടണം എന്നുപറയുമ്പോൾ വിവക്ഷിക്കുന്നത് ജീവസംസ്കാരം വളർത്താൻ പ്രത്യക്ഷമായും പരോക്ഷമായും ചെയ്യേണ്ടതെല്ലാം എല്ലാവരും ചെയ്യണമെന്നാണ്. ജീവൻ നിലനിർത്താൻ ആവശ്യമായിരിക്കുന്ന എല്ലാവിധ സഹായവും പ്രോത്സാഹനവും നൽകണം. ഭക്ഷണം ആവശ്യമുള്ളവന് ഭക്ഷണം, വസ്ത്രം ആവശ്യമുള്ളവന് വസ്ത്രം, അതുപോലെ മരുന്ന്, മന:ശാസ്ത്രാധിഷ്ഠിതമായ സഹായം (Psychological help), ആത്മീയ സഹായം (Spiritual Help), സാമ്പത്തികസഹായം, സാന്നിധ്യംകൊണ്ടുള്ള സഹായം തുടങ്ങിയവ സംലഭ്യമാക്കാൻ ഓരോരുത്തരും തയാറാകണം. മനുഷ്യജീവൻ നിലനിർത്തുകയെന്നുപറഞ്ഞാൽ കേവലം ജീവശാസ്ത്രപരമായി (biological/physical) ജീവനെ നിലനിർത്തുകയെന്നു മാത്രമല്ല ഉദ്ദേശിക്കുന്നത്, പ്രത്യുത മനുഷ്യവ്യക്തിയുടെ മാഹാത്മ്യം ഉയർത്തിപ്പിടിക്കുന്ന രീതിയിൽ, മനുഷ്യോചിതമായി ജീവിക്കാൻവേണ്ട അവസ്ഥ സംജാതമാക്കുകയെന്നുമാണ്. എന്നും അപരന്റെ ഔദാര്യത്തിൻ കീഴിൽ നില്ക്കാനിടവരുത്താതെ സ്വന്തം കാലിൽ നില്ക്കാനും മനുഷ്യോചിതമായി അഭിമാനപുരസരം ജീവിക്കാനും മനുഷ്യരെ പ്രാപ്തരാക്കുന്ന സഹായ സഹകരണമാണ് പ്രതീക്ഷിക്കുന്നത്.

മനുഷ്യരുടെ ജീവനും, മാഹാത്മ്യവും ഉയർത്തിപ്പിടിക്കാൻ ഉതകുന്നവ ചെയ്യണമെന്നും ഇവയ്ക്ക് വിരുദ്ധമായവയിൽനിന്ന് പിൻതിരിയണമെന്നുമാണ് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് . മനുഷ്യജീവനും മാഹാത്മ്യത്തിനും ഹാനികരമായ ധാരാളം വെല്ലുവിളികൾ ഉണ്ട്. അവയെല്ലാം ഇവിടെ സമഗ്രമായി പ്രതിപാദിക്കുക ദുഷ്കരമാണ്. എന്നിരുന്നാലും വളരെ ശ്രദ്ധേയമായതും ഗൗരവമേറിയതുമാണ് ഭ്രൂണഹത്യ, കൊലപാതകം, ദയാവധം, ആത്മഹത്യ, ലഹരിവസ്തുക്കളുടെ ഉപയോഗം, പുകവലി, അമിതവേഗത്തിൽ വാഹനം ഓടിക്കൽ, മാലിന്യങ്ങൾ അശ്രദ്ധയോടെ തെരുവിലേക്ക് വലിച്ചെറിയൽ, പ്രകൃതിയെ അനിയന്ത്രിതമായി ചൂഷണം ചെയ്യൽ, ഭീകരപ്രവർത്തനം, യുദ്ധം, വർഗീയ ലഹള, ഗുണ്ടാപ്രവർത്തനം, വാടക കൊലപാതകം തുടങ്ങിയവ. വിശാലമായ അർത്ഥത്തിൽ പറഞ്ഞാൽ "മനുഷ്യജീവിതത്തിന് ഹാനികരമായ എന്തും നിന്ദ്യമായി പരിഗണിക്കണം. ഏതു തരത്തിലുള്ള കൊലപാതകവും വർഗവിച്ഛേദം, ഗർഭച്ഛിദ്രം, കാരുണ്യവധം, ആത്മഹത്യ എന്നിവയും ഇക്കൂട്ടത്തിൽപ്പെടുന്നു. മനുഷ്യ വ്യക്തിത്വത്തിന്റെ സമഗ്ര



www.malankaralibrary.com



തയെ നിഹനിക്കുന്ന അംഗവിച്ഛേദം, ശരീരത്തിലോ മനസിലോ ഏല്പിക്കുന്ന ദാരുണമായ വേദനകൾ, മാനസികമായി അടിച്ചമർത്താനുള്ള ശ്രമങ്ങൾ തുടങ്ങിയവയും ഇതിൽപ്പെടുന്നുണ്ട്. മനുഷ്യമാഹാത്മ്യത്തെ നശിപ്പിക്കുന്ന തെറ്റുകൾ വേറെയുമുണ്ട്. മനുഷ്യോചിതമല്ലാത്ത സാഹചര്യങ്ങൾ, അന്യായമായ ജയിൽ ശിക്ഷകൾ, നാടുകടത്തൽ, അടിമത്തം, വേശ്യാവൃത്തി, സ്ത്രീകളെയും കുഞ്ഞുങ്ങളെയും വില്ക്കൽ തുടങ്ങിയവയാണവ. മനുഷ്യസംസ്കാരത്തിലാണ് ഇവ വിഷം ചേർക്കുന്നത്. ഈ തിന്മകൾ അവ സഹിക്കുന്നവർക്കെന്നതിനെക്കാൾ അവയുടെ കർത്താക്കൾക്കാണ് കൂടുതൽ ഉപദ്രവം ചെയ്യുന്നത്. കൂടാതെ അവ സ്രഷ്ടാവിനോട് കാണിക്കുന്ന പരമനിന്ദയുമാണ്" (സഭ ആധുനികയുഗത്തിൽ 27).

**5.1 ഭ്രൂണഹത്യ**: സ്ത്രീയുടെ അണ്ഡവും പുരുഷന്റെ ബീജവും തമ്മിൽ സങ്കലനം നടക്കുന്ന നിമിഷം മുതൽ മാതാവിൽനിന്നും പിതാവിൽനിന്നും വ്യത്യസ്തവും വ്യതിരിക്തവുമായ തനതായ പാരമ്പര്യസിദ്ധിയുള്ള പുതിയ മനുഷ്യജീവൻ ഉടലെടുക്കുന്നു. ഈ മനുഷ്യജീവൻ ഗർഭധാരണത്തിന്റെ ആദ്യനിമിഷം മുതൽ ഒരു വ്യക്തിയെന്ന നിലയിൽ ആദരിക്കപ്പെടുകയും കൈകാര്യം ചെയ്യപ്പെടുകയും വേണം. അതുകൊണ്ട്, ആ നിമിഷം മുതൽ ഒരു വ്യക്തി എന്ന നിലയിൽ അതിന്റെ അവകാശങ്ങൾ അംഗീകരിക്കുകയും വേണം. ആ അവകാശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് നിഷ്കളങ്കനായ ഓരോ മനുഷ്യനും ജീവിക്കാനുള്ള അലംഘ്യമായ അവകാശമാണ്" (ജീവന്റെ ദാനം 1,1).

ഗർഭാവസ്ഥയിലായിരിക്കുന്ന, തികച്ചും നിഷ്കളങ്കനായ മനുഷ്യജീവിയെ അതിന്റെ അസ്തിത്വത്തിന്റെ പ്രാരംഭനിമിഷം മുതൽ ഏതെങ്കിലും ഘട്ടത്തിൽവച്ച് രാസപദാർത്ഥങ്ങളുടെയോ ഉപകരണങ്ങളുടെയോ സഹായത്താൽ, അതല്ലെങ്കിൽ മറ്റേതെങ്കിലും മാർഗത്തിലൂടെ മന:പൂർവം നശിപ്പിക്കുകയും ഗർഭാശയത്തിൽനിന്ന് പുറംതള്ളുകയും ചെയ്യുന്നതിനെയാണ് ഗർഭച്ഛിദ്രം/ഭ്രൂണഹത്യ എന്നു പറയുന്നത്. ഏറ്റവും കൂടുതൽ



www.malankaralibrary.com

സംരക്ഷണവും പരിഗണനയും ലഭിക്കേണ്ട സാഹചര്യത്തിൽ സംരക്ഷിക്കപ്പെടേണ്ടവരാൽതന്നെ ക്രൂരമായ രീതിയിൽ കൊലചെയ്യപ്പെടുന്നത് അതിനീചമാണ്. ജീവനെതിരെയുള്ള ഏറ്റവും ഹീനമായ  പ്രവൃത്തി ഭ്രൂണഹത്യയാണെന്നു പറയാം.

മന:പൂർവം ഗർഭച്ഛിദ്രം ചെയ്യുന്നവരും, ചെയ്യാൻ പ്രേരിപ്പിക്കുന്നവരും, ചെയ്യാൻ സഹായിക്കുന്നവരും ഗൗരവമായ തിന്മയാണ് ചെയ്യുന്നത്. മന:പൂർവം നടത്തുന്ന ഗർഭച്ഛിദ്രം ധാർമിക തിന്മയാണെന്ന് സഭ ആദ്യനൂറ്റാണ്ടുമുതൽ ഉറപ്പിച്ചു പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈ പ്രബോധനത്തിന് മാറ്റം വന്നിട്ടില്ല. മാറ്റമില്ലാത്തതായി നിലനില്ക്കുകയും ചെയ്യുന്നു. പ്രത്യക്ഷമായ ഗർഭച്ഛിദ്രം, അതായത് ലക്ഷ്യമായോ മാർഗമായോ തീരുമാനിക്കപ്പെടുന്ന ഗർഭച്ഛിദ്രം ഗൗരവപൂർണമാംവിധം ധാർമിക നിയമത്തിനെതിരാണ്.

പ്രത്യക്ഷമായ ഗർഭച്ഛിദ്രവും പരോക്ഷമായ ഗർഭച്ഛിദ്രവുമുണ്ട്. ധാർമികമായി വിലയിരുത്തുമ്പോൾ ആദ്യത്തേത് അധാർമികവും രണ്ടാമത്തേത് ധാർമികവുമാണ്. ലക്ഷ്യമായോ, ലക്ഷ്യംനേടാനുള്ള മാർഗമായിട്ടോ, മന:പൂർവം ഭ്രൂണഹത്യ ചെയ്യുന്നതാണ് പ്രത്യക്ഷമായ ഗർഭച്ഛിദ്രം. ധാർമികമായി ശരിയായ ഒരു ലക്ഷ്യം മുന്നിൽകണ്ട് ഒരു പ്രവൃത്തി ചെയ്യുമ്പോൾ ഗർഭച്ഛിദ്രം സംഭവിക്കാൻ ഇടയാകുന്നതിനെയാണ് പരോക്ഷമായ ഗർഭച്ഛിദ്രം എന്നു പറയുന്നത്. ഇവിടെ പ്രവൃത്തി ചെയ്യുന്ന വ്യക്തി ലക്ഷ്യം വയ്ക്കുന്നത് ഗർഭിണിയുടെ ജീവനെ സംരക്ഷിക്കുകയെന്നതാണ്. ഈ പ്രക്രിയയുടെ പാർശ്വഫലമായി ഭ്രൂണം നശിച്ചുപോകാൻ ഇടവരുന്നു. ഇതിനെയാണ് പരോക്ഷമായ ഗർഭച്ഛിദ്രം എന്നു പറയുന്നത്. ഉദാഹരണമായി പറഞ്ഞാൽ ഗർഭിണിയുടെ ഗർഭാശയത്തിന് ക്യാൻസർ രോഗം ഉണ്ടാകുകയും, ഉടനടി ഗർഭാശയം നീക്കം ചെയ്തില്ലെങ്കിൽ ഗർഭിണിയും ജീവക്ഷമമല്ലാത്ത ശിശുവും മരിക്കുമെന്ന് ഉറപ്പാണെങ്കിൽ അമ്മയുടെ ജീവൻ രക്ഷിക്കാനുള്ള ഏറ്റവും ഒടുവിലത്തെ മാർഗമായി ഗർഭാശയം നീക്കം ചെയ്യാം. ഇതിന്റെ പാർശ്വഫലമായി ശിശു മരണമടയുന്നു. ഇവിടെ ശിശുവിന്റെ ജീവന് അമ്മയുടെ ജീവനക്കാൾ മഹത്ത്വമോ പ്രാധാന്യമോ കുറവായതുകൊണ്ടല്ല, പ്രത്യുത ശിശുവിനെ രക്ഷിക്കാൻ സാധ്യമായ ഒരു മാർഗവും ഇല്ലാത്തതുകൊണ്ടാണ്.

**5.2 കൊലപാതകം:** ഒരു മനുഷ്യൻ ഭൂമിയിൽ ജനിച്ചുവീഴുന്ന നിമിഷം മുതൽ സ്വാഭാവികമായ മരണം സംഭവിക്കുന്നതിനുമുമ്പ് മന:പൂർവം വധിക്കപ്പെടുന്നതാണ് സോദ്ദേശ്യമായ നരഹത്യയെന്ന് വിളിക്കപ്പെടുന്നത്. "നേരിട്ടുള്ളതും മന:പൂർവവുമായ കൊലപാതകത്തെ അഞ്ചാംപ്രമാണം ഹീനവും ഗൗരവവുമായ പാപമായിക്കണ്ട് വിലക്കുന്നു. പ്രതികാരത്തിനായി സ്വർഗത്തിലേക്ക് നോക്കി നിലവിളിക്കുന്ന ഒരു പാപമാണ് കൊലയാളിയും കൊലയിൽ മന:പൂർവം സഹകരിക്കുന്നവരും ചെയ്യുന്നത്" (CCC 2268).

പണത്തിനുവേണ്ടി, വൈരാഗ്യം തീർക്കുന്നതിനുവേണ്ടി, സ്ഥാനമാനങ്ങൾക്കുവേണ്ടി, ദുരഭിമാനത്തിന്റെ പേരിൽ  മറ്റൊരാളുടെ ജീവൻ നശിപ്പിക്കുന്ന ക്രൂരകൃത്യമാണ് കൊലപാതകം. മദ്യത്തിനും മയക്കുമരുന്നിനും അടിമയായിട്ടും കാമക്രോധങ്ങളാൽ പ്രേരിതമായിട്ടും കൊലപാതകങ്ങൾ സമൂഹത്തിൽ നടക്കുന്നുണ്ട്. ജീവനെതിരായതും ദൈവഹിതത്തിന് വിരുദ്ധവുമായ ഇത്തരം പ്രവൃത്തികൾ ഉന്മൂലനം ചെയ്യാൻ പരിശ്രമിക്കേണ്ടത് ക്രൈസ്തവധർമമാണ്.



www.malankaralibrary.com

ജീവൻ പാവനമാണ്. അതിനാൽ സ്വന്തം ജീവൻ സംരക്ഷിക്കാൻ എല്ലാവർക്കും കടമയുണ്ട്. സ്വന്തം ജീവൻ അപകടാവസ്ഥയിലാകുമ്പോൾ സ്വയം പ്രതിരോധിക്കാൻ ആ വ്യക്തിക്ക് അവകാശമുണ്ട്. സ്വയം പ്രതിരോധ പ്രക്രിയയ്ക്കിടയിൽ അക്രമിയെ മാരകമായ പ്രഹരമേല്പിക്കാൻ നിർബന്ധിതനായാലും അക്രമി മരണമടയാൻ ഇടയായാലും ആ പ്രവൃത്തി കൊലപാതകമാകുന്നില്ല. അക്കാരണത്താൽ അത് ധാർമികമായി കുറ്റകരമായ പ്രവൃത്തിയുമല്ല.



**5.3 കാരുണ്യവധം/ദയാവധം :** ഗ്രീക്കുഭാഷയിലെ 'എവുത്തനേസിയ' (Euthanasia) എന്ന വാക്കിന്റെ മൂലാർത്ഥം "അന്തസുള്ള മരണം, സമാധാനപരവും മാന്യവുമായ മരണം എന്നൊക്കെയാണ്. ഈ വാക്കിനെ ആസ്പദമാക്കിയാണ് ദുസ്സഹമായ വേദനയനുഭവിക്കുന്നവരെയും മാറാരോഗികളെയും നിത്യരോഗികളെയും ശാരീരികമൊ, മാനസികമൊ ആയ വൈകല്യത്തിന്റെ പരിണിതഫലമായി ദീർഘകാലത്തെ സഹനത്തിന്റെ നീർച്ചുഴിയിൽ അകപ്പെട്ടിട്ടുള്ളവരെയും അവരുടെതന്നെയോ അതല്ലെങ്കിൽ അവരുടെ രക്ഷിതാക്കളുടെയോ അനുവാദത്തോടെയോ അല്ലാതെയോ മനഃപൂർവം മരിക്കാൻ ഇടയാക്കുന്നതിനെ ദയാവധം/ കാരുണ്യവധം എന്നുപറയുന്നു. ഇവിടെ പ്രവൃത്തി ചെയ്യുമ്പോഴും ചെയ്യേണ്ട പ്രവൃത്തി ഉപേക്ഷിക്കുമ്പോഴും ലക്ഷ്യം വയ്ക്കുന്നത് ആ മനുഷ്യവ്യക്തിയുടെ മരണമാണ്. ദൈവദാനമായ ജീവിതത്തെയും, ആദരിക്കപ്പെടേണ്ടതായ മനുഷ്യവ്യക്തിയെയും ധർമാധർമ വിവേചനയില്ലാതെ കൈകാര്യം ചെയ്യുന്നത് പരിഷ്കൃത സമൂഹത്തിന് ഒട്ടും അഭിലഷണീയമല്ല. ഇത് ദൈവത്തോടുള്ള വെല്ലുവിളിയും, ധാർമികമായി ഗൗരവമുള്ള തിന്മയുമാണ്.

വേദനയുടെയും സഹനത്തിന്റെയും കണ്ണീർക്കയത്തിൽ കഴിയുന്നവരുടെ വേദനയ്ക്ക്/ സഹനത്തിന് വിരാമമിടാനാണ് ഇത്തരം പ്രവൃത്തി ചെയ്യുന്നത്. അല്ലെങ്കിൽ ചെയ്യേണ്ടതായ പ്രവൃത്തി ഉപേക്ഷിക്കുന്നതെന്ന ന്യായീകരണം പറഞ്ഞാലും, മാറാരോഗികളും മരണാസന്നരും അറിവോടും സമ്മതത്തോടുംകൂടെ ദയാവധം ആവശ്യപ്പെട്ടതുകൊണ്ടാണ് ഇപ്രകാരം ചെയ്തതെന്ന് പറഞ്ഞാലും ദയാവധം അതിൽതന്നെ (in itself) ആത്മഹത്യയോ, കൊലപാതകമോ ആയതിനാൽ ധാർമികമായി സ്വീകരിക്കാൻ പറ്റാത്തതാണ്.



www.malankaralibrary.com

ഇത്തരത്തിലുള്ളവർ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നത് സ്നേഹവും പരിഗണനയും സ്നേഹമസൃണമായ പരിചരണവും പ്രത്യാശ ലഭിക്കുന്ന തരത്തിലുള്ള പ്രോത്സാഹന വുമാണ്. ബന്ധുക്കളുടെയും മിത്രങ്ങളുടേയും സാന്നിധ്യവും പരിചരണവും പ്രാർത്ഥ നയും അത്തരക്കാർ ആഗ്രഹിക്കുന്നു.

എന്നാൽ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവം മനസിലാക്കിയിരിക്കുന്നത് ഉദാത്ത ധാർമിക നിലവാരത്തിനും മനഃസമാധാനത്തിനും ഉതകുന്നതാണ്. "ഭാരിച്ചതും അപക ടകരവും അസാധാരണമോ അല്ലെങ്കിൽ ഉദ്ദേശിക്കുന്ന ഫലത്തോട് ആനുപാതികമല്ലാ ത്തതോ ആയ ചികിത്സാവിധികൾ നിർത്തിവയ്ക്കുന്നത് അനുവദനീയമാകാം. ചികി ത്സയിലുള്ള "അമിതാവേശം" വേണ്ടെന്നു വയ്ക്കുകയാണിവിടെ. ഇവിടെ മരണം ഉള വാക്കാൻ ഒരുവൻ ആഗ്രഹിക്കുന്നില്ല. അതിനെ തടയാനുള്ള തന്റെ കഴിവില്ലായ്മയെ അംഗീകരിക്കുക മാത്രമാണ്. രോഗിക്ക് പ്രാപ്തിയും കഴിവുമുള്ളപക്ഷം അയാൾതന്നെ യാണ് ഈ തീരുമാനങ്ങൾ എടുക്കേണ്ടത്, അല്ലെങ്കിൽ രോഗിക്കുവേണ്ടി പ്രവർത്തിക്കു വാൻ നിയമാനുസൃതമായി അവകാശമുള്ളവർ. രോഗിയുടെ യുക്തിസഹമായ ആഗ്രഹവും ന്യായമായ താത്പര്യങ്ങളും എപ്പോഴും ആദരിച്ചുകൊണ്ടാവണം ഇത്" (CCC 2278).

മരണം ആസന്നമെന്നു തോന്നിയാലും, ഒരു രോഗിക്കു നല്കേണ്ട സാധാരണ പരി ചരണം നിഷേധിക്കുന്നത് ശരിയല്ല. ഒരു ലക്ഷ്യമായോ മാർഗമായോ മരണത്തെ ആഗ്ര ഹിക്കാതെ, എന്നാൽ അനിവാര്യമായി കണ്ട് വേദനസംഹാരികളുടെ ഉപയോഗത്തെ അനുവദിക്കുക മാത്രമാണ് ചെയ്യുന്നതെങ്കിൽ, മരിക്കുന്നവരുടെ വേദനകൾ ശമിപ്പിക്കാൻ അവ ഉപയോഗിക്കുന്നത്, അവരുടെ ദിനങ്ങളെ ചുരുക്കാമെങ്കിലും, മനുഷ്യമാഹാത്മ്യ ത്തോട് ധാർമികമായി പൊരുത്തപ്പെടുന്നതാണ്. വേദന ശമിപ്പിക്കുന്നത് നിഷ്പക്ഷമായ പരസ്നേഹത്തിന്റെ ഒരു സവിശേഷരൂപമാണ്. ആ രീതിയിൽ അത് പ്രോത്സാഹിപ്പിക്ക പ്പെടേണ്ടതാണ് (CCC 2279).

ചുരുക്കത്തിൽ കാരുണ്യവധം/ദയാവധം എന്നിങ്ങനെയുള്ള ഓമനപേരുകളിൽ അറി യപ്പെടുന്നവ യഥാർത്ഥത്തിൽ കാരുണ്യവും ദയയും പ്രകടമാക്കാനല്ല, പ്രത്യുത ക്രൂര മായി അവരെ നിർമാർജനം ചെയ്യുന്നതിനുള്ള കുറുക്കുവഴികളാണ്.

**5.4 ആത്മഹത്യ/സ്വയംഹത്യ**: ദൈവമാണ് ജീവന്റെ ഉടയവൻ (ഉടമസ്ഥൻ) എന്നും മനുഷ്യരായ നാം ജീവന്റെ സൂക്ഷിപ്പുകാർ മാത്രമാണെന്നും മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. നിരാശ, മാനസിക അസ്വസ്ഥത, തീരാദുഃഖം, സാമ്പത്തിക പ്രതിസന്ധികൾ, അഭിമാന പ്രശ്നങ്ങൾ എന്നിങ്ങനെയുള്ള കാരണങ്ങളാൽ ജീവിതം ദുസ്സഹമായിരിക്കുന്നുവെന്ന ചിന്തയാൽ കരുതിക്കൂട്ടി സ്വന്തം ജീവന് വിരാമം കുറിക്കുന്നതാണ് ആത്മഹത്യയെന്നു പറയുന്നത്. സ്വന്തമായ തീരുമാനത്താൽ സ്വയം ജീവിതം നശിപ്പിക്കുന്നതാണ് ആത്മ ഹത്യ. ഇത് സ്വയം സ്നേഹത്തിനും ദൈവസ്നേഹത്തിനുമെതിരായ പ്രവൃത്തിയാണ്.

"തനിക്ക് ജീവൻ നല്കിയ ദൈവത്തോട് ഓരോരുത്തനും അതിന് ഉത്തരവാദിയാണ്. അവിടുന്നാണ് ജീവന്റെ പരമാധികാരി. അവിടുത്തെ മഹത്ത്വത്തിനും നമ്മുടെ



www.malankaralibrary.com

ആത്മാക്കളുടെ രക്ഷയ്ക്കുമായി ജീവനെ നന്ദിയോടെ സ്വീകരിച്ച് സംരക്ഷിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. ദൈവം നമ്മെ ഏല്പിച്ചിരിക്കുന്ന ജീവന്റെ സൂക്ഷിപ്പുകാരാണ് നാം, ഉടമസ്ഥരല്ല. അത് കൈവിടാൻ പാടില്ല" (CCC 2280).

"തന്റെ ജീവൻ സംരക്ഷിക്കുന്നതിനും തുടരുന്നതിനുമുള്ള മനുഷ്യന്റെ സ്വഭാവിക പ്രവണതയ്ക്കെതിരാണ് ആത്മഹത്യ. ന്യായമായ സ്വയംസ്നേഹത്തിന് തികച്ചും വിരുദ്ധമാണത്. അതുപോലെതന്നെ, അത് അയൽക്കാരനോടുള്ള സ്നേഹത്തേയും വ്രണപ്പെടുത്തുന്നു. കാരണം, നമുക്ക് തുടർന്നും കടപ്പാടുകളുള്ള കുടുംബം, രാഷ്ട്രം, അപര മനുഷ്യ സമൂഹങ്ങൾ എന്നിവയോടുള്ള ദൃഢൈക്യത്തിന്റെ ബന്ധങ്ങളെ അത് ന്യായമായി വിച്ഛേദിക്കുന്നു. ജീവിക്കുന്ന ദൈവത്തോടുള്ള സ്നേഹത്തിനും എതിരാണ് ആത്മഹത്യ" (CCC 2281).

ആത്മഹത്യ കൊടിയ പാതകമാണെന്നതിൽ തർക്കമില്ല. എന്നാൽ ആത്മഹത്യ ചെയ്തവരെല്ലാം ഒരുപോലെ ഗൗരവമേറിയ തിന്മ ചെയ്തവരാണെന്ന് അർത്ഥമില്ല. ചിലരുടെ ആത്മഹത്യയിൽ പ്രവൃത്തി ചെയ്തയാളിന് ദൈവതിരുമുമ്പാകെ അതിനുള്ള ഉത്തരവാദിത്വം കുറയാനും സാധ്യതയുണ്ട്.

ആത്മഹത്യ ധാർമിക തിന്മയാണെന്ന് പറഞ്ഞ് ഒഴിയാതെ അതിലേക്ക് ഒരുവനെ നയിക്കുന്ന കാരണങ്ങൾ സഗൗരവം പഠിച്ച് അവ നിർമാർജനം ചെയ്യാൻ ക്രൈസ്തവർക്ക് ഉത്തരവാദിത്വമുണ്ട്. ദൈവം നമുക്ക് ജീവൻ തന്നിരിക്കുന്നത് നശിപ്പിക്കാനല്ല; പോഷിപ്പിക്കാനും ദൈവഹിതാനുസരണം ജീവിച്ച് സ്വർഗപ്രാപ്തി നേടാനുമുള്ളതാണെന്ന തിരിച്ചറിവാണ് നമുക്ക് ആവശ്യമായിട്ടുള്ളത്.

**5.5 ലഹരിവസ്തുക്കളുടെ ഉപയോഗം** : കേരള സമൂഹം മദ്യം, മയക്കുമരുന്ന്, പുകവലി എന്നിവയുടെ ഉപയോഗത്തിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ പിന്നിലാക്കിയിരിക്കുന്നുവെന്നത് ഹൃദയഭേദകമായ വസ്തുതയാണ്. ഇവ മനുഷ്യന്റെ ആരോഗ്യത്തിന് ദോഷം ചെയ്യുന്നുവെന്ന് മാത്രമല്ല അവന്റെ വ്യക്തിമാഹാത്മ്യത്തെ തകർക്കുകയും ചെയ്യുന്നു. അത് വഴി ദൈവത്തിനെതിരെയും സഹോദരനെതിരെയും ചെയ്യുന്ന പാതക്കമായി ഇത് മാറുന്നു. ഇവയ്ക്ക് അടിമയാകുന്നവർ പരോക്ഷവും സാവധാനത്തിലുള്ളതുമായ ആത്മഹത്യ ചെയ്യുകയാണെന്ന് പറയാം. പുകവലി അത് ഉപയോഗിക്കുന്നവന് മാത്രമല്ല ദ്രോഹം വരുത്തുന്നത്, ചുറ്റുപാടിലുള്ളവരുടെയും ആരോഗ്യത്തെ നശിപ്പിക്കുന്നു. അക്കാരണത്താൽ ഇത് സഹോദരനെതിരായ തിന്മയുമാണ്. ഇവയ്ക്കടിമകളാകുന്നവരിൽ മഹാഭൂരിപക്ഷവും ദൈവത്തോടും സ്വകുടുംബത്തോടും സമൂഹത്തോടും തന്നോടുതന്നെയുമുള്ള കടമകൾ നിർവഹിക്കുന്നതിൽ ഗൗരവമായ വീഴ്ച വരുത്തുകയും സ്വയം നശിക്കുകയും നിരപരാധികളായവരെ ദ്രോഹിക്കുകയും ചെയ്യുന്നു.

"സംയമനം എന്ന സുകൃതം എല്ലാവിധ അമിതത്വത്തെയും-ഭക്ഷണത്തിന്റെയോ മദ്യത്തിന്റെയോ പുകവലിയുടെയോ മരുന്നിന്റെയോ ദുരുപയോഗം-പരിവർജിക്കുവാൻ നമ്മെ സഹായിക്കുന്നു. മദ്യപിച്ചോ, അമിതവേഗത്തിൽ വാഹനമോടിച്ചോ തങ്ങളുടെ തന്നെയോ മറ്റുള്ളവരുടെയോ സുരക്ഷ അപകടത്തിലാക്കുന്നവർ ഗൗരവമുള്ള കുറ്റത്തിന് ഉത്തരവാദികളാകുന്നു" (CCC 2290).



www.malankaralibrary.com

“മയക്കുമരുന്നുകളുടെ ഉപയോഗം മനുഷ്യന്റെ ആരോഗ്യത്തിനും ജീവനും വളരെ ഗൗരവമുള്ള നാശമുണ്ടാക്കുന്നു. അത്യാവശ്യമായ ചികിത്സകൾക്കല്ലാതെ അവയുടെ ഉപയോഗം ഗൗരവപൂർണമായ തെറ്റാണ്. മയക്കുമരുന്നുകളുടെ രഹസ്യമായ ഉത്പാദനവും ക്രയവിക്രയവും ഉതപ്പു നല്കുന്ന പ്രവൃത്തികളാണ്. അവ തിന്മയ്ക്കുള്ള പ്രത്യക്ഷമായ സഹകരണവുമാണ്. കാരണം, തികച്ചും ധാർമിക നിയമത്തിനെതിരായ പ്രവൃത്തികൾ ചെയ്യാൻ അവ ആളുകളെ പ്രേരിപ്പിക്കുന്നു” (CCC 2291).

ലഹരി പദാർത്ഥങ്ങൾ, പുകവലിക്കുള്ള വസ്തുക്കൾ എന്നിവ സമൂഹത്തിൽ പ്രത്യക്ഷപ്പെടുന്നത് പലപ്പോഴും നിരുപദ്രവകാരികളും ആകർഷണീയവുമായ വസ്തുക്കളായിട്ടാണ്. ഇവയുടെ നിരന്തരമായ ഉപയോഗം വൻവിപത്തിലേക്കാണ് നമ്മെ നയിക്കുന്നതെന്ന തിരിച്ചറിവ് ഉണ്ടാക്കിയെടുക്കുകയെന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്. മറ്റുള്ളവരെയും തന്നെത്തന്നെയും പ്രത്യക്ഷമായും പരോക്ഷമായും ഉപദ്രവിക്കുന്നതും ആരോഗ്യസംരക്ഷണത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നതും സംസ്കാരശൂന്യതയാണെന്ന ചിന്ത സമൂഹത്തിൽ വേരോടേണ്ടിയിരിക്കുന്നു. ഈ തിന്മകൾക്കെതിരെ പ്രബോധനത്താലും സന്മാതൃകയാലും സന്ധിയില്ലാ സമരം ചെയ്യാൻ ക്രൈസ്തവർക്ക് ഉത്തരവാദിത്വമുണ്ട്.

**5.6 ജീവനെ ഹനിക്കുന്ന സമീപനങ്ങൾ**: മുകളിൽ സൂചിപ്പിച്ചവ കൂടാതെ മനുഷ്യജീവനും മനുഷ്യമാഹാത്മ്യത്തിനും വിരുദ്ധമായ വേറെ ധാരാളം പ്രവൃത്തികളുമുണ്ട്. അമിതവേഗത്തിൽ കരയിലും വെള്ളത്തിലും ആകാശത്തും വാഹനം ഓടിക്കുന്നതുവഴി സ്വന്തം ജീവനും മറ്റുള്ളവരുടെ ജീവനും അപകടത്തിലാക്കുന്നവർ ദൈവം തന്ന ജീവനെ പക്വതയോടെ കൈകാര്യം ചെയ്യാതെ പെരുമാറുന്നതുവഴി ദൈവഹിതത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരാണ്.

കേരളം സാക്ഷരതയിലും സംസ്കാരത്തിലും മുന്നിൽ നില്ക്കുന്ന സംസ്ഥാനമെന്നായിരുന്നു നമ്മുടെ ധാരണ. ഇത് ഒരു പരിധിവരെ ശരിയാണെങ്കിലും സാക്ഷരതയ്ക്കും സാംസ്കാരിക വളർച്ചയ്ക്കും ആനുപാതികമായ ശ്രേഷ്ഠത പെരുമാറ്റത്തിലും ജീവിതശൈലിയിലും ഉണ്ടായിട്ടില്ലായെന്ന വസ്തുത നിഷേധിക്കാനാവില്ല. ഉദാഹരണമായി പറഞ്ഞാൽ മാലിന്യങ്ങൾ പൊതുനിരത്തിലേക്ക് വലിച്ചെറിഞ്ഞാലുണ്ടാകാവുന്ന ആരോഗ്യപ്രശ്നങ്ങൾ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്നവയാണ്. മാരകമായ രോഗങ്ങൾ ഉണ്ടാകാനും പകർച്ചവ്യാധികൾ പടർന്നുപിടിക്കാനും അതുവഴി അനേകായിരങ്ങളുടെ ജീവന് ഭീഷണിയുണ്ടാകാനും സാധ്യതയുണ്ട്. ഇത് ദൈവത്തിനും സഹോദരനും തന്റെ തന്നെ ജീവനുമെതിരായുള്ള നിരുത്തരവാദിത്വപരമായ പ്രവൃത്തിയുമായതിനാൽ ഗൗരവമായ തിന്മയുമാണ്. സാമൂഹികാവബോധം വർധിപ്പിച്ചുകൊണ്ട് ഇത്തരം പ്രശ്നങ്ങൾക്ക് നാം പരിഹാരം കാണണം.

ആർത്തിയും അത്യാഗ്രഹവും ആഡംബര ഭ്രമവും ഉപഭോഗതൃഷ്ണയും വർധിച്ചിരിക്കുന്ന ആധുനിക സമൂഹത്തിന് പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും മിതത്വത്തോടെ കൈകാര്യം ചെയ്യാനുള്ള വിവേകം കുറഞ്ഞുപോയിരിക്കുന്നുവെന്നുവേണം



www.malankaralibrary.com

കരുതാൻ. എല്ലാത്തിന്റെയും സ്രഷ്ടാവ് ദൈവമാണെന്നും, ദൈവം സൃഷ്ടിച്ചതെല്ലാം നന്മയാണെന്നും നമുക്കറിയാം. പ്രപഞ്ചവും പ്രകൃതി വിഭവങ്ങളും മനുഷ്യകുലത്തിന്റെ നന്മയ്ക്കുവേണ്ടിയാണെന്ന് ഉൾക്കൊള്ളാതെ ആർത്തിയും സ്വാർത്ഥതയുംമൂലം തനിക്കുവേണ്ടി മാത്രം (വരാനിരിക്കുന്ന മനുഷ്യരെ പാടെ മറന്നുകൊണ്ട്) ചൂഷണം ചെയ്യുന്നത് ധാർമികമായി തിന്മയാണെന്നുള്ള തിരിച്ചറിവ് ഇന്നത്തെ സമൂഹത്തിന് അത്യാവശ്യമാണ്. പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുമ്പോൾ പ്രകൃതിയുടെ ദാതാവിനെ തന്നെയാണ് നാം വെല്ലുവിളിക്കുന്നത്. അതുവഴി സഹോദരന്റെയും തന്റേതന്നെയും ജീവന് ഭീഷണിയുയർത്തുകയും ഭൂമിയിലെ സുഗമജീവിതം ദുസ്സഹമാക്കുകയുമാണ് ഇത്തരക്കാർ ചെയ്യുന്നത്. പ്രകൃതിയെ ആദരിക്കാനും മനുഷ്യന്റെ അത്യാവശ്യങ്ങൾ നിർവഹിക്കാനുതകുന്ന രീതിയിൽ പ്രകൃതിയെ ഉപയോഗിക്കാൻ മനുഷ്യനെ പരിശീലിപ്പിക്കുവാനും സഭയ്ക്ക് ഉത്തരവാദിത്വമുണ്ട്. മനുഷ്യരുടെ ആർത്തി പൂർത്തീകരിക്കാനുള്ളവ പ്രകൃതിയിൽ ഉണ്ടാവുകയില്ല. എന്നാൽ അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ടവ പ്രകൃതിയിൽനിന്ന് ഇന്നും സംലഭ്യമാണ്.

വർഗീയ ലഹള, ഭീകരപ്രവർത്തനം, ഗുണ്ടാവിളയാട്ടം, വാടകകൊലപാതകം എന്നിവ ആധുനിക സമൂഹത്തെ കാർന്ന് തിന്നുന്ന ക്യാൻസർ രോഗങ്ങളാണ്. വളരെയധികം പേർ ഇതിൽ പങ്കാളികളായി തങ്ങളുടെയും മറ്റുള്ളവരുടെയും ജീവിതം നശിപ്പിക്കുന്നുവെന്നത് ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യങ്ങളാണ്. മനുഷ്യജീവനോട് ഒട്ടും ആദരവ് പ്രകടിപ്പിക്കാത്ത മൃഗീയവാസനകളുടെ കേളീരംഗമായി ഇത്തരം പ്രവർത്തനങ്ങൾ മാറിക്കഴിഞ്ഞിരിക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഭൗതികജീവിത വിജയത്തിന് ആവശ്യമാണെന്ന് ചിന്തിക്കുന്ന പ്രവണതയാണ് ഏറ്റവും അപകടകരമായിരിക്കുന്നത്. കൂട്ടുത്തരവാദിത്വത്തോടെ സകല മനുഷ്യരും ഇത്തരം ഹീനകൃത്യങ്ങളെ നിരുത്സാഹപ്പെടുത്തുകയും ഉന്മൂലനം ചെയ്യുകയും വേണം. ക്രൈസ്തവ വിശ്വാസികൾക്ക് ഈ പ്രക്രിയയിൽ വലിയ പങ്ക് വഹിക്കാനുണ്ട് എന്നത് തർക്കമറ്റ കാര്യമാണ്.

രണ്ട് ലോകമഹായുദ്ധങ്ങളും പിന്നീടുണ്ടായിട്ടുള്ള ചെറുതും വലുതുമായ യുദ്ധങ്ങളും തകർത്ത് കളഞ്ഞത് ലക്ഷക്കണക്കിന് മനുഷ്യജീവിതങ്ങളാണ്. യുദ്ധത്തിന്റെ ഭീകരമായ പ്രത്യാഘാതങ്ങൾ കരളലിയിപ്പിക്കുന്ന അതിദയനീയ സത്യങ്ങളാണ്. മനുഷ്യജീവനും മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തിനും യുദ്ധം വരുത്തിവച്ച വിനകൾ അചിന്തനീയമാണ്. അതിനാൽ യുദ്ധം ഒഴിവാക്കുകയെന്നതാണ് സഭയുടെ ഉറച്ച നിലപാട്. എങ്കിലും സ്വന്തം രാജ്യത്തെ ശത്രുരാജ്യങ്ങളുടെ അന്യായമായ ആക്രമണത്തിൽനിന്ന് സംരക്ഷിക്കാൻ ന്യായമായ പ്രതിരോധം നടത്താൻ രാഷ്ട്രാധികാരികൾക്ക് ഉത്തരവാദിത്വമുണ്ട് (സഭ ആധുനികയുഗത്തിൽ -79). ശത്രുരാജ്യത്തെ കീഴടക്കുക, നശിപ്പിക്കുക എന്നതല്ല ഇവിടെ ലക്ഷ്യം വയ്ക്കുന്നത്, പ്രത്യുത സ്വന്തം രാജ്യത്തെ സുരക്ഷിതമാക്കുകയെന്നതാണ്. യുദ്ധത്തിനുള്ള ഏക ന്യായീകരണം ഇത് മാത്രമാണ്.



www.malankaralibrary.com

## ഓർമിക്കാൻ സ്വാംശീകരിക്കാൻ

- ജീവൻ ദൈവത്തിന്റെ ദാനം.
- ജീവന്റെ ഉറവിടവും ഉടമസ്ഥനും ദൈവമാണ്; മനുഷ്യൻ ജീവന്റെ സൂക്ഷിപ്പുകാരൻ മാത്രം.
- മനുഷ്യജീവൻ അതിന്റെ പ്രാരംഭ നിമിഷം മുതൽ സ്വാഭാവിക അന്ത്യംവരെ ആദരിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം.
- ജീവൻ അടിസ്ഥാന നന്മയാണ് (basic good). എന്നാൽ അത് പരമമായ നന്മയല്ല (absolute good).
- ജീവൻ ആഘോഷിക്കുവാനും ആസ്വദിക്കുവാനും പോഷിപ്പിക്കാനും ഉള്ളതാണ്. ഭൗമിക ജീവിതത്തിന്റെ ആത്യന്തികലക്ഷ്യം സ്വർഗം പ്രാപിക്കുകയാണ്.
- ജീവൻ സംരക്ഷിക്കുകയെന്ന് പറയുമ്പോൾ ആരോഗ്യം സംരക്ഷിക്കാനും മനുഷ്യോചിതമായി അന്തസായി ജീവിക്കാനും അവകാശമുണ്ടെന്ന് വിവക്ഷയുണ്ട്.
- കൊലപാതകം, ഭ്രൂണഹത്യ, ആത്മഹത്യ, ദയാവധം എന്നിവ ജീവനെതിരായ കൊടുംപാതകങ്ങളാണ്.
- മരണസംസ്കാരത്തിന് ബദലായി ജീവസംസ്കാരം വളർത്തണം.
- മനുഷ്യന്റെ അത്യാവശ്യങ്ങൾ നിർവഹിക്കാനുള്ളത് പ്രകൃതിയിലുണ്ട്; എന്നാൽ ആർത്തിക്കുള്ളവ പ്രകൃതിയിലില്ല.

***ജീവൻ ദൈവത്തിന്റെ ദാനമാകയാൽ ജീവനെതിരായ വെല്ലുവിളികളെ എപ്രകാരം നേരിടാൻ നമുക്ക് സാധിക്കുമെന്ന് ചർച്ച ചെയ്യുക.***





www.malankaralibrary.com

# യുവത്വം ദൈവത്തിനായി സമർപ്പിച്ചവർ



മനുഷ്യജീവിതത്തിൽ വിവിധ ദിക്കുകളിലേക്ക് വഴികൾ തിരിയുമ്പോൾ വിവാഹജീവിതത്തിന്റെയും കുടുംബജീവിതത്തിന്റെയും സാമ്പ്രദായിക നടപ്പുകളിൽ നിന്നു വിഭിന്നമായി ബ്രഹ്മചര്യ ജീവിതത്തിന്റെയും പൗരോഹിത്യത്തിന്റെയും സന്ന്യാസസമർപ്പണത്തിന്റെയും വഴികൾ അന്വേഷിച്ചു വരുന്നവരും ഉണ്ട്. ഈ തിരഞ്ഞെടുപ്പുകളെ സഭ അംഗീകരിച്ച് ആശീർവദിക്കുന്നു. മാത്രമല്ല, പൗരോഹിത്യം ഏഴ് കൂദാശകളിൽ ഒന്നാണ് എന്ന വസ്തുതയും ഓർക്കുക. പൗരോഹിത്യ സന്ന്യാസ ജീവിതങ്ങളുടെ വേറിട്ട കാഴ്ചകളെ പരിചയപ്പെടുത്തുകയാണ് ഈ പാഠം.

## 1. പൗരോഹിത്യം

പൗരോഹിത്യ സങ്കല്പത്തിന് മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ട്. ഋഗ്വേദത്തിലെ ഒന്നാമത്തെ ശ്ലോകം തന്നെ പൗരോഹിത്യത്തെ പരാമർശിക്കുന്നു.

ഓം അഗ്നിമീളേ പുരോഹിതം
യജ്ഞസ്യദേവമൃത്വിജം
ഹോതാരം രത്ന ധാതവം

(യജ്ഞത്തിന്റെ പുരോഹിതനും ഋത്വിക്കും ഹോതാവും സമ്പത്ത് തരുന്നവനിൽ മുമ്പനുമായ അഗ്നിദേവനെ ഞാൻ സ്തുതിക്കുന്നു). അഗ്നിയെ പുരോഹിതനായി



www.malankaralibrary.com

കാണുന്ന ഈ ആദിമസങ്കല്പം മുതൽ ഇന്നു വരെ ഭാരതത്തിൽ പുലരുന്ന പൗരോഹിത്യ സങ്കല്പത്തിന് ഒരു പൊതുഭാവമുണ്ട്. അത് പുരോഹിതൻ എന്ന വാക്കിന്റെ അർത്ഥം തന്നെ നമുക്ക് വിശദമാക്കുന്നു. പുരോ+ഹിതൻ= മുൻപിൽ പ്രതിഷ്ഠിക്കപ്പെട്ടവൻ എന്നർത്ഥം. യാഗാദികാര്യങ്ങളെ മുമ്പിൽ നിന്ന് നടത്തുവാൻ നിയോഗിതനാണ് പുരോഹിതൻ എന്ന് സാരം. ചുരുക്കത്തിൽ ജനങ്ങളുടെ മുൻപിൽ നിന്നു കൊണ്ട് ദൈവത്തിന്റെ പ്രതിപുരുഷനായി പുരോഹിതൻ സംസാരിക്കണം. ദൈവത്തിന്റെ മുമ്പിൽ നിന്ന് ജനങ്ങളുടെ പ്രതിപുരുഷനായി ബലികളർപ്പിക്കുകയും പ്രാർത്ഥനകൾ സമർപ്പിക്കുകയും ചെയ്യണം (എസെ. 44:15).

## 2. പുരോഹിതസങ്കല്പം പഴയനിയമത്തിൽ

യഹോവ പ്രത്യേകം തിരഞ്ഞെടുത്ത് "സ്വന്ത ജനമെന്ന്" പേരു വിളിച്ച ഇസ്രായേൽ ജനങ്ങളിൽ വീണ്ടും നടത്തിയ ഒരു പ്രത്യേക തിരഞ്ഞെടുപ്പിന്റെ ഫലമാണ് ലേവ്യർ എന്ന പുരോഹിതഗണം. ഇത് അവരുടെ പ്രത്യേകത കൊണ്ടല്ല, പിന്നെയോ അത് പൂർണമായ ഒരു ദൈവിക കൃപയാണ് എന്ന് വി. ഗ്രന്ഥം അനുസ്മരിപ്പിക്കുന്നു. "പൗരോഹിത്യശുശ്രൂഷ നിങ്ങൾക്കുള്ള ദാനമാണ്" (സംഖ്യ 17:7).

ദൈവം മാത്രം സമ്പാദ്യമായി സ്വയം കണക്കാക്കിയുള്ള ജീവിത സമർപ്പണമാണ് ഒരു പുരോഹിതന്റേത് എന്ന് പഴയനിയമം ആവർത്തിച്ചാവർത്തിച്ച് സമർത്ഥിക്കുന്നുണ്ട്. "ലേവ്യർക്ക് തങ്ങളുടെ സഹോദരങ്ങളോടൊത്ത് ഒരു ഓഹരിയും അവകാശവും ഇല്ല. നിന്റെ ദൈവമായ കർത്താവ് അരുളിച്ചെയ്തതുപോലെ അവിടുന്നാണ് അവരുടെ അവകാശം" (നിയമാ. 10:9). ഇതേ കാര്യം തന്നെ പല തവണ പഴയനിയമം ആവർത്തിക്കുന്നുണ്ട് (നിയമാ. 18:1-2, സംഖ്യ 18:7, 18:20, എസെ. 44:28).

പുരോഹിതന്റെ ധർമങ്ങളെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ അവന് നല്കപ്പെട്ടു. ദേവാലയത്തിനുള്ളിൽ പുരോഹിതൻ അനുഷ്ഠിക്കേണ്ട കർമങ്ങളുടെ വളരെ വിശേഷമായ അനുശാസനം സംഖ്യയുടെ പുസ്തകത്തിലും, നിയമാവർത്തന പുസ്തകത്തിലും കാണുന്നു. എന്നാൽ പുരോഹിതധർമം ആചാരാനുഷ്ഠാനങ്ങളിൽ കുടുങ്ങി വെറും കർമികളായിപ്പോകാതിരിക്കാൻ ഉള്ള മുൻകരുതലും വി. ഗ്രന്ഥത്തിൽ കാണാം. "അവർ ദൈവജനത്തിന് സേവനം ചെയ്യാൻ ചുമതലപ്പെട്ടവരാണ്" (എസെ. 44:11) എന്നനുസ്മരിപ്പിച്ചുകൊണ്ട് പൗരോഹിത്യത്തിന്റെ സേവനധർമം പഴയനിയമം ഉയർത്തിക്കാട്ടുന്നു. എന്നാൽ മനുഷ്യസേവനം മാത്രമല്ല, ദൈവശുശ്രൂഷയും ഇതിന്റെ ഭാഗമാണ്. "ലേവ്യപുരോഹിതന്മാർ എന്റെ അടുക്കൽ വന്ന് എന്നെ ശുശ്രൂഷിക്കണം" (എസെ. 44:15). അവർ ജനങ്ങളെ വിവേകത്തിലും ജ്ഞാനത്തിലും വളർത്തേണ്ടവരാണ്. "വിശുദ്ധവും വിശുദ്ധമല്ലാത്തതും തമ്മിലുള്ള വ്യത്യാസം അവർ എന്റെ ജനത്തെ പഠിപ്പിക്കുകയും എപ്രകാരമാണ് അത് വേർതിരിച്ചറിയേണ്ടത് എന്ന് അവർക്ക് കാണിച്ചു കൊടുക്കുകയും ചെയ്യണം" (എസെ. 44:23). പുരോഹിതൻ ജനങ്ങളുടെ മധ്യേ ഉത്തമനായ ന്യായാധിപനും ആണ്. "തർക്കത്തിൽ അവർ വിധികർത്താക്കളായിരിക്കണം. എന്റെ വിധികളനുസരിച്ചായിരിക്കണം അവർ വിധിക്കേണ്ടത്" (എസെ.44:24).



www.malankaralibrary.com

ശ്രേഷ്ഠമായ ഈ ധർമങ്ങൾ അനുഷ്ഠിക്കാൻ തക്കവിധം ജ്ഞാനം സമ്പാദിക്കാൻ പുരോഹിതന് കടമയുണ്ട്. എന്നാൽ സ്വന്തം ജ്ഞാനമല്ല അവൻ പങ്കു വയ്ക്കേണ്ടത് ദൈവത്തിന്റെ മനസും അറിവുമാണ്. കാരണം കർത്താവിന്റെ പ്രതിനിധി അല്ലെങ്കിൽ ദൂതനാണവൻ. ദൂതന് ദൂത് പറയാനല്ലാതെ സ്വന്തമായ അഭിപ്രായം പറയാനുള്ള അവകാശമില്ല. "പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം. ജനം പ്രബോധനം തേടി അവനെ സമീപിക്കണം. അവൻ സൈന്യങ്ങളുടെ കർത്താവിന്റെ ദൂതനാണ്" (മലാ. 2:7).

പഴയനിയമം നമ്മുടെ മുമ്പിൽ ചിത്രീകരിക്കുന്ന ഈ പുരോഹിത സങ്കല്പമനുസരിച്ച് പുരോഹിതൻ ദൈവികശുശ്രൂഷ ചെയ്യുവാനും ദൈവത്തിന്റെ പ്രതിനിധിയായി ജനങ്ങളുടെ മുമ്പാകെ നില്ക്കുവാനും ജനങ്ങളോട് ദൈവഹിതം വ്യാഖ്യാനിക്കുവാനും ദൈവത്തിന്റെ മുമ്പാകെ ജനങ്ങൾക്ക് വേണ്ടി മാധ്യസ്ഥം വഹിച്ച് നില്ക്കുവാനും പ്രാർത്ഥിക്കുവാനും  ബലികൾ അർപ്പിക്കുവാനും അവരെ നയിക്കുവാനും നിയോഗിതനായവനാണ്. അതുകൊണ്ട് പഴയനിയമത്തിൽ ദൈവം ഈ ധർമങ്ങൾ നല്കി നിയോഗിച്ച നേതാക്കന്മാർ, പ്രവാചകന്മാർ, രാജാക്കന്മാർ, പുരോഹിതന്മാർ ഇവരിലെല്ലാം ഈ പുരോഹിതധർമം പുലരുന്നതായി നാം കാണുന്നു.

നമ്മുടെ ആരാധനാക്രമത്തിൽ മോശയെ, "ആദ്യാചാര്യൻ" എന്ന പദവി നല്കി സംബോധന ചെയ്യപ്പെടുന്നു. മോശ, അഹറോൻ, സാമുവൽ, ദാവീദ്, ഏലിയ, ഏലീശാ തുടങ്ങി സഖറിയാ പ്രവാചകൻ വരെയുള്ളവർ ഇപ്രകാരം ദൈവത്തിന്റെയും, മനുഷ്യരുടെയും മുൻപിൽ നിന്ന് വിവിധ ശുശ്രൂഷകൾ നടത്തുവാൻ നിയോഗിക്കപ്പെട്ടവരായതിനാൽ ഇവരിലെല്ലാം പൗരോഹിത്യധർമം കുടികൊണ്ടിരുന്നു എന്ന് കാണാം. എന്നാൽ ദേവാലയശുശ്രൂഷയ്ക്കായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരായ ലേവ്യർ എന്ന പുരോഹിതഗണം പ്രത്യേകം പരാമർശിക്കപ്പെടേണ്ടവർ തന്നെ. പഴയനിയമം പലവുരു ആവർത്തിക്കുന്നതുപോലെ അവർ "ദൈവം മാത്രം ഓഹരിയും  അവകാശവും ആയിട്ടുള്ള" (നിയമാ. 10:9) പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരാണ്. പഴയനിയമത്തിൽ പൗരോഹിത്യം വെറും കർമാനുഷ്ഠാനമായി തരംതാണപ്പോൾ അതിന്റെ വിശുദ്ധി കളങ്കപ്പെട്ടു. രക്ഷകനായ ക്രിസ്തുവിന്റെ വരവ്, ഈ പൗരോഹിത്യത്തെ പിന്നീട് പുനർനിർവചിക്കയും, അതിന്റെ വിശുദ്ധി വീണ്ടും കണ്ടെത്തി, പൂർവാധികം ശോഭയോടെ പുനഃപ്രതിഷ്ഠിക്കയും ചെയ്യുന്നു.

## 3. പൗരോഹിത്യം പുതിയ നിയമത്തിൽ

യേശുവിനെ മഹാപുരോഹിതനും നിത്യപുരോഹിതനും ശ്രേഷ്ഠപുരോഹിതനും ഒക്കെ ആയിട്ടാണ് വി. ഗ്രന്ഥവും ചരിത്രവും സഭയുടെ വിശ്വാസവും കാണുന്നത്. സ്വന്തം നിത്യപൗരോഹിത്യത്താൽ യേശു പുരോഹിതധർമത്തെ വിശുദ്ധീകരിക്കയും വിശുദ്ധിയിൽ പുനഃപ്രതിഷ്ഠിക്കയും ചെയ്തു. അതുകൊണ്ടുതന്നെ സഭയിൽ ഇന്നുള്ള എല്ലാ പുരോഹിതരും, നിത്യപുരോഹിതനായ യേശുവിന്റെ പൗരോഹിത്യത്തിലാണ് പങ്കുചേരുന്നത്.



www.malankaralibrary.com

യേശുവെന്ന നിത്യപുരോഹിതന്റെ പൗരോഹിത്യത്തിന് വളരെയേറെ പ്രത്യേകതകൾ ഉണ്ട്. “മുൻകാലങ്ങളിൽ അനേകം പുരോഹിതന്മാരുണ്ടായിരുന്നു. എന്നാൽ ശുശ്രൂഷയിൽ തുടരുവാൻ മരണം അവരെ അനുവദിച്ചില്ല. യേശുവാകട്ടെ എന്നേക്കും നിലനില്ക്കുന്നതുകൊണ്ട് അവന്റെ പൗരോഹിത്യം കൈമാറപ്പെടുന്നില്ല” (ഹെബ്രാ. 7:23-24). അതിനാൽ യേശു നിത്യപുരോഹിതനായി അറിയപ്പെടുന്നു. ഇന്നും ആ നിത്യപുരോഹിതൻ “സ്വർഗത്തിൽ മഹിമയുടെ സിംഹാസനത്തിൽ വലത്തുഭാഗത്തിരിക്കുന്ന ഒരു പ്രധാനാചാര്യനായി” (ഹെബ്രാ. 8:1) നമുക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. യേശുവിനു മുൻപുണ്ടായിരുന്ന പുരോഹിതർ ബലിമൃഗങ്ങളോ, മറ്റ് വസ്തുക്കളോ ബലിയായി അർപ്പിച്ചിരുന്നു. എന്നാൽ യേശു അർപ്പിച്ച പൂർണബലി വളരെ വ്യത്യസ്തമാണ്. “അവൻ തന്നെത്തന്നെ അർപ്പിച്ചുകൊണ്ട്, എന്നേക്കുമായി ഒരിക്കൽ ബലിയർപ്പിച്ചിരിക്കുന്നു” (ഹെബ്രാ. 7:23). “സ്വന്തരക്തത്തിലൂടെ” (ഹെബ്രാ. 9:12) “തന്നെത്തന്നെ സമർപ്പിച്ച്” (ഹെബ്രാ. 9:14) ക്രിസ്തുവിൽ ബലിവസ്തുവും ബലിയർപ്പകനും ഒന്നായി. പൗരോഹിത്യം അങ്ങനെ യേശുവിൽ, പൂർണമാവുകയായിരുന്നു. ഈ പൗരോഹിത്യത്തിൽ പങ്കുചേരുവാനാണ് ഇന്നത്തെ പുരോഹിതനെ യേശു ക്ഷണിക്കുന്നത്. സഭയെ ഈ അടിസ്ഥാനത്തിൽ പണിതുയർത്താനാണ് യേശു ആഗ്രഹിച്ചതും. “അപ്പസ്തോലന്മാരും, പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ. ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവും” (എഫേ. 3:20).

ഇന്നത്തെ ക്രിസ്തീയ പൗരോഹിത്യത്തിലെ ആദ്യജാതന്മാരാണ് അപ്പസ്തോലന്മാർ. യേശു നേരിട്ടു വിളിച്ച്, തിരഞ്ഞെടുത്ത് വിശുദ്ധീകരിച്ച്, അയച്ചവർ ആണ് ഇവർ. “പിന്നെ അവൻ മലമുകളിലേക്ക് കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു. അവർ അവന്റെ സമീപത്തേക്ക് ചെന്നു. തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നല്കുന്നതിനുമായി അവൻ പന്ത്രണ്ട് പേരെ നിയോഗിച്ചു” (മർക്കോ. 3:13-15). പുതിയനിയമ പൗരോഹിത്യത്തിൽ പഠിപ്പിക്കുവാനും വിശുദ്ധീകരിക്കുവാനും നയിക്കുവാനും ഉള്ള അധികാരം യേശു ശിഷ്യന്മാർക്ക് നല്കി അയയ്ക്കുമ്പോൾ (മത്താ. 10:1, മർക്കോ. 6:7, ലൂക്കാ 9:1-2) നാം കാണുന്നത് പഴയനിയമത്തിൽ കാണുന്ന പൗരോഹിത്യധർമത്തിന്റെ തുടർച്ചയാണ്. കൂടാതെ അതിന്റെ ആധ്യാത്മികതയിലും പഴയനിയമത്തിന്റെ തുടർച്ച നാം കാണുന്നു. പഴയനിയമത്തിൽ “പുരോഹിതന് ദൈവം മാത്രമാണ് ഓഹരിയും അവകാശവും” (നിയമാ. 10:9) എന്ന് നാം കണ്ടു. ഈ ആധ്യാത്മികതയുടെയും പിന്തുടർച്ചക്കാരാണ് പുതിയനിയമത്തിലെ പുരോഹിതരും. “നിങ്ങളുടെ അരപ്പട്ടയിൽ സ്വർണമോ വെള്ളിയോ ചെമ്പോ കരുതരുത്. യാത്രയ്ക്ക് രണ്ടുടുപ്പുകളോ ചെരിപ്പോ വടിയോ കൊണ്ടുപോകരുത്” (മത്താ. 10:9-10, മർക്കോ. 6:8-9, ലൂക്കാ 9:3) എന്നുള്ള യേശുവിന്റെ അനുശാസനം പഴയനിയമത്തിലെ ആധ്യാത്മികതയുടെ തുടർച്ച തന്നെയാണ്. അതിന്റെ കാരണവും യേശു തന്റെ പ്രബോധനത്തിൽ പറയുന്നുണ്ട്: എന്തെന്നാൽ “നിങ്ങളുടെ നിക്ഷേപം എവിടെയായിരിക്കുമോ, അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും” (മത്താ. 6:21).



www.malankaralibrary.com



## 4. പുതിയനിയമ പൗരോഹിത്യത്തിന്റെ പ്രത്യേകത

പുതിയനിയമത്തിൽ യേശു തുടങ്ങിവയ്ക്കുന്ന പുരോഹിതസങ്കല്പം, പഴയനിയമത്തിലെ പൗരോഹിത്യത്തിന്റെ തനിയാവർത്തനമാണ് എന്ന് വിവക്ഷയില്ല. കാരണം, യേശുവിന്റെ പൗരോഹിത്യം പഴയനിയമത്തിലേതിൽ നിന്ന് ബഹുദൂരം മുന്നോട്ട് പോകുകയും കാളക്കിടാങ്ങളുടെയും, കോലാട്ടിൻ കുട്ടികളുടെയും രക്തരൂഷിതമായ ബലിയർപ്പണങ്ങൾക്ക് പകരം തന്നെത്തന്നെ ഗോഗുൽത്തായിലെ കുരിശിൽ ബലിയർപ്പിച്ച് എല്ലാ ബലികളെയും പൂർണമാക്കുകയും മാനവരാശിക്ക് പൂർണമായ രക്ഷ സാധ്യമാക്കുകയും ചെയ്തു. വി. കുർബാനയുടെ സ്ഥാപനം വഴിയായി പുതിയ ബലി സങ്കല്പവും, യേശുവെന്നെ നിത്യപുരോഹിതന്റെ ആത്മബലിയുടെ ഓർമ പുതുക്കലും സ്ഥാപിക്കുകയും ചെയ്തു. ക്രിസ്തുശിഷ്യന്മാർ എന്ന നവപുരോഹിതഗണം ഈ ഓർമയാചരണത്തിലൂടെ യേശുവിന്റെ ബലിയുടെ അനുസ്മരണം അനവരതം സഭയിൽ നിർവഹിച്ചുകൊണ്ടേയിരിക്കുന്നു.

യേശുവിനെപ്പോലെ സ്വയം ബലിയാകുവാനും ബലിവസ്തുവാകാനും ബലിയർപ്പകനാകുവാനുമുള്ള വിളിയാണ് അവർക്ക് ലഭിച്ചിരിക്കുന്നത്. “അവരും സത്യത്തിൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധികരിക്കുന്നു” (യോഹ. 17:19) എന്നരുളിച്ചെയ്ത യേശുവിനെപ്പോലെ സ്വയംവിശുദ്ധീകരണത്തിലൂടെ സഭയെയും ലോകത്തെയും നിരന്തരം വിശുദ്ധീകരിക്കുക എന്നതാണ് ഇന്നത്തെ പുരോഹിതന്റെ ധർമം. അതുകൊണ്ട് ഈ ജീവിതാവസ്ഥയിലേക്ക് കടന്നു വരുന്നവർ ഉത്തമ യോഗ്യതകളും ബോധ്യങ്ങളും ഉള്ളവരായിരിക്കണം (2 തിമോ. 2:24). അതിനാൽ



www.malankaralibrary.com

“ആർക്കെങ്കിലും കൈവയ്പ് നല്കുന്നതിൽ തിടുക്കം കൂട്ടരുത്” എന്ന് വി. പൗലോസ് ശ്ലീഹാ തിമോത്തെയോസിനെ ഉപദേശിക്കുന്നു (1 തിമോ. 5:22). യേശു ശിഷ്യന്മാർക്ക് നല്കിയ കൈവയ്പ് (ലൂക്കാ 24:50) പിന്നീട് അപ്പസ്തോല സമൂഹത്തിലൂടെ തുടരുന്നതായി (അപ്പ. 6:6) ബൈബിൾ തന്നെ സാക്ഷിക്കുന്നു. പഴയനിയമകാലത്തെ പുരോഹിതന്മാർ തന്നെ യേശുവിലുള്ള വിശ്വാസം സ്വീകരിച്ച് പുതിയനിയമത്തിന്റെ പുരോഹിതരാകുകയും ചെയ്യുന്നതായി (അപ്പ. 6:7) നാം ബൈബിളിൽ കാണുന്നു.

“നിങ്ങളിൽ ഒന്നാമനാകുവാൻ ആഗ്രഹിക്കുന്നവൻ അവസാനത്തവനും, എല്ലാവരുടെയും ശുശ്രൂഷകനും ആകണം” (മർക്കോ. 9:35) എന്ന എളിമയുടെയും സ്നേഹത്തിന്റെയും ലാളിത്യത്തിന്റേതുമായ ഒരു പുതിയ അധികാരസങ്കല്പം തന്റെ ശിഷ്യരുടെ പൗരോഹിത്യസങ്കല്പത്തോട് യേശു ചേർത്ത് വയ്ക്കുന്നു. സഭയിൽ കൈവയ്പു വഴി യേശുവിന്റെ പരിശുദ്ധാത്മാവിനാൽ അഭിഷേചിക്കപ്പെടുന്ന ഇന്നത്തെ പുരോഹിതരുടെ ആധികാരികത, അവർ യേശു എന്ന നിത്യപുരോഹിതനോട് ചേർന്നുനില്ക്കുന്നു എന്നതിൽ മാത്രമാണ്.

## 5. സന്ന്യാസജീവിതം

സഭയിൽ പൗരോഹിത്യജീവിതത്തിന് സമാന്തരമായി മറ്റ് പല സമർപ്പിത ജീവിതക്രമങ്ങളുമുണ്ട് . അവയെ പൊതുവായി സന്ന്യാസജീവിതം എന്ന് പറയാം. ഭാരതീയരായ നമ്മെ സംബന്ധിച്ചിടത്തോളം സന്ന്യാസം എന്ന വാക്ക് ഒട്ടും അപരിചിതമല്ല. സന്ന്യാസം = സം + ന്യാസം, അതായത് സമ്യക്കായ ന്യാസം, അഥവാ പരിപൂർണമായ ത്യാഗം എന്നാണർത്ഥം. സാമ്പ്രദായിക സങ്കല്പമനുസരിച്ച് ചതുരാശ്രമങ്ങളിൽ നാലാമത്തെതാണ് സന്ന്യാസം (ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം). എന്നാൽ ആദ്യത്തെ മൂന്ന് അവസ്ഥകളിൽ കൂടി കടന്നുപോകാതെ നാലാമത്തെ അവസ്ഥയായ സന്ന്യാസത്തിലേക്ക് നേരിട്ട് പ്രവേശിച്ചവരും (വിദ്വത്സന്ന്യാസം) ഉണ്ട്. ആത്മീയമായ അന്വേഷണത്തിന്റെ പരമകാഷ്ഠയിലൂടെ ഈശ്വരപ്രാപ്തിക്കായി എല്ലാമുപേക്ഷിച്ച ഭാരതീയ സന്ന്യാസികളെപ്പോലെ തന്നെ തിരുസഭയിൽ സമർപ്പിതജീവിതക്കാരും ഉണ്ട്.

ആദിമസഭ ധാരാളം പീഡനങ്ങളിലൂടെയും സഹനങ്ങളിലൂടെയും കടന്നു പൊയ്ക്കൊണ്ടിരുന്നപ്പോൾ രക്തസാക്ഷിത്വമരണം സാധാരണമായിരുന്നു. യേശുവിനുവേണ്ടി രക്തസാക്ഷിത്വമരണം വരിക്കുക ആദിമ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം അഭിമാനകരമായിരുന്നു. എന്നാൽ എ.ഡി. 312-ൽ കോൺസ്റ്റന്റൈൻ ചക്രവർത്തി മാനസാന്തരപ്പെട്ട് ക്രിസ്തുമതം സ്വീകരിച്ചതോടെ, സഭയുടെ പീഡനകാലം അവസാനിച്ചു. ക്രിസ്ത്യാനികളും സമൂഹത്തിന്റെ മുഖ്യധാരയിലായി. മാത്രമല്ല, അംഗീകൃതമതം എന്ന നിലയിൽ പെട്ടെന്ന് വളർച്ച പ്രാപിക്കുകയും ചെയ്തു. അങ്ങനെ വന്നപ്പോൾ സഭയിൽ രക്തസാക്ഷിത്വത്തിന് അവസരം പാടെ ഇല്ലാതായി.

ഈ സാഹചര്യത്തിൽ യേശുവിനെ സ്വന്തമാക്കാൻ വിശുദ്ധിയിലും പ്രാർത്ഥനയിലും തപസിലും നിരന്തരം മുഴുകി ജീവിക്കുവാൻ ധാരാളം വ്യക്തികൾ മുന്നിട്ടിറങ്ങി. ജീവിതത്തിന്റെ എല്ലാ സുഖങ്ങളും ലൗകികമായ നേട്ടങ്ങളും ലോകത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന



www.malankaralibrary.com

സുഖമോഹങ്ങളും അവർ ഉപേക്ഷിച്ചു. ചരിത്രത്തിൽ പിന്നീട് ഇത് “ധവളരക്തസാക്ഷിത്വം” (White Martyrdom) എന്ന പേരിൽ അറിയപ്പെട്ടു. രക്തം ചിന്താതെയുള്ള ജീവിതബലിയാണിത്. പൗരസ്ത്യസഭയിലും പാശ്ചാത്യസഭയിലും ഈ ജീവിതശൈലി ഒരുപോലെ വളർന്നു വന്നു. ചിലർ ഏകാന്തജീവിതം തിരഞ്ഞെടുത്തു എങ്കിൽ ചിലർ സമൂഹമായി ജീവിക്കുന്നതിനാണ് ഇഷ്ടപ്പെട്ടത്. ജീവിതശൈലികളിൽ വ്യത്യാസമുണ്ടായിരുന്നു എങ്കിലും സഭയുടെ ആധ്യാത്മിക സ്രോതസായി ഇവർ മാറി.

പിന്നീട് ചരിത്രത്തിൽ എപ്പോഴൊക്കെ സഭയ്ക്ക് തളർച്ചയും പാളിച്ചയും പറ്റിയോ, അപ്പോഴൊക്കെ സഭയെ ഈ ജീർണാവസ്ഥകളിൽ നിന്ന് രക്ഷിക്കാൻ ദൈവം ചില വ്യക്തികളെ വിളിച്ച് നിയോഗിച്ചു. അവർ സ്ഥാപിച്ച സന്ന്യാസസമൂഹങ്ങളാണ് സഭയെ എപ്പോഴും നിലനിർത്തിയതും ആധ്യാത്മിക പാപ്പരത്വത്തിൽ നിന്ന് രക്ഷിച്ചതും. അസീസിയിലെ വി. ഫ്രാൻസിസും ഇഗ്നേഷ്യസ് ലെയോളയും ക്ലാര പുണ്യവതിയും ചാവറ കുര്യാക്കോസ് ഏലിയാസച്ചനും ഒക്കെ ചില ഉദാഹരണങ്ങൾ മാത്രം. മലങ്കര കത്തോലിക്കാസഭയുടെ ചരിത്രവും ഇതിൽ നിന്ന് വ്യത്യസ്തമല്ല. മലങ്കര സഭ വ്യവഹാരങ്ങളിലും കക്ഷിവഴക്കുകളിലും ആമഗ്നമായി കോടതി വരാന്തകളിൽ കാലം ചെലവഴിച്ചപ്പോൾ നമ്മുടെ സഭയുടെ ആധ്യാത്മിക ഓജസ് നഷ്ടമായി. അപ്പോൾ ദൈവം തിരഞ്ഞെടുത്ത ഫാ. പി. റ്റി. ഗീവർഗ്ഗീസ് (പില്ക്കാലത്ത് ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്) എന്ന വ്യക്തിയിലൂടെയാണ് മലങ്കരയിൽ സന്ന്യാസപ്രസ്ഥാനം ഒരു ശക്തിയായി വളർന്നത്. അദ്ദേഹം പുരുഷന്മാർക്കായി ബഥനി ആശ്രമം എന്ന പേരിലും, സ്ത്രീകൾക്കായി ബഥനി മഠം എന്ന പേരിലും രണ്ട് സന്ന്യാസപ്രസ്ഥാനങ്ങൾ ആരംഭിച്ചു. മലങ്കര സഭയുടെ നഷ്ടപ്പെട്ടുപോയ ആധ്യാത്മികതേജസ് വീണ്ടെടുക്കാൻ ബഥനിക്ക് സാധിച്ചു. പിന്നീട് ബഥനി പുനരൈക്യപ്രസ്ഥാനത്തിന്റെ പിള്ളത്തൊട്ടിലായി മാറി.

ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസിന്റെ സ്വാധീനത്തിൽ, ഭാഗ്യസ്മരണാർഹനായ പെ. ബഹു. മോൺ. കുഴിഞ്ഞാലിലച്ചൻ സ്ത്രീകൾക്കായി “മേരിമക്കൾ സന്ന്യാസസമൂഹം” സ്ഥാപിക്കുകയുണ്ടായി. പൗരോഹിത്യജീവിതവും സന്ന്യാസജീവിതവും ദൈവശുശ്രൂഷയ്ക്കായും, ജനങ്ങളുടെ സേവനത്തിനായും വേർതിരിക്കപ്പെട്ടതാണ് എങ്കിലും സന്ന്യാസജീവിതം വ്രതത്രയമായ അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നിവയാൽ ബന്ധിതമാണ്.

ഈ മൂന്ന് വ്രതങ്ങളെപ്പറ്റിയും പരക്കെ ഉള്ള ഒരു തെറ്റിദ്ധാരണ ഈ വ്രതങ്ങൾ ഒരു വ്യക്തിയുടെ ജീവിതത്തിൽ എന്തൊക്കെയൊ നഷ്ടപ്പെടുത്തുന്നു എന്ന നിഷേധാത്മക (Negative) ധാരണയാണ്. എന്നാൽ ഈ വ്രതങ്ങൾ നടത്തുന്ന ഉപേക്ഷ, ഉപേക്ഷയ്ക്കു വേണ്ടിയുള്ള ഉപേക്ഷ അല്ല, മറിച്ച് വലിയ ഒരു സമ്പത്ത് സ്വന്തമാക്കാൻ ചെറിയ ഒന്നിനെ ഉപേക്ഷിക്കുന്ന ഭാവാത്മകമായ ഉപേക്ഷയാണ്. യേശുവിന്റെ ഉപമയിൽ കാണുന്നപ്പോലെ ഒരു വലിയ നിധി കണ്ടെത്തിയ മനുഷ്യൻ തനിക്കുള്ളതെല്ലാം വിറ്റ് നിധി ഒളിഞ്ഞിരിക്കുന്ന വയൽ വാങ്ങിയതുപോലെയുള്ള ഒരു സമീപനമാണിത്.



www.malankaralibrary.com

### 5.1 അനുസരണവ്രതം

സ്വന്തം ഹിതത്തെ ഉപേക്ഷിച്ച് കൊണ്ട് ആ സ്ഥാനത്ത് ദൈവഹിതത്തെ പ്രതിഷ്ഠിക്കുന്ന ജീവിതനിലപാടാണിത്. “സന്ന്യാസിക്ക് യേശു മാത്രം ജീവിത നിയമവും നിയമപാലനശക്തിയും ആയിരിക്കണം” (ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്). ഈ ദൈവഹിതം അധികാരികളിലൂടെയും വി. ലിഖിതത്തിലൂടെയും സഭാനിയമങ്ങളിലൂടെയും നിരന്തരം വെളിപ്പെടുന്നു എന്ന തിരിച്ചറിവിൽ സ്നേഹപൂർണമായ ഒരു അനുസരണവും വിധേയപ്പെടലുമാണ് അനുസരണവ്രതത്തിൽ സംഭവിക്കുന്നത്. അല്ലാതെ ഒരു അടിമയ്ക്ക് യജമാനനോടുള്ള ദാസ്യമനോഭാവമല്ലിത്. യേശുവിനോടുള്ള സ്നേഹമാണ് ഇതിന്റെ പ്രേരകശക്തി.

### 5.2 ബ്രഹ്മചര്യവ്രതം

ഒരു വ്യക്തിയിലോ കുടുംബത്തിലോ സ്വന്തം സ്നേഹജീവിതത്തെ തളച്ചിടാതെ ലോകത്തെ മുഴുവൻ യേശുവിൽ സ്നേഹിക്കുന്ന ജീവിതരീതിയാണ് ബ്രഹ്മചര്യം. ചുരുക്കത്തിൽ ഈ വ്രതവും ഒരു കേവല ഉപേക്ഷയല്ല, മറിച്ച് വലിയ ഒന്നിനെ സ്വന്തമാക്കുന്ന പ്രക്രിയയാണ്.

“സന്ന്യാസിക്ക് ദൈവം മാത്രം സ്നേഹഭാജനവും പരമാനന്ദവും ആയിരിക്കണം” (ദൈവദാസൻ മാർ ഈവാനിയോസ്).

ഈ വ്രതം വഴിയായി ശരീരത്തെയും മനസിനെയും രാഗങ്ങളെയും ശുദ്ധീകരിച്ച് ലോകത്തെ മുഴുവൻ ഉദാത്തമായ ക്രിസ്തീയ സ്നേഹത്തിൽ ഒന്നിപ്പിക്കുവാൻ സന്ന്യാസിക്ക് കഴിയുന്നു.

### 5.3 ദാരിദ്ര്യവ്രതം

ഈ ലോകത്തിന്റെ നശിച്ചുപോകുന്ന സമ്പത്തിൽ ആശ്രയിക്കാതെ നിത്യമായ സമ്പത്തിനെ ഉന്നം വച്ചുള്ള ജീവിതക്രമമാണ് ദാരിദ്ര്യവ്രതത്തിലൂടെ സന്ന്യാസി ലക്ഷ്യമാക്കുന്നത്.

“സന്ന്യാസിക്ക് ദൈവം മാത്രം നിക്ഷേപവും സമ്പാദ്യവുമായിരിക്കണം. ദൈവം സമ്പാദ്യമായുള്ളപ്പോൾ മറ്റെന്തെങ്കിലും കൂടി വേണം എന്നാഗ്രഹിക്കുന്നവൻ അത്യാഗ്രഹിയാകുന്നു” (ദൈവദാസൻ മാർ ഈവാനിയോസ്).

ദാരിദ്ര്യവ്രതം വഴിയായി സന്ന്യാസി യഥാർത്ഥ സമ്പത്താകുന്ന ദൈവത്തെത്തന്നെ സ്വന്തമാക്കാനുള്ള തീവ്രയത്നത്തിലാണ്.

സന്ന്യാസജീവിതം ലോകത്തിൽ നിന്നുള്ള ഒളിച്ചോടലോ നിസ്സംഗതയോ അല്ല. മറിച്ച് മാർ ഈവാനിയോസ് തിരുമേനിയുടെ ഭാഷയിൽ പറഞ്ഞാൽ “ഈ ലോകത്തിലുള്ള ഒരുവന്റെ അർത്ഥപൂർണമായ ഇടപെടലാണ്” . ദൈവത്തിന് ലോകത്തിലും സ്വന്തജീവിതത്തിലും ഇടം സൃഷ്ടിക്കുന്ന പ്രക്രിയയാണ് സന്ന്യാസം.



www.malankaralibrary.com

പൗരോഹിത്യവും സന്ന്യാസവും അതിന്റെ ആത്മീയതയും വാർദ്ധക്യത്തിന്റെ നിവൃത്തികേടോ ജരാനരകൾ ബാധിച്ചവരുടെ അവസാന പിടിവള്ളിയോ അല്ല, മറിച്ച് ഈ ആധ്യാത്മികത യുവത്വത്തിന്റെ നെഞ്ചിലെരിയുന്ന അഗ്നിയാണ്. യുവത്വം ആവേശത്തോടെ പുണരുന്ന വെല്ലുവിളിയാണ്. അതാണ് ഇന്നു വരെയുള്ള ലോകചരിത്രം തെളിയിക്കുന്നത്. നമ്മുടെ നാട്ടിൽ തന്നെ വിദ്വത്സന്ന്യാസം വരിച്ച ആദിശങ്കരന് പ്രായം പന്ത്രണ്ട് ആയിരുന്നു. സന്ന്യാസത്തിന്റെ കനൽവഴികളിൽ പാദമൂന്നിയപ്പോൾ വിവേകാനന്ദന് വയസ് ഇരുപത്തിനാലായിരുന്നു. അസീസിയിലെ വി. ഫ്രാൻസിസും ക്ലാരയും ഈ മാർഗം തിരഞ്ഞെടുത്തതും അവരുടെ കത്തുന്ന യൗവനത്തിന്റെ നിറുകയിൽ തന്നെ. ഇവർ മാത്രമല്ല സഭയിലെ ലക്ഷക്കണക്കിന് വരുന്ന സമർപ്പിതസമൂഹം മുഴുവൻ യുവത്വം നടത്തിയ സമർപ്പണത്തിന്റെ ആകെത്തുകയാണ്.

## 6. അസീസിയിലെ വി. ഫ്രാൻസിസ്

അസീസിയിലെ ഒരു പ്രമുഖ പട്ടുവ്യാപാരിയായ പീറ്റർ ബർണാർഡ് ആണ് വി. ഫ്രാൻസിസിന്റെ പിതാവ്. സമ്പത്തും കുലമഹിമയുമുള്ള ഒരു കുടുംബത്തിൽ പിറന്ന ഫ്രാൻസിസ് ഭൗതിക സുഖങ്ങളിൽ മുഴുകി ജീവിക്കുമ്പോൾ, കൂട്ടുകാരോടൊത്ത് ഉല്ലസിക്കുന്ന വേളയിൽ ദൈവസ്വരം കേട്ടു: "ആരെ സേവിക്കുന്നതാണ് ഉത്തമം. യജമാനനെയോ ദാസനെയോ?" "യജമാനനെ" എന്ന് അയാൾ ഉത്തരം നൽകി.




തന്റെ സ്വർഗീയ യജമാനനുള്ള സമ്പൂർണ സമർപ്പണമായി തീർന്നു പിന്നീട് ഫ്രാൻസിസിന്റെ ജീവിതം. സമൃദ്ധിയുടെ നടുവിൽ വളർന്ന ഫ്രാൻസിസ് തന്റെ സർവസ്വത്തും പിതാവിനു തിരികെ നൽകി. ''ഇനിമേൽ ദൈവം മാത്രമേ എനിക്കു പിതാവായിട്ടുള്ളു. എനിക്കിപ്പോൾ 'സ്വർഗസ്ഥനായ പിതാവേ' എന്നു പരമാർത്ഥമായി വിളിക്കാം" എന്നു പറഞ്ഞ് ഒരു ഭിക്ഷാംദേഹിയായി അദ്ദേഹം ജീവിച്ചു.




www.malankaralibrary.com

ധാരാളം ശിഷ്യന്മാർ അദ്ദേഹത്തിനുണ്ടായി. അങ്ങനെ ഫ്രാൻസിസ്ക്കൻ സന്ന്യാസ സമൂഹം രൂപം കൊണ്ടു. തന്റെ എളിമ മൂലം പൗരോഹിത്യം സ്വീകരിക്കാൻ അദ്ദേഹം മുതിർന്നില്ല. 6–ാം പട്ടം വരെ മാത്രമേ സ്വീകരിച്ചുള്ളു.

മരിക്കുന്നതിനു 2 വർഷം മുമ്പ് ക്രിസ്തുവിന്റെ പഞ്ചക്ഷതങ്ങൾ ഫ്രാൻസിസിന്റ ശരീരത്തിൽ പതിച്ചിരുന്നു. എളിമയുടെയും ദാരിദ്ര്യത്തിന്റെയും മൂർത്തീഭാവമായിരുന്ന, രണ്ടാം ക്രിസ്തു എന്നറിയപ്പെട്ടിരുന്ന അദ്ദേഹം നഗ്നമായി തറയിൽ കിടന്നു മരിച്ചു. 1226 ഒക്ടോബർ 4ന് ആയിരുന്നു ആ പുണ്യജീവിതം പൊലിഞ്ഞത്.

## 7. ഇഗ്നേഷ്യസ് ലെയോള




സ്പെയിനിലെ ലെയോള എന്ന സ്ഥലത്ത് കുലീനരായ മാതാപിതാക്കൾക്കുണ്ടായ കുട്ടിയാണ് ഇനീഗോ അഥവാ ഇഗ്നേഷ്യസ്. ഫെർണിഡന്റ് അഞ്ചാമന്റെ കൊട്ടാരത്തിൽ നിന്ന് ഉയർന്ന സൈനിക ഉദ്യോഗസ്ഥനുള്ള ശിക്ഷണം ലഭിച്ച അദ്ദേഹം യുദ്ധത്തിനിടയിൽ കാലിനു വെടിയേറ്റ് ആശുപത്രിയിൽ ദീർഘനാൾ കിടക്കാനിടയായി. ആശുപത്രിവാസം ക്രിസ്തുവിന്റെയും വിശുദ്ധരുടെയും ജീവിതം പഠിക്കാനും ധ്യാനിക്കാനുമുള്ള അവസരമായി. “അവനും അവൾക്കും പുണ്യവാനും പുണ്യവതിയും ആകാമെങ്കിൽ എന്തുകൊണ്ട് എനിക്കൊരു പുണ്യവാനായിക്കൂടാ?” എന്ന സ്വയം ചോദ്യം സന്ന്യാസത്തിന്റെ തപോനിഷ്ഠമായ ജീവിതത്തിലേക്ക് അദ്ദേഹത്തെ എത്തിച്ചു.

ആദ്യം ഒരു ബെനഡിക്ടൻ ആശ്രമത്തിലും പിന്നീട് ഒരു ഡൊമിനിക്കൻ ആശ്രമത്തിലും താമസിച്ചു. കഠിന പ്രായശ്ചിത്തത്തിലും ഉപവാസത്തിലുമായി അദ്ദേഹം ജീവിച്ചു. ഡൊമിനിക്കൻ ആശ്രമത്തിൽ താമസിക്കുമ്പോഴാണ് ‘ആധ്യാത്മികാഭ്യാസങ്ങൾ’ എന്ന ഗ്രന്ഥം അദ്ദേഹം രചിച്ചത്. പല വിശുദ്ധ സ്ഥലങ്ങൾ അദ്ദേഹം സന്ദർശിച്ചു. 11 വർഷം പല സർവകലാശാലകളിലും അദ്ദേഹം പഠിപ്പിച്ചു.

1534–ൽ 33–ാമത്തെ വയസ്സിൽ വി. ഫ്രാൻസിസ് സേവ്യർ ഉൾപ്പെടെ 7 പേർ ദാരിദ്ര്യത്തിലും കന്യാവ്രതത്തിലും അനുസരണത്തിലും ജീവിക്കാൻ വ്രതമെടുത്തു. മാർപാപ്പ



www.malankaralibrary.com

യുടെ താത്പര്യമനുസരിച്ച് ആവശ്യമുള്ള ഇടങ്ങളിലെല്ലാം പ്രവർത്തിക്കാൻ അവർ നിശ്ച യിച്ചു. 1538-ൽ പുതിയ സന്ന്യാസസഭയ്ക്കു മാർപാപ്പ അംഗീകാരം നൽകി. സുവിശേ ഷവത്കരണത്തിനുവേണ്ടി സഭാംഗങ്ങൾ പല സ്ഥലങ്ങളിലേക്കു പോയപ്പോൾ സുപ്പീരിയർ ജനറലെന്ന നിലയിൽ ഇഗ്നേഷ്യസ് റോമിൽ താമസിച്ച് സന്ന്യാസസമൂ ഹത്തെ ശക്തിപ്പെടുത്തി. റോമൻ കോളേജു സ്ഥാപിച്ചത് അദ്ദേഹമാണ്. ഇഗ്നേഷ്യസ് മരിക്കുമ്പോൾ തന്റെ സന്ന്യാസസഭയ്ക്ക് 100 ഭവനങ്ങളും 1000 അംഗങ്ങളും ഉണ്ടായി രുന്നു.

1556 ജൂലൈ 15-ന് അദ്ദേഹം സ്വർഗം പൂകി. "എന്റെ കർത്താവേ, എന്റെ സ്വാതന്ത്ര്യം മുഴുവൻ അങ്ങ് എടുത്തു കൊള്ളുക" എന്ന പ്രാർത്ഥിച്ചിരുന്ന വിശുദ്ധന്റെ പ്രാർത്ഥന പോലെ തന്നെ ആയിരുന്നു ആ സുകൃതജീവിതവും.

## 8. വി. അൽഫോൻസാമ്മ

ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായി പ. മാർപാപ്പ പ്രഖ്യാപിച്ച വി. അൽഫോൻസാമ്മയുടെ വീട്ടിലെ പേര് അന്നക്കുട്ടി എന്നായിരുന്നു. മാതാപിതാക്കൾ യൗസേപ്പും മറിയയും. 1910 ഓഗസ്റ്റ് 19-ാം തീയതി ആയിരുന്നു ജനനം. 4-ാമത്തെ സന്താനമായിരുന്ന അന്നക്കുട്ടിക്ക് 3 മാസം പ്രായമുള്ളപ്പോൾ അമ്മ മരണമടഞ്ഞു. പിന്നീട്, മാതൃസഹോദരിയാണ് കുഞ്ഞിന്റെ സംരക്ഷണം ഏറ്റെടുത്തത്. വളരെ കരുതലോടും വാത്സല്യത്തോടും കൂടി അവൾ വളർത്തപ്പെട്ടു.




സുന്ദരിയും സുശീലയുമായ അവൾക്ക് 13-ാമത്തെ വയസിൽ വളരെ പ്രശസ്തവും പ്രതാപവുമുള്ള ഒരു വീട്ടിൽനിന്ന് വിവാഹാലോചന വരികയും അവളുടെ പോറ്റമ്മ വിവാഹത്തിന് വാക്കു കൊടുക്കുകയും ചെയ്തു. എന്നാൽ അന്നക്കുട്ടിയുടെ ആഗ്രഹം വി. കൊച്ചുത്രേസ്യായെപ്പോലെ യേശുവിനു ജീവിതസമർപ്പണം നടത്തണമെന്നായിരുന്നു.



www.malankaralibrary.com

വീട്ടുകാർ ആലോചിച്ചുകൊണ്ടുവന്ന വിവാഹം മുടങ്ങിയാലെ അതിനു കഴിയു. തന്റെ ശരീരം വികൃതമാക്കിയാൽ ഈ കല്യാണം മുടങ്ങും. അതുകൊണ്ട് കൊയ്ത്തു കഴിഞ്ഞ് മുറ്റത്തു കൂട്ടിയിട്ട് തീ കൊടുത്തിരുന്ന പതിരിൽ ഇറങ്ങി അവൾ തന്റെ ശരീരം പൊള്ളിച്ചു. 90 ദിവസത്തിനുശേഷമാണ് മുറിവുകൾ ഉണങ്ങിയത്. അങ്ങനെ അഗ്നിപ്രവേശനത്തിലൂടെ അവൾ വീട്ടുകാരുടെ തീരുമാനം പിൻവലിപ്പിച്ച് ഭരണങ്ങാനം ക്ലാര മഠത്തിൽ ചേർന്ന് അൽഫോൻസ എന്ന നാമം സ്വീകരിച്ചു.

ആരോഗ്യക്കുറവ് നിമിത്തം മഠത്തിൽ ചേരുന്നതിൽ നിന്ന് അവളെ പിൻതിരിപ്പിക്കാൻ അധികാരികൾ ശ്രമിച്ചെങ്കിലും അവളുടെ നിശ്ചയദാർഢ്യം തന്നെ വിജയിച്ചു.

അനേകം രോഗങ്ങളും അസ്വസ്ഥതകളും കഠിനവേദനകളും നിരന്തരം അവളെ അലട്ടിയെങ്കിലും, സഹനത്തെ അവൾ സന്തോഷത്തോടെ ആശ്ലേഷിച്ചു. “ഈശോയുടെ തിരുഹൃദയമുറിവിൽ ഓരോ പുഷ്പമായി” അവൾ ഓരോ സഹനത്തെയും ദൈവത്തിനു കാഴ്ച സമർപ്പിച്ചു. “ഞാൻ കർത്താവിന് ഒരു ദഹനബലി അർപ്പിച്ചു. അതു വളരെ പതുക്കെ ദഹിച്ചുകൊണ്ടിരിക്കുന്നു” എന്നവൾ തന്റെ വേദനയെപ്പറ്റി പറയുമായിരുന്നു.

1946 ജൂലൈ 28ന് തീവ്രവേദനയ്ക്കിടയിലും ‘ഈശോ, മറിയം, യൗസേഫ്’ എന്നുരുവിട്ടുകൊണ്ട് അവൾ തന്റെ ജീവിതബലി പൂർത്തിയാക്കി. 2008 – ൽ പരിശുദ്ധ പിതാവ് അൽഫോസാമ്മയെ വിശുദ്ധയായി പ്രഖ്യാപിച്ചു.

## 9. ദൈവദാസൻ മാർ ഈവാനിയോസ്



മാവേലിക്കരയിൽ സുപ്രസിദ്ധവും അതിപുരാതനവുമായ പണിക്കരുവീട്ടിൽ തോമാ പണിക്കർ –അന്നമ്മ ദമ്പതികളുടെ 6 മക്കളിൽ ഒരുവനായി ജനിച്ച കൊച്ചു കീവറീച്ചൻ എന്ന വിളിപ്പേരിൽ അറിയപ്പെട്ടിരുന്ന പി. റ്റി. ഗീവറുഗീസാണ് ദൈവദാസൻ മാർ ഈവാനിയോസ് ആയി ഇന്ന് അറിയപ്പെടുന്നത്. 1882 സെപ്തംബർ 21 ന് ആയിരുന്നു ജനനം.

അതീവബുദ്ധിശാലിയും ധൈര്യവാനും സഭാസ്നേഹിയുമായ ഗീവറുഗീസിന്റെ സ്വഭാവവൈശിഷ്ട്യം കണ്ട മലങ്കര യാക്കോബായ സഭാതലവൻ അഭിവന്ദ്യ പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് തിരുമേനി ഗീവറുഗീസിനെ കോട്ടയം പഴയ സെമിനാരിയിൽ നിർത്തി പഠിപ്പിച്ചു. പ്രശസ്തമായ നിലയിൽ മെട്രിക്കുലേഷൻ പാസ്സായ ഗീവറുഗീസിന് മാർ ദിവന്നാസിയോസ് ശെമ്മാശപട്ടം നൽകി.



www.malankaralibrary.com

പിന്നീട് കോട്ടയം സി.എം.എസ്. കോളേജിൽ നിന്നും മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്നും ബി.എ., എം. എ. എന്നീ ബിരുദങ്ങളും നേടി. സുറിയാനി വൈദികരിൽ ഇദംപ്രഥമമായി എം.എ. പരീക്ഷ ജയിച്ച ആളായിരുന്നു പി. റ്റി. ഗീവറുഗീസ്.

താൻ ഉൾപ്പെട്ടിരുന്ന സഭയിലെ കക്ഷിവഴക്കുകൾ അദ്ദേഹത്തെ മുറിപ്പെടുത്തി. നിരന്തര പ്രാർത്ഥനയുടെയും പഠനത്തിന്റെയും ഫലമായി സാർവത്രികസഭയുമായുള്ള ബന്ധം കൊണ്ടു മാത്രമേ സഭയിൽ ശാശ്വത സമാധാനം കൈവരൂ എന്ന് അദ്ദേഹത്തിനു ബോധ്യമായി.

ബോധ്യങ്ങൾക്കുവേണ്ടി ഭൗതികമായ സർവവും നഷ്ടപ്പെടുത്തിയ വ്യക്തിയായിരുന്നു മാർ ഈവാനിയോസ്. ഉയർന്ന ഉദ്യോഗം, ഉന്നതപദവി, ഗുരുതുല്യരായവരുടെ സ്നേഹ സൗഹൃദങ്ങൾ, ബഥനി ആശ്രമത്തിനു സ്വന്തമായുണ്ടായിരുന്ന 400 ഏക്കർ സ്ഥലം... എല്ലാം ഉപേക്ഷിച്ച് ദൈവത്തിൽ മാത്രം ആശ്രയിച്ച് അദ്ദേഹം ഇറങ്ങിത്തിരിച്ചു. മലങ്കര സഭയുടെ മുഴുവൻ പ്രതീക്ഷയായിരുന്ന അദ്ദേഹം സ്വസമുദായം വിട്ട് കത്തോലിക്കാസഭയോടു ചേർന്നതിനാൽ ഉറ്റവരിൽനിന്നും നേരിടേണ്ടി വന്ന പീഡനങ്ങൾ നിരവധിയാണ്. രക്തസാക്ഷിയായില്ലെങ്കിലും, സത്യത്തിനുവേണ്ടിയും സഭൈക്യത്തിനുവേണ്ടിയും താൻ അനുഭവിച്ച യാതനകൾ ധീരരക്തസാക്ഷികളുടെ നിരയിലേക്ക് അദ്ദേഹത്തെ ഉയർത്തുന്നു.

1953 ജൂലൈ 15ന് ആ പുണ്യദേഹം ദിവംഗതനായി. അനേകർക്ക് ആശ്വാസത്തിന്റെ കേന്ദ്രമായി, അത്ഭുതത്തിന്റെ അടയാളമായി പട്ടം കത്തീഡ്രലിൽ തിരുമേനിയുടെ കബറിടം നിലകൊള്ളുന്നു.

യുവത്വം ദൈവത്തിനായി സമർപ്പിച്ച വൈദികർക്കും സന്ന്യാസികൾക്കും ഉദാഹരണമായി എണ്ണമറ്റ വ്യക്തികളെ നിരത്തുവാൻ നമുക്ക് കഴിയും. ഗലീലാ കടലിലെ തിരകളെ ഇളക്കി മറിച്ച നസ്രത്തുകാരനായ യേശുവിന്റെ വാക്കുകളെ, കാലാതീതമായ സ്നേഹസുവിശേഷത്തെ നെഞ്ചിലേറ്റി ജീവിക്കാൻ മുന്നിട്ടിറങ്ങാൻ കെല്പുള്ള, ചങ്കുറപ്പുള്ള യുവതീയുവാക്കളാണ് ഇന്നും സഭയുടെ പ്രതീക്ഷയും ഭാവിയും.

***ഈ കാലഘട്ടത്തിൽ ക്രിസ്തീയ പൗരോഹിത്യത്തിന്റെ പ്രസക്തി ചർച്ച ചെയ്യുക.***





www.malankaralibrary.com

പാഠം 7

# പച്ചയായ പുൽത്തകിടിയിലേക്ക്



പച്ചയായ പുൽത്തകിടിയിൽ അവിടുന്ന് എനിക്ക് വിശ്രമമരുളുന്നു. പ്രശാന്തമായ ജലാശയത്തിലേക്ക് അവിടുന്ന് എന്നെ നയിക്കുന്നു (സങ്കീ. 23:2).

പച്ചയായ പുൽത്തകിടിയും പ്രശാന്തമായ ജലാശയവും ഈശ്വരന്റെ വരദാനമാണ്. സമൃദ്ധമായ സൃഷ്ടപ്രപഞ്ചത്തെ സ്വാർത്ഥതയോടെ ഉപയോഗിച്ച മനുഷ്യന് പ്രശാന്തമായ പ്രപഞ്ചം ഇന്ന് വിലപ്പെട്ടൊരു സ്വപ്നമാണ്.

പരിസ്ഥിതിനാശത്തിന്റെ ഭയപ്പെടുത്തുന്ന അടയാളങ്ങൾ നമ്മെ വലയം ചെയ്യുന്നുണ്ട്. വർധിച്ചുവരുന്ന അന്തരീക്ഷ താപനില, മലിനമായിക്കൊണ്ടിരിക്കുന്ന പുഴകളും തടാകങ്ങളും, ശുദ്ധജലദൗർലഭ്യം, വിഷമയമായ കാർഷികവിളകൾ, മാലിന്യം നിറയുന്ന നഗരങ്ങൾ, വംശനാശം വന്നുകൊണ്ടിരിക്കുന്ന ജീവജാലങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങളുടെ ഫലമായി വർധിച്ചുവരുന്ന രോഗങ്ങൾ തുടങ്ങിയവയാണവ.

## 1. പരിസ്ഥിതി വിഷയങ്ങളോടുള്ള സഭയുടെ പ്രതികരണം

പരിസ്ഥിതി പ്രശ്നങ്ങളോട് ലോകമെമ്പാടും രാഷ്ട്രീയ, ശാസ്ത്രീയ, മതാത്മക, ചിന്താമണ്ഡലങ്ങളിൽ ഭാവാത്മകമായ പ്രതികരണങ്ങൾ ഉണ്ടാകുന്നുവെന്നത് ശ്രദ്ധേയമാണ്. കത്തോലിക്കാസഭയും പരിസ്ഥിതിനാശത്തെ ഗൗരവമായെടുത്ത് അതിന്റെ നിലപാടുകൾ



www.malankaralibrary.com

പലപ്പോഴായി വ്യക്തമാക്കിയിട്ടുണ്ട്. ജോൺപോൾ രണ്ടാമൻ മാർപാപ്പായും ബനഡിക്ട് പതിനാറാമൻ മാർപാപ്പായും ഈ വിഷയത്തിൽ നല്കിയിട്ടുള്ള പ്രബോധനങ്ങൾ വളരെ പ്രാധാന്യം അർഹിക്കുന്നു.

പരിസ്ഥിതിവിഷയങ്ങളോടുള്ള സഭയുടെ പ്രതികരണങ്ങളും പൊതുസമൂഹത്തിന്റെ പ്രതികരണങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രകൃതിയെ മനുഷ്യൻ ദുരുപയോഗം ചെയ്യുന്നതു വഴി പ്രകൃതി നശിക്കാൻ പോകുന്നു; അതുവഴി മനുഷ്യരും നാശത്തിലേക്ക് നീങ്ങുന്നുവെന്ന ഭയപ്പാടാണ് സാധാരണ (സെക്കുലർ) പ്രതികരണങ്ങളുടെ അടിസ്ഥാനം. എന്നാൽ സഭ പരിസ്ഥിതിനാശത്തെ വിലയിരുത്തുന്നത് പ്രപഞ്ച സ്രഷ്ടാവായ ദൈവത്തോട് ബന്ധപ്പെടുത്തിയാണ്. അതുകൊണ്ടുതന്നെ സഭയെ സംബന്ധിച്ചിടത്തോളം പരിസ്ഥിതിസംരക്ഷണം ജൈവശാസ്ത്രപരമോ രാഷ്ട്രീയമോ ആയ ഒരു വിഷയം മാത്രമല്ല, ആത്യന്തികമായി അതൊരു ധാർമികപ്രശ്നവും ആത്മീയവിഷയവുമാണ്.

പരിസ്ഥിതി പ്രശ്നങ്ങളുടെ പിന്നിലെ മൂല്യശോഷണം പലപ്പോഴും അർഹിക്കുന്ന വിധത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടില്ല. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള പാരസ്പര്യത്തിലാണ് പരിസ്ഥിതി സംരക്ഷണം സാധ്യമാകുക. ഈശ്വരനെ മറന്ന് നടത്തുന്ന പ്രകൃതിസ്നേഹം കേവലം കാല്പനിക തലത്തിലാണ് നിൽക്കുന്നത്. മനുഷ്യരിലെ സൗന്ദര്യബോധത്തിന്റെയും ഉപഭോഗ താത്പര്യങ്ങളുടെയും ഭാഗമായി ഉയർന്നുവരുന്ന പ്രകൃതിസ്നേഹത്തെക്കാളുപരി സൃഷ്ടവസ്തുക്കളും സ്രഷ്ടാവും തമ്മിലുള്ള ബന്ധത്തിന്റെ തലത്തിൽ പരിസ്ഥിതിയെക്കുറിച്ചു സഭയുടെ ഭാഗത്തു നിന്നുള്ള ചില ചിന്തകളാണ് ഇവിടെ അവതരിപ്പിക്കുന്നത്.

## 2. ബൈബിളിന്റെ പ്രകൃതിവീക്ഷണം

പ്രകൃതിയെക്കുറിച്ച് ബൈബിളിലെ ഏറ്റവും അടിസ്ഥാന സങ്കല്പം പ്രകൃതിയെ ദൈവം സൃഷ്ടിച്ചതാണെന്നും അതിനാൽത്തന്നെ അത് നല്ലതാണെന്നതുമാണ്. താൻ സൃഷ്ടിച്ചവയെ ദൈവം നോക്കി; എല്ലാം നല്ലതാണെന്നവൻ കണ്ടു (ഉത്പ. 1:31). ദൈവത്തിന്റെ ജ്ഞാനവും ശക്തിയുമാണ് സൃഷ്ടിയിൽ പ്രകടമാകുന്നത് (സുഭാ. 8: 22-31).

## 3. മനുഷ്യൻ - ദൈവത്തിന്റെ പ്രതിനിധിയും കാര്യസ്ഥനും

ഉത്പത്തിപുസ്തകത്തിന്റെ ആരംഭത്തിൽ പ്രപഞ്ചസൃഷ്ടിയെ വിവരിച്ച ശേഷമാണ് മനുഷ്യസൃഷ്ടിയെക്കുറിച്ച് വർണിക്കുന്നത്.

സൃഷ്ടികർമത്തിന്റെ അവസാനത്തിൽ ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യരെ തന്റെ പ്രതിനിധികളായി സൃഷ്ടിയുടെ ചുമതലയേൽപ്പിക്കുന്നു (ഉത്പ. 1:28). മറ്റു ജീവജാലങ്ങൾക്കിടയിൽ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യരോട് ദൈവം കൽപ്പിച്ചു, സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ.ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ. കടലിലെ മത്സ്യങ്ങളുടെയും



www.malankaralibrary.com

ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടെയുംമേൽ നിങ്ങൾക്ക് ആധിപത്യം ഉണ്ടായിരിക്കട്ടെ (ഉത്പ. 1: 28). ഒരുപക്ഷേ, ഏറ്റവും ഭീകരമായി ദുർവ്യാഖ്യാനം ചെയ്യപ്പെട്ടിട്ടുള്ള ബൈബിൾവാക്യമായിരിക്കണം ഉത്പത്തി 1:28. പ്രകൃതിയെ ചൂഷണം ചെയ്യാനും വരുതിക്കു നിറുത്താനുമുള്ള ദൈവിക തിട്ടൂരമായി ഈ വാക്യം വ്യാഖ്യാനിക്കപ്പെട്ടു. ആരാധിക്കേണ്ട ദിവ്യശക്തിയോ ഭയപ്പെടേണ്ട എതിരാളിയോ ഒന്നുമല്ല പ്രകൃതി എന്ന ശരിയായ പാഠത്തോടൊപ്പം മനുഷ്യന് യഥേഷ്ടം ഊറ്റിയെടുക്കാവുന്ന വിഭവസംഭരണിയാണ് പ്രകൃതി എന്ന ശരിയല്ലാത്ത പാഠവും ഉത്പത്തി 1:28 -ൽ നിന്ന് ഉദ്ഭൂതമായി. പാശ്ചാത്യലോകത്തെ പാരിസ്ഥിതികനാശത്തിന്റെ വിഷവിത്ത് ഈ വാക്യത്തിൽ മറഞ്ഞിരിക്കുന്നു എന്ന വാദവും അതിന്റെ എതിർവാദവും പലരും ശക്തമായി ഉയർത്തിയിട്ടുണ്ട്.

പ്രകൃതിയുമായുള്ള നമ്മുടെ അടിസ്ഥാനപരമായ ബന്ധം നിർണയിക്കുന്ന വചനഭാഗമാണ് ഉത്പത്തി 1:28. പ്രകൃതിയുടെ ഉടമകളല്ല മനുഷ്യർ എന്നത് തികച്ചും സുവ്യക്തം. ഇതിനുള്ള നല്ല ഉദാഹരണം പഴയനിയമത്തിലുണ്ട്. ഇസ്രായേലിന്റെ വിശ്വസ്തതയ്ക്ക് ദൈവം കൊടുത്ത പ്രതിഫലമാണ് മണ്ണ് (പുറ. 19: 5). യഹോവ കല്പിച്ചു, ഭൂമി ഒരിക്കലും എന്നേക്കുമായി വിറ്റുകളയരുത്; കാരണം ഭൂമി കർത്താവിന്റേതാണ്. മനുഷ്യരാകട്ടെ ഭൂമിയിൽ അപരിചിതരും അതിഥികളുമാണ് (ലേവ്യർ 25: 4-7, 23).

പ്രകൃതിയും മനുഷ്യനും തമ്മിലുണ്ടാകേണ്ട ഏറ്റവും സുന്ദരമായ ബന്ധം ദൈവത്തിന്റെ പ്രതിനിധിയായി ഉത്തരവാദിത്വബോധത്തോടെ കാര്യസ്ഥത നിർവ്വഹിക്കുന്നു എന്നതാണ് (steward ship). കേവലം പ്രകൃതിയുടെ കാര്യസ്ഥനാണ് മനുഷ്യൻ എന്നുവന്നാൽ പ്രകൃതിക്ക് അതീതരും പ്രകൃതിയിൽനിന്ന് സ്വതന്ത്രരുമാണ് മനുഷ്യർ എന്ന സ്ഥിതിയുണ്ടാകും. ഇത് പ്രകൃതിയുടെമേൽ ഉള്ള മനുഷ്യന്റെ ആശ്രയത്വത്തെ നിഷേധിക്കുന്നതിന് തുല്യമാണ്. എങ്കിൽപ്പിന്നെ എന്തായിരിക്കണം മനുഷ്യ-പ്രകൃതി ബന്ധത്തിന്റെ അടിസ്ഥാനസ്വഭാവം? ഭൂമിക്ക് അതീതനായ ഭൂമിയുടെ കാര്യസ്ഥൻ എന്നതല്ല, മറിച്ച് ദൈവത്തിന്റെ ഛായയിൽ മണ്ണിൽ നിന്ന് മെനഞ്ഞെടുക്കപ്പെട്ടവൻ എന്നതാണ് മനുഷ്യ-പ്രകൃതി ബന്ധത്തെ നിർണയിക്കാൻ ബൈബിൾ നല്കുന്ന ദിശാ ബോധം. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ദൈവത്തിന്റെ കരുതലോടും ആർദ്രതയോടും കൂടെ പ്രപഞ്ചത്തോട് വർത്തിക്കാൻ മനുഷ്യർ കടപ്പെട്ടിരിക്കുന്നു. ഈ ബന്ധത്തിന്റെ സ്വഭാവം വ്യക്തമാക്കുന്ന ഒരു രൂപകമാണ് ജറുസലേം ദേവാലയത്തിൽ ലേവ്യർക്കുള്ള കടമകൾ. കർത്താവിന്റെ ആലയത്തിൽ ശുശ്രൂഷ ചെയ്ത് അതിനെ സംരക്ഷിച്ച ലേവ്യരെപ്പോലെ (സംഖ്യ 3: 21-37, 18: 14) ഭൂമിയിൽ ജോലി (ശുശ്രൂഷ) ചെയ്ത് മനുഷ്യർ അതിനെ സംരക്ഷിക്കണം. ഭൂമിയെ ദേവാലയം പോലെ കണക്കാക്കാൻ തുടങ്ങുമ്പോൾ ഭൂമിയിൽ ദേവാലയശുശ്രൂഷികളെപ്പോലെ മനുഷ്യർ വ്യാപരിക്കും. ഇതിന്റെ അർത്ഥം പ്രകൃതിയെ ഉപയോഗിക്കരുത് എന്നല്ല, മറിച്ച് പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കുന്നത് പ്രകൃതിയെത്തന്നെ നശിപ്പിക്കുന്ന രീതിയിലാകരുത് എന്നാണ്. ജോൺപോൾ രണ്ടാമൻ മാർപാപ്പ പഠിപ്പിച്ചു, വിഭവം എന്ന നിലയിലുള്ള പരിസ്ഥിതിവീക്ഷണം ഭവനം എന്ന നിലയിലുള്ള പരിസ്ഥിതിയെ അപകടത്തിലാക്കുന്നു.



www.malankaralibrary.com



സൃഷ്ടികർമത്തിന്റെ ഭാഗമായിതന്നെ സൃഷ്ടി വ്യവസ്ഥയിൽ ദൈവം ചില പരിധികളും ക്രമങ്ങളും വച്ചു (ഉത്പ. 2:16-17). ദൈവം നിശ്ചയിച്ച അതിർവരമ്പുകൾ ലംഘിച്ചതോടെ ദൈവവും മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ബന്ധം ഉലഞ്ഞു (ഉത്പ. 3:1-24). ആദിപാപം കേവലം കല്പനലംഘനം എന്നതിനെക്കാൾ സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധത്തിൽ വന്ന വീഴ്ചയാണ്. ദൈവത്തിൽ നിന്നു സത്ത സ്വീകരിച്ച സൃഷ്ടവസ്തുക്കൾ സ്രഷ്ടാവിനെ വെല്ലുവിളിച്ചുകൊണ്ട് അനുവദിക്കപ്പെട്ടതിനെക്കാളും ആവശ്യമുള്ളതിനെക്കാളും ഉപരി സ്വന്തമാക്കാൻ നടത്തുന്ന ശ്രമങ്ങളെ നാമിവിടെ കാണുന്നു. ധാരാളം ഫലങ്ങളുണ്ടായിരുന്ന ഏദൻതോട്ടത്തിൽ നിന്നും ഒരു വൃക്ഷത്തിന്റെ ഫലം ഉപയോഗിക്കാതിരുന്നാൽ കുഴപ്പമില്ലായിരുന്നെങ്കിലും ദൈവത്തെപ്പോലെയാകാനുള്ള ആഗ്രഹത്താൽ വിലക്കപ്പെട്ട കനി പറിച്ചു തിന്നുന്നു. കല്പനയുടെ ലംഘനം പറുദീസായിൽ നിന്നും പുറത്തേക്കുള്ള ചൂണ്ടുപലകയാകുകയും ചെയ്തു (ഉത്പ. 3:6-7).

## 4. ഉടമ്പടി

ദൈവത്തിൽ നിന്നും അകന്ന സൃഷ്ടിയെ ദൈവത്തിലേക്ക് തിരികെ കൊണ്ടുവരുവാൻ ഏദൻതോട്ടത്തിൽ നിന്നും മനുഷ്യൻ പുറത്താക്കപ്പെട്ടപ്പോൾ മുതൽ തന്നെ ദൈവം



www.malankaralibrary.com

ശ്രമം ആരംഭിച്ചു. ജലപ്രളയത്തിൽ നിന്നും രക്ഷിക്കപ്പെട്ട നോഹയും ഇതര ജീവജാലങ്ങളുമായി ഉറപ്പിക്കപ്പെട്ട ഉടമ്പടി ഇതിന്റെ ഭാഗമാണ് (ഉത്പ. 9:10-13). തുടർന്ന് അബ്രാഹവുമായി നടത്തിയ ഉടമ്പടിയിലൂടെ കാനാൻദേശം ഇസ്രായേലിന് വാഗ്ദാനം ചെയ്യുന്നു (ഉത്പ. 17:7-8). ഇവ രണ്ടും ദൈവം രണ്ടു വ്യക്തികളുമായി മാത്രമല്ല, അവരുടെ തന്നെ ഭാഗമായ സൃഷ്ടിയോടു മുഴുവനും ഉള്ളതും അതോടൊപ്പം തലമുറകളോളം നീണ്ടുനിൽക്കുന്നതുമായ ഉടമ്പടികളാണ്.

ദൈവം മനുഷ്യരും പ്രപഞ്ചവുമായി നടത്തുന്ന ഉടമ്പടിയുടെ ഭാഗമായി പ്രപഞ്ചം തന്നെ ദൈവത്തെ പ്രകീർത്തിക്കുന്നു. ആകാശം ദൈവത്തിന്റെ മഹത്ത്വം പ്രഘോഷിക്കുന്നു; വാനവിതാനം അവിടുത്തെ കരവേലയെ വിളംബരം ചെയ്യുന്നു (സങ്കീ.19:1). പ്രപഞ്ചസമസ്യകളിലൂടെ ദൈവമഹത്ത്വം പ്രഘോഷിക്കുന്ന മനുഷ്യരെയും (സങ്കീ. 104) പഴയനിയമത്തിലുടനീളം കാണാൻ കഴിയും.

പ്രകൃതിയെയും മനുഷ്യരെയും ദുരുപയോഗിക്കുന്നത് തടയാൻ ഇസ്രായേൽജനത പല കാര്യങ്ങളും ഏർപ്പാടാക്കിയിരുന്നു. ഏഴാം വർഷം മണ്ണിനും മൃഗങ്ങൾക്കും മനുഷ്യർക്കും വിശ്രമകാലമായി കണക്കാക്കി (ലേവ്യർ 25). ഏഴാം ദിനമുള്ള സാബത്താചരണം ഇതിന്റെ ഒരു ചെറുപതിപ്പായിരുന്നു. ഇന്നത്തെ മിക്ക പരിസ്ഥിതിപ്രശ്നങ്ങൾക്കും പിന്നിൽ ദൈവത്തിന്റെ ഈ പദ്ധതിയുടെ നിരാസമുണ്ട്. മനുഷ്യർക്കൊപ്പം സർവസൃഷ്ടികൾക്കും വിമോചനം (റോമ 8: 18-25) ലഭിക്കുന്ന ജൂബിലി പ്രഖ്യാപിച്ചുകൊണ്ടാണ് യേശു തന്റെ ദൗത്യം ആരംഭിച്ചതു തന്നെ (ലൂക്കാ 4:16-22). തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും മരണ-ഉത്ഥാനങ്ങളിലൂടെയും യേശു അത് നിവർത്തിയാക്കി.

## 5. യേശുവും പരിസ്ഥിതിയും

ആദിപാപത്തിലൂടെ നഷ്ടപ്പെട്ട പ്രപഞ്ചസന്തുലിതാവസ്ഥയുടെ പുന:സ്ഥാപനത്തിനാണ് യേശു രക്ഷാകരദൗത്യവുമായി കടന്നുവന്നത്. ദൈവ, മനുഷ്യ, പ്രപഞ്ചബന്ധത്തിൽ കാത്തുസൂക്ഷിക്കേണ്ട സന്തുലനം യേശുവിന്റെ രക്ഷാകരപദ്ധതിയുടെ കേന്ദ്രബിന്ദുവായി നിലകൊള്ളുന്നു. നല്ലിടയനായ യേശു തന്റെ ലക്ഷ്യം വ്യക്തമാക്കുന്നു: "ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്" (യോഹ.10:10). ലോകത്തെ വീണ്ടെടുക്കുവാനായി കടന്നു വന്ന യേശു തന്റെ ജനനം മുതൽ മരണം വരെ പ്രകൃതിയോട് ചേർന്നാണ് നീങ്ങുന്നത്. യേശുവിന്റെ ജനനവാർത്ത അറിയിച്ച നക്ഷത്രങ്ങളും യേശുവിനെ കാണാൻ വരുന്ന ജീവജാലങ്ങളും യേശു പിറന്നുവീണ പുൽത്തൊട്ടിയും യേശുവും പ്രകൃതിയും തമ്മിലുള്ള ആഴമായ ബന്ധത്തെ സൂചിപ്പിക്കുന്നു. ഗർഭവതിയായ മറിയത്തെയുംകൂട്ടി ജോസഫ് ഗലീലിയിലെ നസറത്തിൽ നിന്നും മലമ്പ്രദേശമായ യൂദയായിലെ ബേത്‌ലെഹെമിലേക്കും പ്രസവാനന്തരം ഈജിപ്തിലേയ്ക്കും നടത്തുന്ന പലായനത്തിലൂടെയും വിവിധ ഭൂപ്രകൃതികളെ തഴുകിനീങ്ങുന്ന യേശുവിനെ നാം കാണുന്നു. യേശുവിന്റെ മരണനിമിഷത്തിൽ സൂര്യൻ ഇരുളുകയും ഭൂമിയിൽ അന്ധകാരം വ്യാപിക്കുകയും



www.malankaralibrary.com

സർവജീവജാലങ്ങളും വിലപി ക്കുകയും ചെയ്യുമ്പോഴും പ്രപഞ്ചത്തോടു ചേർന്നു നിൽക്കുന്ന യേശുവിനെയാണ് കാണുന്നത്. മരുഭൂമിയുടെ ഏകാന്തതയിൽ 40 ദിനരാത്രങ്ങൾ പ്രാർത്ഥനയിൽ ചെലവഴിച്ച് ശുശ്രൂഷ ആരംഭിച്ച യേശു മലമുകളിലും കടൽതീരത്തും ജനസഞ്ചയത്തോട് സർഗാത്മകമായി സംവദിച്ചപ്പോൾ ദൈവിക രഹസ്യങ്ങൾ വെളിപ്പെടുത്താൻ പ്രപഞ്ചസമസ്യകളെയാണ് പ്രധാനമായും ഉപയോഗിച്ചത്. ആകാശത്തിലെ പറവകളെയും വയലിലെ ലില്ലികളെയും പരിപാലിക്കുകയും (മത്താ: 6:26–30) ഒരു കുരുവി നിലം പതിക്കുന്നതുപോലും അറിയുകയും ചെയ്യുന്ന ദൈവത്തെക്കുറിച്ച് യേശു പഠിപ്പിക്കുന്നു (മത്താ. 19:29–31, ലൂക്കാ 12:6–8).

## 6. പുതിയ ആകാശവും പുതിയ ഭൂമിയും

ഞാൻ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു (ഏശയ്യ 65:17) വെന്ന് യഹോവ അരുളിചെയ്യുന്നു. ദൈവവും മനുഷ്യരും പ്രപഞ്ചവും തമ്മിലുള്ള ആഴമായ സ്നേഹ ബന്ധങ്ങളെക്കുറിച്ചുള്ള സൂചന നാമിവിടെ കാണുന്നു. ഇസ്രായേൽ ജനം മുഴുവൻ പ്രതീക്ഷയോടെ കാത്തിരുന്ന ഈ അനുഭവത്തിലേയ്ക്കാണ് രക്ഷകനായ യേശു നമ്മെ ആനയിക്കുന്നത്. ഇതിന്റെ സാക്ഷാത്കാരത്തിനായി സർവ സൃഷ്ടികളും ആകാംക്ഷയോടെ കാത്തിരിക്കുന്നുവെന്ന് വി.പൗലോസ് സാക്ഷ്യപ്പെടുത്തുന്നു(റോമ 8:18–19). വി.യോഹന്നാൻ പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും ഒരു മുന്നാസ്വാദനം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ട് (വെളി. 21:1–4). സൃഷ്ടിയുടെ ആരംഭത്തിൽ പറുദീസായിൽ അനുഭവിച്ച ദൈവവും മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള സുകൃതപൂർണമായ ജീവിതം നമ്മുടെ സ്വപ്നവും ലക്ഷ്യവുമാകുന്നു. നമ്മുടെ സ്വപ്നവും ലക്ഷ്യവുമായ ദൈവരാജ്യം ഈ ലോകത്ത് തന്നെ അനുഭവിക്കുവാൻ ദൈവത്തോടും പ്രകൃതിയോടും ചേർന്നു ജീവിക്കാനുള്ള ആഹ്വാനമാണ് വി. ബൈബിൾ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

## 7. പ്രകൃതിയിലെ ദൈവം

പ്രകൃതിക്ക് പ്രകൃത്യാതീതമായ കാരണങ്ങളാൽ സവിശേഷമായ മൂല്യമുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് സൃഷ്ടപ്രപഞ്ചത്തിലെ ദൈവസാന്നിധ്യം. സകല ചരാചരങ്ങളും ദൈവമെന്ന അധിനാഥന്റെ ദാനങ്ങളാണെന്ന് വി.ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. ഉദാഹരണത്തിന് ഭൂമിയും അതിലെ സമസ്തവസ്തുക്കളും ഭൂതലവും അതിലെ നിവാസികളും കർത്താവിന്റേതാണ്. സമുദ്രങ്ങൾക്കുമുകളിൽ അതിനെ സ്ഥാപിച്ചതും അവിടുന്നാണ് (സങ്കീ. 24:1–2). വനത്തിലെ സർവമൃഗങ്ങളും കുന്നുകളിലെ ആയിരക്കണക്കിന് കന്നുകാലികളും എന്റേതാണ്. ആകാശത്തിലെ പറവകളെ ഞാനറിയുന്നു. വയലിൽ ചരിക്കുന്നവയെല്ലാം എന്റേതാണ് (സങ്കീ. 50:10–11). വി. പൗലോസിന്റെ വാക്കുകളിൽ: ''സകലതിലുമുപരിയും സകലതിലൂടെയും സകലതിലും വർത്തിക്കുന്നവനും നമ്മുടെയെല്ലാം പിതാവുമായ ദൈവം ഒരുവൻമാത്രം" (എഫേ. 4:6).



www.malankaralibrary.com

വി.അപ്രേമിനെപ്പോലെയുള്ള സഭാപിതാക്കന്മാർ പ്രപഞ്ചത്തെ വേദപുസ്തകത്തിന് തുല്യമായിട്ടാണ് കാണുന്നത്. അദ്ദേഹത്തിന്റെ പ്രാർത്ഥനാഗീതങ്ങളിൽ സൃഷ്ടി സമസ്യകളുടെ പിന്നിലെ ഈശ്വര സാന്നിധ്യത്തെ വിനയത്തോടെ ആരാധനാഭാവത്തോടെ വർണിക്കുന്ന രീതി വളരെ പ്രകടമാണ്. പ്രപഞ്ചആരാധനയെക്കാൾ പ്രപഞ്ചസ്രഷ്ടാവായ ഈശ്വരനെ പ്രപഞ്ചവസ്തുക്കളിലൂടെ കാണുന്ന ദർശനമാണദ്ദേഹം അവതരിപ്പിച്ചത്. പുസ്തകവായനകളിലൂടെ ദൈവത്തെ അറിയുന്നതുപോലെ പ്രപഞ്ചത്തെ നോക്കി പ്രപഞ്ചരഹസ്യങ്ങളുടെ പിന്നിലെ ദൈവികസാന്നിധ്യത്തെ അറിയുവാൻ അദ്ദേഹം ആവശ്യപ്പെടുന്നു. പ്രകൃതി ഇന്നും ദൈവികരഹസ്യങ്ങളുടെ ചുരുളുകൾ നമ്മുടെ മുമ്പിൽ നിവർത്തി വയ്ക്കുന്നു.

ഉപഭോഗത്തിന്റെ ഭാഗമായി കൃഷിയിടങ്ങൾ നാണ്യവിളകൾക്കും വ്യവസായ വാണിജ്യാവശ്യങ്ങൾക്കും ഉപയോഗിച്ചതോടെ ജൈവവൈവിധ്യങ്ങൾ നമുക്ക് നഷ്ടമായി. ഓരോ പ്രദേശത്തും ഉണ്ടായിരുന്ന സർപ്പക്കാവുകൾ പോലെയുള്ള സങ്കേതങ്ങൾ നശിപ്പിക്കപ്പെട്ടതോടെ ജൈവവൈവിധ്യങ്ങളാണ് നമുക്ക് നഷ്ടമായത്. ജൈവവൈവിധ്യങ്ങളുടെ സംരക്ഷണങ്ങളോടൊപ്പം ഇത്തരം സ്ഥലങ്ങളിലുള്ള ജലസ്രോതസുകളും സംരക്ഷിക്കപ്പെട്ടിരുന്നു. പ്രകൃതിയെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നവർ പ്രകൃതിയുടെ താളലയങ്ങളിൽ ഈശ്വരസാന്നിധ്യത്തെ തിരിച്ചറിയും. തങ്ങളുടെ കൃഷിയിടങ്ങളിൽ നിന്ന് ലഭിച്ചിരുന്ന ആദ്യവിളവുകൾ ഈശ്വരന് സമർപ്പിക്കുന്ന പാരമ്പര്യം ഒട്ടു മിക്ക മതങ്ങളിലും സമീപകാലം വരെ ഉണ്ടായിരുന്നു. ഇത്തരം സമർപ്പണങ്ങളിലെ യുക്തിയെക്കാൾ വിളവിന്റെ സമൃദ്ധി ഈശ്വരന്റെ ദാനമായി അംഗീകരിച്ച് നന്ദി നിറഞ്ഞ ഹൃദയത്തോടെ ഉപയോഗിക്കുന്ന ഒരു പാരമ്പര്യമാണ് ഇതിലൂടെ പ്രകടിപ്പിക്കപ്പെടുന്നത്. ഈശ്വരവിശ്വാസികൾ എല്ലാവരും ഇവിടെ പുരോഹിതസ്ഥാനത്തേക്കുയരുന്നു. ദൈവത്തിൽ നിന്നും ലഭിച്ച നന്മകൾ നന്ദി നിറഞ്ഞ ഹൃദയത്തോടെ ഏറ്റുവാങ്ങുകയും പ്രതിനന്ദിയായി ഈശ്വരസവിധത്തിൽ സമർപ്പിക്കുകയും ചെയ്യുന്നത് പുരോഹിതശുശ്രൂഷയായി മാറുന്നു. മാത്രവുമല്ല, വിളവിന്റെ നിറവിൽ അത് സാധാരണക്കാർക്ക് പങ്കുവയ്ക്കുന്നത് കടമയും ഉത്തരവാദിത്വവുമായി പഴമക്കാർ കരുതിയിരുന്നു. പങ്കുവയ്ക്കലിലൂടെ സാമൂഹികനീതി നടപ്പിലാക്കുവാൻ അവർക്കു കഴിഞ്ഞിരുന്നു.

പ്രകൃതിയിൽ ദൈവത്തെ കാണാനായാൽ അത് പ്രകൃതിയോടുള്ള നമ്മുടെ ആഭിമുഖ്യങ്ങളെ മാറ്റിമറിക്കും. അങ്ങനെവന്നാൽ പ്രകൃതിയോടുള്ള നമ്മുടെ മനോഭാവം ആദരപൂർവകമായിരിക്കും; അതൊരിക്കലും ചൂഷണപരമായിരിക്കുകയില്ല.

## 8. പ്രകൃതിവസ്തുക്കളുടെ ഉപയോഗം

പ്രകൃതിക്ക് അതിൽത്തന്നെ മൂല്യമുണ്ട്. ഉപയോഗസാധ്യതയല്ല പ്രകൃതിയുടെ മൂല്യം നിർണയിക്കുന്നത്. മനുഷ്യർക്ക് പ്രത്യക്ഷത്തിൽ യാതൊരു ഉപകാരവുമില്ല എന്ന് തോന്നുന്ന പല വസ്തുക്കളും ജീവജാലങ്ങളുമുണ്ട്. ജോബിന്റെ പുസ്തകത്തിൽ (അധ്യായങ്ങൾ 25, 38, 41) മനുഷ്യർക്ക് മെരുക്കാനോ ഉപയോഗിക്കാനോ കഴിയാത്ത ഒട്ടേറെ



www.malankaralibrary.com

ജീവികളെപ്പറ്റി പറയുന്നുണ്ട്. ഇതൊരു സൂചനയാണ്. പ്രകൃതിയുടെ ലക്ഷ്യം മനുഷ്യരുടെ ഉപയോഗമല്ല; ആത്യന്തികമായി ദൈവത്തിന്റെ മഹത്ത്വമാണ്. പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കാതെ മനുഷ്യവർഗത്തിനു അതിജീവനമില്ല. ഉത്പത്തി പുസ്തകത്തിലെ സൃഷ്ടിവിവരണമനുസരിച്ച് ദൈവനിയോഗത്തിന്റെ ഭാഗമാണത്. സസ്യങ്ങളെയും മൃഗങ്ങളെയും ഭക്ഷിക്കാൻ മനുഷ്യന് അനുവാദമുണ്ട്. എന്നാലും മൃഗങ്ങളെ പീഡിപ്പിക്കാനോ മനുഷ്യർക്ക് ചേരാത്തവിധം അവയെ സൂക്ഷിക്കാനോ അനുവാദമില്ല. അത്യാഗ്രഹം മൂലം അവിവേകമായി ഭൂമിയെ ചൂഷണം ചെയ്യുന്നത് സൃഷ്ടിയുടെ മഹത്ത്വത്തിന് വിരുദ്ധമാണ്.

ജീവജാലങ്ങളുടെ ഭാവിയെ മാനിച്ചുകൊണ്ട് വിഭവവിനിയോഗം നടത്തണം എന്ന് സൂചിപ്പിക്കുന്ന ഭാഗങ്ങൾ പഴയനിയമത്തിലുണ്ട്: കുഞ്ഞുങ്ങളുടെയോ മുട്ടകളുടെയോ മേൽ തള്ളപ്പക്ഷി അടയിരിക്കുന്ന ഒരു പക്ഷിക്കൂട് വഴിയരികിലുള്ള ഏതെങ്കിലും വൃക്ഷത്തിലോ നിലത്തോ കാണാനിടയായാൽ കുഞ്ഞുങ്ങളോടുകൂടെ തള്ളയെ എടുക്കരുത്. തള്ളപ്പക്ഷിയെ പറന്നുപോകാൻ അനുവദിച്ചതിനുശേഷം കുഞ്ഞുങ്ങളെ നിനക്കെടുക്കാം (നിയമാ. 22: 6–7). യുദ്ധകാലങ്ങളിൽ നഗരങ്ങളെ ഉപരോധിക്കേണ്ടി വരുമ്പോൾ അതിലെ വൃക്ഷങ്ങളിലൊന്നും കോടാലി കൊണ്ട് വെട്ടി നശിപ്പിക്കരുതെന്ന് യഹോവ അനുശാസിക്കുന്നു (നിയമാ. 20:19).

മനുഷ്യൻ ചെയ്യുന്ന തിന്മകൾ മറ്റു ജീവജാലങ്ങളും സഹിക്കേണ്ടിവരും എന്ന് വചനം പഠിപ്പിക്കുന്നുണ്ട്. "ദേശവാസികൾക്കെതിരേ അവിടുത്തേക്ക് ഒരു ആരോപണമുണ്ട്. ഇവിടെ വിശ്വസ്തതയോ സ്നേഹമോ ഇല്ല. ദൈവവിചാരം ദേശത്ത് അറ്റുപോയിരിക്കുന്നു. ആണയിടലും വഞ്ചനയും കൊലപാതകവും മോഷണവും വ്യഭിചാരവും സീമാതീതമായിരിക്കുന്നു. ഒന്നിനുപിറകേ ഒന്നായി കൊലപാതകം നടക്കുന്നു. അതിനാൽ, ദേശം വിലപിക്കുന്നു; അതിലെ സകല നിവാസികളും ക്ഷയിക്കുന്നു; വയലിലെ മൃഗങ്ങളും ആകാശത്തിലെ പറവകളും സമുദ്രത്തിലെ മത്സ്യങ്ങൾ പോലും അപഹരിക്കപ്പെടുന്നു" (ഹോസിയ 4: 1–3).

വികസനപ്രവർത്തനങ്ങൾക്കും വിഭവങ്ങൾ അനിവാര്യമാണ്. അതേ സമയം ഏറ്റവുമധികം പ്രകൃതിചൂഷണം നടക്കുന്നതും വികസനത്തിന്റെ പേരിലാണ്. പരിസ്ഥിതിയെ മാനിക്കുന്ന വികസന നയമാണ് നമുക്കാവശ്യം. സുസ്ഥിരവികസനം എന്ന പ്രയോഗത്തിൽ ഇതും സാധാരണഗതിയിൽ ഉൾപ്പെടുന്നതാണ്. വിഭവവിനിയോഗത്തിന് ബാധകമായ ഒരു പൊതുനിയമം രണ്ടാം വത്തിക്കാൻ കൗൺസിൽ സൂചിപ്പിക്കുന്നുണ്ട്: ഓരോ മാനുഷിക പ്രവൃത്തിയും ദൈവത്തിന്റെ പദ്ധതിയോടും ഹിതത്തോടും മനുഷ്യവംശത്തിന്റെ യഥാർത്ഥനന്മയോടും ചേർന്നതാകണം. വികസനശ്രമങ്ങളുടെ പ്രായോഗികവശത്തെ മാനിച്ചുകൊണ്ട് ജോൺപോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞു: "പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുന്ന ഓരോ സാമ്പത്തിക പ്രവർത്തനവും പരിസ്ഥിതിസംരക്ഷണത്തോടു താത്പര്യം കാണിക്കുന്ന വിധത്തിലായിരിക്കണം. അതിനു വരുന്ന ചെലവുകൾ യഥാർത്ഥചെലവിന്റെ ഭാഗമായി കണക്കാക്കണം."



www.malankaralibrary.com

## 9. പ്രകൃതിക്കെതിരെയുള്ള പാപങ്ങളുടെ പരിണിതഫലങ്ങൾ

ഉത്പത്തിപുസ്തകത്തിലെ സൃഷ്ടിവർണ്ണനയിൽ സൂചിപ്പിച്ചതുപോലെ മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെടുകയും ദൈവത്തിന്റെ പ്രതിനിധികളായി പ്രവർത്തിക്കുവാൻ നിയോഗിക്കപ്പെടുകയും ചെയ്തിട്ടുള്ളവരാണ്. പരിസ്ഥിതിസംരക്ഷണം നമ്മുടെ കടമയും ഉത്തരവാദിത്വവുമാണ്. അധാർമികമായി സ്വാർത്ഥ താത്പര്യത്തോടെ പ്രകൃതിസമ്പത്ത് നാം ദുർവിനിയോഗം ചെയ്യുന്നതു വഴി അടുത്ത തലമുറയ്ക്കുകൂടി അവകാശപ്പെട്ട പ്രകൃതിവിഭവത്തെ നാം കൊള്ളയടിക്കുകയാണ്. അപരന് കൂടി അവകാശപ്പെട്ടത് സ്വാർത്ഥതാത്പര്യത്തിനായി ഉപയോഗിക്കുന്നതുവഴി നാം അന്യന്റെ വസ്തുക്കൾ ആഗ്രഹിക്കുകയും അപഹരിക്കുകയും ചെയ്യുകയാണ്.

മനുഷ്യന് ആവശ്യമുള്ളതിൽ കൂടുതൽ വസ്തുവകകൾ പ്രപഞ്ചത്തിലുണ്ട്. അത് ഉപയോഗിക്കുന്നതിനുള്ള അധികാരവും അവകാശവും മനുഷ്യർക്കുണ്ട്. എന്നാൽ പരിസ്ഥിതിയുടെ സംരക്ഷകരായി നിയോഗിക്കപ്പെട്ട മനുഷ്യർ പരിസ്ഥിതിസംരക്ഷണത്തെ മറന്ന് പ്രവർത്തിച്ചതോടെ പ്രകൃതിയുടെ താളലയങ്ങളിൽ മാറ്റം സംഭവിച്ചു. വിലക്കപ്പെട്ട കനി ഭക്ഷിച്ചതിലൂടെ പറുദീസായിൽ നിന്നും പുറത്താക്കപ്പെട്ട ആദിമാതാപിതാക്കളുടെ സ്ഥാനത്ത് ആധുനിക മനുഷ്യൻ എത്തിനിൽക്കുന്നു. പ്രകൃതിയുടെ താളലയം മറന്ന് സ്വാർത്ഥതയോടെ പരിസ്ഥിതിയെ ഉപയോഗിച്ചതിലൂടെ ഭൂമിയിലെ ജീവിതത്തിൽ നിന്നും പുറത്തേക്കുള്ള വഴി തേടുന്ന അവസ്ഥയിൽ നാം എത്തിനിൽക്കുന്നു. പ്രകൃതിസമ്പത്ത് മുഴുവൻ ഉപയോഗിച്ച് നാം നിർമ്മിച്ച സൗധങ്ങളും ഇതര സംരംഭങ്ങളും പ്രകൃതിയുടെ താളത്തിൽനിന്നു വേറിട്ടു നിൽക്കുന്നു. കാലാവസ്ഥയിലുണ്ടായ മാറ്റങ്ങൾ പ്രപഞ്ചത്തിന്റെ താളം തെറ്റിച്ചതോടെ നമ്മുടെ ജീവിതതാളവും തെറ്റി. ആരാണ് എന്റെ കല്പന ലംഘിച്ചത് എന്ന ചോദ്യവുമായി ദൈവം പറുദീസായിലെത്തിയതുപോലെ, പ്രകൃതിയുടെ താളം തെറ്റിയതിൽ കോപിച്ച ഈശ്വരൻ സുനാമി പോലെയുള്ള സംഹാര നൃത്തം ചവിട്ടി ഭൂമികുലുക്കം പോലെയുള്ള അലറുന്ന ശബ്ദത്തിൽ പ്രപഞ്ചതാളം തെറ്റിച്ചതാരാണ് എന്ന് നമ്മോടു ചോദിക്കുന്നു. ആദം ഹവ്വായെ ചൂണ്ടി ഹവ്വാ സർപ്പത്തെ ചൂണ്ടി അപരനിലേക്ക് കുറ്റം ചാർത്തിയപ്പോൾ ശിക്ഷ വിധിച്ചത് എല്ലാവർക്കുമാണ്. ആധുനികസമൂഹത്തിൽ പ്രപഞ്ചത്തിന്റെ താളം തെറ്റിയതിന്റെയും തെറ്റിച്ചതിന്റെയും കുറ്റങ്ങൾ നാം മറ്റുള്ളവരിലേക്ക് ചാർത്തുന്നു. പക്ഷെ, ആരു മൂലമാണെങ്കിലും പ്രകൃതിയെ ചൂഷണം ചെയ്തുണ്ടാക്കിയ ഉത്പന്നങ്ങൾ ആസ്വദിച്ചുകൊണ്ട് നാമും പ്രപഞ്ചതാളം തെറ്റിക്കുന്ന പ്രക്രിയയിൽ പങ്കുചേരുന്നു.

## 10. വ്യവസായികവികസനവും ഉപഭോഗസംസ്കാരവും

വ്യാവസായികാടിസ്ഥാനത്തിൽ സൃഷ്ടവസ്തുക്കളെ ഉപയോഗിക്കുവാൻ തുടങ്ങിയതോടെ പ്രപഞ്ചത്തിന്റെ താളം തെറ്റി. ഈ സാഹചര്യത്തിലാണ് സൃഷ്ടിയുടെമേൽ ആധിപത്യം നൽകുന്ന ബൈബിളിലെ സൃഷ്ടിവിവരണമാണ് പരിസ്ഥിതിപ്രശ്നങ്ങളുടെ മൂലകാരണമെന്ന വിമർശനം സഭയ്ക്കെതിരെ ഉയർന്നുവന്നത്. ഇത്തരം വിമർശനങ്ങൾ



www.malankaralibrary.com

സഭയിൽ ഏറെ കോളിളക്കം സൃഷ്ടിച്ചു. പരിസ്ഥിതി ദൈവശാസ്ത്രത്തെക്കുറിച്ചുള്ള ഗൗരവമായ ചർച്ചകൾക്ക് ഇതു തുടക്കം കുറിച്ചു.

സൃഷ്ടിവിവരണത്തെ മനസിലാക്കുന്നതിൽ സംഭവിച്ച പിഴവുകളാണ് ഇതിനു മൂലകാരണം. പ്രപഞ്ചവസ്തുക്കളിൽ ആധിപത്യം നൽകപ്പെട്ട മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് സൃഷ്ടിക്കപ്പെട്ടത്. തന്റെ ഛായയിലും സാദൃശ്യത്തിലും വിളിക്കപ്പെട്ടവർ തന്റെ പ്രതിനിധികളായി പ്രപഞ്ചത്തെ സംരക്ഷിക്കുവാനായി നിയോഗിക്കപ്പെട്ടവരാണ് എന്ന വസ്തുതയെ സൗകര്യപൂർവം അവർ മറന്നു.

## 11. പ്രകൃതിയെ നശിപ്പിക്കുന്നത് പാപമാണ്

മനുഷ്യർക്ക് ദൈവവുമായുള്ള ബന്ധത്തിലെ തകർച്ചയാണ് പാപത്തിന്റെ ആത്യന്തികമാനം. മനുഷ്യരുമായുള്ള നമ്മുടെ ബന്ധം ഉലയുന്നത് ദൈവവുമായുള്ള ബന്ധത്തെ ബാധിക്കുമെന്നത് വ്യക്തമാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യർ ദൈവത്തിന്റെ പ്രതിനിധികളായി വർത്തിക്കേണ്ടവരാണ്. സൃഷ്ടിസംരക്ഷണം അവരുടെ കടമയും ഉത്തരവാദിത്വവുമാണ്. നിരുത്തരവാദിത്വപരമായി ദൈവഹിതത്തെ ലംഘിച്ചുകൊണ്ടുള്ള പ്രകൃതിയുടെ ഉപഭോഗമാണ് പ്രഥമ പാപം. എന്നാൽ പ്രകൃതിയുമായുള്ള ബന്ധം താറുമാറാകുന്നത് പാപകരമാണെന്ന് പറയാൻ നാം ഇപ്പോഴും മടിക്കുന്നു. ദൈവവുമായുള്ള മനുഷ്യരുടെ ബന്ധത്തിൽ





www.malankaralibrary.com

സാധാരണഗതിയിൽ മണ്ണും മരങ്ങളും കയറിവരുന്നില്ല; പാപവും പുണ്യവും നിർണയിക്കുന്നിടത്ത് ഇപ്പോഴും പൊന്നുരുക്കുന്നിടത്തെ പൂച്ചപോലെയാണ് പ്രകൃതി. കാരണം മനുഷ്യന്റെ ജീവൽപങ്കാളിയായി പ്രകൃതിയെ നാം കാണുന്നില്ല എന്നതു തന്നെ. പ്രകൃതിയെ അശ്രദ്ധമായി നശിപ്പിക്കുന്നത് പാപകരമാണെന്ന് പറയാൻ നാം തുടങ്ങിയിട്ടില്ല. മാരകമായ വിഷം തളിച്ച് പച്ചക്കറിയുണ്ടാക്കി വില്ക്കുന്നത് ഏറ്റു പറയേണ്ട പാപങ്ങളുടെ പട്ടികയിൽ വരുന്നില്ല. ഏഴ് സാമൂഹിക മൂലപാപങ്ങളുടെ പട്ടിക വത്തിക്കാൻ 2008-ൽ പുറത്തിറക്കിയിരുന്നു. അതിലൊന്ന് പ്രകൃതിയെ മലിനമാക്കുന്നതാണ്. 'Youcat' (യുവജന മതബോധന ഗ്രന്ഥം) ൽ മോഷ്ടിക്കരുത് എന്ന 7-ാം കല്പനയെപ്പറ്റി പ്രതിപാദിക്കുന്നിടത്ത് പരിസ്ഥിതിയെയും മൃഗങ്ങളെയും നാം എങ്ങനെ ഉപയോഗിക്കുന്നുവെന്നത് പരിചിന്തന ത്തിന് വിഷയമാക്കിയിരിക്കുന്നു. ഭൂമിയുടെമേൽ ആധിപത്യമുണ്ടായിരിക്കട്ടെ (ഉത്പ. 1:28) എന്നതിന് പ്രകൃതിയെ തന്നിഷ്ടംപോലെ കൈകാര്യം ചെയ്യാൻ വ്യവസ്ഥാതീതമായ അവകാശമുണ്ടെന്ന് അർത്ഥമില്ല. മനുഷ്യൻ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടവ നാകയാൽ അജപാലകനെപ്പോലെയും കാര്യസ്ഥനെപ്പോലെയും ദൈവത്തിന്റെ സൃഷ്ടിപ്രപഞ്ചത്തെ പരിപാലിക്കണം. മൃഗങ്ങളും ദൈവത്തിന്റെ സചേതന സൃഷ്ടി കളാണ്. അവയെ പീഡിപ്പിക്കുന്നതും സഹിക്കാൻ അവയെ അനുവദിക്കുന്നതും ഉപകാരമില്ലാതെ അവയെ കൊല്ലുന്നതും പാപമാണ് എന്ന് ബനഡിക്ട് 16-ാമൻ മാർപാപ്പാ പഠിപ്പിക്കുന്നു. ചുരുക്കത്തിൽ, ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ നിഷേധാത്മകമായി ബാധിക്കാൻ പോരുന്നതാണ് പ്രകൃതിക്കെതിരെയുള്ള നമ്മുടെ നിലപാടുകൾ.

## 12. പരിസ്ഥിതിയോടുള്ള നമ്മുടെ സമീപനങ്ങൾ

മുകളിൽ പറഞ്ഞ ദൈവശാസ്ത്രധാരണകളുടെ വെളിച്ചത്തിൽ നമുക്ക് നവീനമായ മനോഭാവവും പ്രസക്തമായ ജീവിത - പ്രവർത്തനശൈലിയും പ്രകൃതിസംരക്ഷണത്തോടുണ്ടാകണം. പ്രപഞ്ചത്തെക്കുറിച്ചും അതിൽ മനുഷ്യന്റെ സ്ഥാനത്തെക്കുറിച്ചും വസ്തുവകകൾ ആദരപൂർവം വിനിയോഗിക്കേണ്ടതിനെക്കുറിച്ചുമൊക്കെ നമുക്ക് വിശ്വാസപ്രേരിതമായ നിലപാടുകൾ വേണം. നമ്മുടെയിടയിലെ പാപാവസ്ഥയുടെ സ്വാധീനം പരിസ്ഥിതിനാശത്തിലേക്ക് നയിക്കാമെന്ന കാഴ്ചപ്പാടും നമുക്കുണ്ടാകണം. അതിനാൽ പ്രകൃതിയുമായിട്ടുകൂടി രമ്യതയിലാകുമ്പോഴേ അനുരഞ്ജനം പൂർണമാകുന്നുള്ളൂ എന്ന അവബോധവും നമുക്കാവശ്യമുണ്ട്. പ്രകൃതി വെറുമൊരു ഉപഭോഗവസ്തു മാത്രമല്ലെന്നും അതിന് അതിൽത്തന്നെ മൂല്യമുണ്ടെന്നുമുള്ള ധാരണകൾ നമ്മിൽ സജീവമാകേണ്ടതുണ്ട്.

പരിസ്ഥിതിസംരക്ഷണത്തിനുണ്ടാകേണ്ട ഒരു അവശ്യഗുണം അതിന്റെ സമഗ്രതയാണ്. ഇക്കാര്യം ബനഡിക്ട് പതിനാറാമൻ മാർപാപ്പ *സത്യത്തിൽ സ്നേഹം* എന്ന ചാക്രികലേഖനത്തിൽ എടുത്തു പറയുന്നു. സ്വയം പരിഗണിക്കുന്ന രീതിയിലേ മനുഷ്യകുലം പ്രകൃതിയെയും പരിഗണിക്കൂ; അതുപോലെ നേരെ തിരിച്ചും. സംസ്കാരത്തിൽനിന്നും സമൂഹത്തിൽനിന്നും പാടെ വേർപെടുത്തി പ്രകൃതിയെ നമുക്കിന്ന്



www.malankaralibrary.com

കാണാനാവില്ല. ഉദാഹരണത്തിന് ജലം ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ സ്വന്തമായി ശേഖരിച്ചുകൂട്ടുന്നവർ ഫലത്തിൽ പരിസ്ഥിതി വിരുദ്ധമായി പെരുമാറുകയാണ്. ഈ ശ്രമത്തിൽ സഭ പ്രകൃതിവിഭവങ്ങളെ സംരക്ഷിച്ചാൽ മാത്രം പോര, മനുഷ്യകുലത്തെ സ്വയംനാശത്തിൽനിന്നും രക്ഷിക്കണം. അതിനു മാനുഷികപരിസ്ഥിതിക്കും സഭ ഊന്നൽ നല്കണം. അതായത് ജീവൻ, ലൈംഗികത, കുടുംബം, സാമൂഹിക ബന്ധങ്ങൾ തുടങ്ങിയവയെ വേണ്ട വിധം മാനിക്കുന്ന സമൂഹമാണ് മാനുഷിക പരിസ്ഥിതി ഉറപ്പിക്കുന്നത്. അതായത് ജീവസംരക്ഷണം എന്ന വലിയ ലക്ഷ്യത്തിന്റെ ഭാഗമാകണം പരിസ്ഥിതിസ്നേഹം. ഭ്രൂണഹത്യയെ അനുകൂലിക്കുകയും മരം മുറിക്കുന്നതിനെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടെടുക്കുകയും ചെയ്യുന്നത് സമഗ്രമല്ലാത്ത പ്രകൃതി സ്നേഹത്തിന്റെ അടയാളമാണ്. തെരുവിൽ അലയുന്ന കുട്ടികളെ മറന്ന് അന്യംനിന്നു പോകുന്ന ജീവജാലങ്ങൾക്കായി വാദിക്കുന്നതിൽ അപാകതയുമുണ്ട്. മനുഷ്യന്റെ പൊതുനന്മയെ അവഗണിക്കുന്നതരം പ്രകൃതി സ്നേഹവും ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ജോൺ പോൾ രണ്ടാമൻ മാർപാപ്പ പഠിപ്പിച്ചതുപോലെ, മനുഷ്യമഹത്ത്വത്തിന് മുകളിലായി പ്രകൃതിയെ പ്രതിഷ്ഠിക്കരുത്. സകല ജീവജാലങ്ങൾക്കും ഒരേ മഹത്ത്വമല്ല ഉള്ളത്.

ചുരുക്കത്തിൽ, മനുഷ്യന്റെ സവിശേഷമായ ശ്രേഷ്ഠതയെ മാനിക്കുന്നതരം പരിസ്ഥിതി സംരക്ഷണ ശ്രമങ്ങളേ സഭയ്ക്ക് സ്വീകാര്യമാകൂ. കാരണം സമഗ്രമല്ലാത്ത പ്രകൃതിസംരക്ഷണത്തിന് ദൈവശാസ്ത്രത്തിന്റെയും സാമാന്യയുക്തിയുടെയും പിന്തുണയില്ല. മറിച്ചുള്ള ശ്രമങ്ങളൊക്കെ പ്രകൃതി സ്നേഹത്തിന്റെ കാല്പനികപതിപ്പായി അവശേഷിക്കും. അതിനാൽ മാനുഷിക പരിസ്ഥിതിയെ മാനിക്കാത്ത പ്രകൃതി സംരക്ഷണശ്രമങ്ങൾ ക്രിസ്തീയസമഗ്രത അവകാശപ്പെടാനില്ലാത്തതാണ്. "മൃഗങ്ങളോടുള്ള സ്നേഹത്തെ മനുഷ്യരോടുള്ള സ്നേഹത്തിനു മുകളിൽ പ്രതിഷ്ഠിക്കരുത്" എന്ന ബനഡിക്ട് 16-ാമൻ മാർപാപ്പായുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്.

## 13. പരിസ്ഥിതി സംരക്ഷണം ജീവിതശൈലി

പരിസ്ഥിതി സംരക്ഷണം ആത്യന്തികമായി ഒരു ജീവിതശൈലിയാണ്. വിശ്വാസ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും സ്വാധീനം ചെലുത്തുന്ന ജീവിത ശൈലിയായി മാറിയാലേ ഇത് ഫലമണിയൂ. ഏതാനും പ്രതീകാത്മകപ്രവൃത്തികളോ ഒറ്റപ്പെട്ട ചില മുന്നേറ്റങ്ങളോ ഇക്കാര്യത്തിൽ മതിയാവുകയില്ല. ഇതൊരു ജീവിത ശൈലിയാകുമ്പോൾ നമ്മുടെ ഭക്ഷണം, താമസം, യാത്രാ, ഊർജവിനിയോഗം, വിനോദശീലങ്ങൾ ഇവയൊക്കെ പുന:ക്രമീകരിക്കപ്പെടേണ്ടിവരും. അപ്പോൾ മാത്രമേ പ്രകൃതി സംരക്ഷണം ചലനാത്മകമാകൂ. ഈ സാമൂഹികമാറ്റത്തിന് നേതൃത്വപരമായ പങ്കുവഹിക്കലും ഇക്കാര്യത്തിൽ സ്വയം മാതൃകയാകുകയുമാണ് സഭയുടെ കടമകൾ. അപ്പം വർധിപ്പിക്കാനൊരുങ്ങിയ യേശു ആദ്യം ചെയ്യുന്നത് വിശന്നുപൊരിഞ്ഞുനിന്ന ആൾക്കൂട്ടത്തെ വിവിധ പന്തികളായി ഇരുത്തുകയാണ് (മർക്കോ 6: 30-44). ക്രമരഹിതമായ അവസ്ഥയിൽനിന്ന് ക്രമവും വേർതിരിവും ഉണ്ടാക്കി സൃഷ്ടികർമം നടത്തിയ ദൈവത്തിന്റെ പ്രവൃത്തിയുടെ സാദൃശ്യം നമുക്കിവിടെ കാണാൻ കഴിയും. കൈനിറയെ കിട്ടിയവരും ഒന്നും



www.malankaralibrary.com

കിട്ടാത്തവരും കിട്ടിയതുപോര എന്ന ബോധ്യമുള്ളവരും ഒരുപോലെ പരിമിതമായ പ്രകൃതിവിഭവ ങ്ങൾക്കുവേണ്ടി മല്ലിടുന്ന സമൂഹമാണ് നമ്മുടേത്. ഇത്തരക്കാർക്കെല്ലാം നീതി പൂർവകമായ ഇരിപ്പിടം കിട്ടുന്ന ഒരു സാമൂഹികക്രമം സൃഷ്ടിക്കാൻ കഴിഞ്ഞാലേ അപ്പം വർധിപ്പിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ സമൃദ്ധിയിൽനിന്ന് ഭക്ഷിച്ച് എല്ലാവർക്കും തൃപ്തരാകാൻ കഴിയു. ഈ വമ്പൻ യജ്ഞത്തിൽ രാഷ്ട്രത്തോടൊപ്പവും ഒരുവേള രാഷ്ട്രസമൂഹത്തിന് മാതൃകയും പ്രചോദനവുമായും വർത്തിക്കുകയാണ് സഭയുടെ ദൗത്യം.

പരിസ്ഥിതി സംരക്ഷണം സഭാസമൂഹം ഒറ്റയ്ക്ക് ഏറ്റെടുത്ത് ചെയ്യേണ്ട ഒന്നല്ല. ആഗോളവ്യാപ്തിയുള്ള ഈ കടമ എല്ലാവരോടും ചേർന്ന് നിർവഹിക്കണമെന്ന് ജോൺപോൾ രണ്ടാമൻ മാർപാപ്പ ഓർമ്മിപ്പിച്ചിട്ടുണ്ട്. വിവിധ മതസമൂഹങ്ങളോടും ജനാധിപത്യസർക്കാരുകളോടും സാമൂഹികപ്രസ്ഥാനങ്ങളോടും ചേർന്ന് പ്രകൃതി സംരക്ഷണത്തിനായി ഒരു ജനകീയ മുന്നേറ്റത്തിന് നേതൃത്വം കൊടുക്കാൻ സഭാമക്ക ളായ നമുക്ക് ഓരോരുത്തർക്കും കഴിയണം.

***പ്രകൃതിയെ സംരക്ഷിക്കുക എന്ന സഭയുടെ പഠിപ്പിക്കൽ പ്രായോഗികമായി എപ്രകാരം സ്വീകരിക്കാനാകും എന്ന് ചർച്ച ചെയ്യുക. പ്രകൃതിയെ സംരക്ഷിക്കുവാൻ യുവജന ങ്ങൾ എന്ന നിലയിൽ എന്തൊക്കെ ചെയ്യാനാകും എന്ന് ചർച്ച ചെയ്യുക.***





www.malankaralibrary.com

# മലങ്കരസഭ – ചരിത്രവും നിയോഗവും



संत थॉमस–सलीब • [Syriac] • Saint Thomas Cross


## ഭാരതത്തിലെ മലങ്കര സഭ

ലോകരക്ഷകനായ യേശുമിശിഹാ പന്ത്രണ്ട് ശ്ലീഹന്മാർക്ക് സമസ്താധികാരവും നല്കി ലോകം മുഴുവനും സുവിശേഷം പ്രഘോഷിക്കാനായി അയച്ചു. "നിങ്ങൾ ലോകം മുഴുവൻ പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ" (മർക്കോ. 16:15, മത്താ. 28:18–20). പരിശുദ്ധാത്മാവിനെ സ്വീകരിച്ച് ശക്തിപ്രാപിച്ച ശ്ലീഹന്മാർ ജറുസലേമിലും യൂദയായിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും മിശിഹായ്ക്ക് സാക്ഷികളായി (അപ്പ. 1:8). കർത്താവ് അവരോടുകൂടി പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ട് വചനം സ്ഥിരീകരിക്കുകയും ചെയ്തു (മർക്കോ. 16:20). ഈ പന്ത്രണ്ടുപേരിൽ ഒരുവനായിരുന്നു തോമാശ്ലീഹാ. അദ്ദേഹം കേരളത്തിലും ഭാരതത്തിന്റെ വിവിധഭാഗങ്ങളിലും സുവിശേഷം പ്രഘോഷിച്ച് ക്രിസ്തീയസഭയ്ക്ക് അടിസ്ഥാനമിട്ടു. അതിനാൽ ഭാരതത്തിന്റെ ശ്ലീഹായായി അഥവാ അപ്പസ്തോലനായി തോമാശ്ലീഹാ പരിഗണിക്കപ്പെടുന്നു. തോമാശ്ലീഹായിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർ എന്ന നിലയിൽ ഭാരതത്തിലെ ക്രിസ്ത്യാനികൾ മാർതോമ്മാ ക്രിസ്ത്യാനികൾ എന്ന് അറിയപ്പെടുന്നു. അതിനാൽ ഭാരതത്തിലെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രം തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിൽനിന്നാണ് ആരംഭിക്കുന്നത്.



www.malankaralibrary.com

## 1. മാർതോമാശ്ലീഹാ ഭാരതത്തിൽ




ക്രിസ്തുശിഷ്യനായ തോമാശ്ലീഹാ മെസപ്പൊട്ടാമിയ, പേർഷ്യാ എന്നിങ്ങനെ പശ്ചിമേഷ്യയിലെ വിവിധ സ്ഥലങ്ങളിൽ സുവിശേഷം പ്രഘോഷിച്ചതിനുശേഷം എ.ഡി. 52- ൽ അവിടെ നിന്നും കപ്പൽ മാർഗം കൊടുങ്ങല്ലൂരിനടുത്ത് മാല്യങ്കരയിൽ എത്തിച്ചേർന്നു. ആദ്യം സുവിശേഷം പ്രഘോഷിച്ചതും സഭ സ്ഥാപിച്ചതും മാല്യങ്കരയിലായതിനാൽ ശ്ലീഹാ സ്ഥാപിച്ച സഭ "മലങ്കര സഭ" എന്ന് അറിയപ്പെടുന്നു. 'മലങ്കര' എന്ന പദത്തിന് "മലകളുടെ കര" എന്നും ചിലർ വ്യാഖ്യാനം നല്കുന്നുണ്ട്. മാർതോമാശ്ലീഹായുടെ കാലം മുതൽ ഇവിടുത്തെ സഭ അറിയപ്പെട്ടിരുന്നത് "മലങ്കര സഭ" എന്ന പേരിലായിരുന്നു. മറ്റുപേരുകൾ എല്ലാം പിന്നീട് ഉണ്ടായിട്ടുള്ളതാണ്.

തോമാശ്ലീഹാ ഭാരതത്തിലെത്താൻ രണ്ടു കാരണങ്ങൾ ചൂണ്ടികാണിക്കപ്പെടുന്നു. ഒന്നാമതായി കച്ചവടത്തിനായി കേരളത്തിലെത്തിയ യഹൂദരുടെ സാന്നിധ്യം. രണ്ടാമതായി പാശ്ചാത്യലോകത്തുനിന്നും കേരളത്തിലേക്ക് കപ്പൽമാർഗം കണ്ടുപിടിച്ചതോടുകൂടി വ്യാപാരബന്ധം ശക്തിപ്പെട്ടു എന്നത്. ഈ രണ്ട് അനുകൂലസാഹചര്യങ്ങൾ ശ്ലീഹായുടെ യാത്ര എളുപ്പമാക്കിയിരിക്കാം.

കേരളത്തിൽ മാർതോമാശ്ലീഹാ ഏഴുപള്ളികൾ അഥവാ ഏഴ് സഭാസമൂഹങ്ങൾ സ്ഥാപിച്ചു. കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ (കോട്ടയ്ക്കാവ്), കോക്കമംഗലം, കൊല്ലം, നിരണം, ചായൽ (നിലയ്ക്കൽ). തെക്കേ ഇന്ത്യയിലെ ഈ ക്രൈസ്തവസമൂഹത്തിന്റെ സജീവസാക്ഷ്യമാണ് തോമാശ്ലീഹായുടെ ഭാരതത്തിലെ പ്രേഷിത പ്രവർത്തനത്തിനുള്ള ഏറ്റവും വലിയ തെളിവ്. കേരളത്തിൽനിന്നും ശ്ലീഹാ മൈലാപ്പൂരിലെ ചിന്നമലയിൽ പ്രവർത്തിക്കുകയും അദ്ദേഹത്തിന്റെ എതിരാളികൾ ശൂലം എറിഞ്ഞ് ശ്ലീഹായെ വധിക്കുകയും ചെയ്തു. എ.ഡി. 72-ൽ തോമാശ്ലീഹാ രക്തസാക്ഷിത്വം വരിക്കുകയും മൈലാപ്പൂരിൽ അദ്ദേഹത്തെ കബറടക്കുകയും ചെയ്തു. മാർതോമാശ്ലീഹായുടെ കബറിടം മൈലാപ്പൂർ കത്തീഡ്രലിൽ സ്ഥിതിചെയ്യുന്നു. മൂന്നാം നൂറ്റാണ്ടിൽ തിരുശേഷിപ്പിന്റെ പ്രധാന



www.malankaralibrary.com

ഭാഗം മൈലാപ്പൂരിൽനിന്നും എഡേസായിലേക്കും അവിടെനിന്നും വിവിധ സ്ഥലങ്ങളിലേക്കും കൊണ്ടുപോയി. ജൂലൈ 3-ാം തീയതിയാണ് ഭാരതത്തിലെ ക്രിസ്ത്യാനികൾ തോമാശ്ലീഹായുടെ ഓർമതിരുനാൾ ആഘോഷിക്കുന്നത്.

## 2. മലങ്കരസഭ പതിനാറാം നൂറ്റാണ്ടുവരെ

മലങ്കരസഭയുടെ ആദ്യകാലഘട്ടങ്ങളെ സംബന്ധിച്ച് എഴുതപ്പെട്ട രേഖകൾ വളരെ വിരളമായേ നമുക്കുള്ളു. അതിനാൽ ഈ കാലഘട്ടത്തെ "ഇരുളടഞ്ഞകാലം" എന്നു ചിലർ വിളിക്കുന്നു. മലങ്കരസഭ ആദ്യകാലഘട്ടങ്ങളിൽ പശ്ചിമേഷ്യയിലെ പേർഷ്യൻ അഥവാ പൗരസ്ത്യസുറിയാനി സഭയുമായി ബന്ധപ്പെട്ടിരുന്നു എന്ന് പില്ക്കാലരേഖകൾ സൂചിപ്പിക്കുന്നു. പേർഷ്യയിലെയും മലങ്കരയിലെയും സഭകൾ തോമാശ്ലീഹായെ അവരുടെ പൊതുപിതാവായി കാണുന്നു. പൗരസ്ത്യദേശങ്ങളിലെ പൊതുഭാഷ സുറിയാനിയായതിനാൽ ഈ രണ്ടു സ്ഥലങ്ങളിലെ സഭകളെ ഒന്നിപ്പിക്കുന്ന ഒരു ഘടകമായി സുറിയാനി ഭാഷ മാറിക്കാണും. അതിനാൽ ആദ്യകാലം മുതൽതന്നെ ഭാരതസഭയും പേർഷ്യൻ സഭയും തമ്മിൽ ബന്ധം നിലനിന്നിരുന്നു എന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം. എന്നാൽ ഏഴാം നൂറ്റാണ്ടുമുതൽ പേർഷ്യൻസഭയിലെ മെത്രാന്മാർ വന്ന് ഇവിടുത്തെ സഭയ്ക്ക് നേതൃത്വം നല്കിയതിനെകുറിച്ച് വ്യക്തമായ രേഖകളുണ്ട്. 16-ാം നൂറ്റാണ്ടിൽ പോർട്ടുഗീസ് മിഷനറിമാർ ഇവിടെ വന്നപ്പോൾ പേർഷ്യൻ മെത്രാന്മാരുടെ നേതൃത്വത്തിൽ പൗരസ്ത്യ സുറിയാനി ആരാധനക്രമമാണ് ഇവിടെ കണ്ടത്. 1556-1559 വർഷങ്ങളിൽ മാർ ജോസഫ് മെത്രാനും 1558-1597 വർഷങ്ങളിൽ മാർ അബ്രഹാമും മലങ്കരയിൽ ഭരണം നടത്തി. പേർഷ്യക്കാരായ ഈ മെത്രാൻമാരുടെ മരണത്തോടുകൂടി മലങ്കര സഭയും പേർഷ്യൻ സഭയും തമ്മിലുള്ള ഹയരാർക്കിക്കൽ ബന്ധം അവസാനിച്ചു. ചുരുക്കത്തിൽ 16-ാം നൂറ്റാണ്ടുവരെ പേർഷ്യയിലെ പൗരസ്ത്യസുറിയാനി സഭയുമായി ഭാരതസഭ ആരാധനക്രമപരമായും അധികാരപരമായും നല്ല ബന്ധം പുലർത്തിയിരുന്നു.

## 3. പാശ്ചാത്യമിഷനറിമാരും മലങ്കരസഭയും

ഭാരതവുമായി നേരിട്ട് കച്ചവടം നടത്തുന്നതിനുവേണ്ടി പോർട്ടുഗീസുകാർ 1498 മുതൽ കേരളത്തിലെത്തി. ആദ്യമെത്തിയത് പോർട്ടുഗീസ് കപ്പിത്താൻ വാസ്കോ ഡി ഗാമാ ആയിരുന്നു. പോർട്ടുഗലിൽനിന്നും കച്ചവടക്കാരോടൊപ്പം മിഷനറിമാരും ഇവിടെയെത്തി. വിദേശത്തുനിന്നും വന്ന ക്രൈസ്തവ സഹോദരങ്ങളെ ഇവിടുത്തെ ക്രിസ്ത്യാനികൾ ആദരവോടെ സ്വീകരിക്കുകയും അവർ ഇവിടുത്തെ കൂദാശകളിൽ സംബന്ധിക്കുകയും ചെയ്തു. പോർട്ടുഗീസ് മിഷനറിമാരിൽ ഏറ്റവും തീക്ഷ്ണതയുള്ള വ്യക്തിയായിരുന്നു വി. ഫ്രാൻസിസ് സേവ്യർ. 1542-ൽ ഗോവയിലെത്തിയ അദ്ദേഹം ഭാരതത്തിന്റെ വിവിധസ്ഥലങ്ങളിലും കേരളത്തിലെ കടൽക്കരകളിലും സുവിശേഷം പ്രഘോഷിച്ച് ധാരാളം പേരെ ക്രിസ്തുമതത്തിലേക്ക് ആനയിച്ചു. 1552-ൽ അദ്ദേഹം മരിച്ചു. അദ്ദേഹത്തിന്റെ ശരീരം ഇപ്പോഴും ഗോവയിൽ സൂക്ഷിച്ചിരിക്കുന്നു.



www.malankaralibrary.com

പോർട്ടുഗീസ് മിഷനറിമാർ ഉപയോഗിച്ചുകൊണ്ടിരുന്ന ലത്തീൻ ആരാധന ക്രമത്തിൽനിന്നും വ്യത്യസ്തമായ പൗരസ്ത്യ സുറിയാനി ആരാധനക്രമം ഇവിടെ മലങ്കരയിൽ ഉപയോഗിക്കുവാൻ അവർ ഇഷ്ടപ്പെട്ടില്ല. തന്മൂലം പാശ്ചാത്യ ദൈവശാസ്ത്രചിന്തകളും ഭക്താഭ്യാസങ്ങളും ലത്തീൻ ആരാധനക്രമവും ഇവിടെ നടപ്പാക്കാൻ അവർ ആഗ്രഹിച്ചു.

പോർട്ടുഗീസ് രാജാവാണ് കച്ചവടക്കാരെയും മിഷനറിമാരെയും ഭാരതത്തിലേക്ക് അയച്ചത്. ഈ സഭയുടെ മേലുള്ള രക്ഷാധികാരത്വം മാർപാപ്പാ പോർട്ടുഗീസ് രാജാവിനു നല്കിയിരുന്നു. ഇപ്രകാരമുള്ള മിഷൻ പ്രദേശങ്ങളുടെമേലുള്ള രാജാവിന്റെ അധികാരത്തെ പദ്രവാദോ എന്ന് പറയുന്നു. ഈ അധികാരം ഭാരതത്തിലെ സഭയുടെ മേലും പോർട്ടുഗീസ് രാജാവിനു മാർപാപ്പാ നല്കി.

പോർട്ടുഗീസുകാർ ഇവിടെ ഉണ്ടായിരുന്ന പേർഷ്യൻ മെത്രാനായ മാർ യാക്കോബുമായി (1504–1552 ) നല്ല സൗഹൃദത്തിൽ കഴിഞ്ഞു. അദ്ദേഹത്തിനുശേഷം വന്ന മാർ ജോസഫിനെയും (1556–1569) മാർ അബ്രഹാമിനെയും (1558–1597) പോർട്ടുഗീസുകാർ ക്രമേണ ഇവിടെനിന്നും നാടുകടത്തി. 1585–ൽ നടന്ന മൂന്നാം ഗോവൻ സിനഡിൽവച്ച് മലങ്കരയിലെ ആരാധനക്രമം പരിഷ്കരിക്കാൻ അവർ തീരുമാനിച്ചു. 1597–ൽ മാർ അബ്രഹാം മരിച്ചതിനുശേഷം മിഷനറിമാർ മലങ്കര സഭയുടെ നിയന്ത്രണം ഏറ്റെടുത്തു.

## 4. ഉദയംപേരൂർ സുനഹദോസ് (1599)

ഭാരതത്തിൽ മാർതോമാശ്ലീഹായാൽ സ്ഥാപിതമായ മലങ്കരസഭയെ പാശ്ചാത്യസഭയുടെ ഭാഗമാക്കാനുള്ള നടപടികൾക്ക് നിയമസാധുത്വം നല്കാനുള്ള ശ്രമമാണ് 1599–ൽ ഉദയംപേരൂർ സുനഹദോസിൽ നടന്നത്. പോർട്ടുഗീസ് മേൽക്കോയ്മയും പാശ്ചാത്യവത്കരണവും ശാശ്വതീകരിക്കാൻ വേണ്ടിയാണ് ഇപ്രകാരം ഒരു സുനഹദോസ് കൂടിയത്. മാർ അബ്രഹാം 1597–ൽ മരിക്കുന്നതിന് മുമ്പ് പേർഷ്യയിൽനിന്നും ഒരു മെത്രാനെ ചുമതല ഏല്പിക്കാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ ആ പദ്ധതികൾ എല്ലാം പോർട്ടുഗീസുകാർ തടഞ്ഞു. തന്റെ മരണത്തിന് മുമ്പ് അദ്ദേഹം ഗീവർഗീസ് ആർച്ചുഡീക്കനെ (അർക്കദിയാക്കോൻ) ചുമതല ഏൽപിച്ചു. അതിനാൽ നേരിട്ട് ഇവിടുത്തെ ഭരണം കൈക്കലാക്കാൻ മിഷനറിമാർക്ക് സാധിച്ചില്ല.

മലങ്കരയിൽ മെത്രാൻ ഇല്ലാത്ത അവസരം നോക്കി ഈ സഭയുടെമേൽ യാതൊരു അധികാരവുമില്ലാത്ത പാശ്ചാത്യ മെത്രാൻ മെനെസിസ് ഗോവയിൽനിന്നും 1599 ഫെബ്രുവരി 1 ന് കൊച്ചിയിലെത്തി. മലങ്കര സഭയിലെ ദൂഷ്യങ്ങൾ പരിഹരിക്കുക, പള്ളികൾ സംരക്ഷിക്കുക, സുനഹദോസ് വിളിച്ചുകൂട്ടുക, അബദ്ധസിദ്ധാന്തങ്ങൾ ഉൾക്കൊള്ളുന്ന സകലഗ്രന്ഥങ്ങളും നശിപ്പിക്കുക, മലങ്കര സഭയെ ലത്തീൻ സഭയുടെ സ്വാധീനത്തിൽ കൊണ്ടുവരിക, സുറിയാനി ഭാഷ മാറ്റി ലത്തീൻ ഭാഷ പ്രതിഷ്ഠിക്കുക എന്നിവയായിരുന്നു അദ്ദേഹത്തിന്റെ ആഗമനലക്ഷ്യം. അതിനായി അദ്ദേഹം ഗീവർഗീസ് ആർച്ചുഡീക്കനുമായി വളരെ തന്ത്രപൂർവം ബന്ധം പുലർത്തുകയും ഇവിടുത്തെ വിവിധ



www.malankaralibrary.com

ദേവാലയങ്ങളിൽ കർമങ്ങൾ നടത്തുകയും ചെയ്തു. ഇതിനിടയിൽ പലർക്കും പട്ടം നല്കി. പട്ടക്കാരും കുറെ ജനങ്ങളും മെനെസിസിനൊപ്പം ഉണ്ടായിരുന്നതിനാൽ ആർച്ചുഡീക്കന്റെ എതിർപ്പുകളെ തരണം ചെയ്യാൻ അദ്ദേഹത്തിന് സാധിച്ചു.

മലങ്കരയിൽ ഒരു സുനഹദോസ് വിളിച്ചുകൂട്ടാൻ അദ്ദേഹം പദ്ധതിയൊരുക്കി. പോർട്ടുഗീസ് സൈന്യത്തിന്റെയും നാട്ടുരാജാക്കന്മാരുടെയും സഹായത്തോടുകൂടി ഉദയംപേരൂർ പള്ളിയിൽവച്ച് 1599 ജൂൺ 20 ന് സുനഹദോസ് ആരംഭിച്ചു. 153 വൈദികരും 600 അല്മായരും ഇതിൽ സംബന്ധിച്ചു. 1599 ജൂൺ 26 ന് സുനഹദോസ് അവസാനിച്ചു. അങ്ങനെ മലങ്കരസഭയെ അതിന്റെ ആരാധനരീതിയിലും ആധ്യാത്മികതയിലും ദൈവശാസ്ത്രചിന്തയിലും പാശ്ചാത്യവത്കരിച്ച് ലത്തീൻ സഭയുടെ ഭാഗമാക്കി മാറ്റി. ഈ സുനഹദോസിന് റോമിന്റെ അംഗീകാരം ലഭിക്കാൻ ശ്രമിച്ചെങ്കിലും അത് ലഭിച്ചില്ല. കാരണം ചട്ടങ്ങൾ അനുസരിച്ചല്ല സുനഹദോസ് വിളിച്ചുകൂട്ടിയത്. 1599 ഡിസംബർ 20 ന് ഫ്രാൻസിസ് റോസ് എന്ന ഈശോസഭാ വൈദികനെ മലങ്കര നസ്രാണികളുടെ ആദ്യത്തെ ലത്തീൻ മെത്രാനായി മെനെസിസ് നിയമിക്കുകയും അങ്കമാലിയെ പദ്രവാദോ രൂപതയാക്കുകയും ഗോവൻ മിഷനറി രൂപതയുടെ സാമന്തരൂപതയാക്കി തരംതാഴ്ത്തുകയും ചെയ്തു. മലങ്കര സഭയെ ലത്തീൻ ഭരണത്തിൻ കീഴിലാക്കി ആർച്ചുഡീക്കന്റെ അധികാര അവകാശങ്ങൾ ക്രമേണ ഇല്ലാതാക്കി. തൽസ്ഥാനത്ത് ലത്തീൻ സഭയിലെപ്പോലെ വികാരി ജനറാൾ നിയമിതനായി.

## 5. കൂനൻകുരിശ് സത്യം (1653)

ഫ്രാൻസിസ് റോസ് മെത്രാൻ 1599 മുതൽ 1624 വരെ ഭരണം നടത്തി. ഇന്ത്യയെ മൊത്തം നാലുരൂപതകളായി പുനർവിഭജനം നടത്തി (ഗോവ, കൊച്ചി, മൈലാപ്പൂർ, കൊടുങ്ങല്ലൂർ). മലങ്കരസഭയെ കൊടുങ്ങല്ലൂർ രൂപത മാത്രമായി തരം താഴ്ത്തുകയും കൊടുങ്ങല്ലൂർ രൂപതയ്ക്ക് പുറത്തുള്ളവർ ക്രമേണ ലത്തീൻ രൂപതകളിലായിത്തീരുകയും ചെയ്തു. അങ്കമാലി അതിരൂപതയുടെ ആസ്ഥാനമാണ് 1608- ൽ കൊടുങ്ങല്ലൂരിലേക്ക് മാറ്റി സ്ഥാപിച്ചത്.

ഫ്രാൻസിസ് റോസിനുശേഷം 1624 മുതൽ 1641 വരെ ഈശോസഭാ വൈദികൻ ബ്രിട്ടോയും 1641 മുതൽ ഫ്രാൻസിസ് ഗാർസ്യാ എന്ന ഈശോസഭാ വൈദികനും മെത്രാന്മാരായി മലങ്കരസഭയുടെ ചുമതല വഹിച്ചു. ഈ കാലഘട്ടത്തിൽ ആർച്ചുഡീക്കന്റെ തരം താഴ്ത്തലും അമിതമായ ലത്തീനീകരണവും മലങ്കരസഭയ്ക്ക് പോർട്ടുഗീസ് മിഷനറിമാരോടുള്ള എതിർപ്പ് വർധിപ്പിച്ചു.

പാശ്ചാത്യമേധാവിത്വത്തിൽ സഹികെട്ട നസ്രാണികൾ 1653 ജനുവരി 3 വെള്ളിയാഴ്ച മട്ടാഞ്ചേരി പള്ളിയുടെ മുൻവശത്തുള്ള കൽക്കുരിശിൽ നാലുപാടും കയറുകെട്ടി അതിൽപിടിച്ച് ശപഥം ചെയ്തു. ഈ സമൂഹ ശപഥമാണ് കൂനൻ കുരിശ് സത്യം. "സന്തതിയുള്ള കാലത്തോളം സാമ്പാളൂർ പാതിരിമാരുടെ കീഴിൽ ഇരിക്കയില്ല" ഇതായിരുന്നു സത്യം. അമ്പഴക്കാട്ടിനടുത്തുള്ള ഈശോ സഭക്കാരുടെ പഠനകളരിയാണ് "സാമ്പാളൂർ" എന്നറിയപ്പെട്ടിരുന്നത്. "സെന്റ് പോൾസ്" എന്നാണിതിന്റെ അർത്ഥം. ഈശോസഭാ



www.malankaralibrary.com



വൈദികരെയും മെത്രാന്മാരെയും അംഗീകരിക്കുകയില്ല എന്നതായിരുന്നു പ്രതിജ്ഞയുടെ ചുരുക്കം.

കൂനൻകുരിശ് സത്യത്തിനുശേഷം ഇടപ്പള്ളി പള്ളിയിൽവച്ച് പള്ളി പ്രതിനിധികളുടെ യോഗം നടന്നു. ഈശോസഭാ മെത്രാന്മാരെ വേണ്ടെന്നും നാട്ടുകാരായ മെത്രാന്മാരെയോ മറ്റ് സന്യാസസഭാവൈദികരെയോ മെത്രാന്മാരായി ലഭിക്കണമെന്നും കാണിച്ച് നിശ്ചയങ്ങൾ പാസാക്കി. പേർഷ്യയിൽനിന്നും പൗരസ്ത്യസുറിയാനി മെത്രാൻ അഹത്തള്ളാ മലങ്കരയിലേക്ക് വരുന്നു എന്നറിഞ്ഞ് അദ്ദേഹത്തെ സ്വീകരിക്കാനായി ധാരാളം ആളുകൾ മട്ടാഞ്ചേരിയിൽ ഒന്നിച്ചുകൂടി. എന്നാൽ പോർട്ടുഗീസുകാർ അദ്ദേഹത്തെ തിരിച്ചയച്ചു. പോർട്ടുഗീസുകാർ അഹത്തള്ള മെത്രാനെ കൊലപ്പെടുത്തി എന്ന തെറ്റായ വാർത്തയാണ് കൂനൻകുരിശ് സത്യത്തിനുണ്ടായ ഒരു സാഹചര്യം.

പന്ത്രണ്ടു വൈദികർകൂടി ഒരു വൈദികനെ മെത്രാനാക്കി വാഴിക്കുവാൻ അഹത്തള്ളാ മെത്രാൻ അനുവദിച്ചിരിക്കുന്നു എന്ന വ്യാജരേഖ ഇട്ടിത്തൊമ്മൻ കത്തനാർ പ്രചരിപ്പിച്ചു. അങ്ങനെ 1653 മെയ് 22 ന് ആലങ്ങാട്ടു പള്ളിയിൽവച്ച് 12 വൈദികർ ചേർന്ന് തോമാ ആർച്ചുഡീക്കന്റെ തലയിൽ കൈവച്ച് മെത്രാനായി വാഴിച്ചു. പള്ളിവീട്ടിൽ ചാണ്ടി കത്തനാർ, കടവിൽ ചാണ്ടി കത്തനാർ, വെങ്ങല്ലൂർ ഗീവർഗീസ് കത്തനാർ, ആഞ്ഞിലിമൂട്ടിൽ ഇട്ടിതൊമ്മൻ കത്തനാർ എന്നീ നാലുപേരെ ആലോചനക്കാരായി നിയമിച്ചു.

## 6. പഴയകൂർ, പുത്തൻകൂർ

കൂനൻകുരിശ് സത്യത്തിനുശേഷം ഇവിടുത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ റോമിൽനിന്നും ജോസഫ് സെബസ്ത്യാനി, ഹിയാസിന്ത് എന്നീ കർമ്മലീത്താ വൈദികരെ കേരളത്തിലേക്ക് അയച്ചു. മാർതോമാ ആർച്ചുഡീക്കന് 12 വൈദികർ നല്കിയ മെത്രാൻപട്ടം സാധുവല്ലെന്ന് വ്യക്തമാക്കി. അങ്ങനെ ധാരാളം വ്യക്തികളും ഇടവകകളും അദ്ദേഹത്തിന്റെ നേതൃത്വം ഉപേക്ഷിച്ചു. 1661-ൽ ജോസഫ് സെബസ്ത്യാനി മെത്രാനായി തിരികെ വന്ന് ഭരണം ഏറ്റെടുത്തു. ആർച്ചുഡീക്കനുമായി അനുരഞ്ജന ചർച്ച നടത്തിയെങ്കിലും വിജയിച്ചില്ല. ആർച്ചുഡീക്കന്റെ മെത്രാൻ സ്ഥാനം അംഗീകരിച്ചു കൊടുക്കുവാൻ സെബസ്ത്യാനി താത്പര്യപ്പെട്ടില്ല. ഇതിനിടയിൽ ഡച്ചുകാർ പോർട്ടുഗീസുകാരെ തോല്പിച്ച് കൊടുങ്ങല്ലൂരും കൊച്ചിയും പിടിച്ചെടുത്തു. ഉടനെ നാടു വിട്ടുപോ



www.malankaralibrary.com

കാൻ സെബസ്ത്യാനിയോട് ആവശ്യപ്പെട്ടു. ഈ അവസരത്തിൽ മാർതോമ്മാ ആർച്ചുഡീക്കനെ മഹറോൻ ചൊല്ലി സഭയ്ക്ക് പുറത്താക്കി. തുടർന്ന് ആർച്ചുഡീക്കന്റെ കുടുംബത്തിൽപ്പെട്ടയാളും നാല് ആലോചനക്കാരിൽ ഒരുവനുമായ പള്ളിവീട്ടിൽ പറമ്പിൽ ചാണ്ടികത്തനാരെ കടുത്തുരുത്തി വലിയപള്ളിയിൽവച്ച് ജോസഫ് സെബസ്ത്യാനി മെത്രാനായി വാഴിച്ചിട്ട് 1663-ൽ നാടുവിട്ടു.

ആർച്ചുഡീക്കൻ മാർതോമാ തന്റെ മെത്രാൻസ്ഥാനം തിരിച്ചുകിട്ടാൻ ശ്രമം തുടങ്ങി. അതിന്റെ ഫലമായി 1665-ൽ അന്ത്യോക്യൻ യാക്കോബായ സഭയിൽപ്പെട്ട മാർ ഗ്രിഗോറിയോസ് ജറുസലേമിൽനിന്നും കേരളത്തിലെത്തി. തുടർന്ന് മലങ്കരസഭ രണ്ടുവഴിയായി പിരിഞ്ഞു. നാട്ടുകാരനായ പറമ്പിൽ ചാണ്ടിമെത്രാനെ ലഭിച്ചതിനാൽ ധാരാളം ആളുകൾ ആർച്ചുഡീക്കനെവിട്ട് ചാണ്ടിമെത്രാനെ സ്വീകരിച്ചു. ധാരാളം ഇടവകകൾ ചാണ്ടിമെത്രാന്റെ കൂടെനിന്നു. ഇപ്രകാരം ചാണ്ടിമെത്രാനെ അംഗീകരിച്ചവർ പുരാതന പൗരസ്ത്യ സുറിയാനി ആരാധനക്രമം തുടരുകയും കത്തോലിക്കരായി തുടർന്നു ജീവിക്കുകയും ചെയ്തതിനാൽ ഇവരെ 'പഴയകൂറ്റുകാർ' എന്ന് വിളിച്ചിരുന്നു. തോമാ ആർച്ചുഡീക്കനെ അംഗീകരിക്കുകയും മാർ ഗ്രിഗോറിയോസിനെ സ്വീകരിക്കുകയും ചെയ്തവർ അന്ത്യോക്യൻ അഥവാ പാശ്ചാത്യ സുറിയാനി ആരാധനക്രമം സ്വീകരിക്കുകയും 'പുത്തൻകൂറ്റുകാർ' അഥവാ യാക്കോബായക്കാർ എന്നറിയപ്പെടുകയും ചെയ്തു. അങ്ങനെ ഒന്നായിരുന്ന മലങ്കര സഭ പുത്തൻകൂർ, പഴയകൂർ എന്നീ പേരുകളിൽ വിഭജിക്കപ്പെട്ടു.

കൂനൻകുരിശിനുശേഷം മലങ്കരസഭ പലതായി പിളരുകയും, പ്രധാനമായും മൂന്നു വിഭാഗങ്ങളിലായി കഴിയുകയും ചെയ്തു.

1. കൊച്ചി പദ്രവാദോ ലത്തീൻ രൂപതയിലും മറ്റു ലത്തീൻ രൂപതകളിലും 1610-ൽ ഉൾപെട്ടുപോയ കുറെ പള്ളികൾ.
2. 1661-ൽ സുറിയാനിക്കാർക്കുവേണ്ടി റോമിലെ പ്രൊപ്പഗാന്തയുടെ കീഴിൽ മലബാറിലെ വികാരിയേറ്റ് സ്ഥാപിക്കുകയും പറമ്പിൽ ചാണ്ടി കത്തനാർ തദ്ദേശീയ മെത്രാനാകുകയും ചെയ്തപ്പോൾ 64 പള്ളികൾ പൂർണമായും 20 പള്ളികൾ ഭാഗികമായും ചാണ്ടിമെത്രാന്റെ കീഴിലായിരുന്നു.
3. തോമാ ആർച്ചുഡീക്കന്റെ കീഴിൽ കൂനൻകുരിശിൽ ഉറച്ചുനിന്നവർ 26 പള്ളികൾ പൂർണ്ണമായും 20 പള്ളികൾ ഭാഗികമായും മാർതോമാ ഒന്നാമനെ സ്വീകരിച്ചു.

## 7. പുത്തൻകൂർ സഭാചരിത്രം

കൂനൻകുരിശിനുശേഷം പന്ത്രണ്ട് വൈദികരിൽനിന്നും മെത്രാനായ മാർതോമാ ഒന്നാമൻ മുതൽ മാർതോമാ അഞ്ചാമൻ വരെ (1653 മുതൽ 1765 വരെ) പുത്തൻകൂർ സമുദായത്തിൽ ഭരണം നടത്തി. എന്നാൽ അന്ത്യോക്യൻ യാക്കോബായ സഭയിൽ ഒന്നാമന് പട്ടം നല്കിയതായി തെളിവില്ല. ആറാം മാർതോമാ മാർ ദിവന്നാസിയോസ് ഒന്നാമൻ എന്ന പേരിൽ അറിയപ്പെട്ടു. അദ്ദേഹം എല്ലാ പട്ടങ്ങളും നിയമപരമായി സ്വീകരിച്ചു. 1761 മുതൽ 1808 വരെ പുത്തൻകൂർ സമൂഹത്തെ ഭരിച്ചു. 1808 മുതൽ 1815 വരെ മൂന്നു മെത്രാന്മാർ ഈ സമൂഹത്തെ നയിച്ചു.



www.malankaralibrary.com

## 8. മലങ്കരസഭയും സി.എം.എസ്. മിഷനറിമാരും (1815–1840)

1792 മുതൽ ബ്രിട്ടീഷ് ആധിപത്യം ഇവിടെ സ്ഥാപിതമായി. ആംഗ്ലിക്കൻ മിഷനറിമാർ പുത്തൻകൂർ സമൂഹവുമായി അടുക്കുകയും അവർ പരസ്പരം സഹകരിക്കുകയും ചെയ്തു. പ്രോട്ടസ്റ്റന്റ് ആശയങ്ങൾ ഉണ്ടായിരുന്ന ആംഗ്ലിക്കൻ മിഷനറിമാർ മലങ്കരസഭയിലാകമാനം സമൂലമാറ്റത്തിന് നേതൃത്വം കൊടുക്കാൻ തീരുമാനിച്ചു. അന്ന് സഭയെ ഭരിച്ചുകൊണ്ടിരുന്ന ചേപ്പാട്ട് മാർ ദിവന്നാസിയോസ് ഇതിനെ എതിർക്കുകയും മാവേലിക്കരയിൽവച്ച് 1836-ൽ ഒരു സുനഹദോസ് കൂടി ആംഗ്ലിക്കൻ മിഷനറിമാരുമായുള്ള ബന്ധം മലങ്കരസഭ അവസാനിപ്പിക്കുകയും ചെയ്തു. ഏകദേശം 6000 സുറിയാനിക്കാർ ഇക്കാലത്ത് സി.എം.എസുകാരുടെകൂടെ ചേർന്നു. അങ്ങനെ പ്രൊട്ടസ്റ്റന്റ് സഭ ഇവിടെ ഉദ്ഭവിച്ചു. മാവേലിക്കര സുനഹദോസോടുകൂടി പുത്തൻകൂർ സമൂഹം അന്ത്യോക്യൻ യാക്കോബായ സഭയോട് അടുക്കുകയും യാക്കോബായ സുറിയാനി സഭയുടെ പഠിപ്പിക്കലും വിശ്വാസവും ക്രമവും മാത്രമാണ് തങ്ങളുടേതെന്ന് സുനഹദോസിൽ തീരുമാനിക്കുകയും ചെയ്തു.

## 9. മുളന്തുരുത്തി സുനഹദോസും മാർതോമാസഭയുടെ ഉദ്ഭവവും

സി.എം.എസ്സ്. മിഷനറിമാരുമായുള്ള ബന്ധം അവസാനിപ്പിച്ചുവെങ്കിലും പ്രൊട്ടസ്റ്റന്റ് ആശയങ്ങൾ ഉള്ള പല വൈദികരും ജനങ്ങളും യാക്കോബായ സഭയിൽ തുടർന്നു. അവർക്ക് നേതൃത്വം കൊടുത്ത ആളാണ് പാലക്കുന്നത്ത് അബ്രഹാം മല്പാൻ (1845). നവീകരണ ആശയങ്ങൾക്ക് നേതൃത്വം നല്കാൻ ഈ ആശയമുള്ള ഒരു മെത്രാൻ ആവശ്യമാണ് എന്ന് ചിന്തിച്ച്, തന്റെ സഹോദരപുത്രനായ മാത്തൻ ശെമ്മാശ്ശനെ അന്ത്യോക്യയിലേക്ക് അയച്ചു. അദ്ദേഹം 1842-ൽ മാത്യൂസ് മാർ അത്തനാസിയോസ് എന്ന പേരിൽ അന്ത്യോക്യാ പാത്രിയർക്കീസിൽനിന്നും മെത്രാൻപട്ടം സ്വീകരിച്ച് അധികാരപത്രങ്ങളോടുകൂടി 1843-ൽ കേരളത്തിൽവന്നു. അന്നത്തെ മെത്രാനായിരുന്ന ചേപ്പാട്ട് മാർ ദിവന്നാസിയോസും മാത്യൂസ് മാർ അത്തനാസിയോസും തമ്മിൽ അധികാര വടംവലി ഉണ്ടായി. കേസിൽ അത്തനാസിയോസ് വിജയിക്കുകയും 1853-ൽ മെത്രാപ്പോലീത്തയായി ഭരണം ഏല്ക്കുകയും ചെയ്തു.

ചേപ്പാട്ട് മാർ ദിവന്നാസിയോസിന്റെ പിൻഗാമിയായി വന്ന പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് അന്ത്യോക്യൻ പാത്രിയർക്കീസായിരുന്ന മാർ പത്രോസ് മൂന്നാമൻ പാത്രിയർക്കീസിനെ കേരളത്തിലേക്ക് വിളിച്ചു വരുത്തുകയും 1876-ൽ മുളന്തുരുത്തിയിൽ ഒരു സുനഹദോസ് നടത്തുകയും ചെയ്തു. മലങ്കര സഭയെ കൊല്ലം, തുമ്പമൺ, കോട്ടയം, അങ്കമാലി, കണ്ടനാട്, കൊച്ചി, നിരണം എന്നിങ്ങനെ ഏഴ് രൂപതകളായി തിരിക്കുകയും മാത്യൂസ് മാർ അത്തനാസിയോസിനെ സഭയിൽനിന്നും മുടക്കുകയും ചെയ്തു. അങ്ങനെ പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്തയായി. ഈ സുനഹദോസോടുകൂടി മലങ്കരയിലെ പുത്തൻകൂർ സമൂഹം അന്ത്യോക്യൻ യാക്കോബായ പാത്രിയർക്കീസിന്റെ കീഴിലാകുകയും "യാക്കോബായ സഭ" എന്ന നാമം ഔദ്യോഗികമായി സ്വീകരിക്കുകയും ചെയ്തു. മാത്യൂസ് മാർ അത്തനാസിയോസ് മെത്രാൻ പട്ടം നല്കിയ



www.malankaralibrary.com

അബ്രഹാം മല്പാന്റെ മകൻ തോമസ് മാർ അത്തനാസിയോസ് (1868) യാക്കോബായ സഭയുമായി കേസ് നടത്തുകയും പരാജയപ്പെട്ട് സർവതും ഉപേക്ഷിച്ച് മാരാമണ്ണിൽവന്ന് താമസിക്കുകയും ചെയ്തു(1889). തുടർന്ന് നവീകരണ കക്ഷി എന്ന പേരിൽ തന്റെ അനുയായികളെ സംഘടിപ്പിച്ച് "മാർതോമാ സഭ" എന്നപേരിൽ പുതിയ സഭയ്ക്ക് രൂപം നല്കി.

## 10. മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനം (1912)

പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് തന്റെ പിൻഗാമിയായി വട്ടശ്ശേരിൽ മാർ ദിവന്നാസിയോസിനെ 1909-ൽ നിയമിച്ചു. മലങ്കര മെത്രാപ്പോലീത്തയായി വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് ചുമതല ഏറ്റെടുത്തു. 1908-ൽ അബ്ദുള്ളാ പാത്രിയർക്കീസാണ് വട്ടശ്ശേരിൽ മാർ ദിവന്നാസിയോസിനും പൗലോസ്  മാർ കൂറിലോസിനും അന്ത്യോക്യായിൽവച്ച് മെത്രാൻ സ്ഥാനം നല്കി കേരളത്തിലേക്കയച്ചത്. ഈ കാലഘട്ടത്തിൽ അന്ത്യോക്യാ സിംഹാസനത്തിൽ രണ്ട് പാത്രിയർക്കീസുമാരുണ്ടായിരുന്നു. അബ്ദുള്ളാ പാത്രിയർക്കീസും സഭാഭരണത്തിൽനിന്നും സുൽത്താൻ സ്ഥാനഭ്രഷ്ടനാക്കിയ അബ്ദേദ് മിശിഹാ പാത്രിയർക്കീസും. ഇർ-അബ്ദിസിൽ താമസിച്ച അദ്ദേഹത്തെ ആ പ്രദേശത്തുള്ളവർ പാത്രിയർക്കീസായി അംഗീകരിച്ചിരുന്നു.

മലങ്കര യാക്കോബായ സഭയുടെ എല്ലാ ആത്മീയവും ലൗകികവുമായ അധികാരം അന്ത്യോക്യാ  പാത്രിയർക്കീസിനാണെന്ന് എല്ലാ ഇടവകകളും മെത്രാന്മാരും ഉടമ്പടി എഴുതി കൊടുക്കണമെന്ന് അബ്ദുള്ളാ പാത്രിയർക്കീസ് കല്പിച്ചു. എന്നാൽ അന്നത്തെ മലങ്കര മെത്രാപ്പോലീത്തയായിരുന്ന വട്ടശ്ശേരിൽ മാർ ദിവന്നാസിയോസും ഒരു വിഭാഗം ആളുകളും അതിന് തയാറായില്ല. അതിനാൽ 1911-ൽ മാർ ദിവന്നാസിയോസിനെ അബ്ദുള്ള പാത്രിയർക്കീസ് മുടക്കുകയും ഉടമ്പടിയിൽ ഒപ്പിട്ട പൗലോസ് മാർ കൂറിലോസിനെ മലങ്കര മെത്രാപ്പോലീത്തയായി നിയമിക്കുകയും ചെയ്തു. അങ്ങനെ പാത്രിയർക്കീസിനെ പൂർണമായി അംഗീകരിക്കുന്നവരെ "ബാവാകക്ഷി" എന്നും പാത്രിയർക്കീസിനെ ആത്മീയ നേതാവായി മാത്രം അംഗീകരിക്കുന്നവരെ "മെത്രാൻ കക്ഷി" എന്നും കേരളത്തിലെ യാക്കോബായ സമൂഹം 1911-ൽ രണ്ടായി പിളർന്നു.

വട്ടശ്ശേരിൽ മാർ ദിവന്നാസിയോസിന്റെ മുടക്ക് ഇല്ലാതാക്കുന്നതിനും ഇവിടെ മലങ്കരയിൽ സ്വയംഭരണാധികാരമുള്ള ഒരു കാതോലിക്കേറ്റ് സ്ഥാപിക്കുന്നതിനുമായി അന്നത്തെ പ്രഗത്ഭനായ ഫാ. പി.റ്റി. ഗീവർഗീസ്  (പിന്നീട് ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്) പശ്ചിമേഷ്യയിലെ അബ്ദേദ് മിശിഹാ പാത്രിയർക്കീസുമായി എഴുത്തുകൾ കൈമാറി. മലങ്കരസഭയിലെ പ്രശ്നം പരിഹരിക്കുന്നതിനായി 1912-ൽ അബ്ദേദ് മിശിഹാ പാത്രിയർക്കീസ് കേരളത്തിൽ എത്തുകയും വട്ടശ്ശേരിൽ മാർ ദിവന്നാസിയോസിന്റെ മുടക്ക് അസാധുവാക്കുകയും നിരണം പള്ളിയിൽവച്ച് കാതോലിക്കേറ്റ് സ്ഥാപിച്ച് മുറിമറ്റം മാർ ഈവാനിയോസിനെ ആദ്യത്തെ കാതോലിക്കയായി വാഴിക്കുകയും ചെയ്തു. അങ്ങനെ മലങ്കരസഭയിൽ സ്വയം ഭരണാധികാരമുള്ള ഒരു കാതോലിക്കേറ്റ് സംവിധാനം 1912-ൽ നിലവിൽവന്നു. അങ്ങനെ കാതോലിക്കേറ്റിന്റെ കീഴിൽ വന്ന "മെത്രാൻ കക്ഷി"



www.malankaralibrary.com

പില്ക്കാലത്ത് മലങ്കര ഓർത്തഡോക്സ് സഭ എന്നും അബ്ദുള്ള പാത്രിയർക്കീസിന്റെ കൂടെനിന്നവർ "ബാവാകക്ഷി" അഥവാ മലങ്കര യാക്കോബായ സഭയെന്നും അറിയപ്പെടാൻ തുടങ്ങി. 1912-ൽ ആരംഭിച്ച "ബാവാകക്ഷി" "മെത്രാൻകക്ഷി" അഥവാ യാക്കോബായ, ഓർത്തഡോക്സ് സഭാ വഴക്ക് 100 വർഷം പിന്നിട്ടിട്ടും സജീവമായി തുടരുന്നു എന്നത് വളരെ ദുഃഖകരമാണ്.

## 11. മലങ്കര യാക്കോബായ സഭയും മലങ്കര ഓർത്തഡോക്സ് സഭയും


കാതോലിക്കേറ്റ് വാഴ്ചയോടുകൂടി മലങ്കര യാക്കോബായ സഭ രണ്ടു വിഭാഗമായി തിരിഞ്ഞു എന്നു നാം മനസിലാക്കി. അന്ത്യോക്യൻ പാത്രിയർക്കീസിന്റെ ആത്മീയവും ഭൗതികവുമായ എല്ലാ അധികാരത്തെയും സർവാത്മനാ അംഗീകരിക്കുന്നവരായിരുന്നു ബാവാകക്ഷി. 1908-ൽ പശ്ചിമേഷ്യയിൽനിന്നും മാർ ദിവന്നാസിയോസിനോടൊപ്പം പട്ടം സ്വീകരിച്ച പൗലോസ് മാർ കൂറിലോസായിരുന്നു ബാവാകക്ഷിയുടെ നേതാവ്. അന്ത്യോക്യൻ പാത്രിയർക്കീസിന് മലങ്കരയിൽ ആത്മീയ അധികാരം മാത്രമേയുള്ളൂ എന്നതായിരുന്നു മെത്രാൻ കക്ഷിയുടെ നിലപാട്. വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാൻ കക്ഷിക്ക് നേതൃത്വം കൊടുത്തു. രണ്ടുവിഭാഗത്തിനും ഓരോ മലങ്കര മെത്രാപ്പോലീത്തായും മലങ്കര അസോസിയേഷനും വൈദിക ട്രസ്റ്റിയും അല്മായ ട്രസ്റ്റിയും ഉണ്ടായിരുന്നു. കാലക്രമത്തിൽ ബാവാകക്ഷി യാക്കോബായ സഭയെന്നും മെത്രാൻകക്ഷി ഓർത്തഡോക്സ് സഭയെന്നും പേര് സ്വീകരിച്ചു.

സുറിയാനിക്കാരുടെ നന്മയ്ക്കുവേണ്ടി ബ്രിട്ടീഷ് ഈസ്റ്റ് ഇൻഡ്യാ കമ്പനിയിൽ പലിശയ്ക്ക് നിക്ഷേപിച്ച തുക വട്ടിപ്പണം എന്ന പേരിൽ അറിയപ്പെട്ടിരുന്നു. പുത്തൻകൂർ സമുദായം രണ്ടായി പിരിഞ്ഞപ്പോൾ വട്ടിപ്പണത്തിന്റെ പലിശ ഏത് വിഭാഗത്തിനാണ് എന്നതിനെചൊല്ലി 1913-ൽ തന്നെ കോടതിയിൽ വ്യവഹാരം ആരംഭിച്ചു.

1923-ലെ കോടതിവിധി മെത്രാൻ കക്ഷിക്ക് എതിരായതിനാൽ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് യാക്കോബായ പാത്രിയർക്കീസിനെ കണ്ട് ഐക്യം സ്ഥാപിക്കാനായി പശ്ചിമേഷ്യയിലെ മർദ്ദീനിയിലേക്ക് പോയി. മാർ ഏലിയ പാത്രിയർക്കീസുമായി ചില ധാരണകൾ ഉണ്ടാക്കിയെങ്കിലും തിരികെ എത്തിയശേഷം അതൊന്നും പ്രയോഗത്തിലായില്ല. 1923-ൽ തിരികെ എത്തിയ മാർ ദിവന്നാസിയോസ് വട്ടിപ്പണക്കേസിന് റിവ്യൂ ഹർജി കൊടുത്തു. 1913-ൽ കാലം ചെയ്ത പൗലോസ് കാതോലിക്കോസിനു പകരം രണ്ടാം കാതോലിക്കായെ നിരണം പള്ളിയിൽ വച്ച് 1925-ൽ വാഴിച്ചു. 1925 മെയ് 1 ന് ഫാ. പി. റ്റി. ഗീവർഗീസിനെ ബഥനിയുടെ മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. രണ്ടാം കാതോലിക്കാ 1928-ൽ മരിച്ചു. 1929-ൽ മൂന്നാം കാതോലിക്കായെ വാഴിച്ചു. തുടർന്ന് മാർ ഈവാനിയോസിനെ മെത്രാപ്പോലീത്തായാക്കി. അതിനുശേഷം രണ്ടു മെത്രാന്മാരെക്കൂടി വാഴിച്ചു. അങ്ങനെ മെത്രാൻകക്ഷിയിൽ 5 മെത്രാന്മാരായി. 1928-ൽ വട്ടിപ്പണക്കേസിന്റെ വിധി മാർ ദിവന്നാസിയോസിനും മെത്രാൻകക്ഷിക്കും അനുകൂലമായി. അങ്ങനെ വട്ടിപ്പണക്കേസ് എന്ന വ്യവഹാരം അവസാനിച്ചു.



www.malankaralibrary.com




## 12. മലങ്കര സഭ കത്തോലിക്കാസഭാ കൂട്ടായ്മയിലേക്ക്

1911-ൽ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസിനെ പാത്രിയർക്കീസ് മുടക്കിയതും 1912 ലെ കാതോലിക്കേറ്റ് സ്ഥാപനവും തുടർന്നുണ്ടായ വട്ടിപ്പണക്കേസും മലങ്കരസഭയുടെ ആത്മീയ വളർച്ചയെ പ്രതികൂലമായി ബാധിച്ചു. ഈ പശ്ചാത്തലത്തിൽ സ്വന്തം സമുദായത്തിന്റെ വളർച്ചയ്ക്കുവേണ്ടി എം.ഡി. സെമിനാരി പ്രിൻസിപ്പൽ ഫാ. പി.റ്റി. ഗീവർഗീസ് പ്രാർത്ഥനാനിരതമായി ചിന്തിച്ചുകൊണ്ടിരുന്നു. അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിൽനിന്നും പൂർണമായി മലങ്കരസഭയെ സ്വതന്ത്രമാക്കിയെങ്കിലേ ഈ സഭയിൽ സമാധാനം ഉണ്ടാകൂ എന്ന് അദ്ദേഹം ചിന്തിച്ചു. അതിനുള്ള ആദ്യപടിയായിരുന്നു കാതോലിക്കേറ്റ് സ്ഥാപനം. സഭയിലെ ആന്തരിക നവീകരണത്തിന് സന്ന്യാസപ്രസ്ഥാനങ്ങൾക്കുള്ള പങ്കിനെപ്പറ്റി അദ്ദേഹത്തിന് വ്യക്തമായ ചിന്തകളുണ്ടായിരുന്നു. അദ്ദേഹം സെറാമ്പൂരിൽ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ പുരുഷന്മാർക്കും സ്ത്രീകൾക്കുമുള്ള ഓരോ സന്ന്യാസപ്രസ്ഥാനങ്ങളെക്കുറിച്ച് ചിന്തിക്കുകയും പുത്തൻകൂർ സമൂഹത്തിൽ ആദ്യമായി 1919-ൽ പുരുഷന്മാർക്കും 1920-ൽ സ്ത്രീകൾക്കും ബഥനി സന്ന്യാസ സമൂഹം എന്ന പേരിൽ സന്ന്യാസപ്രസ്ഥാനം ആരംഭിച്ചു. 1919 ആഗസ്റ്റ് 15 ന് പെരുനാട്ടിലെ മുണ്ടൻ മലയിൽ പുരുഷന്മാരുടെ സന്ന്യാസപ്രസ്ഥാനവും 1925-ൽ തിരുവല്ലയിലെ തിരുമൂലപുരത്ത് സ്ത്രീകൾക്കായി ബഥനി സന്ന്യാസിനി സമൂഹവും ഔദ്യോഗികമായി ആരംഭിച്ചു. ബഥനി സന്ന്യാസിനികൾ പ്രാർത്ഥനയ്ക്കും താപസജീവിതത്തിനും പ്രാധാന്യം നല്കി. ഇത് ജനങ്ങളിൽ ആത്മീയ ഉണർവ് ഉണ്ടാക്കി. ബഥനി പ്രസ്സ് ആരംഭിച്ച് ബഥനി മാസിക പ്രചാരത്തിലാക്കി. സ്വതന്ത്രമായ ബഥനി പള്ളികൾ സ്ഥാപിച്ചു. ഇപ്രകാരം



www.malankaralibrary.com

ബഥനി ഒരു നവീകരണ പ്രസ്ഥാനമായി വളർന്നു. 1925-ൽ ഫാ. പി.റ്റി. ഗീവർഗീസിനെ ബഥനിയുടെ മെത്രാനായും 1929-ൽ മെത്രാപ്പോലീത്തയായും അഭിഷേകം ചെയ്തു.

## 13. കത്തോലിക്കാസഭയുമായുള്ള പുനരൈക്യശ്രമം

1653-ലെ കൂനൻകുരിശ് സത്യത്തിനുശേഷം മാതൃസഭയായ കത്തോലിക്കാസഭയുമായി അഥവാ പഴയകൂർ സമൂഹവുമായി പുനരൈക്യപ്പെടുവാനുള്ള വിവിധ ശ്രമങ്ങൾ പുത്തൻകൂർ സമൂഹത്തിലുണ്ടായി. എന്നാൽ അവയൊന്നും സഫലമായില്ല. ഒന്നാം മാർത്തോമാ മുതൽ 6-ാം മാർത്തോമ്മാവരെയും തുടർന്നും പല ശ്രമങ്ങൾ നടന്നതിന് ചരിത്രരേഖകൾ ഉണ്ട്. 1912-ലെ പുത്തൻകൂർ സഭാവിഭജനത്തിനുശേഷം വട്ടിപ്പണക്കേസും തുടർന്നുണ്ടായ പ്രയാസങ്ങളും സഭാനേതാക്കന്മാരെ വേദനിപ്പിച്ചു. 1923-ൽ മർദീനിയിലേക്കുപോകുംവഴി വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് ബാഗ്ദാദിലെ സുറിയാനി കത്തോലിക്കാ മെത്രാപ്പോലീത്തായെ സന്ദർശിക്കുകയും പുനരൈക്യത്തെപ്പറ്റി അന്വേഷിക്കുകയും ചെയ്തിരുന്നു. താമസിയാതെ അന്ത്യോക്യൻ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസ് അഫ്രേം റഹ്മാനിയുടെ ഒരു കത്ത് മാർ ദിവന്നാസിയോസിന് കിട്ടി. തുടർന്ന് അദ്ദേഹം ബസേലിയോസ് ഗീവർഗീസ് കാതോലിക്കോസ്, ഗീവർഗീസ് മാർ ഗ്രിഗോറിയോസ്, ബഥനിയുടെ മാർ ഈവാനിയോസ് എന്നിവരെ പരുമലയിൽ ക്ഷണിച്ചുവരുത്തി, ഭാവികാര്യങ്ങൾ ആലോചിച്ച് തീരുമാനിക്കാനായി ചുമതലപ്പെടുത്തി. ബാവാകക്ഷിയുമായി കേസുള്ളതിനാൽ മാർ ദിവന്നാസിയോസ് ഇതിൽ നേരിട്ട് സംബന്ധിച്ചില്ല. പരുമലയിൽ കൂടിയ സുനഹദോസ് പുനരൈക്യ സാധ്യത അന്വേഷിക്കുന്നതിനായി മാർ ഈവാനിയോസിനെ ഔദ്യോഗികമായി ചുമതലപ്പെടുത്തി. അതനുസരിച്ച് അദ്ദേഹം റഹ്മാനി പാത്രിയർക്കീസുമായി കത്തിടപാടുകൾ നടത്തി.

## 14. മാർ ഈവാനിയോസിന്റെ നേതൃത്വം

1911-ന് ശേഷമുള്ള നിരന്തര വ്യവഹാരങ്ങളും ഭിന്നിപ്പുകളുംകൊണ്ട് അസ്വസ്ഥമായ മലങ്കരസഭയിൽ സമാധാനം സ്ഥാപിക്കുവാൻ പുരാതന കത്തോലിക്കാസഭയുമായുള്ള പുനരൈക്യം ആവശ്യമാണെന്ന് മാർ ഈവാനിയോസ് തിരിച്ചറിഞ്ഞു. പഠനത്തിലൂടെയും പ്രാർത്ഥനയിലൂടെയും ക്രമേണ അദ്ദേഹം ഈ ആശയത്തിലേക്ക് കടന്നുവന്നു. അന്ത്യോക്യായിലെ റഹ്മാനി പാത്രിയർക്കീസുമായുള്ള പുനരൈക്യ പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കവേ മാർപാപ്പായുമായുള്ള അഥവാ റോമുമായുള്ള നേരിട്ടുള്ള പുനരൈക്യമാണ് അഭികാമ്യമെന്ന് മാർ ഈവാനിയോസിന് ബോധ്യമായി. 1926 നവംബറിൽ മലങ്കര ഓർത്തഡോക്സ് സഭ സിനഡിന്റെ അനുമതിയോടുകൂടി മാർ ഈവാനിയോസ് റോമിലെ അപ്പസ്തോലിക സിംഹാസനത്തിന് ഫാ. റിബേര വഴി ആദ്യ നിവേദനം സമർപ്പിച്ചു. ഇതിൽ രണ്ടു വ്യവസ്ഥകൾ ചേർത്തിരുന്നു. "ഈ കാതോലിക്കാ സിംഹാസനത്തിലുള്ള വി. സുനഹദോസ് അപേക്ഷിക്കുന്നതെന്തെന്നാൽ കത്തോലിക്കാസഭയുടെ ഐക്യത്തിലേക്ക് 1. പുരാതനമായ തങ്ങളുടെ റീത്തും ആചാരങ്ങളും സംരക്ഷിച്ചുകൊണ്ടും 2. വി. സുനഹദോസിനും അതിലെ മെത്രാന്മാർക്ക് ഓരോരുത്തർക്കും പുനരൈക്യപ്പെടുന്ന എല്ലാ മലങ്കര സുറിയാനിക്കാരുടെമേലുള്ള അധികാരം നല്കികൊണ്ടും തങ്ങളെ സ്വീകരിക്കണമെന്നുള്ളതത്രേ."



www.malankaralibrary.com

ഈ അപേക്ഷയ്ക്ക് മറുപടിയായി ചില വിശദീകരണങ്ങൾ റോമിൽനിന്നും ആവശ്യപ്പെടുകയും അന്ത്യോക്യൻ റീത്തും ഭരണക്രമവും നഷ്ടപ്പെടുത്താതെ ഒരു പുനരൈക്യ സാധ്യതയെകുറിച്ച് മാർ ഈവാനിയോസ് എഴുത്തുകുത്തുകൾ നടത്തികൊണ്ടിരിക്കുകയും ചെയ്തു. 1930 ആഗസ്റ്റ് 20 ന് റോമിൽനിന്നും പുനരൈക്യത്തിനുള്ള അംഗീകാരം ലഭിച്ചു. മലങ്കരസഭയുടെ എല്ലാ പാരമ്പര്യങ്ങളും സംരക്ഷിച്ചുകൊണ്ടും മെത്രാന്മാരെ അവരുടെ അധികാരങ്ങളോടുകൂടി കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുവാൻ സാധിക്കും എന്ന് റോമിൽനിന്നും ഉറപ്പുലഭിച്ചു. സിനഡൽ ഘടന, കാതോലിക്കാസ്ഥാനം എന്നീ കാര്യങ്ങൾ ഇപ്പോൾ നിശ്ചയിക്കാൻ ബുദ്ധിമുട്ടാണെന്നും അക്കാര്യങ്ങൾ പുറകെ തീരുമാനിക്കാമെന്നും റോമിൽ നിന്നും വ്യക്തമാക്കി. റോമിൽനിന്നും അനുകൂലമറുപടി ഉണ്ടായ ഈ കാലഘട്ടത്തിൽ മലങ്കരയിൽ പല മാറ്റങ്ങളും സംഭവിച്ചു. 1923-ൽ മെത്രാൻ കക്ഷിക്ക് എതിരായ വട്ടിപ്പണക്കേസിന്റെ വിധി 1928-ൽ അവർക്ക് അനുകൂലമായി. അതിനാൽ പരുമലയോഗം മുതൽ അനുകൂലമായി നിന്നവർ പലരും പുനരൈക്യചിന്തയിൽ നിന്നും പിന്മാറി. എന്നാൽ മാർ ഈവാനിയോസും മാർ തെയോഫിലോസും സഭൈക്യത്തിന്റെ ദൈവികാഹ്വാനം സ്വീകരിച്ചുകൊണ്ട് തങ്ങളുടെ തീരുമാനങ്ങളിൽ ഉറച്ചുനിന്നു.

പെരുനാട് ബഥനി ആശ്രമം കേന്ദ്രീകരിച്ചായിരുന്നു പുനരൈക്യ ഒരുക്കങ്ങൾ നടന്നത്. മെത്രാൻ കക്ഷിയിലെ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസും കാതോലിക്കബാവായും പുനരൈക്യത്തിൽനിന്ന് പിന്മാറിയ പശ്ചാത്തലത്തിൽ മാതൃസഭയിലെ എല്ലാം ഉപേക്ഷിച്ച്, പെരുനാട് ബഥനി ആശ്രമം ഉപേക്ഷിച്ച്, മാർ ഈവാനിയോസും മാർ തെയോഫിലോസും 20 സന്ന്യാസികളും യാത്രയായി. 1930 ആഗസ്റ്റ് 20 ന് പെരുനാട് ബഥനി ആശ്രമം ഉപേക്ഷിച്ച് വെണ്ണിക്കുളത്ത് വന്ന് താമസിച്ചു. ധാരാളം എതിർപ്പുകളുടെയും സഹനങ്ങളുടെയും പശ്ചാത്തലത്തിൽ 1930 സെപ്റ്റംബർ 20 ന് ചരിത്രപ്രസിദ്ധമായ പുനരൈക്യം നടന്നു. കൊല്ലം രൂപതാധ്യക്ഷൻ ബൻസിഗർ തിരുമേനിയുടെ മുമ്പിൽ ചങ്ങനാശ്ശേരി മെത്രാൻ മാർ കാളാശ്ശേരി, കോട്ടാർ മെത്രാൻ ലോറൻസ് പെരേര എന്നിവരുടെ സാന്നിധ്യത്തിൽ മാർ ഈവാനിയോസും മാർ തെയോഫിലോസും സത്യപ്രതിജ്ഞ നടത്തി. കൂടാതെ വൈദികരുടെ പ്രതിനിധി ഫാ. ജോൺ ഒ.ഐ.സി, ശെമ്മാശ്ശന്മാരുടെ പ്രതിനിധി അലക്സിയോസ്, അല്മായരുടെ പ്രതിനിധി കിളിലേത്ത് ചാക്കോ എന്നിവർ വിശ്വാസ പ്രഖ്യാപനം നടത്തി കത്തോലിക്കാ കൂട്ടായ്മയിലെത്തി. സെപ്റ്റംബർ 21 ന് പുലിക്കോട്ട് യൗസേഫ് റമ്പാനും ചേപ്പാട്ട് പിലിപ്പോസ് റമ്പാനും പുനരൈക്യപ്പെട്ടു. തുടർന്ന് ബഥനി സമൂഹത്തിലെ എല്ലാവരും പുനരൈക്യപ്പെട്ടു. അങ്ങനെ ഒന്നാം മാർതോമാ മുതൽ ആരംഭിച്ച പുനരൈക്യശ്രമങ്ങൾ യാഥാർത്ഥ്യവത്കരിക്കപ്പെടുകയും നൂറ്റാണ്ടുകളായി അവർ ആവശ്യപ്പെട്ട പുനരൈക്യ വ്യവസ്ഥകൾ അംഗീകരിക്കപ്പെടുകയും ചെയ്തു. അങ്ങനെ കൂനൻകുരിശു സത്യത്തെ തുടർന്ന് നഷ്ടപ്പെട്ട മലങ്കരയിലെ ഐക്യം ഒരു പരിധിവരെ പുനരൈക്യത്തിലൂടെ സാധ്യമായി.



www.malankaralibrary.com

## 15. മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപനം

1932-ൽ മാർ ഈവാനിയോസ് റോമിൽ 11-ാം പീയൂസ് മാർപാപ്പായെ സന്ദർശിച്ച് പുനരൈക്യപ്പെട്ട മലങ്കര കത്തോലിക്കർക്ക് തിരുവനന്തപുരം ആസ്ഥാനമായി അതിരൂപതയും തിരുവല്ലാ ആസ്ഥാനമായി രൂപതയും ഉൾകൊള്ളുന്ന ഹയരാർക്കി സ്ഥാപിക്കുന്നതിന് അപേക്ഷ നല്കി. അതനുസരിച്ച് 1932 ജൂൺ 11 ന് "ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി" എന്ന തിരുവെഴുത്തുവഴി മലങ്കര കത്തോലിക്കാ ഹയരാർക്കി സ്ഥാപിച്ചുകൊണ്ടുള്ള ഔദ്യോഗിക പ്രഖ്യാപനം ഉണ്ടായി. അങ്ങനെ മലങ്കര കത്തോലിക്കാസഭയ്ക്ക് സാർവത്രികസഭയിൽ നൈയാമികമായ അസ്തിത്വം ലഭിച്ചു. മാർ ഈവാനിയോസിനെ തിരുവനന്തപുരം അതിരൂപതാ മെത്രാപ്പോലീത്തായായും മാർ തെയോഫിലോസിനെ തിരുവല്ലാ രൂപതാ മെത്രാനായും നിയമിക്കുകയും രൂപതയുടെ അതിർത്തികൾ നിശ്ചയിക്കുകയും ചെയ്തു. അന്ത്യോക്യൻ പാരമ്പര്യങ്ങൾ അന്യൂനം സംരക്ഷിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. അങ്ങനെ തങ്ങളുടെ റീത്തും ഹയരാർക്കിയും നിലനിർത്തികൊണ്ട് കത്തോലിക്കാ കൂട്ടായ്മയിലേക്ക് പുനരൈക്യപ്പെടുവാൻ മലങ്കര സഭയ്ക്ക് സാധിച്ചു. ഇന്ന് സുനഹദോസ് സംവിധാനമുള്ള സഭയായി ഈ സഭ വളർന്നു. ഇന്ന് മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് എന്ന അധികാരമുള്ള മെത്രാപ്പോലീത്തായാണ് ഈ സഭയുടെ തലവൻ. ഏകദേശം 5 ലക്ഷം ആളുകളും 8 രൂപതകളും ഈ സഭയ്ക്കുണ്ട്.

## 16. പഴയകൂറ്റുകാർ അഥവാ സീറോ മലബാർ സഭ

1653-ൽ നടന്ന കൂനൻകുരിശ് സത്യത്തിനുശേഷം നാട്ടുകാരനായ പറമ്പിൽ ചാണ്ടി മെത്രാനെ അംഗീകരിച്ചവർ പുരാതന പൗരസ്ത്യ സുറിയാനി ആരാധനക്രമം തുടരുകയും കത്തോലിക്കാ സഭാ കൂട്ടായ്മയിൽ തുടരുകയും ചെയ്തു. ഇക്കൂട്ടർ പഴയകൂറ്റുകാർ എന്നും സീറോ മലബാർ സഭ എന്നും അറിയപ്പെടുന്നു. കത്തോലിക്കാ കൂട്ടായ്മയിൽ നിലനിന്ന പഴയകൂറ്റുകാർക്കുവേണ്ടി സ്ഥാപിച്ച മലബാറിലെ അപ്പസ്തോലിക വികാരിയേറ്റ് (1659) പില്ക്കാലത്ത് ലത്തീൻകാരുടെ വരാപ്പുഴ അതിരൂപതയായി. 1887-ൽ കോട്ടയം, തൃശൂർ വികാരിയേറ്റുകൾ സ്ഥാപിച്ച് സുറിയാനിക്കാരെ ലത്തീൻകാരിൽനിന്നും വേർപെടുത്തി. 1896-ൽ ഈ രണ്ടു വികാരിയേറ്റുകൾ തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നിങ്ങനെ മൂന്നായി തിരിക്കുകയും ഭരണം നാട്ടുമെത്രാന്മാരെ ഏല്പിക്കുകയും ചെയ്തു. 1911-ൽ ക്നാനായക്കാർക്കുവേണ്ടി കോട്ടയം വികാരിയേറ്റ് സ്ഥാപിച്ചു. അങ്ങനെ 300 വർഷക്കാലം ഈ സഭയെ പാശ്ചാത്യ മിഷനറിമാർ ഭരിച്ചു. 1923-ൽ കേരളത്തിലെ സീറോ മലബാർ സഭയുടെ ഹയരാർക്കി പുനഃസ്ഥാപിച്ചു. 1993-ൽ ഈ സഭയ്ക്ക് സുനഹദോസ് സംവിധാനം ഉണ്ടാകുകയും സഭാതലവനായി മേജർ ആർച്ചുബിഷപ്പ് എന്ന സ്ഥാനപ്പേരോടുകൂടിയ മെത്രാപ്പോലീത്താ ചുമതല ഏൽക്കുകയും ചെയ്തു. ഇന്ന് കേരളത്തിലെ ഏറ്റവും വലിയ ക്രിസ്തീയ സമൂഹമാണ് സീറോ മലബാർ സഭ. 30 രൂപതകളും 35 ലക്ഷത്തിലധികം വിശ്വാസികളും ഈ സഭയ്ക്കുണ്ട്.



www.malankaralibrary.com

## 17. ലത്തീൻ സഭ - റോമൻ കത്തോലിക്കാസഭ

റോമിലെ പത്രോസിന്റെ അപ്പസ്തോലിക സഭയുടെ മിഷനറി പ്രവർത്തനഫലമായി 16-ാം നൂറ്റാണ്ടിലെത്തിയ മിഷനറിമാർ ഭാരതത്തിൽ ലത്തീൻ കത്തോലിക്കാസഭയ്ക്ക് ആരംഭം കുറിച്ചു. പോർട്ടുഗീസ് മിഷനറിമാരുടെ പ്രവർത്തനഫലമായി ധാരാളം പേർ ക്രൈസ്തവരായിതീർന്നു. ഗോവാ അതിരൂപതയുടെ കീഴിൽ 1557-ൽ കൊച്ചിരൂപത സ്ഥാപിച്ചു. പിന്നീട് കൊല്ലം, വരാപ്പുഴ എന്നീ രൂപതകളും ഉണ്ടായി. ഇന്ന് 11 രൂപതകളും 10 ലക്ഷത്തിലധികം വിശ്വാസികളും ലത്തീൻ സഭയിലുണ്ട്.

ഭാരതത്തിലെ കത്തോലിക്കാസഭയിൽ മൂന്ന് ആരാധനക്രമങ്ങൾ അഥവാ മൂന്ന് വ്യക്തിഗത സഭകൾ ഉണ്ടെന്ന് നാം മനസിലാക്കി. (1) 16-ാം നൂറ്റാണ്ടിനുശേഷം മിഷനറിമാർ പ്രചരിപ്പിച്ച ലത്തീൻ ആരാധനക്രമത്തിലധിഷ്ഠിതമായ ലത്തീൻ സഭ (2) ഭാരത സഭയുടെ ആരംഭംമുതൽ തന്നെ ഇവിടെ പ്രചാരത്തിലിരുന്ന പൗരസ്ത്യ സുറിയാനി ആരാധനക്രമം ഉപയോഗിക്കുന്ന സീറോ മലബാർ സഭ (3) 1653-ലെ കൂനൻകുരിശിനുശേഷം അന്ത്യോക്യൻ യാക്കോബായ മെത്രാന്മാർ ഇവിടെ പ്രചരിപ്പിച്ച അന്ത്യോക്യൻ ആരാധനക്രമം ഉപയോഗിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭ. ഈ മൂന്നു വ്യക്തിഗത സഭകളും മാർപാപ്പായുടെ അധികാരത്തിൻ കീഴിൽ കത്തോലിക്കാ വിശ്വാസവും ധാർമികതയും അംഗീകരിച്ച് ആഗോള കത്തോലിക്കാ സഭാ കൂട്ടായ്മയിൽ ജീവിക്കുന്നു. അതേ സമയം ഓരോ സഭയ്ക്കും തനതായ ആരാധനാക്രമവും ആധ്യാത്മികതയും ദൈവശാസ്ത്രവും നിയമസംവിധാനവും വ്യക്തിഗത സഭാതലവന്മാരും ഉണ്ട്.

16-ാം നൂറ്റാണ്ടിനുശേഷമുള്ള മലങ്കര സഭാ ചരിത്രം ഭിന്നിപ്പിന്റേയും സംഘർഷങ്ങളുടേയും കാലമായിരുന്നു. ഇവിടുത്തെ സഭയെയും സുറിയാനി ആരാധനക്രമത്തെയും മനസിലാക്കാൻ മിഷനറിമാർക്ക് സാധിക്കാതെപോയി. ലത്തീൻസഭ മാത്രമാണ് കത്തോലിക്കാസഭ എന്ന തെറ്റിദ്ധാരണയാണ് മിഷനറിമാരെ നയിച്ചത്. കത്തോലിക്കാസഭയിലെ വിവിധ റീത്തുകളെക്കുറിച്ചും ആരാധനക്രമത്തെക്കുറിച്ചുമുള്ള അജ്ഞതയാണ് ഇപ്രകാരമുള്ള നിലപാടുകളിലേക്ക് മിഷനറിമാരെ നയിച്ചത്. എങ്കിലും അവർ ചെയ്ത സേവനങ്ങളെ സഭ നന്ദിയോടെ സ്മരിക്കും. വിദ്യാഭ്യാസം, കല, സാഹിത്യം, സാംസ്കാരികം, വൈജ്ഞാനികം, ആതുരസേവനം എന്നീ മേഖലകളിൽ ലത്തീൻ മിഷനറിമാർ അർപ്പിച്ച സേവനങ്ങൾ അതുല്യമാണ്. സമൂഹത്തിലെ താഴേക്കിടയിലുള്ളവരെ വളർത്തുന്നതിനായി അവർ ചെയ്ത സേവനങ്ങൾ വിലപ്പെട്ടതാണ്.

***പുത്തൻകൂർ, പഴയകൂർ വിഭജനത്തിന്റെ കാരണങ്ങൾ ചർച്ച ചെയ്യുക.***






www.malankaralibrary.com

പാഠം 9

# ദൈവദാസൻ മാർ ഈവാനിയോസും മലങ്കര സുറിയാനി കത്തോലിക്കാ സഭയും



## 1. ദൈവദാസൻ മാർ ഈവാനിയോസ്

20-ാം നൂറ്റാണ്ടിൽ ഇതിഹാസം സൃഷ്ടിച്ച വ്യക്തിത്വമാണ് മലങ്കരകത്തോലിക്കാ സഭയുടെ ശ്രേഷ്ഠാചാര്യനായ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ. 1882 സെപ്റ്റംബർ 21-ാം തീയതി മാവേലിക്കരയിലെ പുതിയകാവ് ഇടവകയിൽ പ്രസിദ്ധമായ പണിക്കർ കുടുംബത്തിൽ അദ്ദേഹം ജനിച്ചു. 1818-ൽ നടന്ന മാവേലിക്കര യോഗത്തിലൂടെയും 1836-ൽ നടന്ന മാവേലിക്കര സുനഹദോസിലൂടെയും മലങ്കരയുടെ ചരിത്രത്തിൽ ഇടം ലഭിച്ച പ്രദേശമാണ് മാവേലിക്കര. 19-ാം നൂറ്റാണ്ടിൽ പ്രൊട്ടസ്റ്റന്റ് വിശ്വാസം മലങ്കരയിൽ പ്രചരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 1818-ൽ മാവേലിക്കരയോഗ വും തുടർന്ന് 1836-ൽ മാവേലിക്കര സുനഹദോസും നടന്ന പ്രദേശത്ത് വളർന്നതിനാൽ



www.malankaralibrary.com

സമകാലീനസഭാചരിത്രം മനസിലാക്കി വളരുന്നതിന് അദ്ദേഹത്തിന് കഴിഞ്ഞു. വൈദികനായിരുന്ന പിതൃസഹോദരൻ തര്യത് സ്കറിയാ കത്തനാർ ഉൾപ്പെടെയുള്ള വരുടെ സാന്നിധ്യം ഏറെ പ്രചോദനമായി. പ്രൊട്ടസ്റ്റന്റ് ആദർശത്തിനെതിരെ മലങ്കരയിൽ ധീരപോരാട്ടം നടത്തിയ പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെ അരുമശിഷ്യനായിട്ടാണ് വൈദികപരിശീലനം നടത്തിയത്.

ശെമ്മാശനായിരിക്കുമ്പോൾ തന്നെ മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്നും എം.എ. ബിരുദം കരസ്ഥമാക്കിയ പി.റ്റി.ഗീവർഗീസ് പണിക്കർ 1908-ൽ പട്ടം സ്വീകരിച്ചതോടെ എം.എ.അച്ചൻ എന്ന പേരിൽ അറിയപ്പെട്ടു. തുടർന്ന് 1908-1913 കാലയളവിൽ അവിഭക്തമലങ്കരസഭയിലെ (ബാവാകക്ഷി-മെത്രാൻ കക്ഷി വിഭജനത്തിനുമുൻപ്) പൊതുപ്രവർത്തനങ്ങളിൽ അദ്ദേഹം നേതൃത്വപരമായ പങ്കാളിത്തം വഹിച്ചു. ഇക്കാല യളവിൽ മലങ്കര സന്ദർശിച്ച അബ്ദുള്ള പാത്രിയർക്കീസിന്റെയും അബ്ദേദ് മ്ശീഹാ പാത്രിയർക്കീസിന്റെയും സെക്രട്ടറിയായി ഫാ. പി.റ്റി.ഗീവർഗീസ് നിയോഗിക്കപ്പെട്ടു. ഈയവസരത്തിൽ പാത്രിയർക്കീസിന്റെയും മെത്രാപ്പോലീത്തായുടെയും അധികാരം സംബന്ധിച്ച തർക്കങ്ങൾക്ക് പരിഹാരമായി പാത്രിയർക്കീസിന് കീഴ്പ്പെട്ടു കൊണ്ട് സ്വതന്ത്രമായി പ്രവർത്തിക്കുന്ന കാതോലിക്കാ സിംഹാസന സ്ഥാപനത്തിന് അദ്ദേഹം നേതൃത്വം വഹിച്ചു. എങ്കിലും സഭയിൽ വഴക്കുകൾ തുടർന്നുവന്ന പശ്ചാ ത്തലത്തിൽ കൽക്കട്ടായിലെ സെറാമ്പൂർ കോളേജിൽ പ്രൊഫസർ പദവി സ്വീകരിച്ചു കൊണ്ട് 1913-ൽ കൽക്കട്ടായിലേക്ക് പോയി.

1913-1919 കാലയളവിലെ സെറാമ്പൂർ ജീവിതകാലഘട്ടം അദ്ദേഹത്തിന്റെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ വരുത്തി. സുവിശേഷീകരണം, സഭൈക്യം എന്നീ ചിന്തകളിൽ വളരെ ആകൃഷ്ടനായ പി.റ്റി.ഗീവർഗീസച്ചൻ ഭാരതസഭയുടെ സുവിശേഷീകരണത്തിനായി ആദ്യത്തെ ക്രൈസ്തവ ആശ്രമത്തിന് തുടക്കം കുറിച്ചു. 1919-ൽ പെരുനാട്ടിലെ മുണ്ടൻ മലയിൽ ഔപചാരികമായി തുടക്കം കുറിച്ച ബഥനി ആശ്രമത്തിലെയും 1920-ൽ തിരുമൂല പുരത്ത് ആരംഭിച്ച ബഥനിമഠത്തിലെയും നവോത്ഥാന പ്രവർത്തനങ്ങളുടെ ഫലമായി 1930 സെപ്റ്റംബർ 20ന് മലങ്കരസഭയെ കത്തോലിക്കാസഭയിലേക്ക് ആനയിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. സഭയുടെ പുനഃസുവിശേഷീകരണം (re-evangelisation), വിജാതീയരുടെയിടയിലെ സുവിശേഷപ്രഘോഷണം (evangelisation), സഭൈക്യം (ecumenism) തുടങ്ങിയ ലക്ഷ്യത്തോടെ അദ്ദേഹം ആരംഭിച്ച ബഥനിയുടെ മലങ്കര കത്തോലിക്കാപുനരൈക്യം വഴി 20-ാം നൂറ്റാണ്ടിൽ ഭാരതസഭ കണ്ട ഇതിഹാസ പുരുഷ നായി ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് മാറി.

## 2. എഡിൻബറോ കോൺഫറൻസ് ഒരു പുതിയ തുടക്കം

16-ാം നൂറ്റാണ്ടിൽ ഉണ്ടായ പ്രൊട്ടസ്റ്റന്റ് നവീകരണത്തെ തുടർന്ന് കത്തോലിക്കാ സഭയും പ്രൊട്ടസ്റ്റന്റ് സമൂഹങ്ങളും തമ്മിൽ വിശ്വാസസത്യങ്ങളെക്കുറിച്ച് നിരന്തരമായ തർക്കങ്ങളും വാദപ്രതിവാദങ്ങളും ഉണ്ടായി. എന്നാൽ 17-ാം നൂറ്റാണ്ടിന്റെ അവസാന



www.malankaralibrary.com

ത്തോടെ സ്ഥിതിഗതികൾ മാറി. യൂറോപ്പിലെ ക്രൈസ്തവ സമൂഹം പ്രതിരോധത്തിൽ നിന്നും സുവിശേഷീകരണത്തിന്റെ വഴികളിലേക്ക് തിരിഞ്ഞു.

കത്തോലിക്കാസഭയിലെ പ്രേഷിതപ്രവർത്തനങ്ങൾ ഒരു പരിധിവരെ പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ നിയന്ത്രണത്തിലായിരുന്നതിനാൽ ഓരോ പ്രദേശങ്ങളിലും പ്രവർത്തിച്ചിരുന്ന മിഷനറി സമൂഹങ്ങൾ തമ്മിൽ പ്രവർത്തനനേതൃത്വത്തെ ഏകീകരിക്കുക എളുപ്പമായിരുന്നു. വിവിധ പ്രൊട്ടസ്റ്റന്റ് സഭകൾ തമ്മിൽ അഭിപ്രായ വ്യത്യാസം നിലനിന്നിരുന്നു. ഓരോ പ്രദേശങ്ങളിലും വിവിധ സഭാംഗങ്ങൾ മത്സരിച്ച് മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടത് വിരുദ്ധസാക്ഷ്യത്തിന് കാരണമായി. മിഷൻരംഗങ്ങളിൽ സംഭവിച്ചു കൊണ്ടിരുന്ന ഇത്തരം അനുഭവങ്ങളുടെ പശ്ചാത്തലത്തിലാണ് വിവിധ പ്രൊട്ടസ്റ്റന്റ് സഭകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് 1910-ൽ എഡിൻബറോയിൽ വച്ചു വേൾഡ് മിഷനറി കോൺഫറൻസ് സംഘടിപ്പിച്ചത്.

ലോകത്തിന്റെ സുവിശേഷീകരണം ഈ തലമുറയിൽ (The Evangelisation of the World in this Generation) എന്ന വിഷയത്തെ അടിസ്ഥാനമാക്കി സംഘടിപ്പിക്ക പ്പെട്ട കോൺഫറൻസിന്റെ ചർച്ചകളിൽ വിഭജിതസഭകളായി പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെടുന്നതു വഴിയുണ്ടാകുന്ന വിരുദ്ധ സാക്ഷ്യവും സഭകളുടെ യോജിച്ചുള്ള പ്രവർത്തനവുമാണ് പ്രധാനമായും മുഴങ്ങിക്കേട്ടത്. കോൺഫറൻസിന്റെ പ്രധാന ലക്ഷ്യവും ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ ചിന്തകളും പ്രേഷിതപ്രവർത്തനരംഗത്ത് ഒരു വഴിത്തിരിവിന് (Paradigm shift) കാരണമായി. സഭൈക്യത്തെക്കുറിച്ച് എഡിൻബറോ കോൺഫറൻസിൽ നടന്ന ചർച്ചകളും തീരുമാനങ്ങളും ഒരു പുത്തനുണർവുണ്ടാക്കി. എഡിൻബറോ കോൺഫറൻസിന്റെ തുടർച്ചയായി വിവിധ രാജ്യങ്ങളിൽ സമാനമായ മിഷനറി കോൺഫറൻസ് നടത്തുന്നതിന് ജോൺ ആർ. മോട്ടിനെ സമ്മേളനം ചുമതലപ്പെടുത്തി.

## 3. സെറാമ്പൂർ മിഷനറി കോൺഫറൻസ് (1912)

എഡിൻബറോ സമ്മേളന തീരുമാനമനുസരിച്ച് ഇൻഡ്യയിലെ ക്രൈസ്തവമിഷനറിമാരുടെ കോൺഫറൻസ് ജോൺ ആർ.മോട്ടിന്റെ നേതൃത്വത്തിൽ 1912-ൽ സെറാമ്പൂരിൽ വച്ചു നടത്തപ്പെട്ടു. പ്രൊട്ടസ്റ്റന്റ് സഭകൾക്കു പുറമെ പൗരസ്ത്യസഭകൾ പങ്കെടുത്ത ആദ്യത്തെ സഭൈക്യസമ്മേളനമാണ് സെറാമ്പൂർ കോൺഫറൻസ്. അക്കാലത്ത് ഭാരതത്തിലുള്ള പൗരസ്ത്യസഭകളായ മലങ്കര സഭയുടെയും (ബാവാകക്ഷി മെത്രാൻ കക്ഷി വിഭജനത്തിനു മുൻപുള്ള സഭ) മാർത്തോമാ സഭയുടെയും പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കെടുത്തു. മലങ്കരസഭയുടെ പ്രതിനിധി സംഘത്തിന് വട്ടശ്ശേരിൽ തിരുമേനിയും ഫാ.പി.റ്റി.ഗീവർഗ്ഗീസും (ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ) നേതൃത്വം നൽകി. എഡിൻബറോയ്ക്കുശേഷം സെറാമ്പൂരിലെത്തിയപ്പോഴേക്കും പ്രേഷിതപ്രവർത്തനം, സഭൈക്യം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ചിന്തകൾക്ക് കൂടുതൽ വ്യക്തത കൈവന്നു.



www.malankaralibrary.com

ഒന്നാം ലോകമഹായുദ്ധം നിമിത്തം ആഗ്രഹിച്ചതുപോലെ വിവിധ പ്രദേശങ്ങളിൽ വച്ചു നടത്തുവാൻ നിശ്ചയിച്ചിരുന്ന മിഷൻ കോൺഫറൻസുകൾ പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. എങ്കിലും എഡിൻബറോ നിശ്ചയപ്രകാരം 1921-ൽ ഇൻർനാഷണൽ മിഷനറി കൗൺസിൽ രൂപീകരിച്ചു. കൂടാതെ കൂടുതൽ പഠനങ്ങൾക്കും ചർച്ചകൾക്കുമായി 1925-ൽ വേൾഡ് കൗൺസിൽ ഓഫ് ലൈഫ് ആന്റ് വർക്ക്, 1927-ൽ വേൾഡ് കൗൺസിൽ ഓഫ് ഫെയ്ത്ത് ആൻഡ് ഓർഡർ എന്നീ ഉപസമിതികൾ ആരംഭിച്ച് എഡിൻബറോ സമ്മേളന നിശ്ചയങ്ങൾ നടപ്പിലാക്കി. ഈ സമിതികളും ഇവയുടെ പ്രവർത്തനങ്ങളുമാണ് 1948-ൽ വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ (WCC) രൂപീകരണത്തിനുള്ള വഴിയൊരുക്കിയത്. ഇതിന് സമാന്തരമായി കത്തോലിക്കാസഭയിലെ സഭൈക്യദർശന ങ്ങളും ബലപ്പെട്ടുവന്നു. രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ സഭൈക്യത്തെ സംബന്ധിച്ച ഡിക്രി ഇതിന് ഉത്തമ ഉദാഹരണമാണ്.

## 4. മാർ ഈവാനിയോസ് പിതാവും സെറാമ്പൂർ ജീവിതവും

ബ്രിട്ടീഷ് ഈസ്റ്റ് ഇൻഡ്യ കമ്പനിയുടെ തലസ്ഥാനവും ഭാരതത്തിലെ നവോത്ഥാന ചിന്തകളുടെ ഈറ്റില്ലവും കൽക്കട്ട ആയിരുന്നു. കത്തോലിക്കാസഭയിലെയും പ്രൊട്ടസ്റ്റന്റ് സഭകളിലെയും ബൗദ്ധിക ദർശനങ്ങൾ കൽക്കട്ട കേന്ദ്രമായിട്ടാണ് ഇക്കാലഘട്ടങ്ങളിൽ വളർന്നുവന്നത്. കൽക്കട്ട ദൈവശാസ്ത്രപഠന കേന്ദ്രം (Calcutta School of Theology) എന്ന പേരിൽ വിവിധ സഭകളിലെ ചിന്തകന്മാരുടെ ദർശനങ്ങൾ ഇക്കാലയളവിൽ ബലപ്പെട്ടുവന്നു. ഭാരതസുവിശേഷീകരണത്തിന് ഭാരതീയരീതി വേണമെന്ന ചിന്തകൾ എതിർപ്പുകളെ അതിജീവിച്ച് സ്ഥിരപ്രതിഷ്ഠ നേടിക്കൊണ്ടിരുന്ന കാലമായിരുന്നു ഇത്. പുത്തൻ ക്രൈസ്തവചിന്തകളുടെ ഈ വിളഭൂമിയിലേക്കാണ് മാർ ഈവാനിയോസ് പിതാവ് കടന്നുവന്നത്. എഡിൻബറോ - സെറാമ്പൂർ കോൺഫറൻസു കളുടെ പ്രധാന പ്രമേയങ്ങളായ പ്രേഷിതപ്രവർത്തനവും സഭൈക്യവും മാർ ഈവാനിയോസ് പിതാവിന്റെ ചിന്തകളെ ത്രസിപ്പിച്ചു. 1913 മുതൽ 1919 വരെ സെറാമ്പൂർ കോളേജിൽ പ്രൊഫസറായി സേവനമനുഷ്ഠിച്ചപ്പോൾ ദേശീയ അന്തർദേശീയ തലങ്ങളിൽ പ്രവർത്തിച്ചിരുന്ന ക്രൈസ്തവചിന്തകരുമായി ഇടപഴകുന്നതിന് പിതാവിന് കഴിഞ്ഞു. ഈ പശ്ചാത്തലത്തിലാണ് മലങ്കരസഭയുടെ നവീകരണത്തിനും ഭാരതീയ സുവിശേഷീകരണത്തിനും സഹായകമായ വിധത്തിൽ ബഥനി ആശ്രമത്തിന് തുടക്കം കുറിച്ചത്.

## 5. ഈവാനിയോസ് പിതാവിന്റെ സഭൈക്യദർശനം

സുവിശേഷപ്രഘോഷണത്തിന് വിഭജിതസഭ തടസമാണെന്ന എഡിൻബറോ കോൺഫറൻസിന്റെ ദർശനം നെഞ്ചിലേറ്റിയ പിതാവ് സെറാമ്പൂർ കോൺഫറൻസ് കഴിഞ്ഞതോടെ സഭൈക്യചിന്തകളിലേയ്ക്ക് പ്രവേശിച്ചു. കാതോലിക്കാസിംഹാസന സ്ഥാപനത്തിന്റെ അണിയറപ്രവർത്തനങ്ങളിലൂടെ ബാവാകക്ഷി-മെത്രാൻകക്ഷി വിഭജനനാളുകളിൽ സഭാനേതൃത്വത്തിലുണ്ടായിരുന്ന ഫാ.പി.റ്റി.ഗീവറുഗ്ഗീസ്



www.malankaralibrary.com

സെറാമ്പൂരിലേക്ക് പിൻവാങ്ങിയത് സഭയിലുയർന്നുവന്ന ഭിന്നതകളിൽ നിന്നു കൂടിയുള്ള പിൻവാങ്ങലായിരുന്നു. കക്ഷിവഴക്കുകൾക്ക് അതീതമായി ബഥനി ആശ്രമത്തെ സ്ഥാപിച്ച പിതാവ് ഇരുകക്ഷികൾക്കുമുപരിയായി ബഥനിപള്ളികളും മിഷനുകളും സ്ഥാപിച്ചുകൊണ്ട് വിഭജനത്തിന് അതീതമായ നിലപാട് സ്വീകരിച്ചു. ബഥനിയുടെ സ്വതന്ത്രപദവിയെ സംരക്ഷിക്കാൻ സഹായകമായ വിധത്തിൽ ബഥനിക്ക് മെത്രാപ്പോലീത്താ, എപ്പിസ്കോപ്പാ പദവികൾ സൃഷ്ടിക്കുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞു. 1925-ൽ രണ്ടാം കാതോലിക്കാബാവായെ വാഴിക്കുകയും അടുത്തദിവസം ഫാ. പി. റ്റി. ഗീവറുഗീസ് മെത്രാൻ പദവിയിലേക്കുയർത്തപ്പെടുകയും ചെയ്തതിനെ തുടർന്ന് ഇരുവരെയും അനുമോദിക്കാനായി ചേർന്ന സമ്മേളനത്തിൽ അദ്ദേഹം നടത്തിയ പ്രഭാഷണം തന്റെ സഭൈക്യദർശനത്തിന്റെ കാഹളനാദമായിരുന്നു. തന്നെ മെത്രാൻസ്ഥാനത്തേ ക്കുയർത്തിയ സഭാപിതാക്കന്മാർക്കും സമൂഹത്തിനും നന്ദിപറയുന്നതോടൊപ്പം സഭൈക്യത്തിനുവേണ്ടി പ്രവർത്തിക്കാൻ സഭാപിതാക്കന്മാരെ അദ്ദേഹം ഉദ്ബോധിപ്പിക്കുകയും ചെയ്തു. ബാവാകക്ഷിയും മെത്രാൻകക്ഷിയും തമ്മിലുള്ള യോജിപ്പിന്റെ ആവശ്യകതയിൽ തുടങ്ങി നവീകരണ ചിന്തകൾ സ്വീകരിച്ച മാർതോമസഭയുമായും പ്രൊട്ടസ്റ്റന്റിസത്തിലേക്ക് നീങ്ങിയ സഭാവിഭാഗങ്ങളുമായും 1653-ലെ കൂനൻകുരിശുസത്യത്തിലൂടെ വേർപിരിഞ്ഞവരുമായും യോജിപ്പിൽ പ്രവർത്തിക്കാൻ ഏവരെയും ആഹ്വാനം ചെയ്തു. 1925 മുതൽ അദ്ദേഹം പങ്കെടുത്ത സുനഹദോസുകളിലും സഭൈക്യത്തെ മുഖ്യപ്രമേയമാക്കാൻ അദ്ദേഹത്തിനു സാധിച്ചു.

സുനഹദോസ് തീരുമാനപ്രകാരം സഭൈക്യത്തിനുവേണ്ടിയുള്ള പ്രവർത്തനനേതൃത്വം അഭിവന്ദ്യ പിതാവ് ഏറ്റെടുത്തു. എഡിൻബറോ കോൺഫറൻസ് ഉയർത്തിയ സഭൈക്യ ദർശനത്തിന്റെ ആധുനികശൈലി സ്വായത്തമാക്കിയ പിതാവ് കത്തോലിക്കാസഭ യുമായുള്ള ഐക്യം കേവലം പുനരാഗമനം (Reunion) എന്നതിനെക്കാൾ രണ്ടു വ്യക്തിഗതസഭകൾ തമ്മിൽ ഉഭയസമ്മതത്തോടെയുള്ള സഭൈക്യം എന്ന തലത്തിലാണ് പ്രവർത്തിച്ചത്. അക്കാരണത്താൽതന്നെ അന്ത്യോക്യായിലെ കത്തോലിക്കാസഭയുടെയോ സീറോമലബാർസഭയുടെയോ അനുബന്ധമായി കത്തോലിക്കാസഭയിൽ പ്രവേശി ക്കുന്നതിന് അദ്ദേഹം തയാറായില്ല. സീറോമലബാർസഭയിൽ പ്രവേശിക്കുന്ന മലങ്കരക്കാർക്ക് മലങ്കരരീതി തുടരുന്നതിന് 1921-ൽ അനുവദിച്ച രീതിയും പിതാവിന് സ്വീകാര്യമായിരുന്നില്ല. മറിച്ച്, ആരാധനയും സ്വതന്ത്രഭരണാധികാരവും അനുവദി പ്പിച്ചുകൊണ്ട് കത്തോലിക്കാസഭയിലെ ഒരു വ്യക്തിഗതസഭയായി മലങ്കരസഭയെ അംഗീകരിപ്പിക്കുന്നതിനും അതുവഴി മലങ്കരയുടെ വ്യക്തിത്വം കാത്തു സൂക്ഷിക്കുന്ന തിനും പിതാവ് ശ്രമിച്ചു.

## 6. ബഥനിയും പുനരൈക്യവും

സഭൈക്യത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരുന്നപ്പോൾ കക്ഷിവഴക്കുകളിൽ ഉണ്ടായ താത്ക്കാലികവിജയം സഭൈക്യശ്രമങ്ങളിൽനിന്ന് പിൻതിരി യുവാൻ സഭാനേതൃത്വത്തെ പ്രേരിപ്പിച്ചു. ഓർത്തഡോക്സ് സഭാനേതൃത്വം പുനരൈക്യ



www.malankaralibrary.com

ചിന്തകളിൽ നിന്ന് പിന്മാറിയെങ്കിലും ബഥനി സമൂഹം പിതാവിനോടൊപ്പം നിന്നു. സെറാമ്പൂരിൽ അനൗപചാരികമായി തുടങ്ങിയ ബഥനിയെ പെരുനാട്ടിലെ മുണ്ടൻമല യിൽ 1919 ആഗസ്റ്റ് 15-ാം തീയതി ഔപചാരികമായി സ്ഥാപിച്ചു. ബംഗാളിലെ ബാരിസോ ളിൽ പരിശീലനം സിദ്ധിച്ച ബഥനിമഠത്തിലെ സിസ്റ്റേഴ്സിനുവേണ്ടി 1920-ൽ തിരുമൂല പുരത്ത് ഒരു മഠം ആരംഭിച്ചു. അതോടെ ബഥനി ആശ്രമത്തിന്റെ ഒരു ശാഖാമന്ദിരം തിരുമൂലപുരത്ത് ആരംഭിച്ചു. അവിടെ താമസിച്ചുകൊണ്ട് മുണ്ടൻമല ആശ്രമത്തിലെയും തിരുമൂലപുരത്തെ മഠത്തിലെയും ശുശ്രൂഷകൾക്ക് പിതാവ് നേതൃത്വം നൽകി. 1925-ൽ ബഥനിയുടെ എപ്പിസ്കോപ്പായായും 1929-ൽ ബഥനിയുടെ മെത്രാപ്പോലീത്തായായും ആബൂനായും വാഴിക്കപ്പെട്ടു. അദ്ദേഹത്തിന്റെ വത്സല ശിഷ്യൻ യാക്കോബ് കശീശ്ശാ, യാക്കോബ് മാർ തെയോഫിലോസ് എന്ന പേരിൽ ബഥനിയുടെ എപ്പിസ്കോപ്പാ ആയി 1929-ൽ വാഴിക്കപ്പെട്ടു. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമൂലപുരം ബഥനി ആശ്രമം കേന്ദ്രീകരിച്ചു ബഥനി ആശ്രമത്തിന്റെയും മഠത്തിന്റെയും പൊതുചുമതലകൾ നിർവഹിച്ചപ്പോൾ മാർ തെയോഫിലോസ് പിതാവ് തിരുവല്ലായിൽ പുതുതായി ആരംഭിച്ച ബഥനി പള്ളി കേന്ദ്രീകരിച്ച് (ഇപ്പോഴത്തെ ബഥനി അരമന) ബഥനി പള്ളികളുടെയും ചുമതല നിർവഹിച്ചു വന്നു. ഓർത്തഡോക്സ് സഭ പിൻമാറിയപ്പോൾ ബഥനി മെത്രാപ്പോലീത്തായും എപ്പിസ്കോപ്പായും ബഥനി ആശ്രമസ്ഥരും ബഥനി മഠത്തിലെ സിസ്റ്റേഴ്സും ബഥനിപള്ളികളും പുനരൈക്യശ്രമവുമായി മുന്നേറി. ചുരുക്കത്തിൽ ഓർത്തഡോക്സ് നേതൃത്വം പുനരൈക്യശ്രമത്തിൽ നിന്ന് പിന്മാറിയെങ്കിലും ബഥനി സമൂഹം പിതാവിനോടൊപ്പം കത്തോലിക്കാസഭയിലേക്കു പ്രവേശിച്ചു. പുനരൈക്യ ത്തോടെ മലങ്കരസഭയുടെ ഒരു വിഭാഗം കത്തോലിക്കാസഭയായി വളർന്നു.

## 7. എക്യുമെനിസവും ആധ്യാത്മികതയും

സമീപകാലത്ത് കത്തോലിക്കാസഭാ പ്രത്യേകിച്ച് ജോൺപോൾ രണ്ടാമൻ മാർപാപ്പ പുറപ്പെടുവിപ്പിച്ച *'എല്ലാവരും ഒന്നാകുവാൻ വേണ്ടി'* (Ut unnum Sint) എന്ന ചാക്രിക ലേഖനം തുടങ്ങി യുള്ള പ്രബോധനങ്ങളിൽ എക്യുമെനിക്കൽ പ്രവർത്തനങ്ങളിൽ ആത്മീയതയുടെ സാംഗത്യം എടുത്തു പറയുന്നുണ്ട്. ഇതിന്റെ ശക്തമായ സൂചനകൾ മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യ വിജയത്തിൽ കാണുവാൻ സാധിക്കും. 1653-ലെ കൂനൻ കുരിശു സത്യം മുതൽ പുനരൈക്യത്തിനുവേണ്ടിയിട്ടുള്ള ശ്രമങ്ങൾ മലങ്കരയിൽ നടന്നിട്ടുണ്ട്. മലങ്കരയിലെ പുനരൈക്യത്തിനുവേണ്ടി നടന്നിട്ടുള്ള വിവിധ ശ്രമങ്ങൾ വിഫലമായപ്പോൾ മാർ ഈവാനിയോസ് തിരുമേനിയുടെ പരിശ്രമം വിജയിച്ചതിന്റെ പിന്നിൽ പ്രാർത്ഥനയുടെ പിൻബലമുണ്ടായിരുന്നു. ബഥനിയുടെ ആരംഭം മുതൽ കത്തോലിക്കാസഭയിലെ ആധ്യാത്മിക ഗ്രന്ഥങ്ങൾ പഠനവിഷയമാക്കിയ ബഥനിക്കാരുടെ മനസിൽ ഐക്യത്തോട് താത്പര്യം തോന്നുകയും അതിനായി നിരന്തരം പ്രാർത്ഥിക്കുകയും ചെയ്തിരുന്നു.

മാർ ഈവാനിയോസ് തിരുമേനി നിർദ്ദേശിച്ച പുനരൈക്യ പദ്ധതിക്ക് കാലതാമസം നേരിട്ടതിനാൽ ചെത്തിപ്പുഴ കർമ്മലീത്താസഭയിൽ പോയി കത്തോലിക്കാസഭയോട്



www.malankaralibrary.com

ഐക്യപ്പെട്ട വ്യക്തിയാണ് ഫാ.ഗീവർഗീസ് ഒ.ഐ.സി. 1928-ൽ പുനരൈക്യപ്പെട്ട അദ്ദേഹം വി.കൊച്ചുത്രേസ്യായുടെ ഭവനത്തിലേയ്ക്ക് മലങ്കരയുടെ പുനരൈക്യത്തിനു വേണ്ടി പ്രാർത്ഥിക്കാൻ പ്രാർത്ഥനാനിയോഗം നൽകുകയുണ്ടായി. അന്നുമുതൽ അവിടെ പ്രാർത്ഥന ആരംഭിച്ച വിവരം വി.കൊച്ചുത്രേസ്യായുടെ സഹോദരി സി. ആഗ്നസ് അച്ചനെ അറിയിച്ചു. ഇത് പുനരൈക്യസംരംഭത്തെ ശക്തിപ്പെടുത്തിയെന്ന് വിശ്വസിക്കപ്പെടുന്നു. തെയോഫിലോസ് തിരുമേനി തന്റെ യൂറോപ്യൻ സന്ദർശനവേളയിൽ ലിസ്യു സന്ദർശിച്ചതും പ്രാർത്ഥനാസഹായം തേടിയെന്നതും പ്രത്യേകം സ്മരണീയമാണ്. ഈ ആത്മീയബന്ധത്തിന്റെ ഫലമായാണ് പുനരൈക്യ പ്രസ്ഥാനത്തിനുവേണ്ടി പ്രാർത്ഥിക്കുക എന്ന പ്രത്യേക ലക്ഷ്യത്തോടെ തിരുവല്ലായിൽ ഒരു മിണ്ടാമഠം ആരംഭിക്കുന്നതിനുവേണ്ട ശ്രമങ്ങൾ അഭിവന്ദ്യപിതാക്കന്മാർ നടത്തിയത്. ദൈവാശ്രയബോധത്തോടെ പ്രാർത്ഥനയിൽ ശരണപ്പെട്ടുകൊണ്ട് മാർ ഈവാനിയോസ് തിരുമേനിയും സഭയിലെ ഇതര അംഗങ്ങളും ആദ്യകാലത്ത് ശ്രമിച്ചതുകൊണ്ടാണ് പുനരൈക്യപ്രസ്ഥാനം വളരെ പെട്ടെന്ന് വളർന്ന് ശക്തി പ്രാപിച്ചത്.

1898-ൽ പ്രൊട്ടസ്റ്റന്റ് സഭയിൽ രക്ഷയുടെ ഫ്രാൻസിസ്കൻ സമൂഹം (Franciscan frairs of the Atonement) എന്ന പേരിൽ ഫാ.പോൾ ഫ്രാൻസീസും മദർ ഖുറാനയും ചേർന്ന് ഒരു സന്ന്യാസസമൂഹം സ്ഥാപിക്കുകയുണ്ടായി. സഭകളുടെ ഐക്യത്തിനുവേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 1908-ൽ ഈ സമൂഹം ആരംഭിച്ച സഭൈക്യപ്രാർത്ഥനാവാരം ഇന്നും കത്തോലിക്കാസഭയിലും സഭകളുടെ അഖിലലോകകൗൺസിലിൽ അംഗങ്ങളായ സഭകളിലും നടത്തിവരുന്നു. സഭൈക്യലക്ഷ്യത്തോടെ ആരംഭിച്ച ഈ സമൂഹം പിന്നീട് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. 1930 സെപ്റ്റംബർ 20-ാം തീയതി കത്തോലിക്കാസഭയുമായി മാർ ഈവാനിയോസ് തിരുമേനിയും ബഥനിയും പുനരൈക്യപ്പെട്ടപ്പോൾ മുതൽ ഈ രണ്ടു സഭകളും പരസ്പരം പ്രാർത്ഥിച്ചുകൊണ്ട് സഭൈക്യപ്രാർത്ഥനകൾ ശക്തിപ്പെടുത്തണമെന്ന് ഈവാനിയോസ് പിതാവ് നിഷ്കർഷിച്ചു.

മേൽവിവരിച്ച സംഭവങ്ങൾ ഓരോന്നും സഭൈക്യശ്രമങ്ങളിൽ പ്രാർത്ഥനയ്ക്ക് പിതാവ് നൽകിയ വലിയ പ്രാധാന്യത്തെയാണ് സൂചിപ്പിക്കുന്നത്. പുനരൈക്യത്തിന്റെ ആരംഭനാളുകളിൽ പ്രാർത്ഥനയിൽ ആശ്രയിച്ചു കൊണ്ട് നടത്തിയ സഭൈക്യപരിശ്രമങ്ങൾ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ രൂപീകരണത്തിലേക്കും വളർച്ചയിലേക്കും നയിച്ചു.

## 8. മലങ്കര സുറിയാനി കത്തോലിക്കാ സഭ

1930 സെപ്റ്റംബർ 20 ന് നടന്ന ചരിത്രപ്രസിദ്ധമായ പുനരൈക്യത്തിനു ശേഷം 1932 ജൂൺ 11ന് തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ രൂപതയും കേന്ദ്രീകരിച്ച് മലങ്കര കത്തോലിക്കാ ഹയരാർക്കി റോമിൽ നിന്നും അനുവദിച്ചു. മാർ ഈവാനിയോസ് തിരുവനന്തപുരം മെത്രാപ്പോലീത്തായായും മാർ തെയോഫിലോസ് തിരുവല്ലാ മെത്രാനായും ചുമതല ഏറ്റെടുത്തു.



www.malankaralibrary.com




ഹയരാർക്കി സ്ഥാപനത്തോടെ മലങ്കരകത്തോലിക്കാസഭ നാനാവിധത്തിലും അഭിവൃദ്ധി പ്രാപിക്കാൻതുടങ്ങി. യാക്കോബായ, ഓർത്തഡോക്സ്, മാർതോമ്മാ സഭകളിലെ ധാരാളം വൈദികരും അല്മായരും കൂട്ടത്തോടെ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. അജപാലനശുശ്രൂഷയ്ക്കായി സീറോമലബാർ സഭയിൽ നിന്നും ധാരാളം വൈദികരും ലത്തീൻ രൂപതയിൽ നിന്നും ധാരാളം സന്ന്യാസിനിമാരും പുനരൈക്യ പ്രസ്ഥാനത്തിന്റെ വിജയത്തിനായി മുമ്പോട്ടുവന്നു.

പുനരൈക്യത്തിനെതിരെ വളരെ വീറോടെ പ്രവർത്തിച്ചു കൊണ്ടിരുന്ന അന്നത്തെ ഓർത്തഡോക്സ് സഭയുടെ നിരണം ഭദ്രാസനാധിപൻ ജോസഫ് മാർ സേവേറിയോസ് 1937–ൽ മാർ ഈവാനിയോസിന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് പുനരൈക്യപ്പെടുകയും തിരുവല്ലാ രൂപതയുടെ ഭരണം ഏറ്റെടുക്കയും ചെയ്തു. 1939–ൽ ക്നാനായ യാക്കോബായ സഭയുടെ തലവൻ തോമസ് മാർ ദിയസ്കോറസ് പുനരൈക്യപ്പെട്ട് മലങ്കര കത്തോലിക്കാ സഭാംഗമായി. ഇവരുടെ രണ്ടുപേരുടെയും പുനരൈക്യം സഭയ്ക്ക് ഉണർവേകി. പുനരൈക്യ ശില്പി മാർ ഈവാനിയോസ് 1953 ജൂലൈ 15 ന് കാലം ചെയ്തു. അദ്ദേഹത്തിന്റെ പൂജ്യശരീരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ കബറടക്കിയിരിക്കുന്നു. 1955 ജനുവരി 27 ന് സ്ഥാനാരോഹണം ചെയ്യപ്പെട്ട അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ ആത്മീയവും അജപാലനപരവുമായ നേതൃത്വത്തിൽ സഭ ത്വരിതഗതിയിൽ വളർന്നു. 1977–ൽ തൊഴിയൂർ സ്വതന്ത്ര സഭയുടെ മേലധ്യക്ഷൻ പൗലോസ് മാർ പീലക്സിനോസ് ദീർഘനാളത്തെ പഠനത്തിനും പ്രാർത്ഥനയ്ക്കും ശേഷം പുനരൈക്യപ്പെട്ട് മലങ്കര കത്തോലിക്കാസഭയുടെ അംഗമായി.



www.malankaralibrary.com

## മലങ്കര കത്തോലിക്കാ സഭ വളർച്ചയുടെ പാതയിൽ

മലബാറിലെ കുടിയേറ്റക്കാരായ മലങ്കര കത്തോലിക്കർക്കു വേണ്ടി ഒരു രൂപത വേണമെന്ന ആവശ്യം റോം അംഗീകരിച്ച് തിരുവല്ലാ രൂപത വിഭജിച്ച് 1978-ൽ ബത്തേരി രൂപത സ്ഥാപിച്ചു. അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് ബത്തേരി രൂപതയുടെ പ്രഥമ മെത്രാനായി. 1980-ൽ പുനരൈക്യത്തിന്റെ സുവർണജൂബിലി കോട്ടയത്ത് ആഘോഷിച്ചു. 1986-ൽ പരി.ജോൺപോൾ രണ്ടാമൻ മാർപാപ്പാ ഭാരതം സന്ദർശിച്ചപ്പോൾ മലങ്കര സഭയുടെ സെന്റ് മേരീസ് കത്തീഡ്രൽ സന്ദർശിച്ച് അനുഗ്രഹം നൽകി. അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ്, ഐസക് മാർ യൂഹാനോൻ എന്നീ പിതാക്കൻമാർക്ക് ശേഷം തിരുവല്ലാ രൂപതയുടെ നേതൃത്വം അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് ഏറ്റെടുത്തു. നാലുപതിറ്റാണ്ടോളം സഭയെ നയിച്ച ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് 1994 ഒക്ടോബർ 10-ാം തീയതി നിത്യവിശ്രമത്തിനായി വിളിക്കപ്പെട്ടു. തുടർന്ന് ബത്തേരി രൂപതാധ്യക്ഷനായിരുന്ന അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് സഭാ നേതൃത്വം ഏറ്റെടുത്തു. തുടർന്ന് അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് ബത്തേരിയുടെ ദ്വിതീയ മെത്രാനായി.

പുനരൈക്യത്തിന്റെ ആരംഭകാലത്തു തന്നെ മാർ ഈവാനിയോസ് മെത്രപ്പോലീത്താ തെക്കൻ തിരുവിതാംകൂർ പ്രദേശങ്ങളിൽ പ്രേഷിതപ്രവർത്തനത്തിന് നേതൃത്വം നൽകിയിരുന്നു. തത്ഫലമായി തിരുവനന്തപുരം അതിരൂപത വിഭജിച്ച് 1996-ൽ മാർത്താണ്ഡം രൂപത സ്ഥാപിച്ചു. അഭിവന്ദ്യ ലോറൻസ് മാർ അപ്രേം ഈ രൂപതയുടെ പ്രഥമ അധ്യക്ഷനായി. ഇക്കാലത്ത് നിലവിലുള്ള രൂപതകൾക്ക് പുറമെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വിവിധ സ്ഥലങ്ങളിൽ ആരാധന സമൂഹങ്ങൾ രൂപപ്പെട്ടു. 1983-ൽ മലങ്കരകത്തോലിക്കാ സഭയുടെ തനതായ ഒരു മേജർ സെമിനാരി പട്ടത്ത് ആരംഭിച്ചു. പിന്നീട് അത് നാലാഞ്ചിറയിലേക്ക് മാറ്റി സ്ഥാപിച്ചു. 2001 ആഗസ്റ്റ് 15 ന് ഫാ. ഐസക് തോട്ടുങ്കൽ, ഐസക് മാർ ക്ലീമിസ് എന്ന പേരിൽ അമേരിക്ക, യൂറോപ്പ് എന്നീ പ്രദേശങ്ങളുടെ അപ്പസ്തോലിക് വിസിറ്റേറ്ററായി സ്ഥാനാരോഹണം ചെയ്യപ്പെട്ടു.

2003-ൽ തിരുവല്ല രൂപത വിഭജിച്ച് മൂവാറ്റുപുഴ രൂപത ആരംഭിക്കുകയും തിരുവല്ല രൂപതാ സഹായ മെത്രാൻ തോമസ് മാർ കൂറിലോസിനെ മൂവാറ്റുപുഴ രൂപതയുടെ പ്രഥമ മെത്രാനാക്കുകയും ചെയ്തു.

## മലങ്കര കത്തോലിക്കാ സഭ സുനഹദോസ് പദവിയിലേക്ക്

2005-ൽ മലങ്കര സുറിയാനി കത്തോലിക്കാ സഭ സുനഹദോസ് സംവിധാനമുള്ള ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെടുകയും തിരുവനന്തപുരം ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയോസിനെ മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ചു ബിഷപ്പ്-കാതോലിക്കാബാവയായി ഉയർത്തുകയും ചെയ്തു.



www.malankaralibrary.com



2006–ൽ തിരുവല്ല അതിരൂപതയായി ഉയർത്തപ്പെടുകയും ഐസക് മാർ ക്ലീമിസ് മെത്രാപ്പോലീത്തായെ തിരുവല്ലായുടെ മെത്രാപ്പോലീത്തൻ ആർച്ചു ബിഷപ്പായി ഉയർത്തുകയും ചെയ്തു.

2007–ൽ തിരുവനന്തപുരം അതിരൂപത വിഭജിച്ച് മാവേലിക്കര രൂപത നിലവിൽ വരികയും തിരുവനന്തപുരത്തിന്റെ സഹായമെത്രാൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മാവേലിക്കരയുടെ പ്രഥമ മെത്രാനാകുകയും ചെയ്തു.

2007–ൽ മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവാ കാലം ചെയ്തപ്പോൾ തിരുവല്ലാ ആർച്ച് ബിഷപ്പ് ഐസക് മാർ ക്ലീമിസ്, ബസേലിയോസ് ക്ലീമിസ് എന്ന പേരിൽ രണ്ടാമത്തെ മേജർ ആർച്ച്ബിഷപ്പ് –കാതോലിക്കാബാവയായി ഉയർത്തപ്പെട്ടു. മലങ്കര കത്തോലിക്കാ സഭയുടെ ഔദ്യോഗിക അജപാലന അതിർത്തിക്കു പുറത്തുള്ള ഇന്ത്യയിലെ ദൈവജനത്തിന്റെ ശുശ്രൂഷയ്ക്കായി ഫാ. ചാക്കോ ഏറത്ത് ഒ. ഐ. സി.യെ ജേക്കബ് മാർ ബർണബാസ് എന്ന പേരിൽ 2007 ഫെബ്രുവരി 16 ന് മെത്രാനായി വാഴിച്ചു. ഡൽഹി ആസ്ഥാനമാക്കി അദ്ദേഹം പ്രവർത്തിക്കുന്നു. 2007–ൽ മൂവാറ്റുപുഴ രൂപതാധ്യക്ഷൻ തോമസ് മാർ കൂറിലോസ് ആർച്ചുബിഷപ്പായി ഉയർത്തപ്പെടുകയും തിരുവല്ലാ അതിരൂപതയുടെ ചുമതല ഏറ്റെടുക്കയും ചെയ്തു. 2007–ൽ പുനരൈക്യത്തിന് നേതൃത്വം നൽകിയ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ ദൈവദാസൻ എന്ന പദവിയിലേക്ക് ഉയർത്തി. 2008–ൽ മൂവാറ്റുപുഴ രൂപതയുടെ ദ്വിതീയ മെത്രാനായി ഏബ്രഹാം മാർ യൂലിയോസ് ചുമതല ഏറ്റെടുത്തു.

2010–ൽ തിരുവനന്തപുരം അതിരൂപത വിഭജിച്ച് പത്തനംതിട്ട രൂപത സ്ഥാപിക്കുകയും മാർത്താണ്ഡം രൂപതയുടെ രണ്ടാമത്തെ മെത്രാനായിരുന്ന യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ പത്തനംതിട്ട രൂപതയുടെ പ്രഥമ മെത്രാനായി തീരുകയും ചെയ്തു. 2010–ൽ ബത്തേരി രൂപത വിഭജിച്ച് കന്നട സംസാരിക്കുന്ന കർണ്ണാടകത്തിലെ സഭയ്ക്കുവേണ്ടി പുത്തൂർ രൂപത ആരംഭിക്കുകയും ബത്തേരി രൂപതാധ്യക്ഷൻ ഗീവർഗീസ് മാർ ദിവന്നാസിയോസ് പുത്തൂർ രൂപതയുടെ പ്രഥമ മെത്രാനായി ചുമതല ഏറ്റെടുക്കുകയും ചെയ്തു. ബത്തേരി രൂപതയുടെ ചുമതല 2005 മുതൽ അമേരിക്കാ, യൂറോപ്പ് എന്നീ പ്രദേശങ്ങളുടെ അപ്പസ്തോലിക് വിസിറ്റേറ്റർ ആയിരുന്ന ജോസഫ്



www.malankaralibrary.com

മാർ തോമസ് ഏറ്റെടുത്തു. 2010–ൽ മലങ്കര കത്തോലിക്കർക്കുവേണ്ടി അമേരിക്ക, ആസ്ഥാനമാക്കി പുതിയ എക്സാർക്കേറ്റ് ആരംഭിക്കുകയും ഫാ. തോമസ് നായിക്കംപറമ്പിലിനെ തോമസ് മാർ യൗസേബിയോസ് എന്ന പേരിൽ എക്സാർക്കേറ്റിന്റെ പുതിയ മെത്രാനായി നിയമിക്കുകയും ചെയ്തു. 2010–ൽ മാർത്താണ്ഡം രൂപതാദ്ധ്യക്ഷനായി വിൻസെന്റ് മാർ പൗലോസിനെയും തിരുവനന്തപുരം അതിരൂപതാ സഹായമെത്രാനായി സാമുവേൽ മാർ ഐറേനിയോസിനെയും തിരുവല്ലാ അതിരൂപതാ സഹായമെത്രാനായി ഫിലിപ്പോസ് മാർ സ്തേഫാനോസിനെയും കൂരിയാ മെത്രാനായി തോമസ് മാർ അന്തോണിയോസിനെയും വാഴിച്ചു. 2011 സെപ്റ്റംബറിലെ പുനരൈക്യവാർഷികത്തോടനുബന്ധിച്ച് പട്ടത്ത് മലങ്കര കത്തോലിക്കാസഭാ കാര്യാലയം (കാതോലിക്കേറ്റ് സെന്റർ) കൂദാശ ചെയ്യുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

മലങ്കര കത്തോലിക്കാ സഭയിൽ ഇപ്പോൾ 14 പിതാക്കന്മാരും 8 രൂപതകളും ഒരു എക്സാർക്കേറ്റും ബാഹ്യകേരളമിഷനും ഉണ്ട്. ഏകദേശം 5 ലക്ഷം ജനങ്ങളും 1000 ഇടവകകളും 750 വൈദികരും 2000 സന്ന്യാസിനികളും നിരവധി സ്കൂളുകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ആതുരാലയങ്ങളും സാമൂഹ്യക്ഷേമ കേന്ദ്രങ്ങളും ഉണ്ട്. കാലംചെയ്ത ജോൺപോൾ രണ്ടാമൻ മാർപാപ്പ 'അതിവേഗം വളരുന്ന സഭ' എന്ന് മലങ്കര കത്തോലിക്കാ സഭയെക്കുറിച്ച് പ്രഖ്യാപിക്കുകയുണ്ടായി. കഴിഞ്ഞ 82 വർഷമായി ദൈവം തന്ന എല്ലാ കൃപകൾക്കും മലങ്കരമക്കൾ എന്ന നിലയിൽ ദൈവത്തിന് നന്ദി അർപ്പിക്കാം. ഐക്യത്തിന്റെ സുവിശേഷം അകത്തോലിക്കരോടും രക്ഷയുടെ സുവിശേഷം അക്രൈസ്തവരോടും പ്രഘോഷിക്കുവാൻ മലങ്കര കത്തോലിക്കർ വിളിക്കപ്പെട്ടിരിക്കുന്നു എന്ന ബോധ്യം ഉള്ളിൽ സ്വീകരിച്ച് നമുക്ക് പ്രവർത്തിക്കാം.

***ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ സഭൈക്യദർശനം ചർച്ച ചെയ്യുക.***





www.malankaralibrary.com

# സുവിശേഷം പ്രഘോഷിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം! (1 കോരി. 9:16)



"സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ. 1:15). ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് യേശുമിശിഹാ തന്റെ പരസ്യജീവിതം ആരംഭിച്ചു. എല്ലായിടത്തും "ഞാൻ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടിയാണല്ലോ ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്" (ലൂക്കാ 4:43) എന്ന പൂർണ അവബോധം നിരന്തരം യേശുവിനെ നയിച്ചിരുന്നു. പിതാവിന്റെ ഇഷ്ടം നിറവേറ്റുക യേശു സ്വഭക്ഷണമാക്കി മാറ്റി. "എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം" (യോഹ 4:34). എല്ലാറ്റിലുമുപരിയായി തന്റെ പീഡാസഹനം, കുരിശുമരണം, ഉത്ഥാനം എന്നിവയിലൂടെ യേശു തന്റെ സുവിശേഷ



www.malankaralibrary.com

ദൗത്യം പൂർത്തിയാക്കി. പിതാവ് പുത്രനെ ഏല്പിച്ച അതേ സുവിശേഷ ദൗത്യം ഉത്ഥിതനായ കർത്താവ് തന്റെ ശിഷ്യഗണത്തെ (സഭയെ) ഭരമേല്പിച്ചു: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു..." (യോഹ. 20:21-23). "നിങ്ങൾ ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ. 16:15, മത്താ. 28:19).

സുവിശേഷവത്കരണ ശുശ്രൂഷ സഭയ്ക്കു ലഭിച്ച കൃപയും വിളിയും ഉത്തരവാദിത്വവുമാണ്. ക്രിസ്തുവിനാൽ സ്ഥാപിതമായ സഭ സ്വഭാവത്താലെ പ്രേഷിതയാണ് (പ്രേഷിതപ്രവർത്തനം 1, 2). നമ്മുടെ പുണ്യപിതാവായ ദൈവദാസൻ മാർ ഈവാനിയോസ് പറയുന്നതുപോലെ, "ക്രൈസ്തവസഭയുടെ സർവപ്രധാനമായ ചുമതലയാണ് സുവിശേഷ പ്രചരണം" (ഗിരിദീപം, പേജ് 56). ഒന്നാം നൂറ്റാണ്ടിൽതന്നെ വി. തോമാശ്ലീഹായിലൂടെ സുവിശേഷവെളിച്ചം സ്വീകരിച്ച് ഭാരതീയമായി ക്രിസ്തീയ വിശ്വാസം ജീവിക്കുവാൻ ഭാഗ്യം സിദ്ധിച്ച മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക്, ഭാരതത്തിലുട നീളവും ലോകത്തിന്റെ അതിർത്തികൾവരെയും സുവിശേഷം പകർന്നുനല്കാനുള്ള വലിയ ഉത്തരവാദിത്വമാണുള്ളത്. ഇത് ഒരുകാലത്തും നമുക്ക് വിസ്മരിക്കാനാവില്ല. സുവിശേഷവത്കരണ ശുശ്രൂഷ നമ്മുടെ ആരുടെയും ഔദാര്യമല്ല, ഒഴിച്ചുകൂടാനാവാത്ത ഉത്തരവാദിത്വമാണ്.

## 1. മിഷൻ, സുവിശേഷവത്കരണം, നവസുവിശേഷവത്കരണം

വിഷയത്തിന്റെ വിശദാംശങ്ങളിലേക്കു പ്രവേശിക്കുന്നതിനുമുമ്പ് 'മിഷൻ', 'മിഷനറി', 'സുവിശേഷവത്കരണം' 'നവസുവിശേഷവത്കരണം' എന്നീ പദങ്ങളുടെ അർത്ഥം മനസിലാക്കേണ്ടതുണ്ട്.

**1.1. എന്താണ് 'മിഷൻ' ആരാണു 'മിഷനറി'?** *'മിഷൻ'* (ദൗത്യം) എന്ന പദത്തിന്റെ അർത്ഥം 'ദൈവത്താൽ അയയ്ക്കപ്പെടുക' എന്നാണ്. അയയ്ക്കപ്പെടുന്നതിനു പിന്നിൽ യേശുവാകുന്ന രക്ഷയുടെ സുവിശേഷം അഥവാ യേശുവിൽ സംജാതമായ ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കുക എന്ന ദൗത്യമുണ്ട്. അതിനാൽ, സുവിശേഷ ദൗത്യവുമായി ദൈവത്താൽ അയയ്ക്കപ്പെടുന്ന കർമത്തെ *'മിഷൻ'* എന്നും അയയ്ക്കപ്പെടുന്ന വ്യക്തിയെ *'മിഷനറി'* എന്നും അറിയപ്പെടുന്നു. അയയ്ക്കപ്പെടുന്നതിനുപിന്നിലെ ദൗത്യത്തെ സൂചിപ്പിക്കാനും 'മിഷൻ' എന്ന പദം ഉപയോഗിക്കാറുണ്ട്. യേശുവിൽ സംജാതമായ ദൈവരാജ്യത്തിന്റെ അഥവാ രക്ഷയുടെ (നിത്യജീവന്റെ) സുവിശേഷം അറിയിക്കുക എന്നതാണ് ക്രിസ്ത്യാനിയുടെ മിഷൻ (ദൗത്യം). യഥാർത്ഥത്തിൽ ഒരേയൊരു മിഷനേയുള്ളു, ത്രിയേകദൈവത്തിന്റെ മിഷൻ (രക്ഷാകരദൗത്യം).

ത്രിയേകദൈവത്തിന്റെ രക്ഷാകരദൗത്യത്തിൽ പങ്കുചേരുകയാണ് സഭയുടെയും വിശ്വാസികൾ ഓരോരുത്തരുടെയും ധർമം. ക്രിസ്തുവിനാൽ സ്ഥാപിതമായ സഭ സ്വഭാവത്താലെ പ്രേഷിതയാണ് (മിഷനറിയാണ്). രക്ഷയുടെ സാർവത്രിക കൂദാശയായിരിക്കുവാൻ സഭയെ ജനപദങ്ങളിലേയ്ക്ക് ദൈവം അയച്ചു (പ്രേഷിത പ്രവർത്തനം 1,2).



www.malankaralibrary.com

തിരുസഭയിലെ ഓരോ അംഗവും ഈ രക്ഷാകരദൗത്യത്തിൽ പ്രത്യേകമാംവിധം പങ്കുചേരുന്നു. നാം ജനിച്ചുവളർന്നതിനുശേഷം ദൈവം ഒരു ദൗത്യം നല്കി നമ്മെ അയയ്ക്കുകയല്ല, പിന്നെയോ ദൈവികപദ്ധതി പൂർത്തീകരിക്കാൻ ദൈവത്യക്കരങ്ങളിലെ ഉപകരണങ്ങളായിട്ടാണ് ദൈവം നമുക്കു ജന്മം നല്കി ലോകത്തിലേക്കയച്ചത്. ഈ നിയോഗത്തോടെയാണ് ദൈവഹിതപ്രകാരം അമ്മയുടെ ഉദരത്തിൽ നാം ഉരുവാക്കപ്പെട്ടത്. അതായത് അസ്തിത്വത്താലെ നാം ദൈവത്തിന്റെ പ്രേഷിതർ അഥവാ മിഷനറിമാരാണ്.

നമ്മുടെ ഈ മിഷനറി അസ്തിത്വത്തെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് വിശ്വാസികൾ എല്ലാവർക്കും ഉണ്ടാകണം. എന്നാൽ ഇന്നു പൊതുവേ നോക്കുമ്പോൾ നമ്മുടെ മിഷനറി അസ്തിത്വത്തെയും നമ്മെക്കുറിച്ചുള്ള ദൈവിക പദ്ധതിയെയും അവഗണിച്ചുകൊണ്ട് സ്വന്ത ഇഷ്ടപ്രകാരവും സ്വാർത്ഥതാത്പര്യങ്ങൾക്കനുസരിച്ചും ജീവിതത്തെ ക്രമീകരിക്കുന്ന ഒരു സ്ഥിതിവിശേഷമല്ലേ വന്നുചേർന്നിരിക്കുന്നത്? നമുക്ക് നമ്മുടേതായ പദ്ധതികളുണ്ട്, വഴികളുമുണ്ട്. ഇതിൽ ദൈവം നമ്മെ സഹായിക്കണമെന്നാണ് നാം ആഗ്രഹിക്കുന്നതും ദൈവത്തോട് അപേക്ഷിക്കുന്നതും. നാം ദൈവതിരുഹിതം നിറവേറ്റി അവിടുത്തെ മഹത്ത്വപ്പെടുത്തുക എന്നതിനേക്കാൾ ദൈവം നമ്മുടെ ഇഷ്ടം നിറവേറ്റിത്തന്ന് നമ്മെ പ്രീതിപ്പെടുത്തണം എന്ന അവസ്ഥയാണിന്നു വന്നുചേർന്നിരിക്കുന്നത്.

**1.2. സുവിശേഷവത്കരണം:** പ്രപഞ്ചസൃഷ്ടിയിലാരംഭിച്ച് യേശുമിശിഹായിലൂടെ പൂർത്തിയാക്കപ്പെട്ട ത്രിയേകദൈവത്തിന്റെ രക്ഷാകരദൗത്യം (മിഷൻ) മനുഷ്യചരിത്രത്തിൽ പൂർത്തീകരിക്കുന്ന പ്രക്രിയയാണ് *'സുവിശേഷവത്കരണം'*. പോൾ ആറാമൻ മാർപാപ്പയുടെ അഭിപ്രായത്തിൽ, "മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും രക്ഷയുടെ സുവിശേഷമെത്തിച്ചുകൊണ്ട് വചനത്തിന്റെ സ്വാധീനത്താൽ മനുഷ്യകുലത്തെ ഉള്ളിൽനിന്നു രൂപാന്തരീകരിക്കുകയും നവീകരിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് സുവിശേഷവത്കരണം" (Evangelii Nuntiandi 18,19). മനുഷ്യനെ തന്നോടുകൂടെ പാർപ്പിച്ച് ജീവന്റെ സമൃദ്ധിയിലേക്കു നയിക്കുകയും, അവനിലൂടെ സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ ദൈവത്തിന്റെ സ്നേഹവലയത്തിലാക്കുകയും ചെയ്യുക എന്നതാണ് ത്രിയേകദൈവത്തിന്റെ രക്ഷാകരപദ്ധതി. ഈ ദൈവികപദ്ധതിയുടെ പൂർത്തീകരണത്തിൽ പങ്കാളികളായിക്കൊണ്ട് സകലർക്കും അനുഗ്രഹമായിത്തീരാനുള്ള ഉത്തരവാദിത്വപൂർണമായ വിളിയാണ് മനുഷ്യനുലഭിച്ചത്. "രക്ഷിക്കുക എന്ന സ്വർഗീയവേലയിൽ പങ്കുകാരാവുക" എന്ന ഉന്നതവും ശ്രേഷ്ഠവുമായ ഉത്തരവാദിത്വം നിറവേറ്റുന്നതിന് ദൈവത്തിന്റെ രക്ഷാകര പ്രവർത്തനങ്ങൾ സദാ അനുസ്മരിച്ച് അവിടുത്തെ ആരാധിച്ചു മഹത്ത്വപ്പെടുത്തുകയും തിന്മനിറഞ്ഞ ലോകത്തിൽ ദൈവത്തിന്റെ രക്ഷാകര സാന്നിധ്യമായി നിലകൊള്ളുകയും ചെയ്യാൻ നാം നിരന്തരം പരിശ്രമിക്കണം.

**1.3. നവസുവിശേഷവത്കരണം:** വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പ തന്റെ പ്രഭാഷണങ്ങളും *Redemptoris Missio* എന്ന ചാക്രികലേഖനവും വഴി പ്രേഷിതശുശ്രൂഷയുടെ പുതു ചൈതന്യത്തിന്റെ ഒരു പുതുയുഗത്തിലേക്ക് സഭ ഇന്ന് പ്രവേശിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഉദ്ബോധിപ്പിച്ചുകൊണ്ട് നവസുവിശേഷ



www.malankaralibrary.com

വത്കരണത്തിലേക്ക് സഭയെ ആഹ്വാനംചെയ്തു. പരി. ബനഡിക്ട് പതിനാറാമൻ മാർപാപ്പ “കർത്താവിന്റെ വചനം” (2010) എന്ന തന്റെ ശ്ലൈഹിക ആഹ്വാനത്തിലും, 2012-ൽ റോമിൽ നടക്കുന്ന സിനഡിന്റെ വിഷയമായ നവസുവിശേ ഷവത്കരണത്തെ സംബന്ധിച്ച (New Evangelisation for the Transmission of the Christian Faith) കരടു രേഖ (Lineamenta)-യിലും നവസുവിശേഷവത്കരണത്തിന്റെ അനിവാര്യതയെക്കുറിച്ച് ആവർത്തിച്ചു പറയുന്നുണ്ട്. 2010 സെപ്റ്റംബർ 21-ന് പരി. പിതാവ് നവസുവിശേഷ വത്കരണത്തിനായുള്ള കാര്യാലയം (The Pontifical Council for Promoting New Evangelisation) ആരംഭിച്ചു.

ഭൗതികതയും വ്യക്തിഗതചിന്താഗതികളും കാരണം ദൈവാവബോധം നഷ്ടപ്പെട്ട തുമൂലം വന്നുപോയ വിടവു നികത്താനായി നിത്യസത്യമായ സുവിശേഷസന്ദേശം പുനരവതരിപ്പിക്കാനുള്ള നവമായ മാർഗങ്ങൾ സ്വീകരിക്കാനുള്ള പരിശ്രമമാണ് നവ സുവിശേഷവത്കരണത്തിൽ അന്തർലീനമായിരിക്കുന്നത്. ആധുനിക സംസ്കാര ത്തിന്റെയും ഭൗതികതയുടെയും പരിണിതഫലമായി ക്രൈസ്തവവിശ്വാസം തഴച്ചു വളർന്ന് നൂറ്റാണ്ടുകൾ നിലനിന്ന രാഷ്ട്രങ്ങളിൽപ്പോലും വിശ്വാസം മന്ദീഭവിക്കുകയും നഷ്ടപ്പെടുകയും വിശ്വാസികളുടെ പ്രേഷിത തീഷ്ണതയിൽ മാന്ദ്യം സംഭവിക്കുകയും ചെയ്തു. അതിനാൽ ഈ കാലഘട്ടത്തിന് അനുയോജ്യമായവിധത്തിൽ സഭ സുവിശേ ഷവെളിച്ചം പുനരവതരിപ്പിക്കണം. സഭയുടെ മിഷനെതിരെയുള്ള കാലഘട്ടത്തിന്റെ വെല്ലുവിളികൾക്കു മറുപടിയായി യേശുക്രിസ്തുവിന്റെ രക്ഷയുടെ സന്ദേശം പുനരവതരി പ്പിക്കാൻ പുതിയ പാതകൾ വെട്ടിത്തുറക്കാനുള്ള ധീരതയാണ് നവസുവിശേഷ വത്കരണം ആവശ്യപ്പെടുന്നത്. സഭയുടെ എല്ലാ ഊർജവും നവസുവിശേഷ വത്കരണ ത്തിനായി വിനിയോഗിക്കാനുള്ള സമയം സമാഗതമായെന്ന് വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പ വിശ്വസിച്ചു. ഇന്നത്തെ സമൂഹത്തിലെ മാറ്റങ്ങൾ നവസുവിശേഷ വത്കരണം കൂടുതൽ അടിയന്തരവും അനിവാര്യവുമാക്കുന്നു.

നവസുവിശേഷവത്കരണം പുതിയ സന്ദേശം അറിയിക്കലല്ല, സുവിശേഷം അറിയിച്ചവരെ വീണ്ടും അറിയിക്കുക (re-evangelisation) എന്നതുമല്ല. ഈ കാലഘട്ട ത്തിനനുസരിച്ച് സുവിശേഷത്തെ നവമായി മനസിലാക്കുവാനും വ്യാഖ്യാനിക്കുവാനും പങ്കുവയ്ക്കുവാനും ഉള്ള ശ്രമമാണ് നവസുവിശേഷവത്കരണം. സുവിശേഷത്തിന്റെ ഉള്ളടക്കം എന്നും ഒന്നുതന്നെ, അത് എന്നും പ്രസക്തവുമാണ്. അതിന്റെ ഔത്സുക്യ ത്തിലും സമീപനരീതിയിലും അവതരണശൈലിയിലും പുതിയതുമാണ്. ക്രിസ്തീയ ഐക്യത്തിനുവേണ്ടിയുള്ള പുതിയ പരിശ്രമങ്ങളും അർപ്പണവും ഇതിലടങ്ങിയിരി ക്കുന്നു. അതോടൊപ്പം കർത്താവിനെ അറിയാത്തവരോട് അവിടുത്തെ പ്രഘോഷിക്കാ നുള്ള തീക്ഷ്ണതയും ഉത്തരവാദിത്വബോധവും വളർത്താനുള്ള പരിശ്രമങ്ങളും നവസുവിശേഷവത്കരണത്തിൽ അടങ്ങിയിരിക്കുന്നു. ഇത് ദൈവജനത്തിന്റെ മുഴുവൻ ചുമതലയാണ്.

## നവസുവിശേഷവത്കരണവും മാർ ഈവാനിയോസും

നവസുവിശേഷവത്കരണത്തിലൂടെ പ്രേഷിത ശുശ്രൂഷയുടെ പുതുചൈതന്യത്തിന്റെ ഒരു പുതുയുഗത്തിലേക്ക് സഭ പ്രവേശിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ആയിരത്തിത്തൊള്ളായിരത്തി എൺപതുകളിൽ പരി. ജോൺപോൾ രണ്ടാമൻ



www.malankaralibrary.com

മാർപാപ്പയും രണ്ടായിരത്തിപത്തുകളിൽ പരി. ബനഡിക്ട് പതിനാറാമൻ മാർപാപ്പയും ഉദ്ബോധിപ്പിച്ചു. എന്നാൽ ഇതിന് എട്ടു പത്തു പതിറ്റാണ്ടുകൾക്കു മുമ്പുതന്നെ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് താൻ ഉൾപ്പെടുന്ന സഭാ സമൂഹത്തിൽ നവ സുവിശേഷവത്കരണത്തിന്റെ പ്രസക്തി തിരിച്ചറിഞ്ഞ് അതിനുവേണ്ട കർമപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കി എന്നത് പ്രത്യേകം ശ്രദ്ധേയമായ ഒരു കാര്യമാണ്. 1910–ൽ ദൈവദാസൻ മാർ ഈവാനി യോസ് പിതാവ് പ്രസ്താവിച്ചിട്ടുള്ളത് ശ്രദ്ധിക്കുക: "ക്രിസ്തീയ സഭാംഗങ്ങളുടെ ആത്മീയജീവിതവും സുവിശേഷവേലയും തമ്മിലുള്ള ബന്ധം എത്രയും ഗാഢമാകുന്നു. അപ്രകാരംതന്നെ സുവിശേഷവേലയിൽ ഒരു സഭ യ്ക്കുള്ള ആസക്തിയും താത്പര്യവും സഭയുടെ ഭക്തിയെയും ദൈവസ്നേഹത്തെയും ആശ്രയിച്ചിരിക്കുന്നു. കർത്താവിനെക്കുറിച്ചുള്ള സ്നേഹം തണുത്തുപോകുകയും ലോക ത്തിൽ പാപത്തിന്റെ ശക്തി വർധിച്ചുവരുന്നതിനെക്കുറിച്ച് ഹൃദയപൂർവകമായ വേദന തോന്നാതിരിക്കുകയും ചെയ്യുന്ന ഒരു കാലം ക്രിസ്ത്യാനിക്കുണ്ടാകുമ്പോൾ ആത്മീയ മായ അധ:പതനമാണ്. ക്രിസ്തീയ സഭയ്ക്കും ഇങ്ങനെതന്നെ. സഭയ്ക്കു ഭക്തി കുറ ഞ്ഞുപോകുകയും സഭാംഗങ്ങളോടും അന്യരോടും ക്രിസ്തു മുഖാന്തരമുള്ള രക്ഷയെ ഉപദേശിക്കുന്നതിൽ താത്പര്യമില്ലാതാകുകയും ചെയ്യുന്ന കാലത്ത് ആ സഭയ്ക്ക് അധോ ഗതിയാകുന്നു. ആത്മീയകാര്യങ്ങളിൽ ശുഷ്കാന്തിയില്ലാതെ ഉറങ്ങിക്കൊണ്ടിരിക്കുന്ന ഒരു സഭയിൽ ഭക്തി വർധിപ്പിക്കുകയും സഭാംഗങ്ങൾക്ക് തങ്ങളുടെ ചുമതല മനസിലാക്കി ക്കൊടുക്കുകയും ചെയ്യുക എന്നത് ആത്മീയ തലവന്മാരുടെ ചുമതലയാകുന്നു. ഇതരജാ തികളെയും സമുദായങ്ങളെയും മിശിഹായുടെ രാജ്യത്തിലേക്ക് അധീനപ്പെടുത്തുവാനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു സഭയ്ക്കു ദിനംപ്രതി ആത്മീയാഭിവൃദ്ധിയും ശ്രേയസും വർധിച്ചുവരുന്നതിനേ മാർഗമുള്ളു. ദൈവഭക്തി മുഖാന്തരം സുവിശേഷവേലചെയ്യുന്ന ഒരു സഭ സുവിശേഷവേല മുഖാന്തരം അധികമധികം ഭക്തിയുള്ളതായിത്തീരു ന്നു" (സുറിയാനി സുവിശേഷകൻ 1085 മേടം ലക്കം (1910 മെയ്), മലങ്കര കത്തോലിക്കാ സഭ, പേജ് 227).

നവസുവിശേഷവത്കരണം എന്ന പദം പിതാവ് ഉപയോഗിച്ചിട്ടില്ലെങ്കിലും ആധ്യാത്മിക നവീകരണം വഴി സുവിശേഷപ്രചരണ രംഗത്ത് സംജാതമാകേണ്ട ഒരു പുത്തൻ ഉണർവി നെക്കുറിച്ചാണ് പിതാവ് പ്രതിപാദിച്ചത്. മാർ ഈവാനിയോസ് പിതാവ് ഇത് വാക്കുക ളിലൂടെ പ്രകടമാക്കുകമാത്രമല്ല, തന്റെ കാലത്തുതന്നെ പ്രവൃത്തിപഥത്തിലാക്കി എന്ന താണ് യാഥാർത്ഥ്യം. മാതൃസഭയുടെ ആധ്യാത്മിക നവീകരണം, പുനരൈക്യം, ഇതര മതസ്ഥരുടെയിടയിലെ സുവിശേഷ പ്രഘോഷണം എന്നീ രംഗങ്ങളിൽ അഭൂതപൂർവ മായ വളർച്ചയാണ് വന്ദ്യപിതാവിന്റെ നേതൃത്വത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് കൈവന്നതെന്ന സത്യം നമുക്ക് വിസ്മരിക്കാനാവില്ല.

## 2. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രേഷിത ദർശനം

പ്രേഷിത ദൗത്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിനെയാണ് പ്രേഷിത ദർശനമെന്നു പറയുന്നത്. പരിശുദ്ധ ത്രിത്വത്തിലധിഷ്ഠിതവും സഭാത്മകവും സാർവത്രികവുമായ ഒരു സമഗ്ര പ്രേഷിതദർശനമാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കുള്ളത്. സുവിശേഷവത്കരണം വചനത്തിന്റെ അതുല്യ ശക്തിയാൽ പരിശുദ്ധാത്മാവു മുഖാ ന്തരം നടക്കേണ്ട പ്രവൃത്തിയാണ്. ദൈവാത്മ ചൈതന്യത്താൽ നവീകരിക്കപ്പെട്ട് ദൈവ



www.malankaralibrary.com




സ്നേഹ തീക്ഷ്ണതയിൽ ജ്വലിക്കുന്നവർക്കു മാത്രമേ യഥാർത്ഥ സുവിശേഷവാഹകരാകുന്നതിനു സാധിക്കുകയുള്ളു. “തീക്ഷ്ണതയിൽ മാന്ദ്യംകൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ” (റോമ 12:11) എന്നാണ് വി. പൗലോസ് ശ്ലീഹാ നമ്മെ ആഹ്വാനം ചെയ്യുന്നത്. അവിടുത്തെ വചനം ആത്മാവും ജീവനുമാണ് (യോഹ. 6:63). അതുൾക്കൊണ്ടനുഭവിക്കുന്നവർക്ക് പങ്കുവയ്ക്കാതിരിക്കാനാവില്ല. അതിനാൽ ആത്മാവിൽ ജ്വലിക്കുന്നവരായി യേശുമിശിഹായ്ക്കു സാക്ഷ്യം നല്കുവാൻ സഭാമക്കളെ സജ്ജരാക്കേണ്ടത് ഇന്നിന്റെ വലിയൊരാവശ്യമാണ്.

**2.1. പരി. ത്രിത്വത്തിലധിഷ്ഠിതമായ മിഷൻ:** ‘പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു... നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ... ” (യോഹ. 20:21–23). ത്രിയേക ദൈവത്തിന്റെ ഈ മിഷൻ അല്ലാതെ മറ്റൊരു മിഷൻ സഭയ്ക്കില്ല, വിശ്വാസികൾക്കുമില്ല. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമാണ് മിഷന്റെ അടിസ്ഥാനം. ഈ ത്രിയേക ദൈവത്തെയും അവിടുത്തെ രക്ഷാകരപ്രവർത്തനങ്ങളെയുമാണ് വിശ്വാസപ്രമാണത്തിലൂടെ നാം വിശ്വസിച്ചേറ്റു പറയുന്നതും ആരാധനക്രമത്തിലൂടെ ആഘോഷിക്കുന്നതും. സഭാപിതാക്കന്മാരും സഭയുടെ പ്രബോധനങ്ങളും നമ്മെ പഠിപ്പിക്കുന്നതും ഇതുതന്നെയാണ്.

***മിഷന്റെ ഉറവിടമായ പിതാവായ ദൈവം:*** ലോകരക്ഷാർത്ഥം സ്വപുത്രനെ ലോകത്തിലേയ്ക്കയച്ച ദൈവപിതാവാണ് മിഷന്റെ യഥാർത്ഥ ഉറവിടം (യോഹ. 3:16–17). സ്വപുത്രനെ ലോകത്തിലേയ്ക്ക് അയച്ചപ്പോൾ പുത്രന്റെ കൂട്ടാളിയായി പരിശുദ്ധ റൂഹായെയും പിതാവ് അയച്ചു (യോഹ. 1:32–33). അതായത് ലോകരക്ഷയ്ക്കായി ലോകത്തിലേക്കു നീട്ടിയ പിതാവായ ദൈവത്തിന്റെ രണ്ടു കരങ്ങളാണ് പുത്രനും പരിശുദ്ധ റൂഹായും.

***മിഷന്റെ കേന്ദ്രമായ യേശുമിശിഹാ:*** വഴിയും സത്യവും ജീവനും (യോഹ. 14:6) സർവലോകത്തിന്റെയും രക്ഷകനുമായ (യോഹ. 4:42) യേശുമിശിഹായാണ് മിഷന്റെ കേന്ദ്രം. താൻ അയയ്ക്കപ്പെട്ടിരിക്കുന്നതെന്തിനാണെന്ന ബോധ്യം കേവലം പന്ത്രണ്ട് വയസുള്ളപ്പോൾത്തന്നെ യേശുവിനുണ്ടായിരുന്നു. “ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ?” (ലൂക്കാ 2:49). പിതാവിന്റെ ഇഷ്ടം നിറവേറ്റുക എന്നത് യേശു സ്വഭക്ഷണമാക്കി മാറ്റി. “എന്നെ അയച്ചവന്റെ ഇഷ്ടം



www.malankaralibrary.com

പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം" (യോഹ. 4:34). പരസ്യജീവിതകാലത്ത് തന്റെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ഉപമകൾ വഴിയും അത്ഭുതങ്ങളും അടയാളങ്ങളും വഴിയും യേശു സുവിശേഷം പ്രഘോഷിച്ചു. എല്ലാറ്റിലുമുപരിയായി തന്റെ പീഡാസഹനം, കുരിശുമരണം, ഉത്ഥാനം എന്നിവയിലൂടെ യേശു തന്റെ സുവിശേഷദൗത്യം പൂർത്തിയാക്കി. "മറ്റാരിലും രക്ഷയില്ല. ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല" (അപ്പ. 4:12). ദൈവത്തിനും മനുഷ്യർക്കുമിടയിലെ ഏക മധ്യസ്ഥനും യേശു തന്നെ (1 തിമോ. 2:5-7, ഹെബ്രാ. 4:14-16). അതിനാൽ യേശുവിനെ ലോകത്തിനു കാണിച്ചുകൊടുക്കേണ്ട കടമ നമുക്കുണ്ട്.

***മിഷന്റെ ചൈതന്യമായ പരിശുദ്ധാത്മാവ്:*** ദൈവിക പദ്ധതിയുടെ പൂർത്തീകരണത്തിനായി ക്രിസ്തു പിതാവിൽനിന്ന് അയച്ച പരിശുദ്ധാത്മാവാണ് മിഷന്റെ യഥാർത്ഥ സഹായകനും ചാലകശക്തിയും. പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ടാണ് യേശു അപ്പസ്തോലന്മാരെ തങ്ങളുടെ പ്രേഷിത ശുശ്രൂഷയ്ക്കായി നിയോഗിച്ചത് (യോഹ. 20:22). യേശു പഠിപ്പിച്ചതും പ്രഘോഷിച്ചതും ഭരമേല്പിച്ചതുമായ കാര്യങ്ങൾ പൂർത്തിയാക്കുവാനായിട്ടാണ് സഹായകനായ പരിശുദ്ധാത്മാവിനെ വാഗ്ദാനംചെയ്തത് (യോഹ. 14:26). തന്നിൽ വിശ്വസിക്കുന്നവർക്ക് പരിശുദ്ധാത്മാവിന്റെ സഹായത്താൽ താൻ ചെയ്തതും അവയേക്കാൾ വലുതുമായ പ്രവൃത്തികൾ ചെയ്യാൻ സാധിക്കുമെന്ന് യേശുനാഥൻ തന്റെ ശിഷ്യഗണത്തോട് അരുളിച്ചെയ്തിട്ടുമുണ്ട് (യോഹ. 14:12).

**2.2. മിഷന്റെ സഭാത്മകത:** യേശുക്രിസ്തുവിലൂടെ സാക്ഷാത്കൃതമായ ദൈവത്തിന്റെ രക്ഷാകർമം ലോകത്ത് അഭംഗുരം തുടരുന്നതിനായി സഭ സ്ഥാപിതമായി. പിതാവ് പുത്രനെ ഭരമേല്പിച്ച രക്ഷാകരദൗത്യമല്ലാതെ മറ്റൊരു ദൗത്യവും സഭയ്ക്കില്ല. സഭയുടെ മിഷൻ പരി. ത്രിത്വത്തിന്റെ മിഷൻ തന്നെയാണ്. അതിനാൽ സുവിശേഷവത്കരണം നമ്മുടെ ആരുടേയും വ്യക്തിപരമായ പ്രവൃത്തിയല്ല, പ്രഥമവും പ്രധാനവുമായി അതു ദൈവത്തിന്റെ പ്രവൃത്തിയാണ്. ദൈവം തന്റെ പുത്രനിലൂടെ നിറവേറ്റിയ രക്ഷാകര പ്രവർത്തനങ്ങൾ ഇന്ന് സഭയിലൂടെ അതിന്റെ യുഗാന്ത്യ പൂർത്തീകരണത്തിലേക്കു മുന്നേറിക്കൊണ്ടിരിക്കുന്നു. സുവിശേഷവത്കരണ ദൗത്യം യേശു ഭരമേല്പിച്ചത് സഭയെയാണ്. പോൾ ആറാമൻ മാർപാപ്പയുടെ വാക്കുകളിൽ, "സുവിശേഷവത്കരണം സഭയ്ക്കു ലഭിച്ച കൃപയും വിളിയുമാണ്, അത് അവളുടെ ആഴമായ അസ്തിത്വത്തെ വെളിവാക്കുന്നു. അവൾ നിലനില്ക്കുന്നത് സുവിശേഷവത്കരിക്കുവാനാണ്" (*Evangelii Nuntiandi* 14, 60). അതിനാൽ പ്രേഷിതദൗത്യം ഓരോരുത്തരും സ്വതന്ത്രമായി വ്യക്തിപരമായ രീതിയിൽ നിർവഹിക്കേണ്ട ഒന്നല്ല, പിന്നെയോ മിശിഹായുടെ ശരീരമായ സഭാഗാത്രത്തോടു ചേർന്നുനിന്നുകൊണ്ടു നിർവഹിക്കേണ്ടതാണ്. വചനം സ്വീകരിക്കുകയും ആരാധന യിലൂടെ ആഘോഷിക്കുകയും അനുഭവിക്കുകയും ചെയ്ത്, കൂട്ടായ്മയിൽ ജീവിച്ച് സാക്ഷ്യപ്പെടുത്തുകയും വാക്കിലൂടെയും പ്രവൃത്തിയിലൂടെയും പ്രഘോഷിക്കുകയും ചെയ്യണം.

**2.3. മിഷന്റെ സാർവത്രികത***:* യേശു ലോക രക്ഷകനാണ് (യോഹ. 4:42, 3:16-17). അവൻ ഭൂലോകപാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണ് (യോഹ. 1:29). സകല



www.malankaralibrary.com

സൃഷ്ടികളോടും യേശുവിൽ സംജാതമായ രക്ഷയുടെ അഥവാ ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കാനാണ് ഉത്ഥിതനായ കർത്താവ് തന്റെ ശിഷ്യഗണത്തോടു കല്പിച്ചത് (മർക്കോ. 15:15). അതിനാൽ സകലരോടും സുവിശേഷം പ്രസംഗിക്കാൻ നാം കടപ്പെട്ടിരിക്കുന്നു. നമ്മുടെ അലംഭാവംമൂലം യേശുവിന്റെ തിരുരക്തത്തിന്റെ വില ജനകോടികൾക്കു നഷ്ടമാകാനിടയാകാതെ ഇനിയെങ്കിലും നാം ഉണർന്നു പ്രവർത്തിച്ചേ മതിയാകു.

## 3. നമ്മുടെ സമീപനരീതി: അനുഭവത്തിൽനിന്ന് സാക്ഷ്യത്തിലേക്ക്

തിരഞ്ഞെടുക്കപ്പെട്ട സ്വന്തജനത്തിൽ (യഹൂദരിൽനിന്ന്) ആരംഭിച്ച് സകലജനത്തെയും തന്നിലേക്ക് ആകർഷിക്കുക എന്ന ഒരു സമീപനരീതിയാണ് പിതാവായ ദൈവം സ്വീകരിച്ചത് (യോഹ. 4:22, മത്താ 15:24,10:6,24:14,28:19-20). ഇതേ സമീപനരീതിതന്നെയാണ് നമ്മുടെ കർത്താവ് തന്റെ ശിഷ്യഗണത്തിനു നല്കിയതും: "പരിശുദ്ധാത്മാവ് നിങ്ങളിൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും (അപ്പ. 1:8). മലങ്കര സഭയുടെ ആധ്യാത്മിക നവീകരണം, പുനരൈക്യം, ഇതരമതസ്ഥരുടെയിടയിലെ സുവിശേഷപ്രഘോഷണം എന്നീ മൂന്നു തലങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു പ്രേഷിത പ്രവർത്തനശൈലിയാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കുള്ളത്.

**3.1. മാതൃസഭയുടെ ആധ്യാത്മിക നവീകരണം:** നവസുവിശേഷവത്കരണത്തിനുള്ള ഉത്തമ മാർഗം മാതൃസഭയുടെ ആധ്യാത്മിക നവീകരണമാണ്. യേശുക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട ത്രിയേകദൈവത്തെയും അവിടുത്തെ രക്ഷാകര പ്രവർത്തനങ്ങളെയും സഭയിൽ വി.ഗ്രന്ഥവും പാരമ്പര്യവും വഴി അറിഞ്ഞ്, ആരാധനയിലൂടെ ആഘോഷിക്കുകയും അനുഭവിക്കുകയും ചെയ്ത്, ക്രിസ്തീയ സാക്ഷ്യത്തിന്റെ ജീവിതം നയിക്കുക എന്നതാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആധ്യാത്മിക ദർശനത്തിന്റെ പൊരുൾ. അതിനാൽ മലങ്കരസഭയുടെ ആധ്യാത്മിക നവീകരണത്തിന് താഴെപ്പറയുന്ന മൂന്നു കാര്യങ്ങൾ അനിവാര്യമാണ്.

(1) വചനം ശ്രവിച്ച് അർത്ഥം മനസിലാക്കി നിരന്തരം ധ്യാനിച്ച് ത്രിതൈ്വക ദൈവത്തെയും അവിടുത്തെ രക്ഷാകരപ്രവർത്തനങ്ങളെയും അറിയുക.

(2) അറിഞ്ഞ ദൈവത്തെയും അവിടുത്തെ രക്ഷാകര പ്രവർത്തനങ്ങളെയും വിശ്വസിച്ചേറ്റുപറയുകയും ആരാധനയിലൂടെ ആഘോഷിക്കുകയും അനുഭവിക്കുകയും ചെയ്യുക.

(3) അനുഭവിച്ചറിഞ്ഞ ദൈവത്തെ പങ്കുവച്ചു സാക്ഷ്യത്തിന്റെ ജീവിതം നയിക്കുക.

***ആരാധനാജീവിതവും സുവിശേഷ പ്രഘോഷണവും:*** വി. കത്തോലിക്കാസഭയുടെ ആരാധനക്രമ ദർശനം അനുസരിച്ച് കൂദാശകൾക്കെല്ലാം, പ്രത്യേകിച്ച് പരി. കുർബാനയ്ക്ക്, ആദ്യന്തം സുവിശേഷ പ്രഘോഷണപരമായ ഒരു മാനമുണ്ട്. മാത്രമല്ല, കാന്തം ഇരുമ്പിനെ ആകർഷിക്കുന്നതുപോലെ സർവജനത്തെയും കർത്താവിലേക്ക



www.malankaralibrary.com

ടുപ്പിക്കാനുള്ള കഴിവ് സഭയുടെ കൂദാശകൾക്ക്, പ്രത്യേകിച്ച് പരി. കുർബാനയ്ക്കുണ്ട്. അതിനാൽ സഭയുടെ സുവിശേഷപ്രഘോഷണത്തിൽ പരി. കുർബാന കേന്ദ്രീകൃതമായ നമ്മുടെ ആരാധനാ ജീവിതത്തിന് പ്രത്യേക പ്രാധാന്യമുണ്ട്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആത്മീയ നവീകരണം ഉറപ്പുവരുത്താൻ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്.

- കുടുംബാംഗങ്ങളൊരുമിച്ച് കുടുംബ പ്രാർത്ഥനയും ജപമാലയും എന്നും കൃത്യമായി നടത്തുക.
- വ്യക്തിപരമായും കുടുംബമായും വചനം പഠിക്കാനും വായിച്ചു ധ്യാനിക്കാനും പങ്കുവയ്ക്കാനും പരിശ്രമിക്കുക.
- ഓരോ വ്യക്തിയുടെയും ജീവിതസാക്ഷ്യം കൊണ്ട് മറ്റുള്ളവർക്ക് സുവിശേഷമായിരിക്കുക.
- ആരാധനയിലും കൗദാശിക ജീവിതത്തിലും ശരിയായി പങ്കുചേരാൻ സഹായകമായ തുടർപരിശീലനം നേടുക.
- പരി. കുർബാനയിലും വി. കുമ്പസാരത്തിലും നല്ല ഒരുക്കത്തോടെ പങ്കുചേരാൻ ശ്രമിക്കുക.
- ദൈവത്തോട് നേരിട്ടുള്ള ഒരാത്മബന്ധം പുലർത്തുകയും സ്വന്തം ഹൃദയത്തെ നിർമ്മലമായി സൂക്ഷിച്ച് ദൈവം വസിക്കുന്ന സക്രാരിയാക്കി മാറ്റുകയും എല്ലാ കാര്യങ്ങളിലും ദൈവത്തോട് ആലോചന ചോദിക്കുകയും ദൈവത്തോട് സദാ ഹൃദയസംഭാഷണം നടത്തുകയും ചെയ്യുക.
- ടെലിവിഷൻ, ഇൻർനെറ്റ്, മൊബൈൽ ഫോൺ മുതലായ മാധ്യമങ്ങളുടെ അമിതവും അനാവശ്യവുമായ ഉപയോഗം ഉപേക്ഷിച്ച് വചന സംസ്കാരം വളർത്താൻ പരിശ്രമിക്കുക.

### 3.2. വേറിട്ടു നില്ക്കുന്ന സഹോദരസഭകളുടെയിടയിലെ സഭൈക്യ ശുശ്രൂഷകൾ

***എന്താണ് എക്യുമെനിസം അഥവാ സഭൈക്യ ശുശ്രൂഷ?*** ദൈവത്തിന്റെ ശരീരമായ സഭ ഒന്നാണ്. എന്നാൽ ഇന്ന് അത് ഛിന്നഭിന്നമായ അവസ്ഥയിലാണ്. കത്തോലിക്കാ സഭയും ഇതര ക്രൈസ്തവ സമൂഹങ്ങളും തമ്മിൽ പല വിയോജിപ്പുകളുണ്ട്. ഇവ സഭകൾ തമ്മിലുള്ള ഐക്യത്തിന് ഇടർച്ച വരുത്തുന്നു. വി. കത്തോലിക്കാ സഭയും വേറിട്ടു നില്ക്കുന്ന സഹോദര സഭകളും തമ്മിലുള്ള ഐക്യമാണ് സഭൈക്യപരിശ്രമങ്ങളും എക്യുമെനിക്കൽ പ്രസ്ഥാനവും ലക്ഷ്യം വയ്ക്കുന്നത്. ഭിന്നിച്ചുപോയ സഭാവിഭാഗങ്ങളിൽ ജനിച്ചു വളരുന്ന ഇന്നത്തെ തലമുറയെ നാം കുറ്റംവിധിക്കാൻ പാടില്ല. കത്തോലിക്കാസഭ ബഹുമാനത്തോടും സ്നേഹത്തോടുംകൂടി സ്വസഹോദരങ്ങളെപ്പോലെയാണ് അവരെ സ്വീകരിക്കേണ്ടത് (രണ്ടാം വത്തിക്കാൻ സുനഹദോസ്, സഭൈക്യം. 3).



www.malankaralibrary.com

***സഭൈക്യം ക്രിസ്തുവിന്റെ ആഗ്രഹം:*** സഭകൾ തമ്മിലുള്ള കൂട്ടായ്മ ദൈവം ആഗ്രഹിക്കുന്ന ഒന്നാണ്. യേശുവിന്റെ പ്രാർത്ഥനയും അതായിരുന്നു: "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ അങ്ങ് എന്നിലും, ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു ..." (യോഹ. 17:21-22). യേശുവിന്റെ ഈ പ്രാർത്ഥനയാണ് ഐക്യത്തിന്റെ പ്രവാചകനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ പ്രത്യേകമാംവിധം സ്പർശിച്ചതും കർമ്മോന്മുഖനാക്കിയതും. സഭയ്ക്കു ലഭിച്ചിരിക്കുന്നത് ഐക്യത്തിലേക്കുള്ള വിളിയാണ്.

***മാർ ഈവാനിയോസ് പിതാവിന്റെ സഭൈക്യ ദർശനം:*** മാർ ഈവാനിയോസ് പിതാവിലൂടെ നടന്ന പുനരൈക്യ സംഭവം സഭാചരിത്രത്തിലെ ഒരു നാഴികക്കല്ലായി നിലകൊള്ളുന്നു. പുനരൈക്യത്തെക്കുറിച്ചുള്ള തന്റെ ആശയം പിതാവ് ഇപ്രകാരം വ്യക്തമാക്കുന്നു: "... കൂദാശകളെയും തിരുസഭയെയും ഉപേക്ഷിക്കുന്നവർ സാക്ഷാൽ മിശിഹായെ ഉപേക്ഷിക്കുകയാകുന്നു എന്നു ധരിക്കുകയും സത്യവിശ്വാസത്തോടും ശരിയായ അനുതാപത്തോടുംകൂടെ മിശിഹായെ സ്വീകരിച്ച് തിരുമേനിയിൽ (സഭാഗാത്രം) നിലനില്ക്കുകയും ചെയ്യേണ്ടതാണ്. ഇങ്ങനെ ചെയ്യുന്ന പക്ഷം നമുക്ക് ആളാം പ്രതിയും നാം മൂലം സഭാംഗങ്ങൾക്കു പൊതുവെയും സഭയ്ക്കും സമുദായത്തിനും മാത്രമല്ല, അന്യസമുദായങ്ങൾക്കുകൂടെയും പൂർവാധികം അഭിവൃദ്ധി ഉണ്ടാകുന്നതുമാണ്" (മലങ്കര കത്തോലിക്കാ സഭ, പേജ് 165-166). അപ്പസ്തോലിക സഭയുടെ വിശ്വാസാചാരങ്ങൾക്കും കൂദാശകൾക്കും ഊന്നൽ കൊടുത്തുകൊണ്ടുള്ള പിതാവിന്റെ ഈ വാക്കുകൾ പരിശോധിക്കുമ്പോൾ നമ്മുടെ സഹോദര സഭകളായ യാക്കോബായ, ഓർത്തഡോക്സ് സഭകളുടെ പുനരൈക്യം മാത്രമല്ല പ്രൊട്ടസ്റ്റന്റ് സഭകളുടെ തിരിച്ചുവരവും പിതാവ് ഉദ്ദേശിച്ചിട്ടുണ്ടെന്നുള്ളത് വ്യക്തമാണ്.

***പുനരൈക്യമാണോ എക്യുമെനിസമാണോ വേണ്ടത്?:*** സഭൈക്യ പ്രവർത്തനങ്ങൾക്ക് മലങ്കര സുറിയാനി കത്തോലിക്കാസഭ എന്നും മുൻനിരയിലുണ്ട്. എന്നാൽ ഐക്യപ്രവർത്തനങ്ങൾ അതിന്റെ ആത്യന്തിക ലക്ഷ്യമായ പുനരൈക്യത്തിലേക്കു നയിക്കണമെന്ന ഒരു നിലപാടും അവൾക്കുണ്ട്. പുനരൈക്യം എക്യുമെനിസത്തിനെതിരല്ല, പിന്നെയോ എക്യുമെനിസത്തിന്റെ പൂർത്തീകരണമാണ്. പുനരൈക്യത്തിലേക്കുള്ള മാർഗമാണ് എക്യുമെനിസം അഥവാ സഭൈക്യ പ്രവർത്തനങ്ങൾ. കർത്താവിന്റെ സഭ ഒന്നേയുള്ളൂ, അവിടുത്തെ സഭാഗാത്രം ഛിന്നഭിന്നമാകാൻ പാടില്ല. ഛിന്നഭിന്നമായവ ഒരുമിച്ചു ചേർക്കപ്പെടുകതന്നെവേണം. എങ്കിൽമാത്രമേ ഒരിടയനും ഒരാട്ടിൻപറ്റവുമെന്ന നമ്മുടെ കർത്താവിന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയുള്ളൂ.

***പുനരൈക്യം ഇന്നും പ്രസക്തമാണോ?:*** എക്യുമെനിസത്തിന്റെ യുഗത്തിലാണ് നാമിന്നു ജീവിക്കുന്നതെങ്കിലും പുനരൈക്യത്തിന് ഇന്നും പ്രസക്തിയുണ്ടെന്നുള്ള സത്യമാണ് അടുത്ത കാലത്തുണ്ടായ ആംഗ്ലിക്കൻ സഭയിലെ ബിഷപ്പുമാരുടെയും വിശ്വാസികളുടെയും പുനരൈക്യം സൂചിപ്പിക്കുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിൽ



www.malankaralibrary.com

പറയുന്നതുപോലെ, "കാതോലികമായ ക്രിസ്തുവിന്റെ സഭയാണ് രക്ഷാകരമായ എല്ലാ മാർഗങ്ങളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് അവളിൽകൂടി മാത്രമേ രക്ഷയ്ക്കാവശ്യമുള്ളവയെല്ലാം അവയുടെ പരിപൂർണതയിൽ സമ്പാദിക്കാൻ സാധിക്കുകയുള്ളു" (സഭൈക്യം 3). നമ്മുടെ സഭൈക്യ പ്രവർത്തനങ്ങളും പുനരൈക്യ ദൗത്യവും ഫലപ്രദമായി നിർവഹിക്കാൻ സൺഡേസ്കൂൾ കുട്ടികൾക്ക് താഴെപ്പറയുന്ന മാർഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

- സഹോദരസഭകളിലെ അംഗങ്ങളോട് ശരിയായ വ്യക്തിബന്ധവും കൂട്ടായ്മയും ചെറുപ്പം മുതൽ വളർത്തുക.
- സൺഡേസ്കൂൾ കുട്ടികൾ ഇതര സഭാസമൂഹത്തിൽ പെട്ടവരുടെ ഭവനങ്ങൾ സന്ദർശിക്കുക, രോഗീ സന്ദർശനം സജീവമാക്കുകയും ചെയ്യുക.
- കുട്ടികൾക്കായുള്ള സുവിശേഷ കൺവെൻഷനുകൾ, ധ്യാനങ്ങൾ മുതലായവ സംഘടിപ്പിക്കുക, അതിൽ എല്ലാവരെയും ക്ഷണിക്കുക.
- ഇതരസഭകളോടു ചേർന്നുള്ള കൂട്ടായ പ്രവർത്തനങ്ങൾക്കുള്ള വേദികൾ കൂടുതലായി കണ്ടെത്തുക.

**3.3.സുവിശേഷ സാക്ഷ്യം ഭൂമിയുടെ അതിർത്തികൾവരെ:** *ഭൂമിയുടെ അതിർത്തികൾവരെ* യേശുവിനു സാക്ഷികളാവുക (അപ്പ. 1:8) എന്നതുകൊണ്ടർത്ഥമാക്കുന്നത് ഇതരമതസ്ഥരുടെയും ഇതര സംസ്കാരങ്ങളുടെയും ഇടയിലെ സുവിശേഷ ദൗത്യത്തെയാണ്. യേശു ലോകരക്ഷകനാണ് (യോഹ. 4:42, 3:16–17). എല്ലാ സൃഷ്ടികളോടും സുവിശേഷം അറിയിക്കാനാണ് കർത്താവ് നമ്മോടു കല്പിക്കുന്നത് (മർക്കോ. 16:15).

**സുവിശേഷസാക്ഷ്യം പൗലോസ് ശ്ലീഹായുടെ തീക്ഷ്ണതയോടെ:** വിജാതീയരുടെ അപ്പസ്തോലനായ വി. പൗലോസ് ശ്ലീഹായാണ് മിഷനറി പ്രഘോഷണത്തിന് നമുക്ക് ഏറ്റവും വലിയ മാതൃക. വി. പൗലോസിന്റെ ജീവിതം മുഴുവൻ താൻ അനുഭവിച്ചറിഞ്ഞ മിശിഹായെ സകലരോടും പ്രഘോഷിക്കുന്നതിനുവേണ്ടിയുള്ള ഒരു മിഷനറി യാത്രയായിരുന്നു. മറ്റുള്ളവരെ ക്രിസ്തുവിലേക്കടുപ്പിച്ച് അവരിൽ ക്രിസ്തുവിനെ രൂപപ്പെടുത്തുന്നതിനുവേണ്ടി എത്രവേണമെങ്കിലും സഹിക്കാനും സ്വന്തം ജീവൻപോലും ബലിയർപ്പിക്കാനും ശ്ലീഹാ തയ്യാറായിരുന്നു: "എന്റെ കുഞ്ഞുമക്കളേ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി ഈറ്റുനോവനുഭവിക്കുന്നു" (ഗലാ. 4:19). "നിങ്ങളുടെ ബലിയുടെയും വിശ്വാസത്തിൽനിന്നുള്ള ശുശ്രൂഷയുടെയുംമേൽ ഒരു നൈവേദ്യമായി എന്റെ ജീവൻ ചൊരിയേണ്ടി വന്നാൽത്തന്നെയും ഞാൻ അതിൽ സന്തോഷിക്കുകയും നിങ്ങളെല്ലാവരോടുംകൂടെ ആനന്ദിക്കുകയും ചെയ്യും" (ഫിലി. 2:17).

**മാർ ഈവാനിയോസ് പിതാവിന്റെ പ്രേഷിതതീക്ഷ്ണത:** പൗലോസ് ശ്ലീഹായെപ്പോലെ തീക്ഷ്ണതയുള്ള ഒരു മിഷനറിയായിരുന്നു മാർ ഈവാനിയോസ് പിതാവ്. പുതുതായി വിശ്വാസം സ്വീകരിച്ചവരുടെ അനേകം ഇടവകകൾ രൂപീകൃതമായത് ഇതിനുദാഹരണമാണ്. മറ്റേതു സഭാസമൂഹങ്ങളിൽനിന്നും വ്യത്യസ്തമായി, പുതുതായി



www.malankaralibrary.com

വിശ്വാസം സ്വീകരിച്ച് സഭയിൽചേർന്നിട്ടുള്ളവരുടെ വലിയൊരു ഗണം ഇന്നു മലങ്കര കത്തോലിക്കാ സഭയ്ക്കുണ്ട്. മാർ ഈവാനിയോസ് പിതാവിന്റെ മിഷൻ തീക്ഷ്ണത യാണിതിനു പ്രധാനകാരണം. സുവിശേഷ പ്രചരണത്തോടൊപ്പം പരസ്നേഹപ്രവർത്തന ങ്ങൾക്കും പിതാവ് പ്രാധാന്യം നല്കിയിരുന്നു. അനാഥക്കുഞ്ഞുങ്ങളോടുള്ള സ്നേഹത്താൽ നിർമ്മിച്ച അനാഥമന്ദിരവും വിദ്യാഭ്യാസം, മുദ്രാലയ പ്രേഷിതത്വം, ആരോഗ്യ സംരക്ഷണം തുടങ്ങിയവയും പിതാവിന്റെ പരസ്നേഹ പ്രവർത്തനങ്ങൾക്ക് ഉദാഹരണ ങ്ങളാണ്.

## 4. സുവിശേഷ പ്രഘോഷണത്തിന്റെ അനിവാര്യത :

ക്രിസ്തുവിലൂടെ സംജാതമായ രക്ഷയുടെ സുവിശേഷം സകലജനത്തെയും അറിയിക്കേണ്ടതിന്റെ അനിവാര്യത മനസിലാക്കാൻ താഴെപ്പറയുന്ന ന്യായങ്ങൾ നമ്മെ സഹായിക്കും.

***(1) കർതൃകല്പനയും ദൈവതിരുമനസും:*** സുവിശേഷ പ്രഘോഷണം *ഒന്നാമതായി*, “നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കു വിൻ” (മർക്കോ. 16:15, മത്താ. 28:18-20, യോഹ. 20:21-23, ലൂക്കാ 24: 47-48, അപ്പ. 1:8) എന്ന കർതൃകല്പനയിൽ അധിഷ്ഠിതമാണ്. ‘എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നുമാണ് അവിടുന്ന് ആഗ്രഹിക്കുന്നത്... ദൈവത്തിനും മനുഷ്യർക്കും മധ്യ സ്ഥനായി ഒരുവനേയുള്ളു - മനുഷ്യനായ യേശുക്രിസ്തു’ (1 തിമോ. 2:4-7).

***(2) അനുഭവിച്ചവർക്ക് പങ്കുവയ്ക്കാതിരിക്കാനാവില്ല:*** യേശുവിന്റെ നാമത്തിൽ ഒന്നും സംസാരിക്കുകയോ പഠിപ്പിക്കുകയോ ചെയ്യരുതെന്നു താക്കീതു നല്കിയ ന്യായാധിപസം ഘത്തോട് പത്രോസും യോഹന്നാനും വിളിച്ചു പറഞ്ഞതു ശ്രദ്ധിക്കുക: “ദൈവത്തേക്കാളു പരി നിങ്ങളെ അനുസരിക്കുന്നതു ദൈവസന്നിധിയിൽ ന്യായമാണോ? നിങ്ങൾതന്നെ വിധി ക്കുവിൻ. എന്തെന്നാൽ, ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല” (അപ്പ. 4:18-20). യഥാർത്ഥ ക്രിസ്താനു ഭവം പങ്കുവയ്ക്കാതെ രഹസ്യമായി സൂക്ഷിക്കുവാൻ ആർക്കും സാധിക്കില്ല. രക്ഷയുടെ അനുഭവം പങ്കുവയ്ക്കുന്നതിൽ വലിയൊരു ആനന്ദമുണ്ട്. “.... ഞങ്ങൾ ഇതെഴുതുന്നത് ഞങ്ങളുടെ സന്തോഷം പൂർണമാകാനാണ്” (1 യോഹ. 1:3-4).

***(3) സഭയുടെയും വിശ്വാസികളുടെയും കടമ:*** ക്രിസ്തു വിശ്വാസികൾ സ്വഭാവത്താൽ തന്നെ സുവിശേഷകരാണ്. “ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും” ആയിരിക്കുവാ നുള്ള വിളിയാണ് അവരുടേത് (മത്താ. 5:13). “മറ്റുള്ളവർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവ രുടെ മുമ്പിൽ പ്രകാശിക്കട്ടെ” (മത്താ. 5:16). ഭൂമിയിൽ നമുക്ക് നിർവഹിക്കാവുന്ന ഏറ്റവും മഹത്തരമായ കാര്യമാണ് സുവിശേഷപ്രഘോഷണം. “സുവിശേഷം പ്രസംഗിക്കുന്നവ രുടെ പാദങ്ങൾ എത്ര സുന്ദരം!” എന്നാണ് വി. പൗലോസ് ശ്ലീഹാ പറയുന്നത് (റോമ 10:15, ഏശ. 52:7). ദൈവദാസനായ മാർ ഈവാനിയോസ് പിതാവിന്റെ വാക്കുകളിൽ “ക്രൈസ്തവസഭയുടെ സർവപ്രധാനമായ ചുമതല സുവിശേഷപ്രചരണമത്രെ.



www.malankaralibrary.com

രക്ഷകനായ മിശിഹാതമ്പുരാനെ ഏവർക്കും കാണിച്ചുകൊടുക്കുക എന്നുള്ളതാണ് അതിന്റെ മുദ്രാവാക്യം... " (ഗിരിദീപം – 1980, പേജ് 56).

***(4) കടമ നിർവഹിച്ചില്ലെങ്കിൽ നാം ശിക്ഷയനുഭവിക്കേണ്ടിവരും:*** സുവിശേഷ പ്രഘോഷണമാകുന്ന നമ്മുടെ കടമ നിർവഹിച്ചില്ലെങ്കിൽ നാം ശിക്ഷയനുഭവിക്കേണ്ടിവരുമെന്നു മാത്രമല്ല, നമ്മുടെ കർത്താവിന്റെ തിരുരക്തത്തിന്റെ ഫലം ജനകോടികൾക്കു നഷ്ടമാവുകയും ചെയ്യും. "സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1കൊരി. 9:16) എന്നാണ് വി. പൗലോസ് ശ്ലീഹാ പറയുന്നത്. "ഭാരതഭൂമിയുടെ അവിശ്വാസത്തിനും ആത്മീയമായ അതിന്റെ അജ്ഞാനത്തിനും ഒരു കാലത്ത് മലങ്കര സുറിയാനി സമുദായം സമാധാനം പറയേണ്ടതായി വരും" എന്നാണ് മാർ ഈവാനിയോസ് പിതാവു പറയുന്നത് (ഗിരിദീപം പേജ് 56).

***(5) ലോകജനതകളുടെ അവകാശം:*** ക്രിസ്തുവിനെ അറിയുക എന്നത് ലോക ജനതകളുടെ മുഴുവൻ അവകാശമാണ്. ഇന്നു നമുക്കു ചുറ്റും ജീവിക്കുന്ന ഇതര മതസ്ഥർക്ക് ക്രിസ്ത്യാനികളായ നമ്മിൽനിന്ന് ജീവന്റെ വചനങ്ങൾ കേൾക്കാനും അതുവഴിയായി നിത്യരക്ഷ പ്രാപിക്കുവാനുമുള്ള അവകാശമുണ്ട്.

## 5. സുവിശേഷപ്രഘോഷണം എങ്ങനെ നിർവഹിക്കണം?

***(1) ക്രിസ്ത്വാനുഭവത്തിൽനിന്ന് പ്രഘോഷണത്തിലേക്ക്:*** ആഴമായ ക്രിസ്ത്വാനുഭവത്തിൽനിന്നേ യഥാർത്ഥ സുവിശേഷപ്രഘോഷണം നടക്കുകയുള്ളു. യേശു പിതാവിൽനിന്നു കണ്ടതും കേട്ടതുമനുസരിച്ചാണ് പറഞ്ഞതും പ്രവർത്തിച്ചതും (യോഹ. 5:19–20). അതുപോലെ കണ്ടും കേട്ടും സ്പർശിച്ചറിഞ്ഞതും സൂക്ഷിച്ചു വീക്ഷിച്ചതുമായ കാര്യങ്ങളാണ് അപ്പസ്തോലന്മാരും പ്രഘോഷിച്ചത് (1 യോഹ. 1:1–5). എമ്മാവൂസിലേയ്ക്കുപോയ ശിഷ്യന്മാരുടെ അനുഭവവും (ലൂക്കാ 24:13–35) യേശുവിന്റെ ആദ്യശിഷ്യന്മാരുടെ സാക്ഷ്യവും (യോഹ. 1:35–42) സമരിയാക്കാരിയുടെ സാക്ഷ്യവുമെല്ലാം (യോഹ. 4:28–30) ഇതിനുദാഹരണങ്ങളാണ്.

***(2) സുവിശേഷ പ്രഘോഷണം ദൈവാത്മനിറവിൽ:*** ആത്മാവിൽ ജ്വലിക്കുന്നവരായി യേശുവിനു സാക്ഷ്യം നല്കുവാൻ സഭാമക്കളെ സജ്ജരാക്കേണ്ടത് ഇന്നിന്റെ വലിയൊരാവശ്യമാണ്. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ "തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ" (റോമ 12:11).

***(3) സുവിശേഷ പ്രഘോഷണം ജീവിത സാക്ഷ്യത്തിലൂടെ:*** ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിത്തീരുന്ന തന്റെ ശിഷ്യഗണത്തിന്റെ സത്പ്രവൃത്തികൾകണ്ട് മനുഷ്യർ സ്വർഗസ്ഥനായ പിതാവിനെ മഹത്ത്വപ്പെടുത്തണമെന്നതാണ് നമ്മുടെ കർത്താവ് ആഗ്രഹിക്കുന്നത് (മത്താ 5:16). സ്നേഹസാക്ഷ്യത്തിന്റെ ജീവിതം നയിക്കുവാനാണ് അവിടുന്നു നമ്മോടു കല്പിക്കുന്നത്. "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13:35). യഥാർത്ഥ ജീവിത



www.malankaralibrary.com

സാക്ഷ്യത്തിലൂടെ മാത്രമേ ഇന്നത്തെ മനുഷ്യരെ, പ്രത്യേകിച്ച് യുവതലമുറയെ ബോധ്യപ്പെടുത്താൻ സാധിക്കൂ.




***(4) സുവിശേഷ പ്രചരണം വ്യക്തിബന്ധങ്ങളിലൂടെ:*** ഭാരത പശ്ചാത്തലത്തിൽ വ്യക്തിബന്ധങ്ങൾക്ക് പ്രത്യേക സ്ഥാനമുണ്ട്. അതിനാൽ വ്യക്തിപരമായി മറ്റുള്ളവരോട് ഇടപെടുന്നതിനും വ്യക്തിബന്ധങ്ങളിലൂടെ സുവിശേഷം പ്രചരിപ്പിക്കുന്നതിനും ഇടവരണം. സ്കൂളിലെ കൂട്ടുകാരോടും യാത്രാവേളകളിൽ കണ്ടുമുട്ടുന്നവരോടും നാം എവിടെയായിരു ന്നാലും അവിടെല്ലാം കണ്ടുമു ട്ടുന്നവരോടും സ്നേഹബന്ധം സ്ഥാപിക്കുകയും യേശുവിനെപ്പറ്റി സംസാരിക്കുകയും സ്വന്തം അനുഭവം പങ്കുവയ്ക്കുകയും ചെയ്യുക. സമരിയാക്കാരിയുമാ യുള്ള യേശുവിന്റെ സംഭാഷണ രീതി (യോഹ. 4:1–42) ഇതിന് ഉത്തമ ഉദാഹരണമാണ്.

***(5) സുവിശേഷ പ്രചരണം വ്യക്തിസ്വാതന്ത്ര്യം തടസപ്പെടുത്താതെ:*** വിശ്വാസം മറ്റുള്ളവരുടെമേൽ അടിച്ചേല്പിക്കുന്ന വിധത്തിലാകരുത്, സ്വതന്ത്രമനസോടെ പ്രത്യുത്തരിക്കാനുള്ള ആഹ്വാനമാണ് നല്കേണ്ടത്. യേശു സമരിയാക്കാരിയോടു സംസാരിച്ചതുപോലെയും, സമരിയാക്കാരി തന്റെ പട്ടണനിവാസികളെ സ്വന്തം ക്രിസ്ത്വാനുഭവം പങ്കുവച്ച് 'വന്നുകാണാൻ' ക്ഷണിച്ചതുപോലെയും (യോഹ. 4:39–42) നസറത്തിൽ നിന്ന് വല്ല നന്മയുമുണ്ടാകുമോ എന്നു ചോദിച്ച നഥാനയേലിനെ 'വന്നു കാണുക' എന്ന വെല്ലുവിളിയോടെ ഫിലിപ്പോസ് യേശുവിലേയ്ക്കു നയിച്ചതുപോലെയും (യോഹ. 4:43–48) ആയിരിക്കണം നമ്മുടെ സുവിശേഷ പ്രഘോഷണം.

***(6) സുവിശേഷ പ്രഘോഷണം പ്രവാചക ധീരതയോടെ:*** ക്രിസ്തു ശിഷ്യർക്ക് തങ്ങൾ ജീവിക്കുന്ന ചുറ്റുപാടുകളിലും ഇടപെടുന്ന വ്യക്തികളോടും ധീരതയോടെ ക്രിസ്തുവിനു സാക്ഷ്യം നല്കാനും സകലരെയും ക്രിസ്തുവിലേയ്ക്ക് ആനയിക്കാനുമുള്ള ആത്മീയ തീഷ്ണതയും ആത്മധൈര്യവും അനിവാര്യമാണ്.

***(7) യേശുവിന്റെ മാതൃകയിൽ:*** യേശുവാണ് യഥാർത്ഥ മിഷനറി. ഒരു നല്ല മിഷനറിയ്ക്കുവേണ്ട എല്ലാ ഗുണങ്ങളും സമീപനരീതികളും യേശുവിന്റെ ജീവിതത്തിൽ നിന്നു നമുക്ക് പഠിക്കാവുന്നതാണ്. യേശു അനേകം വ്യക്തികളുടെ ജീവിതത്തിലും ജീവിതപ്രശ്നങ്ങളിലും പ്രവേശിക്കുന്നതായി സുവിശേഷങ്ങളിലൂടെ നമുക്കു മനസിലാക്കുവാൻ സാധിക്കും. ഉദാഹരണമായി അന്ത്രയോസ്, പത്രോസ്, യാക്കോബ്, യോഹന്നാൻ, വിവിധരോഗങ്ങൾ ബാധിച്ചവർ, പിശാചുബാധിതർ മുതലായവരുടെ



www.malankaralibrary.com

ജീവിതത്തിൽ യേശു ഇടപെട്ടതെങ്ങനെയെന്നു നോക്കുക. യേശുവിന്റെ കുഞ്ഞുമിഷനറിമാർക്കും ഇതുപോലെ മറ്റുള്ളവരെ സഹായിക്കാൻ സാധിക്കും. തന്റെ സുവിശേഷ ദൗത്യം പൂർത്തീകരിക്കാനായി യേശു എന്തെല്ലാം സഹനങ്ങൾ ഏറ്റെടുത്തെന്നു ചിന്തിക്കുക. അതുപോലെ യേശുവിന്റെ മിഷനറിമാരും തങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന എല്ലാ സഹനങ്ങളും ഭാരത സുവിശേഷവത്കരണത്തിനായും ഭൂമിയുടെ അതിർത്തികൾവരെയും സുവിശേഷം വ്യാപിക്കുന്നതിനുവേണ്ടിയും സമർപ്പിക്കുക.

***(8) മറ്റു മതങ്ങളെ ആദരിച്ചുകൊണ്ട്:*** മറ്റു മതങ്ങളെ പുച്ഛിക്കാതെ ആദരിച്ചുകൊണ്ട് യേശു ലോകത്തിന്റെ രക്ഷകനാണെന്ന് ധൈര്യപൂർവം പ്രഘോഷിക്കാൻ നമുക്കു സാധിക്കണം.

***(9) എല്ലാവരെയും പങ്കാളികളാക്കിക്കൊണ്ട്:*** വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും എല്ലാ പ്രായത്തിലുള്ളവർക്കും സഭയുടെ സുവിശേഷപ്രചരണ ദൗത്യത്തിൽ ഏർപ്പെടാവുന്നതാണ്. ഭാര്യാഭർത്താക്കന്മാർ, സ്ത്രീകൾ, വിധവകൾ, യുവതീയുവാക്കൾ, കുഞ്ഞുങ്ങൾ, രോഗികൾ (വി. കൊച്ചുത്രേസ്യായെപ്പോലെ നിയോഗശുദ്ധിയോടും പ്രാർത്ഥനയോടുംകൂടെ സഹനങ്ങൾ കാഴ്ചവച്ചുകൊണ്ട്) ഇവർക്കെല്ലാം സുവിശേഷവേലയിൽ പങ്കുചേരാൻ കഴിയും.

***(10) സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വഴി:*** നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബോർഡിംഗുകൾ, ഹോസ്റ്റലുകൾ, ആതുരാലയങ്ങൾ സാമൂഹ്യക്ഷേമ കേന്ദ്രങ്ങൾ മുതലായവ സുവിശേഷ സാക്ഷ്യത്തിനും പ്രഘോഷണത്തിനുമുള്ള വേദികളാക്കി മാറ്റാൻ നമുക്ക് കഴിയും.

അവസരോചിതമായി എല്ലാവരോടും യേശുഅനുഭവവും ദൈവവചനവും പങ്കുവയ്ക്കുന്ന ശീലം വളർത്തിയെടുക്കുക.

കർത്താവിന് ഏറ്റം പ്രിയപ്പെട്ട ഒരു മിഷനറിയാകാൻ സദാ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക. “ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം” എന്ന വി. പൗലോസ് ശ്ലീഹായുടെ വാക്കുകളും “ക്രൈസ്തവസഭയുടെ സർവപ്രധാനമായ ചുമതല സുവിശേഷപ്രചരണമത്രേ” എന്ന മാർ ഈവാനിയോസ് പിതാവിന്റെ വാക്കുകളും “ഞാൻ ആരെ അയയ്ക്കും?” എന്ന നമ്മുടെ കർത്താവിന്റെ ചോദ്യവും എന്നും ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിക്കുകയും, “നാഥാ! ഇതാ ഞാൻ എന്നെ അയച്ചാലും” എന്നുപറഞ്ഞ് നമ്മുടെ കർത്താവിനു മറുപടി കൊടുക്കുകയും ചെയ്യുക.

***സുവിശേഷം പ്രഘോഷിക്കുക എന്നത് ഒരു ക്രിസ്ത്യാനിയുടെ അടിസ്ഥാന കടമയാണെന്ന സഭയുടെ പഠിപ്പിക്കൽ ചർച്ച ചെയ്യുക. ഈ കാലഘട്ടത്തിൽ എപ്രകാരമാണ് സുവിശേഷം പ്രഘോഷിക്കുവാൻ സാധിക്കുക എന്നും ചർച്ച ചെയ്യുക.***





www.malankaralibrary.com

## സഹായഗ്രന്ഥങ്ങൾ


1. **കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം, CCC** (പി.ഒ.സി., പ്രസിദ്ധീകരണം 2005).
2. **രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖകൾ** (ധർമ്മാരാം കോളേജ്, ബാംഗ്ളൂർ 2004).
3. **സഭയുടെ സാമൂഹികപ്രബോധനം: സാർവത്രികസഭയുടെ സാമൂഹികപ്രബോധനത്തിന്റെ സംക്ഷേപം** (പി.ഒ.സി., 2010).
4. ജി. ചേടിയത്ത്, **എക്യൂമെനിസം** (മലങ്കര സെമിനാരി, തിരുവനന്തപുരം 1998).
5. ജേക്കബ് കട്ടയ്ക്കൽ, ജോർജ് പുഞ്ചക്കുന്നേൽ (എഡിറ്റേഴ്സ്), **ക്രിസ്തു ദർശനം** (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം 1996).
6. ആന്റണി കാക്കനാട്ട് (എഡിറ്റർ), **ആത്മബോധനം**, മലങ്കര കത്തോലിക്കാ സഭയുടെ ദൈവശാസ്ത്ര പഠനങ്ങൾ (ശാന്തിനിലയം, തിരുവല്ല 2000).
7. **ജീവന്റെ സുവിശേഷം, (Evangelium Vitae)** John Paul II, 1995.
8. **കുടുംബം ഒരു കൂട്ടായ്മ, (Familiaris Consortio)** John Paul II, 1982.
9. **Redemptoris Missio,** John Paul II, 1990.
10. **Evangelii Nuntiandi,** Paul VI, 1975.
11. **The Code of Particular Canons of the Syro-Malankara Catholic Church, CPCSMCC,** (St. Joseph Press, Trivandrum 2012).
12. **കത്തോലിക്കാസഭയുടെ യുവജന മതബോധന ഗ്രന്ഥം (Youcat),** (POC 2011).
13. **മനുഷ്യ ജീവൻ, (Humanae Vitae),** Paul VI, 1968.




www.malankaralibrary.com

# CATECHISM OF THE MALANKARA CATHOLIC CHURCH



M.C.E.S. Commission for Catechesis, Santhinilayam, Tiruvalla

www.malankaralibrary.com